ഓം

സന്ധ്യയും അഗ്നിഹോത്രവും

(വേദവിധി അനുസരിച്ച
നൈത്യികാരാധനാക്രമം)

വ്യാഖ്യാനകാരൻ

പണ്ഡിതവേദബന്ധുശർമ്മാ

അവതാരികാകാരൻ

...സ്. വായ്യർ എം. ഏ., എൽ. എൽ. ബി.

പ്രസാധകർ

...ാഹംസരാജ വൈദികഗ്രന്ഥശാല
...മാജം തിരുവനന്തപുരം

ആൎഷഗ്രന്ഥമാല

൧

(സന്ധ്യയും അഗ്നിഹോത്രവു

അക്ടോബർ 1949

(ഒരു രൂപാ പതിനാലണ)

മോഡേൺപ്രസ്സ്, തിരുവനന്തപുരം

സമൎപ്പണം

ഉപനയനത്തിനു മുമ്പുതന്നെ സന്ധ്യാനുഷ്ഠാനാദി നിത്യകൎമ്മത്തിന്റെ വിശുദ്ധമായ വൈദികരൂപവും അൎത്ഥവും പ്രക്രിയയും അറിയണമെന്നു ആൎക്ക് തീവ്രമായ ആഗ്രഹമുണ്ടായോ, ആരുടെ ആസ്ഥാപൂൎവമായ ജിജ്ഞാസ ഇതെഴുതുവാൻ പ്രേരിപ്പിച്ചുവോ, ആരാദ്യമായി ഇതിന്റെ കയ്യെഴുത്തുപ്രതി ആദ്യന്തം വായിച്ചുവോ, 1949 ആഗസ്റ്റ് 27-ാംനു 17-ാം വയസ്സിൽ ഇഹലോകജീവിതം അവസാനിപ്പിച്ചു, ദൈവീസമ്പത്ത്യഭിലാഷിയും, മേധാവിയും, സത്യാന്വേഷണതൽപരനുമായ ആ മൂത്തപുത്രൻ ബി. എസ്. സി വിദ്യാൎത്ഥിയായിരുന്ന വി. രാമകൃഷ്ണശൎമ്മയുടെ വാത്സല്യപൂൎണ്ണമായ സ്മൃതിയിൽ

ആര്യസമാജ സംസ്ഥാപകനും ഹിന്ദുസമുദായത്തിന്റെ മാനസിക മുക്തിദാതാവും, ഭാരതീയരാഷ്ട്രത്തിന്റെ നിർമ്മാതാവുമായ മഹർഷി ദയാനന്ദസരസ്വതിയുടെ 66-ാമത്തെ മഹാപ്രസ്ഥാന (ചരമ)വാർഷികമായ 1125 ദീവാളിദിവസം നമ്മുടെ വന്ദ്യനേതാക്കന്മാർ അർപ്പിച്ച ശ്രദ്ധാഞ്ജലി:—

സർദാർ വല്ലഭായിപട്ടേൽ

"ഹിന്ദുമതത്തിന്റെ അതിപ്രധാനമായ ആപൽഘട്ടത്തിൽ, അതിനു ഒരു നവമായ ജീവനശക്തി പ്രദാനം ചെയ്തു്, സർവ്വങ്കഷമായ അത്യാഹിതത്തിൽനിന്നു് രക്ഷിച്ചതു് മഹർഷി സ്വാമി ദയാനന്ദസരസ്വതിയാകുന്നു. ഇന്നു ഭാരതത്തിനു് അദ്ദേഹത്തെപോലെ ധൃതാത്മാക്കളും, പ്രതാപികളും, ന്യായനിഷ്ഠന്മാരുമായ സംസ്കാരകന്മാർ പരമാവശ്യമാണു്. ദയാനന്ദസ്വാമികൾ ഏതു മഹത്കാര്യം ആരംഭിച്ചുവോ, ഏതു മഹനീയമായ കാര്യത്തിൽ അദ്ദേഹത്തിനു തന്റെ പ്രാണൻപോലും ബലികൊടുക്കേണ്ടിവന്നുവോ, അതു സഫലമാക്കുവാനുള്ള നിരന്തരയത്നത്തിൽ അക്ഷീണമായ സ്ഥിരതയോടും അനാഹതമായ ഉത്സാഹത്തോടും അപ്രതിഘമായ ത്യാഗത്തോടും കൂടി ഏർപ്പെടാമെന്ന വ്രതസ്വീകരണമാണു്

ഈ സ്മരണീയമായ ദിനത്തിൽ ആര്യസമാജം ചെയ്യേണ്ടതു്. ഈ ദുർഘടദശയിൽ അത്യന്തം ആവശ്യമായതു് നമ്മുടെ സാമാജികവും ധാർമ്മികവുമായ ജീവിതത്തിൽ കർത്തവ്യജ്ഞാനവും ശിക്ഷണബോധവും വളർത്തുവാൻ സർവ്വഥാ സാമർത്ഥ്യമുള്ള ആര്യസമാജത്തിന്റെ പരമാർത്ഥമായ തത്വോപദേശങ്ങളും നിഷ്കപടശീലവും പുനരുജ്ജീവിപ്പിക്കയാകുന്നു."

ഡാക്ടർ രാജേന്ദ്രപ്രസാദ്

"മഹർഷി ദയാനന്ദരുടെ ഉപദേശങ്ങൾ ദീനരും ദുഃഖികളുമായ അനേകലക്ഷം ഭാരതീയർക്കു നവമായ ജീവിതം കൊടുത്തു; നമ്മുടെ രാഷ്ട്രത്തിനു് ഒരു പുതിയ പ്രബുദ്ധതയും ആത്മവിശ്വാസവും വീക്ഷണകോണവും നൽകി. ഈ അവസരത്തിൽ, അദ്ദേഹത്തിനു് ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതിനോടൊന്നിച്ചു്, അദ്ദേഹം കാണിച്ചുതന്ന വഴിയിൽക്കൂടെ രാജ്യത്തിനു യഥാർത്ഥമായ സുഖവും ശാന്തിയും സമൃദ്ധിയും ഉണ്ടാക്കുമെന്നു നമുക്കു ദൃഢപ്രതിജ്ഞ ചെയ്യാം."

ഡാക്ടർ പട്ടാഭിസീതാരാമയ്യാ

"ഭാരതീയരാഷ്ട്രത്തിന്റെ നിർമ്മാണത്തിനു് ആധാരവും കാരണവുമായിരുന്ന പ്രാരംഭപ്രവൃത്തിയുടെ സ്വഭാവവും പരിമാണവും അധികമാളുകളും ധരിച്ചിട്ടില്ല. നമ്മുടെ രാഷ്ട്രീയതയുടെ വിസ്തൃതമായ ഉദാരസ്വഭാവം

ആൎയ്യസമാജത്തിന്റെ മഹത്കാൎയ്യങ്ങളിൽനിന്നുണ്ടായതാണു്. ആൎയ്യസമാജം കഴിഞ്ഞ നൂററാണ്ടിന്റെ മൂന്നാം പാദത്തിൽതന്നെ തൊടീലും തീണ്ടലുമില്ലാതാക്കി; ദയാനന്ദകാളേജും ഗുരുകുലവും ഉണ്ടാക്കി; അവയിൽ പഠിക്കുവാനും പഠിപ്പിക്കുവാനും പ്രാദേശികഭാഷകളെ മാദ്ധ്യമമാക്കി. ആ രാഷ്ട്രീയമായ പുനരുജ്ജീവനകാലത്തിന്റെ നിൎമ്മാതാവു് മഹാനായ ദയാനന്ദസരസ്വതിയാണു്. അദ്ദേഹത്തിനു് ഇംഗ്ലീഷു കണികപോലുമറിഞ്ഞുകൂടായിരുന്നു. അദ്ദേഹം ഹിന്ദി പഠിച്ചതു് ഈ ഭവിഷ്യത്പ്രചോദകമായ ജീവച്ചൈതന്യത്തിനു കൂടുതൽ പ്രേരകമായി. ഭാവിലോകം ദയാനന്ദസ്വാമിയെ ഭാരതീയസംസ്കൃതിയുടേയും രാഷ്ട്രീയതയുടേയും ആദിമോപദേഷ്ടാക്കളിലൊരാളായി, അല്ല, സൎവ്വശ്രേഷ്ഠനായ കുലഗുരുവായി സ്മരിക്കുമെന്നതിനു സംശയമില്ല."

ന്യൂ ഡെൽഹി
21 അക്ടോബർ 1949

അവതാരിക

ആസ്തികമതങ്ങൾക്കെല്ലാം അതാതിന്റെ മതഗ്രന്ഥവും ആരാധനക്രമവും ഉണ്ടു്. മുസൽമാൻമാർ ഖുറാനിൽ വിശ്വസിക്കുന്നു, മുടങ്ങാതെ നിത്യം നിസ്കാരം ചെയ്യുന്നു, ദിവസംതോറുമല്ലെങ്കിൽ ആഴ്ചയിലൊരിക്കലെങ്കിലും സാമൂഹ്യനിസ്കാരം നടത്തുന്നു. ഇതുപോലെ, കൃസ്ത്യാനികൾ ബൈബിളിൽ വിശ്വസിക്കയും, വൈയക്തികവും ഗൃഹ്യവും സാമൂഹ്യവുമായ പ്രാർത്ഥന മുടങ്ങാതെ നടത്തുകയും ചെയ്യുന്നു. മതഗ്രന്ഥത്തിലുള്ള വിശ്വാസവും ആരാധനയിലുള്ള നിഷ്ഠയും ഈ രണ്ടു മതക്കാരുടേയും ആത്മവിശ്വാസത്തിനും, സാമൂഹ്യശക്തിക്കും, ഉത്സാഹവർദ്ധനയ്ക്കും, സഫലമായ പുരോഗതിക്കും എത്രകണ്ടു് പ്രയോജനപ്പെടുന്നുണ്ടെന്നു്, ദുർഭഗമായ ഹിന്ദുസമുദായത്തിനെന്നവണ്ണം മറെറാരു സമുദായത്തിനും അനുഭവിച്ചറിവാനിടയായിട്ടില്ല. ഭാഷ, രാഷ്ട്രീയത, ഭൂമിശാസ്ത്രം, വർഗ്ഗമെന്നിവയെ ആസ്പദിച്ചുണ്ടാകുന്ന ഭേദങ്ങളൊന്നും വകവെയ്ക്കാതെ ഇസ്ലാംമതത്തിലെ വ്യക്തികളെ അദമ്യമായ അധികാരശക്തിയോടുകൂടി യോജിപ്പിച്ചു് നിരത്തുവാനും മുന്നോട്ടു നയിക്കുവാനും അവരുടെ ഖുറാൻ വിശ്വാസത്തിനും നിസ്കാരനിഷ്ഠയ്ക്കും കഴിയും. ഇതുപോലെ, ഏഴു സമുദ്രത്തിനപ്പുറമുള്ള വെള്ളകൃസ്ത്യാനികൾക്കും നമ്മുടെ നാടൻ കൃസ്ത്യാനികൾക്കും പരസ്പരം എന്തെല്ലാം ഭിന്നതയുണ്ടെന്നിരുന്നാലും, ബൈബിളിന്റെ തണലിൽ ഒന്നിച്ചു മുന്നോട്ടുപോകാൻ സാധിക്കും.

ഈ അനുഭവത്തിൽക്കൂടെ നോക്കുമ്പോൾ, ഹിന്ദുസമുദായത്തിന്റെ ബലക്ഷയത്തിനും, ആത്മവിശ്വാസമില്ലായ്മക്കും, ഉത്സാഹക്കുറവിനും ഹേതു എല്ലാഹിന്ദുക്കളേയും മാനസികവും സാമൂഹ്യവുമായ് ചേർത്തിണക്കിനിറുത്തുവാൻ കെല്പുള്ള സാംസ്കാരികാഭിമാനമോ, മതഗ്രന്ഥവിശ്വാസമോ, ആരാധനക്രമമോ ഇല്ലാതെപോയതാണെന്നു ബോദ്ധ്യപ്പെടും. എണ്ണത്തിലും, ബുദ്ധിസാമർത്ഥ്യത്തിലും, പാരമ്പര്യത്തിലും, സാമ്പത്തികനിലയിലും, അറിവിലും മുസൽമാന്മാരേയും ക്രിസ്ത്യാനികളേയും അപേക്ഷിച്ചു ഒരു തരത്തിലും കുറഞ്ഞവരല്ലാത്ത ഹിന്ദുക്കൾ അവരുടെ പൈതൃകരാജ്യമായ ഭാരതത്തിൽ തന്നെ ലോപിച്ചുവരുന്ന തോതും, തത്സ്ഥാനത്തു് മുസൽമാന്മാരും ക്രിസ്ത്യാനികളും വർദ്ധിച്ചുവരുന്ന ക്രമവും താരതമ്യപ്പെടുത്തിനോക്കിയാൽ ഹിന്ദുസമുദായത്തിന്റെ ഭാവി ആശങ്കാജനകമാണെന്നു വ്യക്തമാകാതിരിക്കയില്ല

അന്തഃഛിദ്രം നിമിത്തം ഇത്ര അശക്തവും, ആത്മാഭിമാനരാഹിത്യം നിമിത്തം ഇത്ര നിസ്തേജസ്കവും, നിരാധാരമായ ദുരഭിമാനം നിമിത്തം ഇത്ര സാമർത്ഥ്യശൂന്യവും, അനാചാരം നിമിത്തം ഇത്ര മലിനവും, ജാതിഭേദവും വർഗ്ഗഭേദവും സ്വാർത്ഥപ്രതിപത്തിയും നിമിത്തം ഇത്ര അസംഘടിതവുമായി ലോകത്തിൽ വേറെ സമുദായമില്ല. ഏതു സമുദായത്തിലെ വിജ്ഞരും ദൂരദർശികളുമായ അനുഗ്രഹീതവ്യക്തികൾ സനാതനധർമ്മത്തിന്റെ ശാബ്ദികാർത്ഥത്തിൽ ഞാന്നുകിടന്നുകൊണ്ടു് ഹിന്ദുക്കളുടെ എണ്ണം എത്ര കുറഞ്ഞാലും ഹിന്ദുമതം നശിക്കയില്ലെന്നു ഘോഷിച്ചുകഴിയുന്നുവോ, ഏതു സമുദായത്തിലെ ചിന്താശീലരായ നേതാക്കന്മാർ അവരുടെ സ്വാർത്ഥലാഭത്തിനും നേതൃത്വം

വെച്ചുപോററാനും വേണ്ടിമാത്രം ആഭ്യന്തരകലഹമുണ്ടാക്കി വകുപ്പുകൾ സൃഷ്ടിക്കുന്നതും, അപ്രകാരം വഴിതെററിയ സാധുജനങ്ങളെ ആവേശത്തിന്റെയും വ്യാമോഹങ്ങളുടേയും കല്പിതമായ കെട്ടുപാടിൽ നിറുത്തി ആട്ടിൻപെററത്തെയെന്നപോലെ മേച്ചുനടക്കുന്നതും ജീവിതത്തിന്റെ അന്തിമമായ ആദർശമായി വിശ്വസിക്കുന്നുവോ, ഏതു സമുദായത്തിന്റെ സംഘടന ഒരംഗത്തേയോ ചില അംഗങ്ങളേയോ ദാസ്യത്തിനും അജ്ഞാനത്തിനും അന്ധവിശ്വാസത്തിനും വിളനിലമാക്കി വെച്ചുകൊണ്ടിരിക്കുവാൻ സഹായിക്കുന്നുവോ, ആ സമുദായം തനിക്കോ ലോകത്തിനോ ഒരുതരത്തിലും നന്മചെയ്യാൻ സമർത്ഥമാകാതെ, ക്രമേണ ക്ഷയിച്ചു് ക്ഷയിച്ചു് ലോപിക്കയോ, അല്ലെങ്കിൽ ഭൂകമ്പംപോലുള്ള ആഭ്യന്തരപ്രക്ഷോഭം നിമിത്തം തകർന്നു പൊടിഞ്ഞു നശിക്കയോ ചെയ്യും. നമുക്കു് ആരാധിക്കുവാൻ മുപ്പത്തിമുക്കോടി ദേവന്മാരുണ്ടെന്നും, മതം പഠിപ്പിക്കുവാൻ അഷ്ടാദശപുരാണങ്ങളും എട്ടുലക്ഷം സ്തോത്രങ്ങളും പതിനായിരക്കണക്കിനു ഉപാഖ്യാനങ്ങളുമുണ്ടെന്നും ദിഗന്തം മാററൊലികൊള്ളിച്ചതുകൊണ്ടോ, വ്യാസന്റെയും വസിഷ്ഠന്റെയും ശുകന്റെയും പരീക്ഷിത്തിന്റെയും പേർ പറഞ്ഞു് ആത്മവ്യാമോഹം പൂണ്ടതുകൊണ്ടോ, അകത്തും പുറത്തും നിന്നു് നമ്മുടെ സമുദായം, നോടിക്കു നൂറുവട്ടമെന്നവണ്ണം നിരന്തരം ഏററുകൊണ്ടിരിക്കുന്ന ആഘാതങ്ങൾക്കു പ്രതിവിധിയാകുന്നില്ല. സനാതനധർമ്മമെന്നും വേദാന്തമെന്നും മററുമുള്ള മായാമോഹകങ്ങളായ മെഴുകിട്ടു്, ഹിന്ദുസമുദായത്തിന്റെ ക്ഷതവിക്ഷതവും ദുർബലവും അഴുകിയതുമായ ശരീരത്തെ തേച്ചുമിനുക്കി ചായമടിച്ചു പ്രദർശിപ്പിച്ചതുകൊണ്ടും, ആകാശഭേദകമായ ശബ്ദകോ

ലാഘലം മൂലം ഹിന്ദുക്കളുടെ കല്പിതമഹത്വം ഘോഷിച്ചു
തുകൊണ്ടും ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല.
മത്സരപ്രധാനമായ ഈ ലോകത്തിൽ, യാഥാർത്ഥ്യങ്ങളെ
ധൈര്യസമേതവും, ബുദ്ധിപൂർവ്വവും നേരിടാത്ത സമുദായ
ങ്ങൾക്ക ദീർഘകാലം ജീവിക്കുവാൻ കഴിയുകയുമില്ല.

ഹിന്ദുസമുദായത്തിന്റെ ബലക്ഷയത്തിനും, ആത്മ
വിശ്വാസമില്ലായ്മക്കും, ഉത്സാഹശൂന്യതയ്ക്കും ഹേതു
എല്ലാഹിന്ദുക്കളേയും മാനസികവും സാമൂഹ്യവുമായി
യോജിപ്പിച്ചുനിറുത്തുവാൻ സമർത്ഥമായ സാംസ്കാരി
കാഭിമാനമോ, മതവിശ്വാസമോ, ആരാധനൈക്യമോ
ഇല്ലാതെ പോയതാണെന്ന തീർത്തുപറയുന്നതുകൊണ്ട്,
ഹിന്ദുക്കൾക്കെല്ലാം മാന്യമായ മതഗ്രന്ഥവും ആരാധനാ
രീതിയും ഉണ്ടായിരുന്നില്ലെന്ന ആരും ധരിച്ചുപോകരുത്.
നമ്മുടെ സർവമാന്യമായ ധർമ്മഗ്രന്ഥം വേദമാകുന്നു. വേദ
വിഹിതമായ ഉപാസനയാണ് നമ്മുടെ ആരാധനക്രമം.
കാലക്കേടുനിമിത്തം അതെല്ലാം നാം മറന്നു. അത്രയുമല്ല,
ബൈബിളിനു 'വേദപുസ്തക'മെന്നും ഖുറാനിനു് 'നാലാം
വേദ'മെന്നും പേരിടുന്ന മഹാപാപംകൂടി ചെയ്വാൻ നാം
തയാറായി! വേദത്തിൽ ചേരുക എന്നാൽ ഹിന്ദുമതം
വെടിഞ്ഞു അന്യമതത്തിൽ ചേരുക എന്നാണർത്ഥം!
വേദക്കാരനെന്നാൽ അഹിന്ദു!! വേദവിശ്വാസികളായ
നമുക്ക് ഇതിലധികം ഉപഹാസ്യവും പരിതാപകരവു
മായ അധോഗതി എന്താണ് വരാനുള്ളത്? വേദവിഹി
തമായ ആരാധനക്രമം ബ്രാഹ്മണർപോലും മറന്നുകഴി
ഞ്ഞു! ഹിന്ദുക്കൾ ഒരു സുശക്തസമുദായമായി വളർന്ന്
തങ്ങൾക്കും ലോകത്തിന്നും നന്മചെയ്യണമെന്നുണ്ടെങ്കിൽ,
ഹിന്ദുസമുദായം അതിന്റെ മാനസികവും സാമൂഹ്യവു

ഗൃഹ്യവുമായ ഇന്നത്തെ ശൈഥില്യത്തിൽനിന്നുയർന്ന്
സാംസ്കാരികവും ആദ്ധ്യാത്മികവുമായ പുനർന്നിർമ്മാണ
ത്തിൽ ഏർപ്പെടണം.

ഈ ഉദ്ദേശത്തോടുകൂടി വിജ്ഞവും, സമർത്ഥവും,
സർവാങ്ഗപൂർണ്ണവുമായ ഒരു ധാർമ്മികപദ്ധതി ആര്യസ
മാജസ്ഥാപകനും മഹായോഗിയുമായ മഹർഷിദയാനന്ദ
സരസ്വതി ഉപദേശിച്ചു. കഴിഞ്ഞ മുക്കാൽനൂറ്റാണ്ടിനു
ള്ളിൽ ഹിന്ദുക്കളിലുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനം
നോക്കുമ്പോൾ, ഹിന്ദുസമുദായം ആ പദ്ധതിയിലൂടെ പൊ
യ്ക്കൊണ്ടിരിക്കുന്നതായും, ഹിന്ദുക്കൾക്ക് ഹിന്ദുക്കളായി
ജീവിക്കാൻ വേറെ വഴി ഇല്ലെന്നും ബോദ്ധ്യം വരുന്നു.

ആരാധനയെ സംബന്ധിച്ചിടത്തോളം എല്ലാ ഹി
ന്ദുക്കൾക്കുമൊന്നുപോലെ പ്രയോജനപ്പെടുന്ന പ്രക്രിയ
യാണ് ഈ പുസ്തകത്തിൽ പ്രദർശിതമായിരിക്കുന്നത്.
ഇതിന്റെ മൂലം മഹർഷിദയാനന്ദ സരസ്വതിയുടെ പ
ഞ്ചമഹായജ്ഞവിധിയിലും സംസ്കാരവിധിയിലും ഉപദി
ഷ്ടമാണ്. ഹന്ത്രാത്ഥം അദ്ദേഹത്തിന്റെ അനേകം പു
സ്തകങ്ങളിൽ പല പല സ്ഥാനത്തായി ചിതറികിടക്കുന്നു.
അതു സാധാരണ ജനങ്ങൾക്കു സുലഭവുമല്ല.

'സന്ധ്യാവന്ദന'ത്തിന്റേയും 'ഔപാസനഹോമ'
ത്തിന്റേയും വിശുദ്ധമായ വൈദികരൂപവും അതിന്റെ
പ്രക്രിയയും നിഷ്കൃഷ്ടമായ വ്യാഖ്യാനവും സാധാരണജന
ങ്ങളുടെ പ്രയോജനത്തെ ഉദ്ദേശിച്ച്, പ്രസിദ്ധആര്യസമാ
ജപ്രവർത്തകനും വേദവിഷയകമായി ദീർഘകാലം അദ്ധ്യ
യനം ചെയ്തിട്ടുള്ള പണ്ഡിതനുമായ വേദബന്ധുശർമ്മ
തയാറാക്കിയിട്ടുള്ള ഗ്രന്ഥമാണിത്. ഈ ഉപാസനാരീ
തിയുടെ പ്രാമാണികതയും പ്രാചീനതയും ഇതിലെ

മാർഗ്ഗം. വ്യാഖ്യാനകർത്താവിനഭീഷ്ടമിതാണെന്ന പുസ്തകത്തിലവലംബിച്ചിരിക്കുന്നരീതി വ്യക്തമാക്കുന്നുണ്ട്.

എല്ലാജ്ഞാനവും, ധർമ്മത്തെ സംബന്ധിച്ച അനുശാസനവും, നേരിട്ടോ അല്ലെങ്കിൽ പാരമ്പര്യേണയോ വേദത്തിൽ നിന്ന് നിഃസൃതമാണെന്ന് ഋഷികൾ തീരുമാനിക്കുന്നു. ലോകത്തിൽ ഏതെല്ലാം ഗ്രന്ഥത്തിൽ എന്തെല്ലാം സത്യാംശമുണ്ടോ അതിന്റെയൊക്കെ പരമ്പരാരൂപത്തിലുള്ള ഉദ്ഭവസ്ഥാനം വേദമാകുന്നു. ശ്രദ്ധാലുക്കളായ ഹിന്ദുക്കൾക്ക് വേദം അനാദിയും അനന്തവും ഈശ്വരപ്രദത്തവുമാണ്. ബൃഹദാരണ്യകോപനിഷത്തിൽ യാജ്ഞവല്ക്യൻ ഉപദേശിക്കുന്നു—

അസ്യമഹതോ ഭൂതസ്യ നിഃശ്വസിതമേതദ്
യദൃഗ്വേദോ യജുർവ്വേദഃ സാമവേദോഽഥർവ്വാങ്ഗിരസഃ

അല്ലയോ മൈത്രേയി, ആ പരബ്രഹ്മത്തിൽനിന്ന് ശ്വാസംപോലെ സഹജമായിട്ട് ഋഗ്വേദവും യജുർവ്വേദവും സാമവേദവും അഥർവ്വവേദവും പുറത്തുവന്നു. എപ്രകാരം സ്വഭാവേന ശ്വാസോച്ഛ്വാസം നടക്കുന്നുവോ അപ്രകാരം സൃഷ്ടിക്കു മുമ്പു ഈശ്വരനിൽനിന്നു വേദം പ്രകടമാകയും പ്രളയകാലത്ത് ഈശ്വരനിൽ ലീനമാകയും ചെയ്യുന്നുവെന്ന് സാരം. മനു പറയും പോലെ "ധർമ്മം ജിജ്ഞാസമാനാനാം പ്രമാണം പരമം ശ്രുതിഃ"–ധർമ്മമേത് അധർമ്മമേത് എന്ന് അറിയാനാഗ്രഹിക്കുന്നവർക്കുള്ള പരമമായ ആശ്രയം വേദമാകുന്നു. വേദം സ്വതഃപ്രമാണമാണെന്നും വേദേതരമായതെല്ലാം പരതഃപ്രമാണമാണെന്നും എല്ലാ ദാർശനികന്മാരും സമ്മതിക്കുന്നു. വേദത്തിന്റെ സത്യത സ്വയം സിദ്ധമാണ്: മററുള്ള

ശാസ്ത്രങ്ങളെല്ലാം വേദത്തെ അനുസരിക്കുന്നിടത്തോളമേ മാന്യമാകുന്നുള്ളു.

ആദ്ധ്യാത്മികകാര്യങ്ങളിൽ ശുഷ്കതർക്കം നിഷ്പ്രയോജനമാണ്. തർക്കത്തിന്റെ പരിണാമം വാദവും, ജല്പവും, വിതണ്ഡയും കലഹവുമാകുന്നു. അതിനാൽ "നൈഷാതർക്കേണ മതിരാപനേയാ"—വെറും യുക്തിവാദംകൊണ്ട് തത്ത്വം കൈവരുകയില്ലെന്ന്, കഠോപനിഷത്ത് ഉപദേശിച്ചു.

അചിന്ത്യാഃ ഖലു യേ ഭാവാ
ന താംസ്തർക്കേണ യോജയേത്

അചിന്ത്യമായ അന്തിമതത്ത്വത്തെക്കുറിച്ച അറിവാൻ യുക്തിവാദം പ്രയോഗിക്കരുത്. ശങ്കരാചാര്യർ ബ്രഹ്മസൂത്രഭാഷ്യത്തിൽ എഴുതുന്നു— "നിരാഗമാഃ പുരുഷോത്പ്രേക്ഷാമാത്രനിബന്ധനാസ്തർക്കാ അഭിയുക്തതരൈരന്യൈരാഭാസ്യമാദൃശ്യന്തേ. തൈരപ്യുത്പ്രേക്ഷിതാഃ സന്തസ്തതോഽന്യൈരാഭാസ്യന്ത ഇതി ന പ്രതിഷ്ഠിതത്വം തർക്കാണാം ശക്യമാശ്രയിതും പുരുഷമതിവൈരൂപ്യാത്"—വെറുംബുദ്ധിയെ ആശ്രയിച്ചു തർക്കിക്കുന്നവരുടെ തർക്കത്തിനു ഒരു വിലയുമില്ല. എന്തുകൊണ്ടെന്നാൽ, ഒരു ബുദ്ധിമാന്റെ യുക്തിയെ മറെറാരു ബുദ്ധിമാൻ ഖണ്ഡിക്കുന്നു. ഇതുപോലെ അവന്റെ യുക്തിയെ മൂന്നാമതൊരു ബുദ്ധിമാൻ ഖണ്ഡിച്ചു ദൂരെക്കളയുന്നു. ഇങ്ങനെ, യുക്തി എവിടേയും ചെന്നെത്തി ഉറക്കുന്നില്ല. മനുഷ്യരുടെ ബുദ്ധിവൈചിത്ര്യമാണിതിനു കാരണം. "യത്നേനാനുമിതോപ്യർത്ഥഃ കുശലൈരനുമാതൃഭിഃ, അഭിയുക്തതരൈരന്യൈരന്യഥൈവോപപാദ്യതേ"— ഊഹാപോഹത്തിൽ മിടുക്കുള്ളവൻ പരിശ്രമിച്ചു ചെയ്യുന്ന അനുമാനംപോലും

അവനെക്കാൾ മിടുക്കും സാവധാനവുമുള്ളവർ വേറെപ്രകാരത്തിൽ ഉപപാദിക്കുന്നു. അതിനാൽ, ധർമ്മനിർണയത്തിനു വേദാനുകൂലമായ യുക്തിയേ ഉതകുകയുള്ളൂ; ആശ്രയഹീനമായ ശുഷ്കതർക്കം പ്രയോജനപ്പെടുകയില്ല.

നമ്മുടെ ധർമ്മഗ്രന്ഥമായ വേദം നിത്യവും, ശുദ്ധപവിത്രമായ ജ്ഞാനം ഉപദേശിക്കുന്ന ഐശ്വരഗ്രന്ഥവുമാകുന്നു. വേദാനുമോദിതമായ ധർമ്മകർമ്മങ്ങളാണ് നമുക്കു എവർക്കും എപ്പോഴും മാന്യമായിരിക്കേണ്ടതു്. വേദവിരുദ്ധമായതെല്ലാം പരിത്യജിക്കേണ്ടതാണ്. ഋഷികൾ ഈ പ്രക്രിയയാണ് സത്യാന്വേഷണത്തിനു ആലംബമാക്കിവന്നതു്. മററു കാര്യങ്ങളിലെന്നപോലെ ആരാധനയിലും ഈ നിയമം ചരിതാർത്ഥമാകുന്നു. ഇന്നു ഹിന്ദുക്കൾക്കു സർവ്വമാന്യമായ ഒരു ആരാധനക്രമം ഇല്ലാതാണു വന്നിരിക്കുന്നതു്. ഈശ്വരനും മനുഷ്യനും തമ്മിൽ സമ്പർക്കംനേടുവാൻ ഒരു ഇടയാളിനെ നിയമിക്കത്തക്കവണ്ണം നമ്മുടെ മാനസികനില അധഃപതിച്ചതുമതല്ലു്, നമുക്കു നൈത്യികമായ ആരാധന വേണ്ടാതായി. ആവശ്യമെന്നു തോന്നിയാൽ ആരേയെങ്കിലും വിളിച്ചു് ആണ്ടിലൊരുതവണ ഗണപതിഹോമവും ത്രികാലപൂജയും കുറെ വഴിപാടുകളും നടത്തിച്ചാൽ ആ ഒരുകൊല്ലത്തേക്കുള്ള ആരാധനകളെല്ലാം പൂർണമായെന്നാണ് നമ്മുടെ ധാരണ. നമ്മുടെ വീടും സന്താനപരമ്പരയും മതവിശ്വാസമോ അതിൽനിന്നുണ്ടാകുന്നമനഃസംതൃപ്തിയോ ഇല്ലാതെ കഴിയുന്നു. നൈത്യികമായ ആരാധന നിർബന്ധമുള്ള ബ്രാഹ്മണരുടെ നിലപോലും ഇതിൽനിന്നു ഒട്ടും മെച്ചമല്ല.

ആരാധനയുടെ ശുദ്ധരൂപത്തെപ്പററി ആർക്കും അഭിപ്രായവ്യത്യാസമില്ലെങ്കിലും, പ്രായോഗികമായ സൗകര്യ

ത്തിനു് സരൂപാരാധന ആവശ്യമാണെന്നു് തെററായ ഒരു ധാരണ വിദ്വാന്മാർക്കുപോലും ഉണ്ടു്. അവൈദികമായ ഈ ധാരണ അജ്ഞാനജനിതമാകയാൽ ഉപേക്ഷിക്കേണ്ടതാണെന്നു് ശങ്കരാചാര്യസ്വാമികൾതന്നെ ബ്രഹ്മസൂത്രഭാഷ്യത്തിൽ നിഷ്കർഷിക്കുന്നു.—

"രൂപാദ്യാകാരരഹിതമേവ ബ്രഹ്മാവധാരയിതവ്യം നരൂപാദിമത് * * * 'അസ്ഥൂലമനണു' ഇത്ത്യേവമാദിനിവാക്യാനിനിഷ്പ്രപഞ്ചബ്രഹ്മാത്മതത്ത്വപ്രധാനാനീ നാർത്ഥാന്തരപ്രധാനാനീത്യേതത് പ്രതിഷ്ഠാപിതം. തസ്മാദേവം ജാതീയകേഷു വാക്യേഷു യഥാശ്രുതം നിരാകാരമേവബ്രഹ്മാവധാരയിതവ്യം"

അതായതു്, രൂപാ മുതലായ ആകാരമില്ലാത്തതായിട്ടേ ബ്രഹ്മത്തെധരിക്കാവൂ, രൂപമുള്ളതായിട്ടു് മനസ്സിലാക്കരുതു്. വേദാന്തവാക്യങ്ങളിൽ, സ്ഥൂലമല്ലാത്ത എന്നിത്യാദി വിശേഷണങ്ങൾ ബ്രഹ്മത്തിനുകൊടുത്തിരിക്കുന്നു. ആ വാക്യങ്ങളുടെ മുഖ്യമായ ആശയം ഭൗതിക ധർമ്മത്തിൽനിന്നു ഭിന്നമായ ബ്രഹ്മതത്ത്വം എന്നതാണ്. അതിനാൽ ഈശ്വരൻ നിരാകാരനാണെന്നു നിശ്ചയമാകുന്നു. നിരാകാരബ്രഹ്മം ബുദ്ധിഗമ്യമല്ലെന്നു് കരുതുന്നവരെ ഉദ്ദേശിച്ചു ചങ്കരാചാര്യർ ഭഗവദ്ഗീതാഭാഷ്യ (18. 50) ത്തിൽ ഇങ്ങനെപറയുന്നു.—

"കേചിത്തു പണ്ഡിതമ്മന്യാ നിരാകാരത്വാദാത്മവസ്തു നോപൈതി ബുദ്ധിരതോ ദുഃസാദ്ധ്യമസമ്യഗ്ജ്ഞാനനിഷ്ഠേത്യാഹുഃ. സത്യമേവം, ഗുരുസമ്പ്രദായരഹിതാനാം, അശ്രുതവേദാന്താനാം, അത്യന്തബഹിർവിഷയാസക്തബുദ്ധീനാം, സമ്യക്പ്രമാണേഷ്വകൃതശ്രമാണാം."
—(ഒന്നും അറിയാത്തവരും എല്ലാമറിയാമെന്നു വേറുതെ

ഞെളിയുന്നവരുമായവരാണു് പണ്ഡിതംമന്യന്മാർ.) പരമാത്മാവു് നിരാകരനായാൽ മനുഷ്യബുദ്ധി അദ്ദേഹത്തെ പ്രാപിക്കുകയില്ലെന്നും, അതിനാൽ പരമാത്മജ്ഞാനം സാധിക്കയില്ലെന്നും ചില പണ്ഡിതംമന്യന്മാർ പറയുന്നു. ഗായത്ര്യാദിമന്ത്രങ്ങളുടെ രഹസ്യമുപദേശിക്കുന്ന ഗുരുക്കന്മാരിൽ നിന്നു് വേദാർത്ഥം പഠിക്കാത്തവരും, വേദത്തിന്റെ മർമ്മം വിശദമാക്കുന്ന വേദാന്തം കേൾക്കാത്തവരും, ശബ്ദാദി ബാഹ്യവിഷയങ്ങളിലും ഭൌതികതയിലും മാത്രം ആസക്തിയുള്ളവരും, ഒരു വസ്തുവിന്റെ പരമാർത്ഥത്തിലുള്ള സ്വരൂപം യാഥാർത്ഥ്യേന നിർണയിക്കുന്ന വഴി വേണ്ടപോലെ പരിശീലിച്ചിട്ടില്ലാത്തവരുമായ മനുഷ്യർ 'ആത്മവസ്തു നിരാകാരകമായാൽ മനുഷ്യബുദ്ധിക്കു ഗ്രാഹ്യമല്ലെ'ന്നു പറയുന്നതിൽ വിസ്മയിക്കാനെന്താണുള്ളതു്? അതായതു് അപ്രകാരം പറയുന്നവർ അജ്ഞാനികളാണെന്നു സാരം. വാസ്തവത്തിൽ 'സ്വഭാവതോ വിഷയവിഷയാണീന്ദ്രിയാണി, ന ബ്രഹ്മവിഷയാണി' (ശങ്കരാചാര്യർ ബ്രഹ്മസൂത്രം 1. 1. 2 മേൽ) കണ്ണു ചെവി മുതലായ ഇന്ദ്രിയങ്ങളുടെ സ്വഭാവം തന്നെ രൂപം ശബ്ദം മുതലായ വിഷയങ്ങൾവരെ എത്തുകയാണു്, അവ ബ്രഹ്മത്തിൽ എത്തുന്നില്ല. എന്നാൽ, 'ദൃശ്യതേ ത്വഗ്ര്യാ ബുദ്ധ്യാ സൂക്ഷ്മയാ സൂക്ഷ്മദർശിഭിഃ' (കഠോപനിഷത്തു് 1. 12) സൂക്ഷ്മദർശികളായ സാധകന്മാർക്കു് ഭൌതികസത്തക്കപ്പുറമുള്ള പരമാത്മാവിനെ സൂക്ഷ്മമായ ബുദ്ധികൊണ്ടു ദർശിക്കുവാൻ കഴിയും. പ്രസ്തുത പുസ്തകം അനുശാസനം ചെയ്യുന്ന ഉപാസനാപദ്ധതിയിൽ ഇപ്രകാരം ഈശ്വരനെ ബുദ്ധികൊണ്ടു് ഗ്രഹിക്കാനും ആത്മതത്ത്വം മൂലംകാണാനും, പിന്നീടു് ഈശ്വരതത്ത്വത്തിൽ ലൌലീനതനേടി ആന

ന്ദമനുഭവിക്കുവാനുമുള്ള വേദവിഹിതമായ വഴി നിർദ്ദേശിക്കുന്നു.

വേദമന്ത്രങ്ങൾക്കു അർത്ഥംകൊടുക്കുന്നകാര്യം അത്ര എളുപ്പമായതല്ല. വൈദിക സംസ്കൃതവും ലൌകിക സംസ്കൃതവും ഒന്നല്ലെന്നു വേണം പറയാൻ. സംസ്കൃതപാണ്ഡിത്യംകൊണ്ടുമാത്രം വേദമന്ത്രങ്ങളുടെ അർത്ഥം മനസ്സിലാക്കാമെന്നു ധരിച്ചുപോകരുതു്. ശബ്ദങ്ങളുടെ ഈപ്സിതാർത്ഥം അറിയണമെങ്കിൽ അവയുടെ ശരീരത്തിനകത്തുകടന്നു് ആത്മാവിനെ കണ്ടുപിടിക്കണം.

മദ്രാസിൽ 'ബാർബേസ് ബ്രിഡ്ജ്' എന്ന ഒരു പാലമുണ്ടു്. ഇതിനു ഈ പേരു വന്ന കഥ രസകരമാണു്. ഈ പാലത്തിന്റെ ആദ്യത്തെ പേർ 'ഹാംടൺബ്രിഡ്ജ്' എന്നായിരുന്നു. സാധാരണക്കാർക്കു അതുച്ചരിക്കാൻ വിഷമമായപ്പോൾ ധ്വനിമാറിമാറി 'ഹാംട്ടൺ-അമ്പട്ടൻ' എന്നായി. അമ്പട്ടൻ (ക്ഷുരകൻ) എന്നതിന്റെ ഇംഗ്ലീഷു് "ബാർബർ" എന്നാണല്ലോ. വെറും ലൌകികഭാഷയിൽ ചുരുങ്ങിയകാലത്തിനുള്ളിൽ ഇത്രയൊക്കെ മാററം വരാമെങ്കിൽ വേദഭാഷയിലെ ശബ്ദങ്ങൾക്കു് എന്തു മാററമാണു് വരാൻ പാടില്ലാത്തതു്! ഒരു ശബ്ദത്തിനു ഇന്നു് സംസ്കൃതത്തിലുള്ള അർത്ഥം തന്നെയായിരുന്നു വേദത്തിലും അഭിപ്രേതമെന്നു പറയാവുന്നതല്ല. 'കശ്യപഃ' എന്ന ശബ്ദത്തിന്റെ ആദിമരൂപം 'പശ്യകഃ' എന്നായിരുന്നു. അതനുസരിച്ചു്, 'കശ്യപ'നു അർത്ഥം 'കാണുന്നവനെ'ന്നാകും.

വൈദിക സംസ്കൃതത്തെക്കുറിച്ചു് അസംഖ്യം നിയമങ്ങളുള്ളതിൽ ഒന്നു വിദ്വാന്മാരുടെ വിനോദാർത്ഥം ഇവിടെ ഉദ്ധരിക്കാം. സൂത്രം പാണിനിയുടെ അഷ്ടാ

ദ്ധ്യായിയിൽ (3. 1. 85) ഉള്ളതാണു്—"വ്യത്യയോ
ബഹുലം." അതായതു്, വേദത്തിൽ ശബ്ദാദികൾ മാറുന്നു.
ഈ മാററം ചിലയിടത്തു വികല്പമായും, അല്ലാതേയും,
ആകാം. ലൌകികസംസ്കൃതത്തിൽ വ്യാകരണപ്രകാരം
ശബ്ദം മുതലായവ മാറുന്നില്ല. ഈ സൂത്രത്തിൻെറ
പാതഞ്ജലഭാഷ്യത്തിൽ പറയുന്നു—

സുപ്തിങുപഗ്രഹലിംഗനരാണാം
കാലഹലച് സ്വരകർത്തൃയങാംച
വ്യത്യയമിച്ഛതി ശാസ്ത്രകൃദേഷാം
സോഽപി ച സിദ്ധ്യതി ബാഹുലകേന.

വേദം പഠിപ്പിക്കുന്ന ഗുരു വേദത്തിൻെറ കാര്യത്തിൽ
ശബ്ദാദികളുടെ പരിവർത്തനം ഇച്ഛിക്കുന്നുണ്ടെങ്കിൽ,
സുപ് (കാരകം=Cases) തിങ് (തിങന്തം=ധാതുക്കളുടെ
രൂപം), ഉപഗ്രഹം (പരസ്മൈപദം, ആത്മനേപദം എന്ന
ഭേദം), ലിംഗം, നരൻ (പുരുഷൻ=Person) കാലം,
ഹല് (വ്യഞ്ജനം= Consonants), അച് (സ്വരാക്ഷര
ങ്ങൾ), സ്വരം (ഉദാത്താദിസ്വരങ്ങൾ), കർത്തൃ-യങ്
പ്രത്യാഹാരങ്ങളും കൃദന്തതദ്ധിതാദികളും മററു പലതും
മാറ്റി അർത്ഥം കൊടുക്കാവുന്നതാണു്. ഇത്രവലിയ മാറ്റങ്ങൾ
അനുവദിക്കുന്ന ഒരു ഭാഷയിലെ ശബ്ദങ്ങൾക്കു അർത്ഥം
നിർണയിക്കുക എളുപ്പമായ കാര്യമാണോ?

വേദസംഹിതയിലെ മന്ത്രങ്ങളുടെ ശരിയായ അർത്ഥ
മറിഞ്ഞകാലം വാസ്തവത്തിൽ നിഘണ്ടുവിൻെറ ആവിർ
ഭാവം വരെ നീണ്ടുനിന്നിരിക്കണം. അതിനുശേഷം
അർത്ഥം പഠിക്കുന്ന രീതി ലോപിച്ചുപോന്നു. ബ്രാഹ്മ
ണഗ്രന്ഥങ്ങളുടെ കാലത്തു് പല തെററിധാരണകളും വള
ന്നു", വേദത്തിൻെറ മൌലികാർത്ഥത്തെ പൊതിഞ്ഞു

മൂടിത്തുടങ്ങി. മാക്സ്മുള്ളർ ഇതിനെപ്പററി 'പ്രാചീന
സംസ്കൃത സാഹിത്യചരിത്രത്തിൽ (pages. 432-33)
എഴുതുന്നു." വൈദിക സൂക്തങ്ങളുടെ മൌലികമായ അഭി
പ്രായം അറിയുന്നതിൽ ആദ്യന്തം ഇത്ര വലിയ പ്രമാദ
മെങ്ങനെയാണു് ബ്രാഹ്മണഗ്രന്ഥങ്ങൾക്കു പിണഞ്ഞ
തെന്നു നമുക്കു മനസ്സിലാകുന്നില്ല. ആദിമമന്ത്രരചയി
താക്കളുടെ ചിന്താപ്രവാഹം അതിൻെറ ഉറവിൽനിന്നു്
പുറപ്പെട്ടു് ബ്രാഹ്മണഗ്രന്ഥങ്ങളിൽ, സരസ്വതിയുടെ ജല
പ്രവാഹം മരുഭൂമിയിലെ മണലിലെന്നപോലെ ലയിച്ചു്
നഷ്ടമായി. അത്രയുമല്ല, പുരാതനകവികളുടെ മനോനീ
തമായ ദേവതകളുടെ വാസ്തവികമായ അർത്ഥം പോലും
വിസ്മൃതമാക്കിയിട്ടു്, ദേവതകളുടെ പേരിനായി ഉദ്ദേശി
ച്ചിട്ടില്ലാതിരുന്ന അതേ ശബ്ദങ്ങളിന്മേൽ പുതിയ ദൈവ
ങ്ങളെ കല്പിച്ചു വെയ്ക്കാനിടയാക്കയും ചെയ്തു." ഇപ്രകാരം
സത്യാർത്ഥവും കല്പിതാർത്ഥവും കൂട്ടികലർത്തി, വേണ്ടതും വേ
ണ്ടാത്തതും തിരിച്ചറിവാൻ വയ്യാത്ത ഒരു വമ്പിച്ച സാഹി
ത്യം വളന്നു. അപ്പോൾ, ഡാക്ടർ ബൂഹ്ളർ തൻെറമനു
സ്മൃതിയുടെമുഖവുരയി(page16)ൽ പറയുംപോലെ "വേ
ദം പഠിക്കുന്നവരുടെ മുമ്പാകെ രണ്ടു പ്രശ്നം സമുപസ്ഥിത
മായി. ഒന്നുകിൽ സമ്പൂർണ്ണമായ വേദശാഖകളിലെമന്ത്ര
ങ്ങൾ അവയുടെ വേദാംഗസഹിതം കണ്ഠസ്ഥമാക്കയും, അർ
ത്ഥം പഠിക്ക നിർബന്ധമല്ലെന്നു വെയ്ക്കയുംവേണം. അല്ലെ
ങ്കിൽ കണ്ഠസ്ഥമാക്കുന്ന പുസ്തകങ്ങളുടെ എണ്ണം കുറച്ചിട്ടു
അവയുടെ അർത്ഥം നല്ലവണ്ണം പഠിക്കുക നിർബന്ധമാ
ക്കണം. ആദ്യത്തെ വഴി അനുസരിച്ചവർ ജീവനുള്ള വ
ലിയഗ്രന്ഥപ്പുരകളായിതീന്നു; എന്നാൽ അർത്ഥം ലേശ
വുമറിയാത്തതിനാൽ അവരുടെ പഠിപ്പുകൊണ്ടു് ഒരു

ലാഭവും ഉണ്ടായില്ല.” ഇപ്രകാരം വേദാർത്ഥം അറിയുന്ന പാരമ്പര്യം ലുപ്തമായി.

ലുപ്തമായ പാരമ്പര്യത്തിന്റെ ഉപലബ്ധമായ അംശങ്ങളെ ആശ്രയിച്ച്, ആദിമാർത്ഥം കണ്ടുപിടിക്കാനുള്ള യത്നമാണ് പണ്ഡിത വേദബന്ധുശർമ്മ ഈ ഗ്രന്ഥത്തിൽ ചെയ്യുന്നത്. ദീർഘകാലത്തെ അദ്ധ്യയനവും, അന്വേഷണവും അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിന്റ പുറകിലുണ്ടെന്നു പുസ്തകത്തിന്റെ ഏതു ഏട് മറിച്ചുനോക്കിയാലും ബോധ്യപ്പെടും. ഞാൻ അദ്ദേഹത്തെ ഈ സാഫല്യത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

തിരുവനന്തപുരം
21-10-1949.

സീ. എസ്. വാര്യർ

നിവേദനം

എല്ലാ ഹിന്ദുക്കൾക്കും പ്രയോജനപ്പെടുന്ന നിത്യാരാധനയാണ് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ളതു്. ജാതി, അവാന്തരവിഭാഗം, പരിസരം, ഭാഷ എന്നിവയെ ഒന്നും ലേശവും വകവയ്ക്കാതെ, ഹിന്ദുസമൂഹത്തിൽപെട്ട സ്ത്രീകളും പുരുഷന്മാരും ആവൃദ്ധം യഥാസൌകര്യം മുടങ്ങാതെ എന്നും സന്ധ്യ അനുഷ്ഠിക്കേണ്ടതാണ്. നിത്യം രാവിലെയും വൈകിട്ടും ഏകാന്തമായോ, വീട്ടിലുള്ളവരെല്ലാം ഒന്നിച്ചിരുന്നോ സന്ധ്യാവന്ദനം നടത്തണം. സൌകര്യവും സമയവുമുള്ളപക്ഷം എന്നും, അല്ലെങ്കിൽ വിശേഷദിവസങ്ങളിൽ മാത്രവും വീട്ടിലുള്ളവരും ബന്ധുമിത്രാദികളും ഒന്നിച്ചുകൂടി ഔപാസനഹോമം അനുഷ്ഠിക്കണം.

ഇടയാളിനെക്കൊണ്ട് ഈ നിത്യാരാധന നടത്തിച്ച് പുണ്യം സമ്പാദിക്കാമെന്നു കരുതുന്നത് വെറും അസംബന്ധമാകുന്നു. ഈശ്വരനോട് സമ്പർക്കം നേടേണ്ടതു ആരാധകൻ നേരിട്ടാണ്. ആൾപ്പേർവെച്ച് നിത്യാരാധന നടത്താൻ ആരും മുതിരരുതു്. അതു നിഷ്ഫലമാണെന്നുതന്നെയല്ല, ആത്മാവനതിക്കു ഇടയാക്കുന്ന കർത്തവ്യവിലോപം കൂടിയാകുന്നു.

ഈ പുസ്തകത്തിൽ, 62 മുതൽ 108 വരെ വശങ്ങളിൽ, വലിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുള്ള 19 മന്ത്രങ്ങളാണ് സന്ധ്യാവന്ദനത്തിൽ വിനിയോഗിച്ചിരിക്കുന്നതു്. ഇതിത്രയും ഉരുവിട്ടു പഠിച്ചുകൊണ്ടാൽ, ഏതു പരിസരത്തിലും, ഏതു ജോലിത്തിരക്കിലും, എവിടെവെച്ചും സ-

ന്ധ്യാമന്ത്രം ജപിക്കുവാനും, അങ്ങനെ നിത്യകർമ്മത്തിൽ നിഷ്ഠനേടാനും കഴിയും.

അഗ്നിഹോത്രത്തിനുള്ള മുൻചടങ്ങ് 123 മുതൽ 129 വരെ വശങ്ങളിൽ കാണുന്ന പ്രാർത്ഥനയാണ്. അതു പാഠം ചെയ്തശേഷം 169 മുതൽ 183 വരെ വശങ്ങളിൽ കാണുംപോലെ ഹോമം നിർവ്വഹിക്കണം. ഇതും വലിയ അക്ഷരത്തിൽ അച്ചടിച്ചിട്ടുണ്ട്. ബാക്കി മന്ത്രപാഠവും ചടങ്ങും വിശേഷഹോമത്തിൽ നിറവേററിയാൽ മതി.

ഇന്നത്തെ നിലയ്ക്ക്, മന്ത്രം സ്വരിച്ച് ഉച്ചരിക്കണമെന്നു നിർബ്ബന്ധമില്ല. നിറുത്തി നിറുത്തി, തെററുകൂടാതെ, മനോയോഗപൂർവ്വം മന്ത്രമുരിച്ചുകൊണ്ടുപോകുന്നതുകൊണ്ടു ഫലംകിട്ടും.

മന്ത്രത്തിനു അർത്ഥംകൊടുക്കുന്നതിനു ഞാൻ അവലംബിച്ചിരിക്കുന്ന പ്രക്രിയ മഹർഷി ദയാനന്ദപ്രദർശിതമാണെന്നേയുള്ളൂ. അതിനാൽ, ഇതിൽ എന്തെങ്കിലും തെററു വന്നുകൂടിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദി ഞാൻമാത്രവും, മന്ത്രത്തിന്റെ ആദിമാർത്ഥം കണ്ടെത്തുന്നതിൽ എത്രത്തോളം സാഫല്യം സിദ്ധിച്ചിട്ടുണ്ടോ അതു മുഴുവൻ ആ മഹായോഗിയുടെ അനുഗ്രഹവും ആകുന്നു.

ഈ പുസ്തകത്തിനു വിജ്ഞേയമായ ഒരു അവതാരിക എഴുതി എന്നെ പ്രോത്സാഹിപ്പിച്ചതിനു എന്റെ ചിരഹിതൈഷിയായ ശ്രീമാൻ സീ. എസ്. വാദ്ധ്യർ എം. എ. എൽ എൽ. ബി. യോടും ഇടയ്ക്കിടയ്ക്ക് പ്രയോജനപ്രദമായ പരാമർശങ്ങൾ തന്നു സഹായിച്ച ശ്രീമാൻ എം. ആർ. കൃഷ്ണപിള്ള (ബി. എ. ബി. എൽ.) യോടും എനിക്കുള്ള കടപ്പാട് ഇവിടെ സ്മരിക്കുന്നു. പ്രൂഫ് നോക്കുന്ന

തിൽ പണ്ഡിത ശ്രീധരആര്യ എന്നെ സഹായിച്ചതു ഞാൻ ഓർക്കുന്നു. ശുദ്ധാശുദ്ധപത്രവും മന്ത്രങ്ങളുടെ അകാരാദ്യനുക്രമണിയും തയാറാക്കിയതു എന്റെ കനീയപുത്രൻ വി. അനന്തകൃഷ്ണശർമ്മ (ബി. എസ്. സീ. വിദ്യാർത്ഥി)യാണെന്നുള്ളതു ഇവിടെ പ്രസ്താവ്യമാണ്. അനവധി ഉദ്ധരണങ്ങളുള്ള ഈ പുസ്തകം ഇത്രയും ഭംഗിയായി അച്ചടിച്ചു തരുവാൻ തിരുവനന്തപുരം മോഡേൺപ്രസ്സുകാർ കാണിച്ച ശുഷ്കാന്തി ഞാൻ സ്മരിക്കുന്നു.

അപ്രതീക്ഷിതമായുണ്ടായ ചില അവധാനക്കുറവു മൂലം ഇതിൽ ഒട്ടധികം അച്ചടിപ്പിഴകൾ വന്നിട്ടുണ്ട്. പുസ്തകത്തിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന ശുദ്ധാശുദ്ധപത്രം നോക്കി അതു സദയം തിരുത്തി വായിച്ചുകൊള്ളുവാൻ പ്രിയ വായനക്കാരോടു പ്രാർത്ഥിക്കുന്നു.

ഈ പുസ്തകമെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു, തനിക്കും തന്റെ ചുററാകെയുള്ളവർക്കും ഭാസുരമായ ഒരു ഭാവി ഉണ്ടാക്കുമെന്ന പ്രതീക്ഷയും പാറിച്ചുകൊണ്ടു ഈ ലോകത്തിൽ വെറും പതിനേഴുവർഷം ജീവിച്ചശേഷം ഈശ്വരന്റെ വിളികേട്ടു അനുസരിക്കാനെന്നപോലെ, സുസ്മേരവദനനും നിശ്ചിന്തനുമായി ആ പരമപിതാവിന്റെ ജ്യോതിസ്സിൽ മറഞ്ഞ എന്റെ മൂത്തപുത്രനായിരുന്നു; അതു സ്മരിച്ചുകൊണ്ടു, ഈ വാത്സല്യാഞ്ജലി ഞാൻ അർപ്പിക്കുന്നു.

തിരുവനന്തപുരം
ദീവാളി-1948
ദയാനന്ദമഹാപ്രസ്ഥാനാബ്ദം 66

വിദുഷാമനുചരോ
വേദബന്ധുഃ

അടുത്തുതന്നെ പുറത്തുവരാൻ പോകുന്ന ഗ്രന്ഥങ്ങൾ

—

ഗായത്രി

ഗായത്രീ മഹാമന്ത്രത്തെ സംബന്ധിച്ച ഒരു നിഷ്കൃഷ്ടാദ്ധ്യയനവും ഗായത്ര്യുപാസനവും

പ്രാണായാമം

വിധിയും പ്രയോഗവും

വിവാഹപദ്ധതി

വൈദിക വിധിപ്രകാരമുള്ള ചടങ്ങുപുസ്തകം

യോഗദർശനം

പാതഞ്ജലത്തിന്മേൽ മിതമായ ഭാഷ്യം

പുസ്തകം വായിക്കേണ്ടതെങ്ങനെ?

൧. ഒന്നാമത്, ശുദ്ധാശുദ്ധപത്രം നോക്കി, മുഴുവൻ പുസ്തകത്തിലുമുള്ള പിഴകൾ അതാതിടത്തു തന്നെ തിരുത്തി എഴുതിക്കൊള്ളുന്നതു നല്ലതാണ്.

൨. രണ്ടാമത്, ഉപോദ്ഘാതപ്രകരണം മനസിരുത്തിവായിച്ചു നോക്കണം. അതിൽ നിന്ന് നമ്മുടെ ഉപാസനയെക്കുറിച്ച് ഒരു സാമാന്യബോധം കിട്ടും. അതിനോടൊന്നിച്ച്, വൈദികമായ മന്തവ്യങ്ങളേയും കർത്തവ്യങ്ങളേയും പററി അല്പം പരിചയവും സിദ്ധിക്കും.

൩. ഇനി, മന്ത്രങ്ങൾ മനസിരുത്തി, നിറുത്തി നിറുത്തി വായിച്ചു ശീലിക്കണം. മന്ത്രങ്ങൾ വലിയ അക്ഷരത്തിൽ അടിച്ചിട്ടുണ്ട്.

൪. മന്ത്രങ്ങളിലെ പദങ്ങൾ=എന്ന അടയാളത്തിനുമുമ്പും മലയാളത്തിലുള്ള അർത്ഥം=എന്ന അടയാളത്തിനു ശേഷവും വ്യാഖ്യാനത്തിൽ കാണാം. ആവശ്യമെന്നുതോന്നുന്നപക്ഷം ഒരു കടലാസിൽ അർത്ഥം എഴുതി എടുത്ത് കൂട്ടിയിണക്കി വായിച്ചാൽ മന്ത്രാർത്ഥം ഭാഷയിൽ കിട്ടും. മൂലപദങ്ങൾ നോക്കി മന്ത്രത്തിലെ പദച്ഛേദം ആവശ്യമുള്ളിടത്തോളം നിർവ്വഹിക്കയും ചെയ്യാം. സാമാന്യേന ഓരോ മന്ത്രത്തിനും അർത്ഥംകൊടുക്കുന്നതു ഓരോ ഖണ്ഡികയിലാണ്. അർത്ഥത്തിനു പുഷ്ടിവേണ

മെന്നുതോന്നുമ്പോൾ അതിനടുത്തുതന്നെ പ്രമാണവും
കൊടുത്തിട്ടുണ്ട്. മനസിരുത്തിവായിച്ചാൽ സുഗ്രഹമാ
കുന്ന ഈ പ്രമാണങ്ങൾക്കും അർത്ഥം അവിടവിടെ
കാണാം. കൂടുതൽ ചർച്ച ആവശ്യമെന്നു വരുന്നിടത്ത്
അവയെ വീണ്ടും എടുത്തുപറഞ്ഞു വിവേചിച്ചിട്ടുമുണ്ട്.
ചിലയിടങ്ങളിൽ കുറിപ്പുകളും കൊടുക്കുന്നു. ഇവയെല്ലാം
ആവശ്യവും അഭിരുചിയും പോലെ വായിച്ചാൽമതി.

൫. മൂലപദങ്ങളുടെ വിഭക്തിയും കാലവും ശരിക്ക്
ബാലപ്രബോധനാനുമോദിതമായ ഭാഷയിൽ, മലയാള
ത്തിലാക്കിക്കാണുകയില്ല. ഇത്തരം നിയമപാലനം മല
യാളത്തിന്റെ ഘടനയ്ക്കു ഉപയുക്തമല്ലാത്തതിനാൽ അ
പരിഗണിച്ചിട്ടേ ഇല്ല. വ്യത്യയങ്ങൾ വരുത്തിയത് ഇ
നിലയ്ക്കു ക്ഷന്തവ്യമായിരിക്കുമെന്നു കരുതുന്നു. ബ്രാക്കറ്റി
അടക്കിയ പദങ്ങൾ വിശദീകരണത്തിനു വേണ്ടിയുള്ള
യാണ്.

[എല്ലാ മന്ത്രങ്ങൾക്കും സ്വരചിഹ്നവും ഉച്ചാരണത്തി
സൌകര്യപ്പെടുന്ന സന്ധിയും കൊടുക്കണമെന്നു മോഹമുണ്ടാ
രുന്നു. അതിനോടൊന്നിച്ച്, ഓരോ മന്ത്രത്തിന്റെയും ദേവ
ഛന്ദസ്, ഋഷി എന്നിവയെക്കുറിച്ച പരിചയവും വിശദീക
ണവും അതാതു മന്ത്രത്തിനു മുൻപെയും, വ്യാഖ്യാനത്തിൽ നി
ണ്ടു, നിരുക്തം, ബ്രാഹ്മണം, വേദസംഹിത എന്നിക്രമത്തിൽ ഉ
ഹരിച്ചു അർത്ഥനിർണയം ചെയ്യുന്ന കുറിപ്പ് പിൻപേയും ചേ
ണമെന്നു ആഗ്രഹിച്ചിരുന്നു. അടുത്ത പതിപ്പുണ്ടായാൽ അത്
അപ്രകാരം ചെയ്യാമെന്നാണ് പ്രതീക്ഷ.]

വിഷയസൂചി

സന്ധ്യയിലേയും അഗ്നിഹോത്രത്തിലേയും മന്ത്രങ്ങളുടെ അകാരാദ്യനുക്രമണി

അഥ

ഉപോദ്ഘാതം

പ്രസ്താവന

സന്ധ്യയുടേയും അഗ്നിഹോത്രത്തിന്റേയും വൈദികമായ വിശുദ്ധരൂപവും, ഉപാസനാപരമായ പ്രയോഗവും മന്ത്രാർത്ഥവും വിശദമാകണമെങ്കിൽ, നമ്മുടെ ധാർമ്മികമായ ജീവിതവ്യവസ്ഥയിൽ നിത്യകർമ്മത്തിനും, അതിൽ സന്ധ്യോപാസനത്തിനും, അഗ്നിഹോത്രത്തിനുമുള്ള സ്ഥാനമേതെന്നു സാമാന്യമായറിഞ്ഞിരിക്കേണ്ടതാവശ്യമാകുന്നു.

മോക്ഷോപായം

മനുഷ്യജീവിതത്തിന്റെ പരമോദ്ദേശ്യം മോക്ഷമാകുന്നു. അതു നേടുവാൻ ഈശ്വരസാക്ഷാത്കാരമല്ലാതെ മറെറാരു ഉപായവുമില്ല.

"തമേവ വിദിത്വാഽതിമൃത്യുമേതി
നാന്യഃ പന്ഥാ വിദ്യതേഽയനായ"

ഈശ്വരനെ അറിയുന്നതുകൊണ്ടുമാത്രമേ അമൃതത്വം പ്രാപിക്കുന്നുള്ളു. ജീവിതയാത്രയ്ക്കു അതല്ലാതെ വേറെ വഴിയില്ല; എന്നു നമ്മുടെ ധർമ്മഗ്രന്ഥമായ വേദം (യജു: 31. 18.) അരുളുന്നു.

ഈശ്വരദർശനത്തിനുള്ള വഴി

ഈശ്വരൻ എന്തു്? എവിടെ? ഈശ്വരനെ കാണുന്നതെങ്ങനെ? മഹത്വമേറിയ ഈ ചോദ്യങ്ങൾക്കു വേദം

ഇപ്രകാരം ഉത്തരം നൽകുന്നു: ഈശ്വരൻ സച്ചിദാനന്ദ സ്വരൂപനാണു്; വിശ്വം മുഴുവൻ തിങ്ങി നിറഞ്ഞും അതിനെ കവിഞ്ഞും വർത്തിക്കുന്ന ജഗദീശ്വരന്റെ രാജധാനി മനുഷ്യന്റെ ശരീരവും സിംഹാസനം ഹൃദയാകാശവുമാകുന്നു; ഈശ്വരനെ അവിടെ കാണാം. അവനവന്റെ കർത്തവ്യം വേണ്ടുംവണ്ണം പരിപാലിച്ചുകൊണ്ടു് ഏകാഗ്രചിത്തരായി ഈശ്വരനിൽ ലൌലീനരാകുന്നവർ അദ്ദേഹത്തെ കാണുന്നു. കർത്തവ്യം പാലിക്കുന്നതുകൊണ്ടു് ചിത്തം ശുദ്ധമാകുന്നതിനോടൊന്നിച്ചു് ഈശ്വരപ്രീതിയുണ്ടാകയും ചെയ്യും. ശുദ്ധമായ ചിത്തം ഈശ്വരനിൽ ലൌലീനമാകുന്നതിനു യോഗ്യമായി മാറുന്നു; ഈശ്വരപ്രീതി നമ്മെ അങ്ങോട്ടു ആകർഷിക്കുന്നു. അപ്പോൾ ഈശ്വരനിൽ ലൌലീനനായിട്ടു് മനുഷ്യൻ തന്റെ (ആത്മാവിന്റെ) ശുദ്ധരൂപം കണ്ടുതുടങ്ങും; പിന്നീടു് തദ്വാരാ ഈശ്വരസാക്ഷാത്കാരം സാധിക്കും.

മാർഗത്രയം

വേദമന്ത്രങ്ങളിൽ കർത്തവ്യകർമ്മം ഉപദേശിക്കുന്ന ഭാഗത്തിനു കർമ്മകാണ്ഡമെന്നുപേർ. ലൌലീനരാകാൻ പഠിപ്പിക്കുന്നതു് ഉപാസനാകാണ്ഡം. ഈശ്വരന്റെ സ്വരൂപം വർണ്ണിക്കുന്നിടം ജ്ഞാനകാണ്ഡം. കർമ്മകാണ്ഡത്തിന്റെ വിശദീകരണം ബ്രാഹ്മണഗ്രന്ഥങ്ങളിലും, ഉപാസനാകാണ്ഡത്തിന്റേയും ജ്ഞാനകാണ്ഡത്തിന്റേയും വിസ്താരം ഉപനിഷത്തിലും കാണാൻ കഴിയും. കാലക്രമത്തിൽ ഈ മൂന്നു കാണ്ഡവും മോക്ഷസിദ്ധിക്കുള്ള മൂന്നു വഴികളായി വളർന്നു. എന്നാൽ കർമ്മം, ഉപാസനാ, ജ്ഞാനമെന്ന മൂന്നു ഭാഗവും അന്യോന്യം

അഭേദ്യവും ഒന്നുപോലെ മോക്ഷസാധനയിൽ സമന്വിതവുമാകുന്നുവെന്നതാണു് പരമസത്യം. ഓരോന്നിന്റേയും സാഫല്യം മററു രണ്ടിന്റേയും അനുപേക്ഷണീയതയെ ആശ്രയിച്ചിരിക്കുന്നു.

കർമ്മപരിചയം:

കർമ്മവും ചരിതവും

ഒരുവൻ അവനവനോടും അന്യരോടും അനുവർത്തിക്കുന്ന പെരുമാററത്തിനു ചരിതമെന്നു പേർ കൊടുത്തിരിക്കുന്നു. ചരിതം, ചരിത്രം, ശീലമെന്നിവ പര്യായങ്ങളാണു്. മററു പ്രവൃത്തികളെല്ലാം കർമ്മമാകുന്നു. ആരേയും ദ്രോഹിക്കാതിരിക്കുക, എല്ലാവർക്കും നല്ലതു ചെയ്ക, ഇതൊക്കെ ചരിതവും ബാക്കി കർമ്മവും. യജ്ഞം ചെയ്ക, വഴിക്കിണറുവെട്ടുക, മുതലായതു് കർമ്മമാണു്. ചരിതവും കർമ്മവിശേഷം തന്നെ. ചരിതത്തിനും കർമ്മത്തിനും തമ്മിലുള്ള സൂക്ഷ്മമായ ഭേദം ലൌകികമായ വ്യവഹാരത്തിൽ നിഷ്കർഷിക്കാത്തതിനു കാരണമിതാണു്.

"യാന്യനവദ്യാനികർമ്മാണി
താനി സേവിതവ്യാനി നോ ഇതരാണി |
യാന്യസ്മാകം സുചരിതാനി
താനി ത്വയോപാസ്യാനി നോ ഇതരാണി||"

ദോഷമില്ലാത്ത കർമ്മങ്ങൾ നീ അനുഷ്ഠിക്കണം, മററുള്ളവയെ ഒരിക്കലും അനുഷ്ഠിക്കരുതു്. നമ്മുടെ നല്ല ചരിതത്തെ നീ ആചരിക്കണം, മററുള്ളതിനെ ആചരിക്കരുതു്—എന്നു് തൈത്തിരീയോപനിഷത്തിൽ

(1-11) ഋഷി ഉപദേശിക്കുന്നു. ഇവിടെ കർമ്മത്തിന്റെയും ചരിതത്തിന്റെയും ഭേദം സൂചിതമാകുന്നു.

ഇഷ്ടാപൂർത്തകർമ്മങ്ങൾ

കർമ്മം രണ്ടുതരത്തിലുണ്ട്: ഒന്ന് ഇഷ്ടകർമ്മവും മററത് പൂർത്തകർമ്മവും. യാതൊന്നിന്റെ മുഴുവൻ വിധിയും വേദമന്ത്രങ്ങൾ മൂലം നടക്കുന്നുവോ അത് ഇഷ്ടം. അഗ്നിഹോത്രം, സന്ധ്യോപാസനം മുതലായത് ഇഷ്ടകർമ്മമാകുന്നു. ലോകോപകാരാർത്ഥം ചെയ്യുന്ന മററുകർമ്മങ്ങൾ പൂർത്തം. അവ വേദത്തിൽ ഉപദിഷ്ടമാണെങ്കിലും, അവയുടെ വിധി ലൌകികമാകുന്നു. വഴിക്കിണറുവെട്ടിക്കുക, അനാഥരക്ഷാലയം ഉണ്ടാക്കുക, വിദ്യാലയങ്ങൾ നടത്തുക ചാലമരം നടുക—ഇവയൊക്കെ പൂർത്തകർമ്മങ്ങളിൽ ഉൾപ്പെടും.

നമ്മുടെ ധർമ്മത്തിന്റെ വൈജ്ഞാനികമായ സ്രോതോമൂലം വേദമാണെല്ലോ. വേദവിഹിതമായ കർമ്മത്തിന്റെ ലക്ഷ്യം അനാദിയും, അനന്തവും, നിത്യപവിത്രവുമായ പരബ്രഹ്മത്തെ പൂജിക്കയും, അതുവഴി മോക്ഷം പ്രാപിക്കുകയുമാകുന്നു. നമ്മുടെ അനുഭവത്തിൽ കാണുന്ന ലോകം രണ്ടു തരത്തിലുള്ളതാണ്. ഒന്നുമാനുഷം, മററത് ദിവ്യം. മാനുഷലോകത്തിന്റെ ഒരു അംഗമാണ് മനുഷ്യൻ. ദിവ്യലോകത്തിൽ സൂര്യൻ, ചന്ദ്രൻ, ഭൂമി, ജലം, വായു, വൈദ്യുത്, അഗ്നി, പർവ്വതം മുതലായവ ഉൾപ്പെടുന്നു. ഇവ ഈശ്വരന്റെ അന്തർവ്യാപകവും അവ്യക്തവുമായ ശക്തിയാൽ പ്രേരിതമായിട്ട്, ലോകത്തിന്റെ വിവിധമായ വ്യാപാരങ്ങളെ സഹായിക്കുന്നു. മനുഷ്യന്റെ കർമ്മത്തിൽ നിന്ന് ഈ വ്യാപാരങ്ങൾക്ക് സഹായമുണ്ടാകണമെന്ന

താണ് വേദവിധിയുടെ മർമ്മം. ഇതു ഗ്രഹിക്കാതെ കർമ്മം ചെയ്താലൊരു പ്രയോജനവുമുണ്ടാകയില്ല

കർമ്മവിഭാഗം

ശാസ്ത്രവിഹിതമായ കർമ്മങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. നിത്യം, നൈമിത്തികം, കാമ്യം. യാതൊരു കർമ്മം ധർമ്മമാർഗം അറിയിക്കുന്നുവോ, കേവലമായ ഭക്തിഭാവത്തോടെ പൂജനീയരെ പൂജിക്കുന്നുവോ, നമ്മുടെ സഹായം അപേക്ഷിക്കുന്നവരെ സഹായിക്കുന്നുവോ അതിനു നിത്യകർമ്മമെന്നുപേർ. നിത്യകർമ്മം നിയതസമയത്ത് യഥാശക്തി എന്നും അനുഷ്ഠിക്കേണ്ടതാണ്. ഏതെങ്കിലും സംഭവത്തെ മുൻനിറുത്തി, ഏതെങ്കിലും കാരണവശാൽ, ചെയ്യുന്ന 'ചടങ്ങ്' നൈമിത്തികകർമ്മം. സന്താനമുണ്ടാകുമ്പോൾ ജാതകർമ്മസംസ്കാരം നടത്തുന്നു; മരിച്ചാൽ അന്ത്യേഷ്ടി. ഇപ്രകാരം വിധിച്ചിരിക്കുന്ന പതിനാറു ചടങ്ങുകൾ നൈമിത്തികങ്ങളാണ്. ലൌകികമോ പാരലൌകികമോ ആയ ഏതെങ്കിലും ഇച്ഛയോടുകൂടി ചെയ്യുന്നകർമ്മം കാമ്യം. പ്രാണനെ ഉപാസിക്കുന്നവൻ ഈ ലോകത്തിൽ മഹത്വം നേടാനാഗ്രഹിക്കുന്നുവെങ്കിൽ, 'മന്ഥകർമ്മം' അനുഷ്ഠിക്കണമെന്ന് ഛാന്ദോഗ്യോപനിഷത് (5. 2. 4) ഉപദേശിക്കുന്നു. ഇതു ലൌകികമായ കാമ്യകർമ്മം. സ്വർഗലോകമാഗ്രഹിക്കുന്നവൻ നചികേതാഗ്നിയജ്ഞം ചെയ്യട്ടെ എന്നു കഠോപനിഷത് (1. 12. 19) നിർദ്ദേശിക്കുന്നു. ഇതു പാരലൌകികമായ കാമ്യകർമ്മം.

കർമ്മത്തിനു വേറെയും രണ്ടു ഭേദമുണ്ട്–പ്രായശ്ചിത്തവും നിഷിദ്ധവും. വിഹിതകർമ്മം ചെയ്യാത്തതിനാലോ,

വിധിച്ചതിനു വിരുദ്ധം ചെയ്യുന്നതിനാലോ, അല്ലെങ്കിൽ വർജ്ജിച്ചതു ചെയ്യുന്നതിനാലോ മനുഷ്യന്റെ ആദ്ധ്യാത്മികത്വം കുറയുകയും, അതിനാൽ അവൻ പ്രായശ്ചിത്തിയാകയും ചെയ്യുന്നു അദ്ധ്യാത്മബലം വീണ്ടെടുക്കാൻ വേണ്ടി പറഞ്ഞിരിക്കുന്ന വഴിയാണു് പ്രായശ്ചിത്തം. ചെയ്യാൻ പാടില്ലെന്നു നിഷേധിച്ചിരിക്കുന്നതു് നിഷിദ്ധകർമ്മം.

ഇവയുടെ പ്രയോജനം

ശ്രദ്ധയോടും ഭക്തിയോടും വിധിപൂർവ്വം നിത്യകർമ്മം നിറവേറ്റുന്നതിൽ നിന്നു്, അന്തഃകരണം ശുദ്ധമായിട്ടു് ആത്മാവിനേയും പരമാത്മാവിനേയും കാണാൻ തക്കവണ്ണം യോഗ്യമായിമാറുന്നു. അവനവന്റേയും അന്യരുടേയും ഉയർച്ചയ്ക്കുവേണ്ടി ചെയ്യേണ്ടവയായ നൈമിത്തികകർമ്മം ഓർമ്മിപ്പിക്കും. ഈ കർത്തവ്യം പാലിച്ചതിനാലാണു് മനുഷ്യവർഗ്ഗം ഉത്തരോത്തരം വളർന്നതു്. ആഗ്രഹം സാധിക്കുവാനും അതേസമയം അന്തഃകരണം ശുഭമാകാനുമുള്ള ശുദ്ധമാർഗ്ഗം കാമ്യകർമ്മം നിർദ്ദേശിക്കുന്നു. ആഗ്രഹങ്ങൾക്കു വശഗനാകയാലാണു് മനുഷ്യൻ പാപം ചെയ്യുന്നതു്. ശാസ്ത്രങ്ങൾ നിർണ്ണയിച്ചിട്ടുള്ള അതിരിനകത്തുനിന്നുകൊണ്ടു് ആഗ്രഹം സാധിപ്പാനുള്ള ഉറച്ച മനസ്സ് ഉണ്ടായാൽ സംതൃപ്തി കൈവരുന്നതിനോടൊന്നിച്ചു്, ആത്മാവിന്റെ ഹിതവും സാധിക്കും. എങ്ങനെയെങ്കിലും അനുചിതമായ കർമ്മം ചെയ്തുപോയാൽ, തന്മൂലം അന്തഃകരണത്തിലുണ്ടാകുന്ന മലിനമായ സംസ്കാരങ്ങൾ കഴുകിക്കളകയും, ചിത്തകർമ്മത്തിൽ വെറുപ്പുണ്ടാക്കയും ചെയ്കയാണു് പ്രായശ്ചിത്തത്തിന്റെ പ്രയോജനം. ആത്മാവിനെ അധഃപ

തിപ്പിക്കുന്ന കർമ്മങ്ങളിൽ കുടുങ്ങാതിരിക്കാൻ താക്കീതു ചെയ്ക നിഷിദ്ധകർമ്മത്തിന്റെ ഉദ്ദേശമാണു്. ഇപ്രകാരം, അധഃപതിപ്പിക്കുന്ന കർമ്മത്തിൽ നിന്നു് അകലാനും, സാവധാനക്കുറവുകൊണ്ടു് എന്തെങ്കിലും അപകടം പിണഞ്ഞാൽ പ്രായശ്ചിത്തം ചെയ്തു ആ കുറവു തീർക്കാനും, ശാസ്ത്രീയമായ വഴിയിലൂടെ തന്റെ ആഗ്രഹങ്ങൾ സാധിക്കാനും, തന്റെയും അന്യരുടേയും സമുന്നതിയിൽ സദാ താത്പര്യം കാണിച്ചുകൊണ്ടു് അന്തഃകരണത്തെ മോക്ഷയോഗ്യമാക്കി ആനന്ദമനുഭവിക്കാനും മനുഷ്യനെ സഹായിക്കയാണു് കർമ്മവിധാനത്തിന്റെ പ്രയോജനം.

ഇഷ്ടവും യജ്ഞവും ഒരേ ധ്വനിയുടെ രണ്ടുരൂപമാകുന്നു. സാധകനെ യജ്ഞരൂപിയാക്കുന്നതിനു കെല്പുള്ള കർമ്മമാണു് ഇഷ്ടകർമ്മം. സാധാരണ ഭാഷയിൽ അഗ്നിഹോത്രം മുതൽ അശ്വമേധം വരെയുള്ള എല്ലായജ്ഞവും ഇഷ്ടമാകുന്നു. സൂര്യന്റെയും അഗ്നിയുടേയും ഭൌതികമായ പ്രകാശത്തിനു പുറകിൽ അദൃശ്യമായ പരബ്രഹ്മത്തിന്റെ വിഭൂതി ഒളിഞ്ഞിരിക്കുന്നു. ഈശ്വരന്റെ ഈ വിഭൂതിക്കും അദൃശ്യമായ മനുഷ്യാത്മാവിനും തമ്മിൽ ബന്ധം ഉറപ്പിക്കുവാൻ ഇഷ്ടകർമ്മത്തിനു കഴിയും. അവനവന്റെ സങ്കല്പശക്തികൊണ്ടു് ആത്മികപ്രേരണയെ ആ വിഭൂതിവരെ എത്തിക്കാതെ ഇഷ്ടകർമ്മം ഫലപ്രദമാകുന്നില്ല. ആത്മികമായ ശുഭഭാവത്തോടുകൂടി ചെയ്യുന്ന യജ്ഞം ഒരു തരം 'അദൃഷ്ട'മായ ഫലമുണ്ടാക്കുന്നു ആത്മാവിന്റെ ഈ വികാസം അനുഭവംകൊണ്ടുമാത്രം അറിയാവുന്നതാണു്, ഇപ്രകാരം ഇഷ്ടകർമ്മത്തിന്റെ മുഖ്യമായ ഫലം അവനു

വന്റെ ആത്മവികാസമാകുന്നു; അതിന്റെ പരിണാമം മോക്ഷാനുഭൂതിയും.

ഇഷ്ടമെന്നതിന്റെ അർത്ഥം 'യജ്ഞം ചെയ്യപ്പെട്ടതു്' എന്നും, പൂർത്തത്തിനർത്ഥം 'നിറച്ചതു്' എന്നുമാകുന്നു. പൂർത്തത്തിന്റെ ലക്ഷ്യം സാമാജികമായ ഹിതമാണു്. എപ്പോഴും മനുഷ്യസമുദായത്തെ പരിതൃപ്തമാക്കിവെച്ചുകൊണ്ടിരിക്കയാണതിന്റെ ലക്ഷ്യം. ഇന്നത്തെ ആളുകൾക്കു 'പൂർത്ത'ത്തിൽ അധികം അഭിരുചികാണുന്നു. എന്നാൽ, വേദത്തിന്റെ നിഷ്കർഷ രണ്ടും അഭേദ്യമാണെന്നാണു്.

"ഇഷ്ടം പൂർത്തം ശാശ്വതീനാം സമാനാം ശാശ്വതേന
ഹവിഷേഷ്ട്വാനന്തംലോകം പരമാരുരോഹ"

ഇഷ്ടവും പൂർത്തവും അന്തമില്ലാത്ത വത്സരങ്ങൾ വരെ നിലനില്ക്കട്ടെ, നിത്യമായ ഹവിസ്സുകൊണ്ടു യജ്ഞം നടത്തിയതിനാൽ ഒരുവൻ നിത്യവും അവസാനമില്ലാത്തതുമായ ലോകം പ്രാപിച്ചു: എന്നു തൈത്തിരീയ ബ്രാഹ്മണ (11. 5. 5.) ത്തിൽ പറയുന്നു.

ശാസ്ത്രങ്ങളിൽ രണ്ടുമാർഗ്ഗം വർണ്ണിച്ചിട്ടുണ്ടു്: ദേവയാനവും പിതൃയാണവും. ദേവയാനം ജ്ഞാനപ്രധാനവും പിതൃയാണം കർമ്മപ്രധാനവും. കർമ്മണ്യതവെടിഞ്ഞു് ജ്ഞാനം കൈക്കൊള്ളുന്നതിനുള്ള യത്നം മണൽത്തരികൾ കൊണ്ടു കോട്ടകെട്ടുംപോലെ നിഷ്ഫലമാകുന്നു. അതുപോലെ, ജ്ഞാനം കൂടാതെ കർമ്മം ചെയ്യുന്നതും വെറും വ്യർത്ഥമാകുന്നു.

"തദേതത് സത്യം, മന്ത്രേഷുകർമ്മാണി
കവയോ യാന്യപശ്യംസ്താനി ത്രേതായാം
ബഹുധാ സംതതാനി താന്യാചരഥ നിയതം
സത്യകാമാ ഏഷ വ: പന്ഥാ സുകൃതസ്യലോകേ."

തത്=ആ, ഏതത്=അതു്, സത്യം=നേരാണു്; യാനി=ഏതു, കർമ്മാണി=കർമ്മങ്ങൾ, കവയഃ=വിദ്വാന്മാർ, മന്ത്രേഷു=മന്ത്രങ്ങളിൽ, അപശ്യൻ=കണ്ടുവോ, താനി=അവ, ത്രേതായാം=വേദവിദ്യയിൽ, ബഹുധാ=പലതരത്തിലും, സംതതാനി=വിസ്തരിച്ചു പറയപ്പെട്ടിരിക്കുന്നു. സത്യകാമഃ=സത്യം ആഗ്രഹിക്കുന്നമനുഷ്യരെ, താനി=അവയെ, നിയതം=നിശ്ചിതരൂപത്തിൽ, ആചരഥ=ആചരിക്കുവിൻ, ഏഷഃ=അതു, വഃ=നിങ്ങൾക്കു, ലോകേ=ഈ ലോകത്തിൽ, സുകൃതസ്യ=പുണ്യലാഭത്തിനുള്ള, പന്ഥാഃ=വഴിയാകുന്നു,- ജ്ഞാനമാർഗ്ഗപ്രധാനമായ മുണ്ഡകോപനിഷത്തിലെ (1-2-1) ഈ കഥനം സർവ്വഥാ സ്മരണീയമാണു്.

"ഏഹ്യേഹീതിതമാഹുതയഃ സുവർ ചസ:
സൂര്യ്യരശ്മിഭിർയജമാനം വഹന്തി |
പ്രിയാം വാചമഭിവദന്ത്യോർ ചയന്ത്യ
ഏഷ വ: പുണ്യഃ സുകൃതോ ബ്രഹ്മലോകേ | "

തം, യജമാനം-വിധിപൂർവ്വം യജ്ഞംചെയ്യുന്നവനെ സുവർചസ:=പ്രകാശിക്കുന്ന, ആഹുതയ:=ആഹുതികൾ ഏഹി, ഏഹി, ഇതി=വരു, വരു, എന്നുവിളിച്ചുകൊണ്ടു് സൂര്യ്യസ്യരശ്മിഭിഃ=സൂര്യ്യന്റെ കിരണങ്ങൾവഴി, വഹന്തി=കൊണ്ടുപോകുന്നു, അവ പ്രിയാം=പ്രിയമായ വാചം=വാക്കുകളെ, അഭിവദന്ത്യഃ=ഉച്ചരിച്ചുകൊണ്ടും, അർചയന്ത്യഃ=അർച്ചിച്ചുകൊണ്ടും ഏഷഃ=ഇതു, വഃ=നിങ്ങൾക്കു, പുണ്യഃ=പാപരഹിതമായതും, സുകൃതഃ=നല്ലവണ്ണം കിട്ടിയതുമായ, ബ്രഹ്മലോക:=മോക്ഷധാമമാകുന്നു എന്നു പറയുന്നു. (മുണ്ഡകം 1. 2. 10)

പഞ്ചമഹായജ്ഞങ്ങൾ

നിത്യകർമ്മം അഞ്ചാണ്. അവയ്ക്കു മഹായജ്ഞമെന്ന പേർ കൊടുത്തിരിക്കുന്നു. ശതപഥബ്രാഹ്മണ(10. 5. 6. 1)ത്തിൽ പറയുന്നു. "പഞ്ചൈവമഹായജ്ഞാഃ താന്യേവമഹാസത്രാണി ഭൂതയജ്ഞോ മനുഷ്യയജ്ഞഃ പിതൃയജ്ഞോ ദേവയജ്ഞോ ബ്രഹ്മയജ്ഞ ഇതി!" മഹായജ്ഞങ്ങൾ അഞ്ചേയുള്ളൂ. അവ വലിയ യാഗങ്ങൾ പോലെയാണ്. ഭൂതയജ്ഞം, മനുഷ്യയജ്ഞം, പിതൃയജ്ഞം, ദേവയജ്ഞം, ബ്രഹ്മയജ്ഞം ഇവയാണ് പഞ്ചമഹായജ്ഞങ്ങൾ.

യജ്ഞശബ്ദത്തിന്റെ നിഷ്കൃഷ്ടമായ അർത്ഥം വെറും യാഗമെന്നല്ല. 'യജ്ഞോവൈവിഷ്ണുഃ' എന്ന ശതപഥവചനം പ്രമാണമാക്കിക്കൊണ്ട് ശങ്കരാചാര്യർ യജ്ഞമെന്നതിനർത്ഥം ഈശ്വരനാണെന്നും, യജ്ഞത്തിനായി കർമ്മം ചെയ്യുക എന്നാൽ ഈശ്വരനുവേണ്ടി കർമ്മം ചെയ്യുകയാണെന്നും തീരുമാനിക്കുന്നു. മഹർഷി ദയാനന്ദസരസ്വതിയുടെ ഉപദേശമനുസരിച്ച്, യജ്ഞത്തിന്റെ പൂർണ്ണമായ അർത്ഥം ഇതുകൊണ്ടു സ്പഷ്ടമാകുന്നില്ല. യജ്ഞത്തിൽ ദേവപൂജയും, യോജിപ്പും, ത്യാഗവും അന്തർഭവിക്കുന്നു. ഭൗതികദേവതകൾ എത്ര വമ്പിച്ച യജ്ഞമാണ് രചിച്ചിരിക്കുന്നതെന്നു നോക്കുക. സൂര്യൻ നിരന്തരം നടത്തുന്ന യജ്ഞമല്ലേ ജഡജഗത്തിനും ചേതനജഗത്തിനുമൊന്നുപോലെ ജീവനദാനം ചെയ്യുന്നത്? ലോകത്തിൽ സസ്യങ്ങളും വനസ്പതിയും വളരുവാൻ സഹായിക്കയും ചരാചരങ്ങൾക്കു ആവശ്യമുള്ള പാനീയം കൊടുക്കയും ചെയ്യുകയാണ് ജലത്തിന്റെ യജ്ഞം. ഇപ്ര-

കാരം വായുവും അഗ്നിയും അന്തരീക്ഷവുമെല്ലാം അതാതിന്റെ കർമ്മങ്ങൾ അനുഷ്ഠിച്ചുവരുന്നു. ബ്രഹ്മാണ്ഡത്തിൽ നടന്നുവരുന്ന ഈ പൂജയും, യോജിച്ചുള്ള കർമ്മവും, പരോപകാരാർത്ഥം ത്യാഗവുമാണ് മഹായജ്ഞം. ഈ മഹായജ്ഞം രചിച്ചിരിക്കുന്ന ദേവാധിദേവനായ വിഷ്ണു ഓരോ പരമാണുവിലും വ്യാപിച്ചിരുന്നുകൊണ്ട് എല്ലാം നടത്തുന്നു. അതിനാൽ, സർവ്വവ്യാപകനായ വിഷ്ണു സ്വയം യജ്ഞസ്വരൂപിയും, അദ്ദേഹത്തിന്റെ ജഗത്ത് യജ്ഞവുമാകുന്നു. അദ്ദേഹത്തെ പ്രാപിക്കാനിച്ഛിക്കുന്നവനെ യജ്ഞരൂപിയായി മാററാനുള്ള സാധനയാണ് യജ്ഞകർമ്മം.

യജ്ഞത്തിന്റെ പ്രധാനമായ ഉപാദാനം ത്യാഗമാകുന്നുവെന്നു വ്യക്തമാക്കുന്നതിന്, ആഹുതികൾ കൊടുക്കുമ്പോൾ ഉച്ചരിക്കുന്ന മന്ത്രങ്ങളുടെ അർത്ഥമാലോചിച്ചാൽമതി. "ഇദമഗ്നയേ, ഇദം ന മമ, ഇദം വായവേ ഇദം ന മമ' ഇത്യാദിയിൽ, 'ഇതു് അഗ്നിക്കുള്ളതാണ്, എന്റെതല്ല, ഇതു വായുവിനുള്ളതാണ് എന്റെതല്ല' എന്നു കർമ്മി ശപഥം ചെയ്യുന്നു. പരമേശ്വരൻ സൃഷ്ടിക്കായി നടത്തിയ വിരാട് യജ്ഞത്തിന്റെ ചർച്ച പുരുഷസൂക്തത്തിൽ കാണുന്നുണ്ട്. ആ യജ്ഞം എന്ത്? ജഗത്തിനു വേണ്ടി ഈശ്വരൻ ചെയ്ത വിപുലമായ ത്യാഗം. ജഗത്തിന്റെ നന്മയ്ക്കുവേണ്ടി, ഈശ്വരനെ ഉദ്ദേശിച്ച്, സൂര്യാദിദേവതകളെല്ലാം ത്യാഗം ചെയ്യുന്നു. അതേപ്രകാരം മനുഷ്യനും ലോകനന്മയ്ക്കായി ഈശ്വരനെ ഉദ്ദേശിച്ച് ത്യാഗം ചെയ്യണം. നമ്മുടെ പൂർവ്വപുരുഷന്മാർ ഇത്തരം കർമ്മാനുഷ്ഠാനം ചെയ്തുവന്നു. ഈശ്വരനും ഭൗതികദേവതകളും മനുഷ്യനും അനുഷ്ഠിക്കുന്ന യജ്ഞ-

ത്തിൻെറ ഈ ഐകരൂപ്യമാണു് നിത്യകർമ്മത്തിൻെറ അന്തരാർത്ഥം. ഇത്തരം കർമ്മാനുഷ്ഠാനം സഹജമായിതീരുമ്പോൾ, മനുഷ്യജീവിതം ഒരു മഹായജ്ഞമായിമാറും, ഈ യജ്ഞത്തിൻെറ വേദി 'ജഗത്തിൻേറഹിത'മാണു്. കർമ്മം ആത്മത്യാഗവും, യജ്ഞേശ്വരനാകട്ടെ, ബ്രഹ്മാണ്ഡനിയാമകനായ പരമേശ്വരനും.

അഞ്ചുമഹായജ്ഞവും മുടങ്ങാതെ എന്നും അനുഷ്ഠിക്കണമെന്നു ധർമ്മഗ്രന്ഥങ്ങൾ നിഷ്കർഷിക്കുന്നു:

ഋഷിയജ്ഞം ദേവയജ്ഞം,
ഭൂതയജ്ഞം ച സർവ്വദാ
നൃയജ്ഞം പിതൃയജ്ഞം ച
യഥാശക്തി ന ഹാപയേത്.

യഥാശക്തി = കഴിയുന്നത്ര ഋഷിയജ്ഞം = ബ്രഹ്മയജ്ഞവും, ദേവയജ്ഞം=ദേവയജ്ഞവും ഭൂതയജ്ഞം = ഭൂതയജ്ഞവും നൃയജ്ഞം=അതിഥിയജ്ഞവും പിതൃയജ്ഞം ച = പിതൃയജ്ഞവും ന ഹാപയേത് = കൈവിടരുതു് (മനു. 4. 21)

"അഹന്യഹനിയേ തേ ത്വതാ-
നകൃത്വാ ഭുഞ്ജതേ സ്വയം |
കേവലം മലമശ്നന്തി
തേ നരാ ന ച സംശയ:||"

അഹനി അഹനി=നാൾതോറും, യേ=ആരു്, ഏതാൻ=ഈ മഹായജ്ഞങ്ങൾ അകൃത്വാ=ചെയ്യാതെ സ്വയം=തന്നത്താൻ ഭുഞ്ജതേ=ആഹാരാദികഴിക്കുന്നുവോ, തേ=അ നരാഃ=മനുഷ്യർ കേവലം=വെറും മലം=അഴുക്കു അശ്നന്തി=തിന്നുന്നു: ഇതിൽ സംശയഃ=സംശയം നച=ഇല്ല തന്നെ. (മഹാഭാരതം 104. 16)

1. ബ്രഹ്മയജ്ഞം

ദിവസവും കാലത്തും വൈകിട്ടും ഈശ്വരൻെറ ചരണങ്ങളെ സമീപിച്ചു്, അവനവൻെറ വിനയപൂർവ്വമായ ഭക്തി പ്രകാശിപ്പിക്കയും പരമപിതാവിൻെറ ഗുണങ്ങളെ ആരാധിക്കയും ചെയ്യുന്നതു് ബ്രഹ്മയജ്ഞത്തിൻെറ ഒരു ഭാഗമാകുന്നു. ഇതാണു് സന്ധ്യാവന്ദനം. വേദാദിമോക്ഷശാസ്ത്രങ്ങളുടെ പഠനം ബ്രഹ്മയജ്ഞത്തിൻെറ രണ്ടാമത്തെ ഭാഗമാണു്. സ്വാധ്യായശീലനായ മനുഷ്യൻ എപ്പോഴും ഋഷികളുമായി സംസർഗ്ഗം ചെയ്യുന്നു. ശാസ്ത്രങ്ങൾ പഠിക്കുന്നതിനാലും അതിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു് ആചരിക്കുന്നതിനാലും അവയുടെ സത്യം അനുഭവമാകയും ധർമ്മത്തിന്മേൽ ശ്രദ്ധ വളരുകയും ചെയ്യുന്നു.

യഥാ യഥാ ഹി പുരുഷഃ,
ശാസ്ത്രം സമധിഗച്ഛതി |
തഥാ തഥാ വിജാനാതി
വിജ്ഞാനം ചാസ്യ രോചതേ |

യഥായഥാ = എത്രകണ്ടു് പുരുഷഃ = മനുഷ്യൻ ശാസ്ത്രം = ശാസ്ത്രങ്ങൾ സമധിഗച്ഛതി=അറിയുന്നുവോ, തഥാ തഥാ=അത്രകണ്ടു (അതിനോടൊന്നിച്ചു്) വിജാനാതി = നല്ലപോലെ അറിയുന്നു. അസ്യ = അവനു വിജ്ഞാനം=ബ്രഹ്മജ്ഞാനം രോചതേ,ച=രുചിക്കയും ചെയ്യും.

സ്വാധ്യായാത്ʼയോഗമാസിത
യോഗാത്ʼ സ്വാധ്യായമാമനേത്ʼ |
സ്വാധ്യായയോഗസമ്പത്ത്യാ
പരമാത്മാപ്രകാശതേ''(യോഗദർശനം വ്യാസഭാഷ്യം1-18)

സ്വാധ്യായാത്ʼ = വേദാദ്ധ്യാനം മൂലം, യോഗം ആസീത=യോഗം നേടുക, യോഗാത്ʼ=യോഗം വഴി സ്വാധ്യായം = വേദം ആമനേത്ʼ = മനനം ചെയ്ʼക. സ്വാധ്യായയോഗസമ്പത്ത്യാ = സ്വാധ്യായവും യോഗവും കൈവന്നാൽ പരമാത്മാ = ഈശ്വരൻ പ്രകാശതേ= വിളങ്ങും.

2. ദേവയജ്ഞം.

ബ്രഹ്മത്തെ അതായത്ʼ, ഈശ്വരനേയും വേദങ്ങളേയും ആരാധിച്ച് പവിത്രനായ മനുഷ്യൻ ദേവതകളുമായി സംസർഗ്ഗം ചെയ്യണമെന്നതാണ്ʼ ദേവയജ്ഞത്തിന്റെ ലക്ഷ്യം. അഗ്നിഹോത്രം, ദർശം, പൌർണമാസ്യം ചാതുർമാസ്യം മുതലായ യജ്ഞങ്ങൾ ഇതിനുള്ള വഴിയാണ്ʼ. എല്ലാ ദേവതകളും യജ്ഞം ചെയ്യുന്നുണ്ടെന്ന പറഞ്ഞുവെല്ലോ. അതു മനുഷ്യനു മാതൃകയാകണം. ദേവനെന്നാൽ പരമാത്മാവ്ʼ. പ്രാകൃതികമായ തേജസിനും ശക്തിക്കും വിഭൂതികൾക്കും ദേവനാമമുണ്ട്ʼ. സമുദായത്തിൽ പ്രകാശിക്കുന്ന വിദ്വാന്മാരേയും ദേവനെന്നു വിളിക്കുന്നു ചുരുക്കത്തിൽ ബലവും, പരോപകാരവും, പ്രകാശവും കാണുന്നിടത്തെല്ലാം ദേവത്വം ഉണ്ട്ʼ.

ദേവയജ്ഞത്തിന്റെ മുഖ്യമായ അംഗം അഗ്നിഹോത്രമാണ്ʼ.

3. പിതൃയജ്ഞം.

നാൾതോറും അവനവന്റെ അച്ഛനും അമ്മയ്ക്കും മററു ആശ്രിതർക്കും തൃപ്തികരമായി കഴിഞ്ഞുകൂടുവാൻവേണ്ട ഏർപ്പാടു ചെയ്കയാണീയജ്ഞത്തിന്റെ താല്പര്യം. കുലമര്യാദ പാലിക്കയെന്നതു വൈദികസമുദായത്തിന്റെ പ്രത്യേക കടമയാണ്ʼ. വൃദ്ധരായ മാതാപിതാക്കളെ രക്ഷിച്ച് സംതൃപ്തരാക്കുന്നതുകൊണ്ടേ അതുനിറവേറ്റാൻ കഴിയൂ. വൃദ്ധന്മാരുടെ പൂജയും രക്ഷയും ഒരു സാമുദായിക കർത്തവ്യം മാത്രമല്ല, മനുഷ്യന്റെ ഒഴിച്ചുകൂടാൻപാടില്ലാത്ത നിത്യകർമ്മം കൂടിയാകുന്നു.

4. മനുഷ്യയജ്ʼഞം

വിദ്വാന്മാരും, സദാചാരികളും, യതികളുമായ മഹാത്മാക്കൾ നമ്മുടെ വീട്ടിലെത്തിയാൽ അവർക്ക് സ്വാഗതമരുളി സത്ʼകരിക്കാൻ നാം സദാ തയാറായിരിക്കണം അവനവന്റെ മിത്രങ്ങൾക്കും, ബന്ധുക്കൾക്കും, വേണ്ടപ്പെട്ടവർക്കും ഉപകാരം ചെയ്യുന്നതു മനുഷ്യയജ്ʼഞമല്ല. ആവശ്യമുള്ളതു നമ്മെക്കൊണ്ടു ചെയ്യിക്കുവാനുള്ള കെൽപ്പും നമ്മുടെ മേൽ പിടിയും അവർക്കുണ്ട്ʼ. മനുഷ്യയജ്ഞത്തിനു അതിഥിയജ്ʼഞമെന്നുനാമാന്തര മുണ്ട്ʼ. കുലമര്യാദയെപ്പോലെ സാമാജിക മര്യാദയും രക്ഷിക്കണമെന്നതാണ്ʼ വദനിഷ്ʼകർഷം. അതിഥിയെന്നാൽ മനസിലാക്കേണ്ടതു് വിശേഷമായ മുന്നറിവു തരാതെ വന്നുചേരുന്ന മഹാത്മാക്കൾ എന്നാണ്ʼ.

5. ഭൂതയജ്ʼഞം

അഞ്ചാമത്തെ മഹായജ്ഞം പ്രാണിമാത്രത്തോടു കാരുണ്യം കാണിക്കുകയാകുന്നു. ബ്രഹ്മയജ്ഞത്തിൽ മഹാ

പ്രഭുവായ പരമേശ്വരനെ ധ്യാനിച്ചുകൊണ്ട്, മനുഷ്യൻ മഹാനാവാൻ ഇച്ഛിക്കുന്നു. ദേവയജ്ഞത്തിൽ ഭൗതികദേവതകളിൽ ജഗദീശ്വരന്റെ തേജസ്സിനെ അനുഭൂതികൊണ്ടറിഞ്ഞിട്ട് അവയെപ്പോലെ പരോപകാരിയും പരമാത്മാവിന്റെ നിയമത്തെ അനുസരിക്കുന്നവനുമാകാൻ യത്നിക്കുന്നു. പാരിവാരികമായ ഐക്യം ബലപ്പെടുത്തുകയും കുടുംബരക്ഷ നേടുകയും ചെയ്യുന്നതിനുള്ള വഴിയാണ് പിതൃയജ്ഞം. അവസാനം എല്ലാതരം പിശുക്കും സ്വാർത്ഥതയും ഇല്ലാതാക്കാൻ ഭൂതയജ്ഞം നബ്ബന്ധിക്കുന്നു.

വീട്ടിൽ ഭക്ഷണം തയ്യാറായാൽ ഉടൻ തന്നെത്താൻ അതുണ്ടുതീർക്കുന്നതു ധർമ്മമല്ല. രോഗികളോ, മുടന്തന്മാരോ, വേലചെയ്യാൻ വയ്യാത്തവരോ ആരെങ്കിലും പടിവാതുക്കലുണ്ടെങ്കിൽ അവർക്ക് ആഹാരം കൊടുത്തശേഷം, വേണം നാമുണ്ണാൻ. പട്ടി, പൂച്ച, കാക്ക, പക്ഷികൾ എറുമ്പ് മുതലായ സകലത്തിനും നമ്മുടെ ആഹാരത്തിൽ ഒരംശം കൊടുക്കണം. കാക്കയ്ക്കുംമററും ചോറിട്ടശേഷം ഉണ്ണുന്ന രീതി ഇന്നും നമ്മുടെ ഇടയിൽ തീരെ ലോപിച്ചിട്ടില്ല. ക്ഷേത്രങ്ങൾക്ക ചുററും എന്നും വെലിക്കല്ലിൽ കുറെ ചോറു തൂവുന്ന സമ്പ്രദായത്തിന്റെ അർത്ഥം ഇതാണ്. ക്ഷേത്രങ്ങളിലെ ഭൂതബലി (ശ്രീഭൂതബലി=ശീവേലി)യുടെ യഥാർത്ഥമായ താത്പര്യവും ഇതുതന്നെ. ജപം, ഹോമം, നമസ്കാരം, ശീവേലി മുതലായ കേരളീയചടങ്ങുകൾ മഹായജ്ഞങ്ങളുടെ വികൃതരൂപമാകുന്നു.

പഞ്ചമഹായജ്ഞത്തെപ്പററി ബൃഹദാരണ്യകോപനിഷത്ത് (1–4–16) പറയുന്നു:—

അഥോ അയം വാ ആത്മാ സർവേഷാം ഭൂതാനാം ലോകഃ; സ യജ്ജുഹോതി യദ്യജതേ, തേന ദേവാനാം ലോകഃ; അഥ യദനുബ്രൂതേ തേന ഋഷീണാം; അഥ യത് പിതൃഭ്യോ നിപൃണാതി, യത് പ്രജാമിച്ഛതേ, തേന പിതൄണാം; അഥ യന്മനുഷ്യാൻ വാസയതേ. യദേഭ്യോഽശനം ദദാതി തേന മനുഷ്യാണാം; അഥ യത് പശുഭ്യസ്തൃണോദകം വിന്ദതി, തേന പശൂനാം; യദസ്യ ഗൃഹേഷു ശ്വാപദാ വയാംസ്യാ പിപീലികാഭ്യ ഉപജീവന്തി, തേന തേഷാം ലോകഃ; യഥാഹ വൈ സ്വായ ലോകായാരിഷ്ടിമിച്ഛേദേവം ഹൈവം വിദേ സർവാണി ഭൂതാന്യരിഷ്ടിമിച്ഛന്തി; തദ്വാ ഏതദ്വിദിതം മീമാംസിതം ||

=ഈ ആത്മാവ് എല്ലാ പ്രാണനുള്ളവയുടേയും ലോകമാകുന്നു. (ദേവയജ്ഞം=) ഹോമവും യജ്ഞവും ചെയ്യുന്നതുകൊണ്ട് ഇവൻ ദേവതകളുടെ ലോകമാകുന്നു; (സ്വാധ്യായയജ്ഞം=) വേദം പഠിക്കുന്നതിനാൽ ഋഷികളുടെ ലോകമാണ്; (പിതൃയജ്ഞം=)പിതൃക്കൾക്ക കൊടുക്കുന്നതിനാലും സന്താനം ഇച്ഛിക്കുന്നതിനാലും ഇവൻ പിതൃക്കളുടെ ലോകമാകുന്നു. (നൃയജ്ഞം=) മനുഷ്യർക്ക വീടും ഭക്ഷണവും കൊടുക്കുന്നതിനാൽ ഇവൻമനുഷ്യരുടെ ലോകമാകുന്നു. (ഭൂതയജ്ഞം=) കന്നുകാലികൾക്ക നാലു ദിക്കിലും നിന്ന് പുല്ലും വെള്ളവും നൽകുന്നതുകൊണ്ട് പശുക്കളുടെ ലോകവും, ഇവന്റെ വീട്ടിൽ പട്ടി, പൂച്ച, പക്ഷി, എറുമ്പ് മുതലായ ജീവജന്തുക്കൾ ജീവനസാമഗ്രി നേടുന്നതിനാൽ ഇവയുടെ ലോകവുമാണ്. തന്നിൽനിന്നു തന്റെ ലോകത്തിന് ദോഷം നേരിടരുതെന്നു എല്ലാവരും ആഗ്രഹിക്കുന്നു. ഇതുപോലെ ഈരഹസ്യം അറിഞ്ഞാൽ എല്ലാ പ്രാണനുള്ളവയും അതിനുദോഷം ആഗ്രഹിക്കുന്നില്ല. എന്നിപ്രകാരം അറിയുകയുംമീമാംസിക്കയും ചെയ്തിരിക്കുന്നു.

ഉപാസനാപരിചയം

വേദമന്ത്രത്തിൽ പ്രകടമായിരിക്കുന്ന രണ്ടാമത്തെ പ്രക്രിയ ഉപാസനയാകുന്നു. ലക്ഷ്യത്തിൽ മഗ്നനായിട്ട്, മനോവൃത്തികളെ മറെറല്ലാററിലുംനിന്ന് അകററി ആ ലക്ഷ്യത്തിൽ കൊണ്ടുനിറുത്തുന്നതിനു ഉപാസന എന്നു പേർ. ധ്യാനത്തെ വേറുള്ളതിൽനിന്നു മാററി ഒന്നിൽ മാത്രം നിറുത്തിയിട്ടു മനുഷ്യൻ നേടുവാനാഗ്രഹിക്കുന്നതെന്തോ അതാണ് ലക്ഷ്യം. ഉപാസനയുടെ പരമമായ ലക്ഷ്യം പരമാത്മാവാകുന്നു. പരമാത്മസാക്ഷാത്കാരമൊന്നു മാത്രമേ അവനേ മോക്ഷത്തിലെത്തിക്കുന്നുള്ളൂ.

സ്തുതിയും പ്രാർത്ഥനയും ഉപാസനയ്ക്കു സഹായിക്കുന്നു. സ്തുതിയെന്നാൽ ഗുണകീർത്തനം. ഈശ്വരന്റെ ഗുണം കീർത്തിക്കുന്നതിനാലും, അതുകേൾക്കയും അറിയുകയും ചെയ്യുന്നതിനാലും, ഈശ്വരപ്രീതിയും നമ്മുടെ ഹൃദയത്തിൽ ആർദ്രതയും വർദ്ധിക്കുന്നു. അവനവന്റെ ശക്തിക്കുപുറമേ ഈശ്വരസമ്പർക്കത്താൽ ലഭിക്കേണ്ടവയ്ക്കുവേണ്ടിയാചിക്കുകയാണ് പ്രാർത്ഥന. ഈശ്വരാർപ്പണബുദ്ധിയും ഈശ്വരവിശ്വാസവും അഹങ്കാരമില്ലായ്മയും പ്രാർത്ഥനയുടെ ഫലമാകുന്നു. ഈശ്വരന്റെ ഗുണവും കർമ്മവും സ്വഭാവവും എങ്ങനെ പവിത്രമാണോ, അങ്ങനെ തന്റേയും ഗുണകർമ്മസ്വഭാവത്തെ പവിത്രീകരിക്കയും, ഈശ്വരനെ സർവവ്യാപകനും തന്നെ വ്യാപ്യനുമായി അറിയുകയും, ഈശ്വരനടുത്തു താനും തന്റെ അടുത്തു ഈശ്വരനും ഉണ്ടെന്ന് യോഗാഭ്യാസംമൂലം നിശ്ചയമാക്കി സാക്ഷാത്കാരം നേടുകയുമാണ് ഉപാസന. ജ്ഞാനത്തിന്റെ വർദ്ധനയും ഈശ്വരദർശനവുമാണിതിന്റെ ഫലം.

സ്തുതിയും പ്രാർത്ഥനയും ഉപാസനയും രണ്ടു പ്രകാരത്തിലുണ്ട്: സഗുണവും നിർഗുണവും. ഈശ്വരനിൽ ഉള്ള ഗുണങ്ങളേ ചേർത്തു സ്തുതിക്കുക സഗുണസ്തുതി. ഇല്ലാത്ത ഗുണങ്ങളിൽനിന്നു വേർതിരിച്ചു സ്തുതിക്കുക നിർഗുണസ്തുതി. ശുഭഗുണങ്ങളെ വരിക്കാൻ ഇഷ്ടപ്പെട്ടുകൊണ്ടു യാചിക്കുക സഗുണപ്രാർത്ഥന. ദോഷപരിഹാരാർത്ഥം സഹായം യാചിക്കുക നിർഗുണപ്രാർത്ഥന. സകലസത്ഗുണങ്ങളും നിറഞ്ഞതായ പരമാത്മാവിനോടു ചേരാൻ ആത്മാവിനെ ഒരുക്കുക സഗുണോപാസനയും, ദോഷരഹിതനായ ഈശ്വരനിൽ ചേരുക നിർഗുണോപാസനയുമാകുന്നു.

ഉപാസന എന്നും നടത്തേണ്ട കർമ്മമാകയാൽ പഞ്ചമഹായജ്ഞത്തിൽ, ബ്രഹ്മയജ്ഞാംഗമായ സന്ധ്യോപാസനവും ദേവയജ്ഞാംഗമായ ഔപാസനഹോമവും വിശേഷമായ ഗൌരവം അർഹിക്കുന്നു.

ജ്ഞാനപരിചയം

തന്നത്താൻ അറിയുകയും പരമപിതാവായ ഈശ്വരനെ തിരിച്ചറിയുകയും ചെയ്യുന്നതു ജ്ഞാനം. ആത്മാവിനേയും പരമാത്മാവിനേയും നേരിട്ടു കാണുകയാണ് ജ്ഞാനത്തിന്റെ ഫലം. നിഷിദ്ധമായ കർമ്മങ്ങളെ പരിത്യജിക്കുക, കർത്തവ്യകർമ്മങ്ങൾ പാലിക്കുക, ഉപാസനവഴി ചിത്തത്തിന്റെ ഏകാഗ്രത നേടുക–ഇതാണ് ജ്ഞാനസാധനം. പ്രതിഷിദ്ധകർമ്മം വെടിയുന്നതുമൂലം മനുഷ്യൻ അധഃപതിക്കാതിരിക്കും. കർത്തവ്യകർമ്മത്തിന്റെ പാലനം നിമിത്തം ചിത്തം ശുദ്ധവും ഉദാരവുമാകും. ഉപാസനവഴി പരമാത്മദർശനം സാധിക്കും.

മനുഷ്യൻ സാധാരണ അവസ്ഥയിൽ തന്നേയും തൻെറ ദേവനേയും മറന്നിരിക്കുന്നു. 'ഞാൻ ഉണ്ടു്' എന്നറിഞ്ഞതുകൊണ്ടു വിശേഷലാഭമൊന്നുമില്ല. "ഇതു് ഞാനാണു്" എന്നു തിരിച്ചറിയുകയാണു് വേണ്ടതു്. ഇതുപോലെ, 'ഈശ്വരൻ ഉണ്ടു്' എന്നറിയുന്നതുകൊണ്ടു പ്രയോജനമില്ല. "ഇതു ഈശ്വരനാണെ"ന്നു് തിരിച്ചറിയുകയാണു് വേണ്ടതു്. മനുഷ്യൻെറ ചിത്തം ഉദാരവും ശുദ്ധവുമാകുമ്പോൾ, ഒന്നാമതു് ഏകാഗ്രത (സമ്പ്രജ്ഞാതസമാധി) കൊണ്ടു് അവൻ പരമാത്മാവിൻെറ ശബലരൂപം ദർശിക്കുന്നു. ഈ അവസ്ഥയിൽ, കാച്ചിപ്പഴുപ്പിച്ച ചുവന്ന ഇരുമ്പിലെ തീയെന്നപോലെ അവൻ ഈശ്വരൻെറ രൂപം കാണും. ഇപ്രകാരം കാണുന്നതുകൊണ്ടുണ്ടാകുന്ന പ്രസാദത്താൽ അവൻെറ ആത്മാവു് ജാജ്വല്യമാനമായി ഉണരുന്നു. അപ്പോൾ തൻെറ യഥാർത്ഥരൂപം കാണുകയും, വിസ്മയാനന്ദത്തോടെ ശരീരത്തിൽനിന്നു ഭിന്നനായ 'ഞാൻ ഇതാണു്' എന്നു തിരിച്ചറികയും ചെയ്യുന്നു. ദേഹവുമായി ചേർന്നിരിക്കുന്ന ആത്മതത്വം ആദ്യം ദേഹവുമായി ഒന്നിച്ചതാണെന്നു് തോന്നിച്ചിരുന്നു; ഇപ്പോൾ അതു ദീപത്തിൻെറ മുകളിലെ ജ്വാലപോലെ വേറെയായി അനുഭവമാകുന്നു. ഇപ്രകാരം ജാഗ്രതമാകുന്ന ആത്മാവു്, ആ ജാഗ്രതാത്മാവിൽക്കൂടി, തനിക്കകത്തുള്ള പരമാത്മാവിൻെറ ശുദ്ധജ്യോതിസ്സിനെ ദർശിക്കുന്നു. ഇങ്ങനെ തിരിച്ചുതിരിച്ചു് അറിവാൻ കെല്പുണ്ടാകുമ്പോൾ ബ്രഹ്മത്തിൻെറ ശബലരൂപത്തിൽനിന്നു് കേവലരൂപം വേറെയായി കാണുമാൻ കഴിയും

പരമാത്മാവിൻെറ സ്വരൂപം

ജ്ഞാനത്തിൻെറ ഉന്നം പരമാത്മാവിൻെറ സ്വരൂപം കാണുകയാണല്ലോ. വേദത്തിൽ പരമാത്മാവിൻെറ സ്വരൂപം രണ്ടുപ്രകാരം വർണ്ണിച്ചിരിക്കുന്നു.

ഏതാവാനസ്യമഹിമാതോ ജ്യായാംശ്ച പൂരുഷഃ
പാദോസ്യ വിശ്വാഭൂതാനി ത്രിപാദസ്യാമൃതം ദിവി
ഋഗ്വേദം 10. 90. 3.

അസ്യമഹിമാ=പരമാത്മാവിൻെറ മഹിമ, ഏതാവാൻ=ഇത്ര വലുതാണു്. ഭൂതം, ഭവിഷ്യത്, വർത്തമാനം എന്നീ കാലത്താൽ സംബദ്ധമായ എല്ലാ ജഗത്തും എത്ര വലുതോ അത്രയുമെന്നു അർത്ഥം. പുരുഷൻ സ്വയം ഇതിലും വലുതാകുന്നു. മൂന്നുകാലത്തേയും ഭൂതങ്ങൾ ഈ പുരുഷൻെറ ഒരു പാദം (കാൽഭാഗം) ആകുന്നു. ശേഷം മൂന്നുപാദവും അമൃതസ്വരൂപവും (അവിനാശിയും)തൻെറ പ്രകാശത്തിൽ വർത്തിക്കുന്നതും ആണു്. ഇവിടെ പരമാത്മാവിൻെറ കേവലമായ രൂപവും അതിൻെറ പ്രകാശവും വർണ്ണിച്ചിരിക്കുന്നു.

ജഗത്തിനകത്തു വസിച്ചുകൊണ്ടു് ജഗത്തിൽനിന്നു വേറെയായിരിക്കുന്ന സ്വരൂപം വർണ്ണിക്കുമ്പോൾ പരബ്രഹ്മം, ശുദ്ധബ്രഹ്മം അല്ലെങ്കിൽ ശ്യാമബ്രഹ്മം അഭിപ്രേതമാകുന്നു. ഈ രൂപത്തിൽ ബ്രഹ്മം സ്ഥൂലവും സൂക്ഷ്മവുമായ വിശ്വംമുഴുവൻ നിറഞ്ഞും, അതിനെ കവിഞ്ഞും വർത്തിക്കുന്നു. സ്ഥൂലജഗത്തു് ബ്രഹ്മത്തെ അപേക്ഷിച്ചു തുലോം ചെറുതാണു്. കാൽഭാഗം (പാദം) എന്നു പറഞ്ഞതു് ഇതിനെ ലക്ഷ്യമാക്കിയിട്ടാകുന്നു. ഈ ജഗത്തിനു അപ്പുറമുള്ള സ്വരൂപം കേവലമായ നിജരൂപമാണു്.

അതിനെ ശുദ്ധരൂപമെന്നു പറയുന്നു. അതു് ജഗത്തിനകത്തും പുറത്തും ഉണ്ടു്. ഇതിനെ നേതി, നേതി എന്നു് വൎണ്ണിക്കുന്നു. ബ്രഹ്മം ഗന്ധമല്ല, രസമല്ല, രൂപമല്ല, എന്നിങ്ങനെയോ, ബ്രഹ്മത്തിൽ ഗന്ധമില്ല, രസമില്ല, രൂപമില്ല എന്നോ പറയാം. സത്, ചിത്, ആനന്ദമെന്ന ശബ്ദ കൊണ്ടും ബ്രഹ്മത്തെ കുറിക്കാറുണ്ടു്.

പരമാത്മാവു് ഈ ജഗത്തിനപ്പുറത്തുമുണ്ടെന്നും ജഗത്തിനകത്തു തിങ്ങിനിറഞ്ഞിരിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ടല്ലോ. ഇതിനൎത്ഥം ജഗത്തിനകത്തു് ഈശ്വരൻ വെറുതെ, ഒന്നും ചെയ്യാതെ, കിടക്കുകയാണെന്നല്ല. അവൻ ജഗത്തിനുള്ളിൽ നിറഞ്ഞിരിക്കുന്ന അന്തൎയ്യാമിയായ ജഗന്നിയന്താവാകുന്നു. അതിനാൽ ജഗത്തിലെ ഓരോ അണുവും അവന്റെ മഹിമ വെളിപ്പെടുത്തുന്നുണ്ടു്. ജീവിച്ചിരിക്കുന്ന ശരീരത്തിൽനിന്നു് ജീവാത്മാവിന്റെ മഹിമ തെളിയുന്നതുപോലെ, ജഗത്തിലെല്ലായിടത്തും അവന്റെ മഹിമ വ്യക്തമാകുന്നു. അവൻ സൃഷ്ടിച്ച പദാൎത്ഥങ്ങളിൽ അവന്റെ മഹിമ പ്രകാശിക്കുന്നുവെന്നു പറയുന്നതിന്റെ സാരമിതാണു്. ഈ രൂപത്തിൽ പരമാത്മാവിനെ വൎണ്ണിക്കുമ്പോൾ, അപരബ്രഹ്മം, അവരബ്രഹ്മം, അല്ലെങ്കിൽ ശബലബ്രഹ്മമാണു് ഗ്രഹിക്കേണ്ടതു്. തീയിൽ ചുട്ടുപഴുപ്പിച്ച ഇരുമ്പു്, തണുത്ത ഇരുമ്പിനെ അപേക്ഷിച്ചു് വിലക്ഷണമായി തീരുകയും, വിലക്ഷണമായി തോന്നുകയും, വിലക്ഷണമായ കാൎയ്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഇതിനുകാരണം അതിൽ തീയുള്ളതാണു്. തണുത്ത ഇരുമ്പിൽ തീയില്ല. അതുപോലെ, ഒരു സജീവമായ ശരീരം നിൎജ്ജീവമായ ശരീരത്തെ അപേക്ഷിച്ചു് വിലക്ഷണമാകുന്നു, വിലക്ഷണമായി തോന്നുന്നു,

വിലക്ഷണമായ കാൎയ്യം ചെയ്യുന്നു. തീയോടുചേൎന്ന ഇരുമ്പും, ജീവാത്മാവിനോടുചേൎന്ന ശരീരവും വിലക്ഷണരൂപത്തിൽ മാറുന്നതുമൂലം അതാതിൽ യഥാക്രമം അഗ്നിയുടേയും ജീവാത്മാവിന്റേയും ചേൎച്ച പ്രകാശിക്കുംപോലെ, ഈ ജഡജഗത്തു് ഒരു വിലക്ഷണരൂപത്തിൽ പരമാത്മാവുമായുള്ള ചേൎച്ച പ്രകാശിപ്പിക്കുന്നു. ഇരുമ്പുമായിചേൎന്ന അവസ്ഥ അഗ്നിയുടെ ശബലരൂപമാകുന്നു. ജീവാത്മാവു് ശരീരത്തോടുചേൎന്നു പ്രകാശിക്കുന്നതു് ജീവാത്മാവിന്റെ ശബലരൂപമാണു്. ഇതേമാതിരി ജഗത്തുമായി ചേൎന്നു് പ്രകാശിക്കുന്ന ബ്രഹ്മം അതിന്റെ ശബലരൂപത്തിൽ വിളങ്ങുന്നു.

അഗ്നി, വായു, സൂൎയ്യൻ, ആദിയായവ വേറെ വേറെയായിട്ടും ഒന്നിച്ചും, ബ്രഹ്മത്തിന്റെ മഹിമകാണിക്കുന്നു. അതിനാൽ ശബലരൂപത്തിലെ വൎണ്ണന രണ്ടുപ്രകാരത്തിലാവാം. ഒന്നു വ്യഷ്ടിരൂപത്തിലും മറ്റതു സമഷ്ടിരൂപത്തിലും. അഗ്നിയിലും സൂൎയ്യനിലും ഒന്നുപോലെ ബ്രഹ്മത്തിന്റെ പ്രകാശമുണ്ടു്. നമ്മുടെ ദൃഷ്ടിയിൽ പ്രേമമുണ്ടെങ്കിൽ പ്രിയതമനെ എവിടേയും കാണാം; അഗ്നിയിൽ വേണമെങ്കിൽ അതിൽ, സൂൎയ്യനിൽ വേണമെങ്കിൽ അവിടെ, മറ്റേതു ദിവ്യപദാൎത്ഥത്തിൽ വേണമെങ്കിൽ അതിലും— എല്ലായിടത്തും ബ്രഹ്മത്തെ ദൎശിക്കാം. ഇപ്രകാരം വേറെ വേറെ ദിവ്യശക്തികളിൽ ബ്രഹ്മത്തിന്റെ വേറെ വേറെ മഹിമ വൎണ്ണിക്കുമ്പോഴും കാണുമ്പോഴും, വ്യഷ്ടിരൂപത്തിൽ ബ്രഹ്മത്തെ വൎണ്ണിക്കയും ദൎശിക്കയും ചെയ്യുന്നു. ഈ രൂപത്തിൽ, വേറെ വേറെ മഹിമയെ ആശ്രയിച്ചു് ബ്രഹ്മത്തിനു വേറെ വേറെ പേരുകൾ കിട്ടുന്നു. കണ്ണിൽ പ്രകാശിക്കുന്ന ജീവാത്മാവിന്റെ മഹിമയെ ആസ്പദിച്ചു ജീവാത്മാവിനെ

ദ്രഷ്ടാവെന്നും, ശ്രോത്രത്തിൽ പ്രകാശിക്കുന്നതിനെ പുരസ്കരിച്ചു ശ്രോതാ എന്നും മററും വിളിക്കുംപോലെ, ഉദയമാനനായ സൂൎയ്യനിൽകൂടി പ്രകാശിക്കുന്ന ബ്രഹ്മമഹിമയെ മുൻനിൎത്തി പരമാത്മാവിനെ സവിതാ എന്നും, മിന്നലിൽ പ്രകാശിക്കുന്നതിനെ ലാക്കാക്കി ഇന്ദ്രനെന്നും വ്യവഹരിക്കുന്നു. ഇന്ദ്രൻ മുതലായ ദേവന്മാർ വാസ്തവത്തിൽ വേറെ വേറെ ദിവ്യശക്തികളിൽകൂടി പ്രകാശിക്കുന്ന പരമദേവനാകുന്നു—അതായത്, ഒരേ പരമാത്മാവിന്റെ വേറെ വേറെ പേരുകൾ മാത്രമാകുന്നു.

സൎവ്വനിയന്താവായ പരമാത്മാവിന്റെ മഹിമയെ വിശ്വംമുഴുവൻ ഒരേസമയം കാണുക എന്നതാണ് സമഷ്ടിരൂപത്തിൽ ബ്രഹ്മദൎശനം; അത്തരത്തിൽ വൎണ്ണിക്കുക സമഷ്ടിരൂപത്തിൽ ബ്രഹ്മവൎണ്ണന. സമഷ്ടിരൂപത്തിൽ ബ്രഹ്മത്തെ മൂന്നു പ്രകാരം വൎണ്ണിക്കാം. വിരാട്, ബ്രഹ്മാ, ഈശ്വരൻ. സ്ഥൂലജഗത്തിൽ മുഴുവൻ ഒരേ സമയത്ത് ഒന്നിച്ച് ബ്രഹ്മമഹിമ വൎണ്ണിക്കുക വിരാട്ടിനെപ്പററിയ വൎണ്ണന. ഇവിടെ പുരുഷരൂപത്തിലാണ് വൎണ്ണിക്കാറുപതിവ്. അവന്റെ ശിരസ്സ് ദ്യൌ, കണ്ണുകൾ സൂൎയ്യനും ചന്ദ്രനും, ശ്രോത്രം ദിക്കുകൾ, വാക്ക് വേദം, പ്രാണൻ വായു, പാദം പൃഥ്വി, ഇപ്രകാരം വൎണ്ണിക്കുന്നു. വിരാട് പുരുഷനാണ് വിഷ്ണു. നമ്മുടെ സ്ഥൂലശരീരത്തിന്റെ ജീവിതം കൎമ്മേന്ദ്രിയം, ജ്ഞാനേന്ദ്രിയം, ബുദ്ധി, പ്രാണൻ എന്നിവയാണ്. കൎമ്മത്തിന്റെയും ജ്ഞാനത്തിന്റെയും ജീവിതത്തിന്റെയും ശക്തികൾ ഇവതന്നെ. ഈ ശക്തികളെ ആശ്രയിച്ചു സ്ഥൂലശരീരം ജീവിച്ചും ജാഗ്രതമായുമിരിക്കുന്നു. ശരീരത്തിന്റെ നിലപോലെതന്നെയാണ് സ്ഥൂലജഗത്തിന്റേയും നില. ഈ ശക്തികളാൽ സ്ഥൂലജഗത്ത്

ജാഗ്രതവും ജീവിച്ചുമിരിക്കുന്നു. സ്ഥൂലജഗത്തിനകത്ത് സൂക്ഷ്മരൂപത്തിൽ ഇതിന്റെ ജീവിതം വ്യാപ്തമാണ്. സ്ഥൂലജഗത്തു യാതൊരു മഹിമ പ്രകാശിപ്പിക്കുന്നുവോ, അതിനെ സൂക്ഷ്മശക്തികളും പ്രകാശിപ്പിക്കുന്നു. സൂക്ഷ്മജഗത്തിൽ പരമാത്മാവിന്റെ മഹിമ വൎണ്ണിക്കുമ്പോൾ ബ്രഹ്മാവിനെ വൎണ്ണിക്കുന്നതായി കരുതണം. ഹിരണ്യഗൎഭൻ, പരമേഷ്ഠി എന്നും ബ്രഹ്മാവിനെ കുറിക്കാറുണ്ട്. പ്രജാപതി ചിലയിടത്ത് വിരാട്ടിനേയും മററിടത്ത് ബ്രഹ്മാവിനേയും സൂചിപ്പിക്കുന്നു.

ഇതെല്ലാം വൎണ്ണനകളുടെ പ്രകാരം മാത്രമാണ്. ആരെപ്പററി അനേകം പ്രകാരത്തിൽ വൎണ്ണിക്കുന്നുവോ അവൻ എല്ലാ അവസ്ഥകളിലും ഒന്നുതന്നെ. അവൻ തന്നെ പരബ്രഹ്മം; ഈശ്വരൻ അവൻ തന്നെ. വിരാട്ടും, ബ്രഹ്മാവും, ഇന്ദ്രനും, എല്ലാ ദേവതകളും ആ ഒരുവൻ തന്നെ. അവന്റെ അപ്രമേയവും അചിന്ത്യവുമായ ശക്തികണ്ടു പ്രഭാവിതരായ നാം അവനെ പലതരത്തിൽ പലപേരിൽ, പല പല രീതിയിൽ വൎണ്ണിക്കുന്നുവെന്നേയുള്ളൂ. വൎണ്ണിക്കുന്നവരിലാണ് അനേകത്വം. വൎണ്ണനക്കു വിഷയമാകുന്നവൻ ഏകനാകുന്നു.

പരമാത്മദേവന്റെ ഏതു മഹിമ ഓരോ അണുവിലും വേറെ വേറേ പ്രകാശിക്കുന്നുവോ, ഏതു പരബ്രഹ്മത്തിന്റെ മഹിമ സൂക്ഷ്മവും സ്ഥൂലവുമായ ജഗത്തിലും മൂലപ്രകൃതിയിലും പ്രകടമാകുന്നുവോ, ആ മഹിമയുടെ വൎണ്ണന സാധിക്കണമെങ്കിൽ, ആ വൎണ്ണനകൊണ്ട് ഓരോ അണുവിലും ആ മഹിമ വിളങ്ങുകയും, അതേ സമയം സ്ഥൂലവും സൂക്ഷ്മവുമായ ജഗത്തിലും മൂലപ്രകൃതിയിലും കൂടി അതു തിളങ്ങുകയും ചെയ്യണം. മുഴുവൻ സൃഷ്ടി

യിലും ഒന്നുപോലെ നിറഞ്ഞു വസിക്കുന്ന ഏകനായ പരമാത്മാവിനെ പൂർണ്ണമായി വർണ്ണിക്കുവാൻ മുഴുവൻ സൃഷ്ടിയും ഒന്നു ചേർന്നാലേ കഴിയൂ. ഈ സൃഷ്ടിയിൽ നിറഞ്ഞിരുന്നിട്ടും പരമാത്മാവ് ഇതിൽനിന്നു വേറേയും ഇതിനപ്പുറത്തുകൂടി കവിഞ്ഞിരിക്കുന്നതുമാകുന്നു; അതിനാൽ പരാപേക്ഷകൂടാതെ സ്വന്തമായ രൂപത്തിലും പരമാത്മാവിനെ വർണ്ണിക്കാം. പരമാത്മാവിന്റെ പൂർണ്ണമായ വർണ്ണന ഇതാകുന്നു.

പരമാത്മാവിനെ അറിയാനുള്ള ഉപായം ഈ ക്രമമനുസരിച്ച സാധനയല്ലാതെ മറ്റൊന്നല്ല. ഒന്നാമത് സ്ഥൂലമായ വ്യഷ്ടിയിൽ ബ്രഹ്മമഹിമ അനുഭവിക്കുക; പിന്നീട് സ്ഥൂലസമഷ്ടിയിൽ അതുകണ്ടെത്തുക. അതിനുശേഷം ശുദ്ധമായ ചിത്തം വഴി സ്ഥൂലത്തിനുള്ളിൽ കടന്ന് സൂക്ഷ്മത്തിലും, അനന്തരം അവിടെനിന്നു മുമ്പോട്ടു പോയിട്ട് മൂലപ്രകൃതിയിലും ബ്രഹ്മമഹിമ കാണുക—അപ്പോൾ അതിനെല്ലാമപ്പുറത്ത് ഇക്കണ്ടമഹിമക്കെല്ലാം ഉറവായ ബ്രഹ്മതത്വം ദർശിക്കാം. ഈ ബ്രഹ്മതത്വം കാണുന്നത് നമ്മുടെ അത്മതത്വമാണ്, ചിത്തമല്ല. ഇതിനുള്ള പൂർണ്ണസാധനയാണ് സന്ധ്യോപാസനം.

II

സന്ധ്യാ

ബ്രഹ്മയജ്ഞത്തിന്റെ ഒഴിച്ചുകൂടാത്ത അംശമാണ് സന്ധ്യ. ഒരിക്കലും മുടക്കാതെ ആചരിക്കേണ്ടതായ നിത്യ

കർമ്മമാണത്. ശബ്ദാർത്ഥം നോക്കിയാൽ രണ്ടു കാലങ്ങളുടെ ചേർച്ചയ്ക്കു സന്ധ്യയെന്നു പേർ. മേധാതിഥി (മനു 2-101) സന്ധ്യക്കു കൊടുക്കുന്ന കാലപരമായ നിർവചനം ഇപ്രകാരമാണ്.—"ന സർവം തമഃക്ഷീണം, നാപി പരിപൂർണ്ണഃ പ്രകാശ ഏഷാ സന്ധ്യ," =മുഴുവൻ ഇരുളും നീങ്ങാത്തതും, തികഞ്ഞ വെളിച്ചം വരാത്തതുമായ കാലമാണ് സന്ധ്യ. പുലർച്ചയ്ക്കും അന്തിയ്ക്കും ഓരോ സന്ധ്യാകാലമുണ്ട്. ശബ്ദാർത്ഥം ഇപ്രകാരമാണെങ്കിലും, കാലത്തും വൈകിട്ടും ചെയ്യുന്ന ഈശ്വരപ്രാർത്ഥന എന്നതാണ് സന്ധ്യയുടെ അഭീപ്സിതമായ അർത്ഥം. സന്ധ്യാവന്ദനം, സന്ധ്യോപാസനം, സന്ധ്യ-മൂന്നും ഏകാർത്ഥവാചിയാകുന്നു. "അഹോരാത്രയോഃ സന്ധൌ യാ ക്രിയാ വിധീയതേ സാ സന്ധ്യാ"—പകലും രാത്രിയും ചേരുന്ന രണ്ടു കാലത്തും ചെയ്യാൻ വിധിച്ചിട്ടുള്ള കർമ്മമാണ് സന്ധ്യാ— എന്നു (യാജ്ഞവൽക്യസ്മൃതി 1-25) മിതാക്ഷരാകാരനും "സന്ധ്യേതി ചോപസ്ഥാനകർമ്മണോ നാമധേയം, കാലസ്യ ചാന്യതഃ പ്രാപ്തത്വാത്," — കാലത്തിന്റെ പേരു വേറെ വിധം കിട്ടുന്നതുകൊണ്ട്. സന്ധ്യ എന്നത് ഉപാസനയെ കുറിക്കുന്നു എന്നു വിശ്വരൂപകാരനും തീരുമാനിക്കുന്നു.

മഹർഷി ദയാനന്ദർ പഞ്ചമഹായജ്ഞ വിധിയിൽ ഉപദേശിക്കുന്നു—"സന്ധ്യായന്തി, സന്ധ്യായതേ വാ, പരബ്രഹ്മ യസ്യാം സാ സന്ധ്യാ; തത്ര രാത്രിന്ദിവയോഃ സന്ധിവേലായാം ഉഭയോഃ സന്ധ്യയോഃ സർവൈർമനുഷ്യൈരവശ്യം പരമേശ്വരസ്യൈവ സ്തുതി പ്രാർത്ഥനോപാസനാഃ കാര്യാഃ!" ഏതൊരു വേളയിൽ പരബ്രഹ്മത്തെ ധ്യാനിക്കുന്നുവോ അതു സന്ധ്യ. പകലും രാത്രിയും ചേരുമ്പോൾ നിശ്ചയമായും പരമാത്മാവിനെ സ്തുതിക്കയും പ്രാർത്ഥിക്കയും ഉപാസിക്കയും

ചെയ്യണം. "അഹോരാത്രസ്യസന്ധൌ ബ്രഹ്മോപാസനനാമികാ പ്രവർത്തതേ ക്രിയാ നിത്യം സാ സന്ധ്യാ മുനിഭാഷിതാ" പകലും രാത്രിയും ചേരുന്നസമയത്തു് വേദവിധിപ്രകാരം ഗായത്ര്യാദി മന്ത്രാർത്ഥം മനനം ചെയ്തുകൊണ്ടു് എന്നും നടത്തുന്ന ബ്രഹ്മോപാസന കർമ്മത്തിനു് മുനികൾ സന്ധ്യ എന്നു പേരിട്ടിരിക്കുന്നു.

സന്ധ്യാകാലം

രാവിലത്തെ സന്ധ്യാകർമ്മം സൂര്യോദയത്തിനുമുമ്പു് ആരംഭിച്ചു്, സൂര്യന്റെ തേജോവലയം ആകാശത്തിൽ തെളിഞ്ഞു കാണുംവരെ തുടരണമെന്നാണു് വിധി. അതു പോലെ വൈകുന്നേരത്തേതു് സൂര്യന്റെ തേജോവലയം അസ്തമിക്കാറാകുമ്പോൾ ആരംഭിച്ചു് നക്ഷത്രദർശനം വരെ തുടരണം.

തസ്മാദ് ബ്രാഹ്മണോഽഹോരാത്രസ്യ
സംയോഗേ സന്ധ്യാമുപാസ്തേ, സജ്യോതിഷ്യാ-
ജ്യോതിഷോദർശനാത് സോഽസ്യാഃ കാലഃ |
(ഷഡ്വിംശതിബ്രാഹ്മണം 4. 5

ബ്രാഹ്മണൻ എന്നാൽ വേദാവലംബി. (ബ്രഹ്മ =വേദം, തത്പരൻ ബ്രാഹ്മണൻ) രാത്രിയും പകലു ചേരുന്നസമയത്തു് സന്ധ്യ ചെയ്യുന്നു. സൂര്യന്റെ ജ്യോതിസ് അണയുന്നതിനും നക്ഷത്രജ്യോതിസ്സ് തെളിയുന്നതിനു ഇടക്കുള്ള കാലം സായംസന്ധ്യ. നക്ഷത്രജ്യോതിസ്സ അണയുന്നതിനും സൂര്യജ്യോതിസ് തെളിയുന്നതിനുമി യ്ക്കുള്ള കാലം പ്രാതഃസന്ധ്യ. ഈ രണ്ടുമാണു് സന്ധ്യോപാസനക്കുള്ള സമയം.

പൂർവ്വാംസന്ധ്യാംജപംസ്തിഷ്ഠേത്,
സാവിത്രീമാഽർക്കദർശനാത് |
പശ്ചിമാംതുസമാസീനഃ,
സമ്യഗൃക്ഷവിഭാവനാത് |
(മനു. 2—101.)

ആ അർക്കദർശനാത്=നക്ഷത്രം പകുതി അസ്തമിച്ചതു മുതൽ സൂര്യോദയംവരെ ഗായത്രി ജപിച്ചുകൊണ്ടു് രാവിലത്തെ സന്ധ്യ അനുഷ്ഠിക്കണം. സമ്യഗൃക്ഷവിഭാവനാത്= സൂര്യൻ പകുതി അണഞ്ഞതു മുതൽ നല്ലപോലെ നക്ഷത്രം തെളിയും വരെ വൈകുന്നേരത്തെ സന്ധ്യ തുടരണം— യഥാർത്ഥത്തിൽ രണ്ടുവെളിച്ചത്തിനുമിടയിലുള്ള കാലമാണു് സന്ധ്യ. അതിനാൽ, സൂര്യൻ അസ്തമിച്ചു് പകുതിയാകുമ്പോൾ സായം സന്ധ്യയും, നക്ഷത്രം പകുതി അണയുമ്പോൾ പ്രാതഃസന്ധ്യയുമനുഷ്ഠിച്ചു തുടങ്ങണമെന്നതാണു് നിർദ്ദിഷ്ടമായ വേദമാർഗ്ഗം.

ഉച്ചയ്ക്കു സന്ധ്യ നടത്തുന്ന സമ്പ്രദായം അവൈദികമാകുന്നു.

ഉദ്യന്തമസ്തം യന്തമാദിത്യമഭിധ്യായൻ
കുർവൻ ബ്രാഹ്മണോ വിദ്വാൻ സകലം ഭദ്രമശ്നുതേ
(തൈത്തരീയ ആരണ്യകം 2. 2.4.)

സൂര്യോദയകാലത്തും സൂര്യാസ്തമനകാലത്തും പ്രകാശസ്വരൂപനായ ഈശ്വരനെ ഉപാസിക്കുന്നതുകൊണ്ടു് ബ്രഹ്മോപാസകൻ മുഴുവൻ സുഖവും നേടുന്നു. ഇവിടെ രണ്ടു സന്ധ്യയേ വിധിക്കുന്നുള്ളു.

"ഉപത്വാഗ്നേ ദിവേ ദിവേ
ദോഷാവസ്തർ ധിയാവയം
നമോഭരന്തഏമസി" (ഋഗ്വേദം 1. 1, 7.)

ചെയ്യണം. "അഹോരാത്രസ്യ സന്ധൌ ബ്രഹ്മോപാസനനാമികാ പ്രവർത്തതേ ക്രിയാ നിത്യം സാ സന്ധ്യാ മുനിഭാഷിതാ" പകലും രാത്രിയും ചേരുന്നസമയത്ത് വേദവിധിപ്രകാരം ഗായത്ര്യാദി മന്ത്രാർത്ഥം മനനം ചെയ്തുകൊണ്ട് എന്നും നടത്തുന്ന ബ്രഹ്മോപാസന കർമ്മത്തിന് മുനികൾ സന്ധ്യ എന്ന പേരിട്ടിരിക്കുന്നു.

സന്ധ്യാകാലം

രാവിലത്തെ സന്ധ്യാകർമ്മം സൂര്യോദയത്തിനുമുമ്പ് ആരംഭിച്ച്, സൂര്യന്റെ തേജോവലയം ആകാശത്തിൽ തെളിഞ്ഞു കാണുംവരെ തുടരണമെന്നാണ് വിധി. അതുപോലെ വൈകുന്നേരത്തേത് സൂര്യന്റെ തേജോവലയം അസ്തമിക്കാറാകുമ്പോൾ ആരംഭിച്ച് നക്ഷത്രദർശനം വരെ തുടരണം.

തസ്മാദ് ബ്രാഹ്മണോഽഹോരാത്രസ്യ
സംയോഗേ സന്ധ്യാമുപാസ്തേ, സജ്യോതിഷ്യാ-
ജ്യോതിഷോ ദർശനാത് സോഽസ്യാഃ കാലഃ |
(ഷഡ്വിംശതിബ്രാഹ്മണം 4. 5

ബ്രാഹ്മണൻ എന്നാൽ വേദാവലംബി. (ബ്രഹ്മ =വേദം, തത്പരൻ ബ്രാഹ്മണൻ) രാത്രിയും പകലും ചേരുന്നസമയത്ത് സന്ധ്യ ചെയ്യുന്നു. സൂര്യന്റെ ജ്യോതിസ് അണയുന്നതിനും നക്ഷത്രജ്യോതിസ് തെളിയുന്നതിനും ഇടക്കുള്ള കാലം സായംസന്ധ്യ. നക്ഷത്രജ്യോതിസ് അണയുന്നതിനും സൂര്യജ്യോതിസ് തെളിയുന്നതിനുമിടയ്ക്കുള്ള കാലം പ്രാതഃസന്ധ്യ. ഈ രണ്ടുമാണ് സന്ധ്യോപാസനക്കുള്ള സമയം.

പൂർവ്വാം സന്ധ്യാം ജപംസ്തിഷ്ഠേത്,
സാവിത്രീമാഽർക്കദർശനാത് |
പശ്ചിമാം തു സമാസീനഃ,
സമ്യഗൃക്ഷവിഭാവനാത് |
(മനു. 2—101.)

ആ അർക്കദർശനാത്=നക്ഷത്രം പകുതി അസ്തമിച്ചതു മുതൽ സൂര്യോദയംവരെ ഗായത്രി ജപിച്ചുകൊണ്ട് രാവിലത്തെ സന്ധ്യ അനുഷ്ഠിക്കണം. സമ്യഗൃക്ഷവിഭാവനാത്= സൂര്യൻ പകുതി അണഞ്ഞതു മുതൽ നല്ലപോലെ നക്ഷത്രം തെളിയും വരെ വൈകുന്നേരത്തെ സന്ധ്യ തുടരണം — യഥാർത്ഥത്തിൽ രണ്ടുവെളിച്ചത്തിനുമിടയിലുള്ള കാലമാണ് സന്ധ്യ. അതിനാൽ, സൂര്യൻ അസ്തമിച്ച് പകുതിയാകുമ്പോൾ സായം സന്ധ്യയും, നക്ഷത്രം പകുതി അണയുമ്പോൾ പ്രാതഃസന്ധ്യയുമനുഷ്ഠിച്ചു തുടങ്ങണമെന്നതാണ് നിർദ്ദിഷ്ടമായ വേദമാർഗ്ഗം.

ഉച്ചയ്ക്കു സന്ധ്യ നടത്തുന്ന സമ്പ്രദായം അവൈദികമാകുന്നു.

ഉദ്യന്തമസ്തം യന്തമാദിത്യമഭിധ്യായൻ
കുർവൻ ബ്രാഹ്മണോ വിദ്വാൻ സകലം ഭദ്രമശ്നുതേ
(തൈത്തരീയ ആരണ്യകം 2. 2.4.)

സൂര്യോദയകാലത്തും സൂര്യാസ്തമനകാലത്തും പ്രകാശസ്വരൂപനായ ഈശ്വരനെ ഉപാസിക്കുന്നതുകൊണ്ട് ബ്രഹ്മോപാസകൻ മുഴുവൻ സുഖവും നേടുന്നു. ഇവിടെ രണ്ടു സന്ധ്യയേ വിധിക്കുന്നുള്ളൂ.

"ഉപത്വാഗ്നേ ദിവേ ദിവേ
ദോഷാവസ്തർ ധിയാവയം
നമോ ഭരന്ത ഏമസി" (ഋഗ്വേദം 1. 1, 7.)

ദിവേ ദിവേ=ദിവസംതോറും, ദോഷാവസ്തഃ=രാത്രി
യുടേയും പകലിൻേറയും ഇടയ്ക്കു്, പുലച്ചയ്ക്കും അന്തി
ക്കുമെന്നർത്ഥം. അഗ്നേ=സകല പ്രകാശത്തിനും ഇരിപ്പി
ടമായുള്ളോവേ, ത്വാ=അങ്ങയെ ധിയാ=ധീകൊണ്ടു്, (ധീ
മഹി എന്നുച്ചരിക്കുന്ന ഗായത്രീമന്ത്രംകൊണ്ടെന്നു ധ്വനി)
വയം=ഞങ്ങൾ നമോഭരന്തഃ=നമസ്കാരംനടത്തിക്കൊണ്ടു്,
(നമഃശംഭവായ' തുടങ്ങിയ നമസ്കാരമന്ത്രംകൊണ്ടെന്നു
സൂചന,) ഉപ, ഏമസി=ഉപാസിക്കുന്നു. (ഏമസി-ലേട്ട്
അഷ്ടാധ്യായി. 7. 1. 46 "ഇദന്തോമസി" എന്ന സൂത്രപ്രകാരം ഇ
ഭവിക്കുന്നു) ഈ വേദമന്ത്രത്തിലും "ദോഷാവസ്തഃ" എന്നതു
കൊണ്ടു രണ്ടു സന്ധ്യമാത്രമാണു് അഭീഷ്ടം. ഇതു് വിധി
ശ്രുതിയായി ഗണിക്കേണ്ടതാണു്. ആശ്വലായനഗൃഹ്യ
സൂത്രം (3. 7) ആപസ്തംബധർമ്മസൂത്രം (1. 11. 30. 8)
ഗൌതമധർമ്മസൂത്രം (2. 17) മനുസ്മൃതി (2. 101.)
യാജ്ഞവൽക്യസ്മൃതി (1. 24. 25) മുതലായ നി
വധി പ്രമാണങ്ങൾ രണ്ടു കാലത്തുമേ സന്ധ്യ അനുഷ്ഠി
ക്കുവാൻ വിധിക്കുന്നുള്ളു.

വൈദികസന്ധ്യ

സന്ധ്യ രണ്ടുവിധത്തിലുണ്ടു്; ഒന്നു വൈദികിയു
മററതു് താന്ത്രികീയും. വേദമന്ത്രവിഹീനമായ പൌരാ
ണിക രീതിക്കു താന്ത്രികീ സന്ധ്യ എന്നുപേർ. വേദമന്ത്ര
കൊണ്ടു് പ്രയോജനകരമായ ഉപാസന നടത്തുന്ന സന്ധ്യ
വൈദികീ. വിശുദ്ധമായ വൈദികസന്ധ്യ കാലക്ര
ത്തിൽ അതിൻെറ ആദിമമായ അന്തരാത്മാം വെടിഞ്ഞു
ബാഹ്യമായ ചടങ്ങുമാത്രം മുറുകെ പിടിച്ചുകൊണ്ടു
താന്ത്രികീ സന്ധ്യയിൽ പരിണതമായി. ന്യാസം, മു

മുതലായ പല ആഡംബരങ്ങളും സന്ധ്യയിൽ കടന്നുകൂടി
യിട്ടുണ്ടു്. അവയെല്ലാം അവൈദികങ്ങളാണു്. "ഏഷോഽ
ങ്ഗന്യാസഃ സഹ വിധിരവൈദിക ഇതി" ഇതു അങ്ഗ
ന്യാസം. വാസ്തവത്തിൽ അംഗന്യാസാദിവിധികൾ വേദ
വിരുദ്ധമാകുന്നു. (സംസ്കാരമാലാ. 229).

ഇന്നു നടപ്പിലിരിക്കുന്ന എല്ലാ സന്ധ്യാപദ്ധതിക
ളിലുംവെച്ചു് ശ്രേഷ്ഠവും പ്രാമാണികവുമായതു വൈദിക
സന്ധ്യയാണെന്നതു് നിർവിവാദമാകുന്നു. അതിനു ഒരു
തെളിവു് വൈദികസന്ധ്യാപദ്ധതിയിലെ മന്ത്രങ്ങളുടെ
വിനിയോഗക്രമത്തിൽ കാണുന്ന ചേർച്ചയും, വിനിയോഗ
ത്തിൽ വ്യക്തമാകുന്ന കർമ്മാനുസാരത്വവും തന്നെ. വൈദി
ക സന്ധ്യാപദ്ധതിയിൽ ഏതു മന്ത്രം എവിടെ വിനിയോ
ഗിച്ചിരിക്കുന്നുവോ, അതു് ആ കർമ്മത്തിലല്ലാതെ ചേരുക
യില്ല. ഇപ്രകാരം മന്ത്രങ്ങളുടെ വിന്യാസക്രമത്തിൽ
ചേർച്ചയും വിനിയോഗത്തിൽ കർമ്മാനുരൂപ്യവും മററൊരു
സന്ധ്യാപദ്ധതിയിലും കാണാനില്ല. സന്ധ്യാപദ്ധതികൾ
പലതുണ്ടു്; ഋഗ്വേദികൾക്കൊന്നു്, തൈത്തിരീയർക്കു
വേറൊന്നു്, വാജസനേയികൾക്കു മററൊന്നു്, കൌഥുമി
കൾക്കും പൈപ്പലാദകൾക്കും വേറെവേറെ,—എന്തിനേറെ?
വേദശാഖകളെത്രയുണ്ടോ അത്രയും സന്ധ്യാപ്രകാരങ്ങളു
മുണ്ടു്! അവയിലൊരോന്നിലും മന്ത്രങ്ങളുടെ വിനിയോ
ഗവും വിന്യാസക്രമവും അന്യോന്യം ഭിന്നമാകുന്നു.
വേദാനുസാരികളുടെ ഇടയിൽ കാണുന്ന ഈ ഭിന്നതയും,
പ്രയോഗവൈപരീത്യവും ഭ്രമജനകവും ഭ്രമജന്യവുമാക
യാൽ, പരിത്യജിക്കേണ്ടതാണു്. മന്ത്രങ്ങളുടെ വിനിയോ
ഗപരമായ വൈഷമ്യം ആചമനമന്ത്രം മുതല്ക്കേ സ്പഷ്ടമാ
കുന്നുണ്ടു്.

വിനിയോഗം രണ്ടു ലക്ഷണമാശ്രയിക്കുന്നു; ശബ്ദഗ
തവും അർത്ഥഗതവും. ഇതു രണ്ടും തികഞ്ഞാലെ വിനി
യോഗം കർമ്മാനുസാരമാകയുള്ളൂ. ഇതാണ് ആപ്തമതം
ആചമനത്തിനർത്ഥം ജലംകൊണ്ടു കണ്ഠനാളം നനയ്ക്കുക
യാണല്ലോ. ഈ കർമ്മത്തിന് ജലവും, കുടിക്കുന്ന ക്രിയയും
ആവശ്യമാണ്. വൈദികസന്ധ്യയിലെആചമന മന്ത്രമ
താണ്; "ശം നോ ദേവീരഭിഷ്ടയ ആപോ ഭവന്തു പീതയേ
ഇതിൽ ആപഃ=ജലം, പീതയേ, ഭവന്തു=കുടിക്കുന്നത
നായി ഭവിക്കട്ടെ–എന്നു തുറന്നു പ്രസ്താവിച്ചിരിക്കുന്നു
അതിനാൽ ഈ മന്ത്രത്തെ ആചമനത്തിൽ വിനിയോ
ഗിച്ചതാണ് സ്വാരസ്യപ്രദം.

നേരെ മറിച്ച് മററുപദ്ധതികളിൽ ആചമനത്തിന
ഉപയോഗിക്കുന്ന വചനം "അച്യുതായനമഃ, അനന്തായനമ
അച്യുതനു നമസ്കാരം, അനന്തനു നമസ്കാരം......
മുതലായതാകുന്നു. നമസ്കാരത്തിനും ആചമനത്തിനുമായി
എന്താണു ബന്ധം? ഞാൻ നമസ്കരിക്കുന്നു എന്നു
പ്രതിജ്ഞ ചെയ്തിട്ടു ആരാനും വെള്ളം കുടിക്കാറുണ്ടോ

ഇതേമാതിരി ഇന്ദ്രിയസ്പർശമെന്ന കർമ്മത്തിൽ വിനി
യുക്തമായ വചനങ്ങൾ നോക്കുക: വൈദികസന്ധ്യയിൽ
"ഓം വാക് വാക്, ഓം പ്രാണഃ പ്രാണഃ.............. ഓം കണ്ഠഃ
എന്നിങ്ങനെ ഓരോ ഇന്ദ്രിയാംഗത്തേയും കുറിക്കുന്ന
തിൽ അർത്ഥം, കർമ്മം, രൂപം എന്നീ മൂന്നും ഒത്തു
ചേർന്നു സ്വാരസ്യം തരുന്നു. നേരെ മറിച്ച്, അവൈദി
സന്ധ്യയിലാകട്ടെ, "കേശവ, നാരായണ, മാധവ,...... പത്മ
നാഭ, ദാമോദര" എന്നീ പേരുകളാണ് ഇന്ദ്രിയാങ്ഗ
സ്പർശത്തിൽ വിനിയോഗിച്ചിരിക്കുന്നത്! (അഗ്നിപുരാണ
അ. 48-ൽ ഈ പേരുകളുടെ പട്ടികയുണ്ട്.)

ഇതുപോലെ, ആദ്യം മുതൽ അവസാനം വരെ
രു ചേർച്ചയോ, അർത്ഥത്തിനും കർമ്മത്തിനും തമ്മിൽ
ബന്ധമോ ഇല്ലാത്ത രീതിയിലാണ് അവൈദികസന്ധ്യ
കളോരോന്നും കാണപ്പെടുന്നത്.

കൂടാതെ, ശാഖാഭേദമെന്ന പേരിൽ വേറെ വേറെ
മന്ത്രപാഠത്തിലഭിമാനം കൊള്ളുന്നത് അജ്ഞാനജന്യ
മായ വെറും ഭ്രമമാകുന്നു. യഥാർത്ഥവൈദികന്മാർ ആ
അഭിമാനത്തിനു തരിമ്പും വില മതിക്കുന്നില്ല. അജ്ഞാന
ത്തിൽനിന്നു മുളച്ചതായ ദുരഭിമാനമാണ് ഇന്നത്തെ പാഠ
ഭേദത്തിനും, സന്ധ്യാപദ്ധതിഭേദത്തിനും ഹേതു. ജീവി
ക്കാനാഗ്രഹിക്കുന്ന വർഗ്ഗങ്ങളുടെ ധർമ്മഗ്രന്ഥം അനേകമാ
കരുത്. പാഠഭേദത്തിന്റെ കഥയുമതുതന്നെ. ആ നില
യ്ക്ക് എന്നും നടത്തുന്ന സന്ധ്യാകർമ്മം പലതാകാൻ പാടു
ള്ളതാണോ?

നമ്മുടെ വേദഗ്രന്ഥത്തിലെ മന്ത്രങ്ങളിലോരൊന്നി
നും അനേകം പാഠഭേദമുണ്ടാകുന്നത് അസഹ്യമാകുന്നു.
അതുപോലെ, സന്ധ്യാപദ്ധതിയിൽ ഭേദമുണ്ടെന്നത് ശ്രേ
യസ്കരമാകത്തക്കതല്ല. അതിനാൽ, വൈദികസന്ധ്യ
യുടെ ആദിമരൂപം നമുക്കേവക്കും അന്വേഷ്യയമാകുന്നു.
അതുമാത്രമേ ശ്രേയസ്കരമാകയുള്ളൂ. മററു പദ്ധതികളെ
ല്ലാം അജ്ഞാനജനിതമാകയാലും, വിനിയോഗത്തിൽ ചേ
രാത്തതിനാലും, അർത്ഥത്തിലും കർമ്മത്തിലും വിരോധ
മുള്ളതിനാലും, അവൈദികമാകയാലും, സാമൂഹ്യമായ
യോജിപ്പിനു വിപരീതമാകയാലും സർവ്വഥാ ത്യാജ്യമാ
കുന്നു.

സന്ധ്യയുടെ അങ്ഗങ്ങൾ

വൈദികമായ സന്ധ്യോപാസനത്തിന്റെ അംഗ
ളിവയാണ്: ആചമനം, ഇന്ദ്രിയസ്പർശം, മാർജ്ജന
പ്രാണായാമം, അഘമർഷണം, മനസാപരിക്രമണം, ഉ
സ്ഥാനം, ഗായത്രീ, സമർപ്പണം. ഇതൊമ്പതും ചേന്നാ
സന്ധ്യോപാസന പൂർത്തിയാകും.

ഉള്ളംകൈയ്യിൽ അല്പം ജലമെടുത്ത് കണ്ഠശുദ്ധ
ചെയ്യുന്നതിനുമാത്രം വേണ്ടി കുടിക്കുകയാണ് ആചമന
പ്രാണന്റെ വസ്ത്രം ജലമാണെന്നു വേദാന്തസൂത്രം (3.
18.) വിചാരിക്കുന്നു; ഊണിനു മുമ്പും പിമ്പും ആചമ
ചെയ്യാഞ്ഞാൽ പ്രാണാഗ്നി പ്രജ്വലിതമാകയില്ലെന്നു
ഹദാരണ്യക (6. 1. 14) വും ഛാന്ദോഗ്യ (5. 2. 2) വ
പറയുന്നു. ആചമനത്തിന്റെ അനുപേക്ഷണീയതയാ
വിടേയും പ്രമാണിതമാകുന്നത്. ശതപഥബ്രാഹ്മണ (1.
1. 1) ത്തിൽ പറയുന്നു:—

"യദ്വൈവ ഉപസ്പൃശതി തേന
പൂതിരന്തരതഃ, പവിത്രം വാ ആപഃ"

ജലംകൊണ്ടു ആചമനം ചെയ്യുമ്പോഴെല്ലാം ഉള്ള
പവിത്രമാകുന്നു. ജലം പവിത്രമാണ്.

അംഗസ്പർശം ബാഹ്യശുദ്ധിയും ഉന്മേഷവും ന
കുന്നു. അപ്പോൾ ഓരോ ഇന്ദ്രിയവും ഉണന്ന്, സംധ
യോഗ്യമായ സാധന ആരംഭിക്കാൻ തയാറാകുന്നു.

മാർജനമെന്നാൽ അപ്രകാരം ഉണന്ന അംഗ
ളിന്മേൽ പ്രാണദമായ ജലബിന്ദുക്കൾ തളിച്ച് അവ
അടുത്ത ക്രിയയ്ക്കുതകുംപടി ചെയ്യുക. ഇതു പവിത്രീ

ണ കർമ്മമാകുന്നു. അതിനോടൊന്നിച്ച് പരമാത്മാവി
ന്റെ വിവിധമായ വിഭൂതികളെ സ്മരിച്ചുകൊണ്ടു് ഓരോ
അംഗത്തേയും ഉപാസനാകർമ്മത്തിനു അധികാരിയാക്കു
ക കൂടി മാർജനം മൂലം സാധിക്കുന്നു. മാർജ്ജനത്തിൽ പ
ല മന്ത്രങ്ങളും പ്രയോഗിക്കാറുണ്ട്:-

സുരഭിമത്യാ അബ്ലിങ്ഗാഭിവാരുണീഭിർ-
ഹിരണ്യവർണ്ണാഭിഃ പാവമാനീഭിർ-
വ്യാഹൃതിഭിരന്യൈശ്ച പവിത്രൈ-
രാത്മാനം പ്രോക്ഷ്യ പ്രയതോ ഭവതി

(ബൌധായനധർമ്മസൂത്രം 2-4-2.)

സുരഭിമതീ, (ദധിക്രാവ്ണോ- ഋക്. 4. 39. 6) അബ്ലിങ്ഗ-(ഋക്. 10. 9. 1-3), വാരുണീ (ഇമം മേ വരുണ ഋക്. 1. 25. 19 തത്വായാമി ഋക് 1. 24. 11; അവതേ ഹേളോ ഋക് 1. 24. 14, യത് കിംചേദം, ഋക് 7. 89. 5), പാവമാന്യ; (സ്വാദിഷ്ഠയാ മദിഷ്ഠയാ, പോലുള്ള 9. 20. മണ്ഡലമന്ത്രങ്ങൾ, (ഋക് 9. 67. 21. 27.) വ്യാഹൃതി (ഭൂഃ ഭുവഃ ആദി) ഇവയിലേതെങ്കിലും കൊണ്ടു പ്രോക്ഷിച്ച മനുഷ്യൻ യോഗ്യനാകുന്നു. ഇതിൽ വ്യാഹൃതിയെ ആശ്രയിച്ച മാർജ്ജനമാണ് വൈദികസന്ധ്യയിൽ വിനിയോഗിച്ചിരിക്കുന്നത്. സന്ധ്യയെ ഒരു ഉത്തമമായ ഉപാസനാരീതിയായി ഇണക്കിയിരിക്കുന്നതിനാൽ, അന്യത്ര പ്രകടിപ്പിച്ചിരിക്കുന്ന പരമാത്മസ്വരൂപദർശനത്തിനു ഇതാണ് കൂടുതൽ പ്രയോജനപ്രദമെന്നു ഋഷികൾ വിചാരിക്കുന്നു. ബൌധായനനു മുമ്പ് ഇതായിരുന്നു നടപ്പെന്നു അനുമാനിക്കാം.

പ്രാണായാമം ആഭ്യന്തരശുദ്ധിക്കുള്ള വഴിയാണ്. സ
പ്തവ്യാഹൃതികളാണ് ഇവിടെവിനിയോഗിച്ചിരിക്കുന്നത്.

മാർജനത്തിലും ഇവ വിനിയുക്തമാണ്. ഏതു പ്രകാ
മാർജ്ജനം ബാഹ്യമായുള്ള ശുദ്ധിക്കും ഉണർവിനും ത
റിനും ആവശ്യമോ, അതേപ്രകാരം പ്രാണായാമം ആ
ന്തരമായ ശുദ്ധിക്കും ഉണർവിനും തയാറിനും കൂടിയേക
യു. ഇങ്ങനെ ബാഹ്യവുമാഭ്യന്തരവുമായ യോഗ്യത നേ
ക്കൊണ്ട് സാധകൻ പരമാത്മദർശനത്തിനുള്ള മാർ
ത്തിൽ കടക്കുന്നു.

സ്തുതി, പ്രാർത്ഥന, ഉപാസന എന്ന ക്രമമാണിനി അ
രംഭിക്കുന്നത്. അഘമർഷണം എന്നാൽ പാപപരിഹാര
സൃഷ്ടികർത്താവായ പരമാത്മാവിന്റെ മഹാസാമർത്ഥ്യത്തെ
ഓർത്തു സ്തവനം ചെയ്യുകയാണിവിടെ അഭീഷ്ടം സൃഷ്ടി
യുടെ മുഴുവൻ ചടങ്ങും ഈ മൂന്നു മന്ത്രങ്ങളിൽ (ഋക് 1(
190, 1-2-3) പ്രകടമാക്കിയിരിക്കുന്നു.

വിസ്മയവും പ്രേമവും കൊണ്ടു പുളകിതമായ ഉപ
സകന്റെ മനസ്സ് ആ പരമാത്മാവിന്റെ മഹിമ കാണ
നായി നാലുപാടും മുകളിലും താഴെയും ചുറ്റുന്നു. ഇത
ണ് മനസാ പരിക്രമയുടെ അർത്ഥം. അപ്രകാരം ചുറ
മ്പോൾ ഓരോയിടത്തും ആ പരമപിതാവിന്റെ വിഭൂ
ഓരോ തരത്തിൽ കാണുകയും, അപ്പോളൊക്കെ ഓരോ
ത്തിൽ പ്രാർത്ഥിക്കയും ചെയ്യുന്നതാണ് മനസാപരിക്ര
യിലെ ആറുമന്ത്രങ്ങളുടേയും പ്രയോജനം.

ഉപസ്ഥാനമെന്നാൽ പരമാത്മാവിന്റെ അടുത്തു
ചെല്ലുക.

"അഥാദിത്യമുപതിഷ്ഠതോദ്വയം, തമസസ്പരി
ഉദുത്യം, ചിത്രം, തച്ചക്ഷുർദ്ദേവഹിതം........ ഇതി

(ബൈ- ധ-സൂ

ആദിത്യോപസ്ഥാന മന്ത്രങ്ങൾ ഉദ്വയം തമസസ്പരി (ഋക് 1.50.10), ഉദുത്യം (1. 50. 1) ചിത്രം (ഋക് 1. 115. 1.) തച്ചക്ഷുർദേവഹിതം (യജു. 36. 24) എന്നിവയാകുന്നു. ഉപസ്ഥിതിമൂലം പരമാത്മാവിന്റെ പരമപ്രകാശം ഉപാസകന്റെ ചിത്തത്തെ വിശുദ്ധമാക്കി സൂര്യമണ്ഡലത്തെ ഭേദിച്ചപ്പുറം വെറും പ്രകാശമാകുന്ന കേവലജ്യോതിസ്സിലേക്കു ആകർഷിക്കുന്നു. ജഗത്തിനകത്തു കാണാൻ കഴിഞ്ഞ പരമാത്മാവിന്റെ മഹിമ വാസ്തവത്തിൽ ചെറുഭാഗംമാത്രമാണെന്നും, ഏറിയ ഭാഗം അതും കഴിഞ്ഞു അപ്പുറത്തുണ്ടെന്നും ഇവിടെ വച്ച് ഉപാസകൻ അനുഭവിച്ചറിയുന്നു.

അഃപ്പോൾ ആ വിശുദ്ധമായ തേജസ്സിനെ ഗായത്രി കൊണ്ടു അവൻ ധ്യാനിക്കുന്നു. സച്ചിദാനന്ദസ്വരൂപിയായ ദേവാദിദേവന്റെ കേവലമായ പ്രകാശം സൂര്യന്റെ പ്രകാശത്തിനപ്പുറം സ്വതന്ത്രമായി വർത്തിക്കുന്നു. ധ്യാനാവസ്ഥിതനായാലേ അതു കാണാറാവൂ. ഗായത്രിയിലെ ധ്യാനത്തിന്റെ പ്രയോജനമിതാകുന്നു. സമാധികാലത്തെ ധീയാണു പ്രവർത്തിതമാകേണ്ടതു്. 'ധ്യാനാവസ്ഥിതതദ്ഗതേന മനസാ പശ്യന്തി"—എന്നു അന്യത്ര പറഞ്ഞിരിക്കുന്നതു് ഈ അവസ്ഥയെ ഉദ്ദേശിച്ചാകുന്നു.

ഗായത്രിയിൽ സ്തുതിയും പ്രാർത്ഥനയും ഉപാസനയും അവസാനിക്കുന്നു. ഇനി, ആ പരമാത്മാവിന്റെ ചരണങ്ങളിൽ അണയുവാനാണ് ഉപാസകൻ ആഗ്രഹിക്കേണ്ടതു്. അതു സമർപണംകൊണ്ടു നേടുന്നു. മോക്ഷസുഖവും (ശം), സംസാരസുഖവും (മയഃ), നന്മയും (ശിവം) നൽകുന്ന പരമാത്മാവിനെ സ്മരിച്ചു നമസ്കരിക്കയാണിവിടെ സാധിക്കുന്നതു്.

ഇപ്രകാരം നവാങ്ഗവിശിഷ്ടമായ സന്ധ്യോപാ സനം ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി വേദങ്ങ നിർദ്ദേശിക്കുന്ന മാർഗ്ഗത്തിന്റെ സർവാങ്ഗപൂർണ സഫലവുമായ രൂപമാണെന്ന് നിർവിവാദമായി സിദ്ധ ക്കുന്നു. അതിനാൽ ഉറച്ച മനസ്സോടെ സന്ധ്യോപാസ നടത്തുക, ധ്യാനം ചെയ്ക—ഈശ്വരസാക്ഷാത്കാ സാധിക്കും, നിശ്ചയം.

“സ മനസാ ധ്യായേദ്, യദ്വാ അഹം കിംചന മനസ ധ്യാസ്യാമി | തദൈവ തദ്ഭവിഷ്യതി | തദ്ധസ്മ തഥൈ വ ഭവതി||

(ഗോപഥബ്രാഹ്മണം പൂ. i. 9.)

ഞാൻ മനസുകൊണ്ടു എന്തു ധ്യാനിക്കുമോ, അ അപ്രകാരം തന്നെ വന്നുചേരുമെന്ന നിശ്ചയം അവ മനസിൽ ഉറപ്പിക്കട്ടെ. തീർച്ചയായും അതു അങ്ങനെ തന്നെ സംഭവിക്കും.

III

ഹോമം

നിത്യകർമ്മത്തിൽ സന്ധ്യക്കുശേഷം ഹോമം അനു ഷ്ഠിക്കേണ്ടതാണ്. ദേവയജ്ഞമെന്ന ഈ മഹായജ്ഞ അത്യന്തം മഹത്വമുള്ള ഉപാസനാകർമ്മമാകുന്നു.

സ്വാധ്യായേ നിത്യയുക്തഃ സ്യാ-
ദ്ദൈവേ ചൈവേഹ കർമണി |
ദൈവകർമ്മണി യുക്തോഹി,
ബിഭർത്തീദം ചരാചരം ||
അഗ്നൌ പ്രാസ്താഹുതിഃ സമ്യ-

ഗാദിത്യമുപതിഷ്ഠതേ |
ആദിത്യാജ്ജായതേ വൃഷ്ടിഃ
വൃഷ്ടേരന്നം തതഃ പ്രജാഃ||

(മനു. 3. 75-76)

സ്വാധ്യായമെന്നാൽ ബ്രഹ്മയജ്ഞം. മനുഷ്യൻ എന്നും മുടങ്ങാതെ സ്വാധ്യായത്തിൽ ഏർപ്പെടട്ടെ. അതു പോലെ ദേവയജ്ഞത്തിലും ഏർപ്പെടണം. ഈ ചരാചര ഗത്തിനെ വഹിക്കുന്നതിതുതന്നെ. അഗ്നിയിൽ നല്ല പോലെ ഇടുന്ന ആഹുതി ആദിത്യനെ പ്രാപിക്കുന്നു. ആദിത്യനിൽനിന്നു മഴയും, മഴയിൽ നിന്നു ഭക്ഷ്യവസ്തു ക്കളും, പിന്നീടു പ്രജയും (ജീവജാലവും) ഉണ്ടാകുന്നു. മനു ന്റെ വിശ്വാസത്തിൽ ഹോമകർമ്മം ഇപ്രകാരം ജഗ ത്തിന്റെ ആധാരമായിത്തീരുന്നു.

അഗ്നിഹോത്രം സായം പ്രാതർഗൃഹാണാം നിഷ്കൃതിഃ
സ്വിഷ്ടം സുഹുതം യജ്ഞക്രതൂനാം സ്വർഗ്ഗസ്യ ലോകസ്യ ജ്യോതിഃ

(തൈത്തിരീയാരണ്യക 10.63-1)

കാലത്തും വൈകിട്ടും ഹോമം ചെയ്യുന്നതുകൊണ്ടു വീട് ശുദ്ധമാകുന്നു; ശ്രദ്ധയോടെ മുഴുവനാക്കിയ യജ്ഞ ത്തിന്റെയും ക്രതുവിന്റെയും പരമകാഷ്ഠ സ്വർഗ്ഗലോക ത്തിലെ ജ്യോതിസ്സമാകുന്നു. യജ്ഞവും ക്രതുവും ദേവയജ്ഞ ത്തിന്റെ രണ്ടുപ്രകാരമാണ്. അവയിലെല്ലാം ശ്രേഷ്ഠമാ യതു് അഗ്നിഹോത്രമാണെന്നു സാരം. അതു സ്വർഗ്ഗഗാമി യുടെ വിളക്കാണെന്നു ഓർക്കണം.

അസംസ്ഥിതോ വാ ഏഷ യജ്ഞഃ
യദഗ്നിഹോത്രം.

(തൈ. ബ്രാ. 1, 4, 9).

ഏതദ്വൈ ജരാമര്യം സത്രം യദഗ്നിഹോത്രം
ജരയാ വാ ഹ്യേവാസ്മാൻ മുച്യതേ മൃത്യുനാവാ
(ശതപഥം. 12. 4. 1.

അഗ്നിഹോത്രമാകുന്ന ഈ യജ്ഞം നിശ്ചയമായ
നശിക്കുന്നില്ല. അഗ്നിഹോത്രം തീർച്ചയായിട്ട് വാർ
ക്യവും മരണവും വരെ കൂടെ നില്ക്കുന്നതോ അല്ലെങ്കി
വാർദ്ധക്യമോ മരണമോ കൊണ്ടുമാത്രം വെടിയപ്പെ
ന്നതോ ആയ സത്രമാകുന്നു. അതായതു്, അഗ്നിഹോത്ര
നിത്യകർമ്മമാണു്. മരണം വരേയോ അഥവാ വാർദ്ധക
മൂലം കൈകാൽ വേലചെയ്യാതാകുന്ന കാലത്തോള
അതു അവശ്യം അനുഷ്ഠേയമാകുന്നുവെന്നു സാരം.

നൌഹവാ ഏഷാസ്സ്വർഗ്യാ
യദഗ്നിഹോത്രം.
(ശത. 2. 3. 3. 15)

അഗ്നിഹോത്രം സ്വർഗ്ഗത്തിലെത്തിക്കുന്ന തോണ
യാണെന്നതിൽ സംശയമില്ല. അഗ്നിഹോത്രത്തിന്റെ
മഹിമയേക്കുറിച്ചു് ജനകമഹാരാജാവും യാജ്ഞവല്ക്യ
മുനിയും തമ്മിൽ സംഭാഷണം നടക്കുന്നു:

വേത്ഥാഗ്നിഹോത്രം യാജ്ഞവല്ക്യാ ഇതി, വേദന
ഡിതി, കിമിതി, പയ ഏവേതി | യത്പയോ ന സ്യാത്, കേ
ജുഹുയാ ഇതി | വ്രീഹിയവാഭ്യാമിതി | യദ്വ്രീഹിയവൌ ന
താം കേനജുഹുയാ ഇതി | യാ അന്യാ ഓഷധയ ഇതി | യദ
ഓഷധയോ നസ്യുഃ കേന ജുഹുയാ ഇതി | യാ ആരണ്യാ ഓ
ധയ ഇതി | യദാരണ്യാ ഓഷധയോ നസ്യുഃ കേന ജുഹു
ഇതി | വാനസ്പത്യേനേതി | യദ്വാനസ്പത്യ നസ്യാത് കേനജു
യാ ഇതി അദ്ഭിരിതി | യദാപോനസ്യുഃ കേന ജുഹുയാ ഇ
സഹോവാച | നവാ ഇഹ തർഹി കിം ച നാസീദഥൈ തദ

തൈവ സത്യം ശ്രദ്ധായാമിതി | വേത്ഥാഗ്നിഹോത്രം യാജ്ഞ
വല്ക്യ ധേനുശതം ദദാമീതി |

ജനകൻ:—യാജ്ഞവല്ക്യാ നിങ്ങൾക്കു അഗ്നിഹോത്ര
മെന്തെന്നറിയാമോ?

യാജ്ഞവല്ക്യൻ:—അല്ലയോ രാജാവേ, എനിക്കറിയാം.

രാജാവു്:—എന്നാൽ എന്താണതു്?

മുനിപറഞ്ഞു:—പാൽ തന്നെ അഗ്നിഹോത്രം. (അതാ
യതു് പാൽകൊണ്ടു ഉത്തമമായ ഹോമം നടത്താം)

രാജാവു്:—പാലില്ലെങ്കിൽ എന്തു ഹോമിക്കും?

മുനി:—അരിയും യവവും കൊണ്ടു ഹോമം നടത്തും.

രാജാവു്:– അരിയും യവവുമില്ലെങ്കിൽ എന്തുകൊണ്ടു
ഹോമം നടത്തും?

മുനി:—മററു ഓഷധികൾകൊണ്ടു്.

രാജാവു്:—മററു ഓഷധികളില്ലെങ്കിൽ എന്തുകൊണ്ടു
ഹോമം നടത്തും?

മുനി:—കാട്ടിലെ ഓഷധികൾ കൊണ്ടു്.

രാജാവു്:—കാട്ടു ഓഷധികളില്ലെങ്കിൽ എന്തുകൊണ്ടു
ഹോമം നടത്തും?

മുനി:—ചെടിവർഗ്ഗങ്ങൾകൊണ്ടു്.

രാജാവു്:—ചെടിവർഗ്ഗങ്ങളില്ലെങ്കിൽ എന്തുകൊണ്ടു ഹോ
മം നടത്തും?

മുനി:—വെള്ളംകൊണ്ടു്.

രാജാവു്:—വെള്ളമില്ലെങ്കിൽ എന്തുകൊണ്ടു ഹോമം ന
ടത്തും?

അദ്ദേഹം (യാജ്ഞവല്ക്യൻ) ഉറപ്പിച്ചുപറഞ്ഞു:—നി
ശ്ചയമായും ഇവിടെ ഒന്നുമേ ഇല്ലാതിരുന്ന കാലത്തും
ഹോമം നടന്നുകൊണ്ടുതന്നെയിരുന്നു. എങ്ങനെ? ശ്രദ്ധ

യാകുന്ന തീക്കണ്ടിൽ സത്യമാകുന്ന ആഹുതി വീണുകൊണ്ടുതന്നെ വന്നു. ഇതുകേട്ടു പ്രസന്നനായ രാജാവു പറഞ്ഞു: യാജ്ഞവല്ക്യാ, അങ്ങയ്ക്കു് അഗ്നിഹോത്രമെന്തെന്നറിയാം. അതിനാൽ നൂറു ധേനുക്കളെ ഞാൻ അങ്ങയ്ക്കു ദാനം ചെയ്യുന്നു.

ഈ സംവാദം ഗൌരവപൂർണ്ണമായതാകുന്നു. അഗ്നിഹോത്രം നിത്യകർമ്മമാണു്. അതു ഒരിക്കലും മുടക്കരുതു്. ശ്രദ്ധയും സത്യവും കൈക്കൊണ്ടാലതു നടന്നുകൊള്ളും. സൃഷ്ടിയുടെ ആരംഭത്തിൽ പരമാത്മാവു് ശ്രദ്ധ കൈക്കൊണ്ടിട്ടു്, സത്യനിയമം പ്രകാശിപ്പിച്ചു. ആദിഹോതാവു് ഈശ്വരൻതന്നെ. ആ യജ്ഞം ഇന്നും നടന്നുവരുന്നു. മുകളിൽ വിസ്തരിച്ച സംവാദത്തിന്റെ മർമ്മം അടുത്ത ഉപനിഷദ്വചനം വിശദമാക്കുന്നു.

സ യ ഇദമവിദ്വാനഗ്നിഹോത്രം ജുഹോതി യഥാംഗാരാനപോഹ്യ ഭസ്മനി ജുഹുയാത്താദൃക് തത് സ്യാത് | അഥ യ ഏതദേവം വിദ്വാനഗ്നിഹോത്രം ജുഹോതി തസ്യ സർവ്വേഷു ലോകേഷു സർവ്വേഷു ഭൂതേഷു സർവ്വേഷ്വാത്മസു ഹുതം ഭവതി |

* * * * *

യഥേഹ ക്ഷുധിതാ ബാലാ മാതരം പര്യുപാസതേ ഏവം സർവ്വാണി ഭൂതാന്യഗ്നിഹോത്രമുപാസതേ |

(ഛാന്ദോഗ്യം. 5. 24.)

—ശ്രദ്ധയുടെയും സത്യത്തിന്റെയും ഈ രഹസ്യം അറിയാതെ അഗ്നിഹോത്രം ചെയ്യുന്നവന്റെ നില അടുപ്പു് ദൂരത്തു തള്ളിയിട്ടു് വെറും വെണ്ണീറിൽ ആഹുതി ഇടുന്നവന്റേതുപോലെയാണു്. എന്നാൽ ഈ രഹസ്യം അറിയുന്നവൻ അഗ്നിഹോത്രം ചെയ്താൽ, അവൻ എല്ലാ ലോകത്തിലും, എല്ലാ ഭൂതങ്ങളിലും, എല്ലാ ആത്മാക്കളിലും

ആഹുതി ഇടുകയാണു് ചെയ്യുന്നതു്. * * *

എപ്രകാരം വിശന്ന കുഞ്ഞുങ്ങൾ അമ്മയെ ശരണം പ്രാപിക്കുന്നുവോ, അപ്രകാരം എല്ലാ ജീവജാലവും അഗ്നിഹോത്രത്തെ ഭജിക്കുന്നു.

ലോകഹിതമാണു് അഗ്നിഹോത്രത്തിന്റെ പ്രയോജനം. ശ്രദ്ധയോടുകൂടി അതു ചെയ്താൽ ഈശ്വരപ്രസാദമുണ്ടാകും. സത്യനിയമത്തിന്റെ പരിപോഷണം അതനുസരിച്ചു് കർമ്മം ചെയ്കയാകുന്നു. ഈശ്വരപ്രസാദവും സത്യലാഭവും ചിത്തത്തെ ഈശ്വരന്റെ സത്യസ്വരൂപത്തിൽ ലീനമാക്കും. അഗ്നിഹോത്രത്തിന്റെ ഈ പ്രയോജനം അറിഞ്ഞു ആചരിക്കുക ശ്രേഷ്ഠമായ സാധനയാണു്.

സ്വർയന്തോ നാപേക്ഷന്ത
ആ ദ്യാം രോഹന്തി രോദസീ |
യജ്ഞം യേ വിശ്വതോധാരം
സുവിദ്വാംസോ വിതേനിരേ ||

(യജുർവ്വേദം. 17. 68)

യേ=ഏതു സുവിദ്വാംസഃ=നല്ലവിദ്വാന്മാർ വിശ്വതോധാരം=എല്ലായിടത്തും നിറഞ്ഞും എല്ലാററിനേയും വഹിച്ചും വർത്തിക്കുന്ന യജ്ഞം=യജ്ഞകർമ്മം വിതേനിരേ=ചെയ്യുന്നുവോ, അവർ സ്വഃ യന്തഃ=സുഖധാമത്തിലെത്തിയിട്ടു് ന അപേക്ഷന്തേ=നിലച്ചുപോകുന്നില്ല. ദ്യാം=ദ്യുലോകവും രോദസീ=പൃഥിവിയും ആകാശവും ആരോഹന്തി=കടന്നു അപ്പുറത്തുപോകുന്നു.

എന്തുകൊണ്ടെന്നാൽ,

ശുക്രജ്യോതിശ്ച ചിത്രജ്യോതിശ്ച സത്യജ്യോതിശ്ച
ജ്യോതിഷ്മാംശ്ച ശുക്രശ്ച ഋതപാശ്ചാത്യംഹാഃ,

(യജു 17, 80.)

—അഗ്നിഹോത്രി അഗ്നിയുടെ പ്രകാശത്തിൽ വർത്തിക്കുന്ന പ്രകാശസ്വരൂപിയായ പരമാത്മാവിനെ ഇപ്രകാരം കാണുന്നു. ആ സച്ചിദാനന്ദസ്വരൂപി തിളങ്ങുന്ന ജ്യോതിസ്സും, പലപ്രകാരത്തിലുള്ള ജ്യോതിസ്സും, നാശമില്ലാത്ത ജ്യോതിസ്സും, ജ്യോതിസ്സിൻെറ പൂർണ്ണത്വവും, പവിത്രവാനും, നിത്യനിയമങ്ങളുടെ രക്ഷകനും, പാപമുക്തനുമാകുന്നു. അപ്പോൾ അവൻ അറിയുന്നു:—

ചിത്തിം ജുഹോമി മനസാ ഘൃതേന യഥാ ദേവാ
ഇഹാഗമൻ വീതിഹോത്രാ ഋതാവൃധഃ |
പത്യേ വിശ്വസ്യ ഭൂമനോ ജുഹോമി
വിശ്വകർമണേ വിശ്വാഹാദാഭ്യം ഹവിഃ ||

(യജു 17. 78)

മനസാ=മനസ്സുകൊണ്ടും ഘൃതേന=നെയ്യുകൊണ്ടും, ചിത്തിം=ജ്ഞാനശക്തിയെ ജുഹോമി=ഞാൻ ഹോമം ചെയ്യുന്നു. യഥാ=അതുമൂലം വീതിഹോത്രാ=ഹോമം ഇച്ഛിക്കുന്നവരും ഋതാവൃധഃ=സത്യംവളർത്തുന്നവരുമായ ദേവാഃ=ദേവന്മാർ ഇഹ=എൻെറ അടുത്തു, ആ, ഗമൻ=വരട്ടെ; വിശ്വസ്യ=എല്ലാ ഭൂമനഃ=ബഹുരൂപമായ ജഗത്തിൻ്റേയും പത്യേ വിശ്വകർമണേ=രചയിതാവായ ഈശ്വരനെ ഉദ്ദേശിച്ച്, അദാഭ്യം=നശിക്കാത്ത ഹവിഃ=ഹവിസ്സ് വിശ്വാഹാ=നീണാൾ ജുഹോമി=ഞാൻ ഹോമിച്ചുകൊണ്ടിരിക്കട്ടെ.

വിചാരശീലന്മാരും ശ്രദ്ധാലുക്കളുമായ ഉപാസകന്മാർ ഈ ഭാഗം മനനം ചെയ്യേണ്ടതാണ്. അഗ്നിഹോത്രത്തിൻെറ ലാഭവും ആദ്ധ്യാത്മികമായ പ്രയോജനവും, ചിന്തനവും അനുഷ്ഠാനവും കൊണ്ടുമാത്രമേ വിദിതമാകയുള്ളൂ.

ഹോമകർമ്മകാലം

ഹോമകർമ്മം അത്യന്തം മഹനീയമായ നിത്യകർമ്മമാകയാൽ അതെപ്പോൾ വേണമെങ്കിലും അനുഷ്ഠിക്കാം. "നൈവംധാരന കശ്ചിത് കാലനിയമോഽസ്തി യദഹരേവൈനം ശ്രദ്ധോപനമേത്തദഹരാദധീത ഇതി"—അഗ്നിഹോത്രം ഏതു കാലത്തു ചെയ്യണമെന്നു നിയമമില്ല. ഏതുസമയം ശ്രദ്ധ മനസ്സിലുദിക്കുന്നുവോ അപ്പോൾ ഹോമം ചെയ്യാം, എന്ന് "അപനയോ വാഽഽധാനസ്യ സർവ്വകാലത്വാത്" (5. 4. 16.) എന്ന ജൈമനീയ സൂത്രഭാഷ്യത്തിൽ ശബരൻ പറയുന്നു.

എങ്കിലും, രാവിലെ സന്ധ്യോപാസനം കഴിഞ്ഞശേഷവും വൈകുന്നേരം സന്ധ്യക്കുമുമ്പും ഹോമം ചെയ്യണമെന്നാണ് വിധി. മനു (2. 15.) വിൽ ഹോമകാലത്തെപ്പറ്റി പല മതവും രേഖപ്പെടുത്തീട്ടുണ്ട്. എങ്കിലും സൂര്യൻെറ തേജോബിംബം ആകാശത്തിൽ ഉയർന്നുകാണുമ്പോൾ ഹോമമാരംഭിക്കണമെന്ന മതം സർവ്വസമ്മതമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

പ്രാദുഷ്കരണമഗ്നീനാം പ്രാതർഭാസാം ച ദർശനാത്
ഹസ്താദൂർധ്വം രവിർയാവത് ഗിരിർഹിത്വാ ന ഗച്ഛതി;
താവദ്ധോമവിധിഃ പുണ്യോ നാന്യോഽഭ്യുദിത ഹോമിനാം

(ഗോഭിലസ്മൃതി. 1-122-123)

രാവിലെ സൂര്യൻ ആകാശത്തിൽ ഒരു മുഴമുയരുമ്പോൾ ചെയ്യുന്ന ഹോമമാണു പുണ്യകർമ്മം. അടുത്തവാക്യത്തിൽ (ഗോഭില. 1–124) വൈകുന്നേരത്തെ ഹോമകാലം നക്ഷത്രങ്ങൾ ഉദിക്കുന്നതും സൂര്യൻെറ ചുവന്ന നിറം മറയുന്നതുമായ ഘട്ടമാണെന്നു പറയുന്നു.

അഗ്നിഹോത്രം ജുഹുയാദാ-
ദ്യന്തേ ദ്യുനിശോഃ സദാ

(മനു. 4-25)

രാത്രിയും പകലും തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും മുടങ്ങാതെ ഹോമം ചെയ്യേണ്ടതാണ്. അതായത് രണ്ടു സന്ധ്യാകാലത്തും അഗ്നിഹോത്രമനുഷ്ഠിക്കണം.

പരമാത്മാവിന്റെ ഈ സൃഷ്ടിയിൽ എപ്പോഴും നടന്നുകൊണ്ടിരിക്കുന്ന വിരാട്ഹോമത്തിന്റെ പ്രകടമായ രൂപം സൂര്യനിൽ കൂടി നാം കാണുന്നു. സൃഷ്ടിയിൽ ഉൾപ്പെടുന്ന ചരാചരങ്ങൾക്ക് വെളിച്ചവും ജീവനും നൽകുന്നതിനായി കാരുണ്യക്കടലായ വിശ്വപതി സൂര്യനിൽ ഹോമം നടത്തുന്നു. അതിൽനിന്ന് പ്രകാശം സർവ്വത്ര പാറുന്നു. ആ പരമപിതാവിന്റെ വിഭൂതിമൂലം സമ്പാദിതമായി ഉയരുന്ന ദൈവയജ്ഞത്തിന്റെ പ്രാതഃകാലീനമായ രൂപം സൂര്യനിൽക്കൂടി പ്രകടമാകുംപോലെ, സുവ്യക്തമായി മറ്റൊന്നിലൂടെയും നമുക്കു അനുഭവമാകുന്നില്ല. അതിനാൽ, വിശ്വപതിയുടെ സത്യനിയമത്തെ അതേപടി പകർത്തുവാനുള്ള ഇച്ഛയോടെ ഓരോ ഗൃഹപതിയും അവനവന്റെ ലോകമാകുന്ന ഗൃഹത്തിൽ, ശ്രദ്ധയോടും പരോപകാരബുദ്ധിയോടും ഈശ്വരാർപ്പണ ഭാവത്തോടും കൂടി, സൂര്യനിലും അഗ്നിയിലുമൊന്നുപോലെ കാണുന്ന പ്രകാശത്തെ സ്മരിച്ചുകൊണ്ട് ഹോമം ചെയ്യുന്നു. വിശ്വത്തിൽ കിഴക്കുഭാഗത്ത് സൂര്യൻ ഉയർന്നു ഉയർന്നു വരുന്നതോടൊന്നിച്ചു, അതേസമയം ഗൃഹത്തിലും ഹോമാഗ്നി ജ്വലിച്ചു ജ്വലിച്ചുവളരണമെന്നതാണ് അഭീപ്സിതം. അതുപോലെ, സൂര്യൻ അസ്തമിച്ച് തീരെ മറയുമ്പോൾ ഹോമാഗ്നിയും അണയണം. ഇതാണ് ഹോമകാല നിർണ്ണയത്തിനാധാരം.

അതിനാൽ ഹോമം രണ്ടുകാലത്തും പകൽതന്നെ നടത്തണമെന്നു സിദ്ധിക്കുന്നു. സന്ധ്യോപാസനക്കുശേഷം രാവിലത്തെ ഹോമവും, സന്ധ്യോപാസനയ്ക്കുമുമ്പ് വൈകുന്നേരത്തെ ഹോമവും ചെയ്യുകയാണ് വിഹിതാനുഷ്ഠാനം.

ഹോമസ്വരൂപം

മനുഷ്യൻ മൂന്നു ഋണവും കൊണ്ടാണ് ജനിക്കുന്നതെന്നത് വേദാവലംബികളുടെ ചിരന്തനമായ വിശ്വാസമാകുന്നു. അവയ്ക്കു ഋഷിഋണം, ദേവഋണം, പിതൃഋണം എന്നു പേർ. ഋഷികളോടും, ദേവന്മാരോടും പിതൃക്കളോടുമുള്ള കടമയെന്നർത്ഥം:

ജായമാനോ വൈ ബ്രാഹ്മണസ്ത്രിഭിർ ഋണവാ ജായതേ ബ്രഹ്മചര്യേണ ഋഷിഭ്യോ യജ്ഞേന ദേവേഭ്യഃ പ്രജയാ പിതൃഭ്യ ഏഷ വാ അനൃണോ യഃ പുത്രീ യജ്വാ ബ്രഹ്മചാരിവാസീ.

(തൈത്തിരീയസംഹിത .6. 3. 10. 5.)

ഋണം വൈ ജായതേ യോ/സ്തി; സ ജായമാന ഏവ ദേവേഭ്യ
ഋഷിഭ്യഃ പിതൃഭ്യോ മനുഷ്യേഭ്യഃ

(ശതപഥം. 1 7. 2,11.)

ഋണമസ്മിൻ സംനയത്യമൃതത്വം ച ഗച്ഛതി |

(ഐതരേയബ്രാഹ്മണം33. 1.)

ജനിക്കുമ്പോൾ വേദവിശ്വാസി മൂന്നുകടവും കൊണ്ടു വരുന്നു. ഋഷികളോടുള്ള കടം ബ്രഹ്മചര്യംകൊണ്ടു വീട്ടണം. ദേവന്മാരോടുള്ളത് ഹോമംകൊണ്ടും, പിതൃക്കളോടുള്ളത് സന്താനം മൂലവും. അപ്രകാരം സന്താനവാനും അഗ്നിഹോത്രിയും ബ്രഹ്മചര്യ വാസിയുമായ അവൻ കടമില്ലാത്തവനായിത്തീരും. ദേവന്മാരോടും ഋഷികളോടും

പിതൃക്കളോടും മനുഷ്യരോടും ഉള്ള കടം കൂടെ പിറന്നതാണു്. ഈ കടങ്ങൾ വീട്ടിയാൽ അമൃതത്വം കിട്ടും.

ബ്രഹ്മചര്യകാലത്തു ഹോമം മുടക്കാവുന്നതല്ല. ബ്രഹ്മചര്യം യഥാവിധി അനുഷ്ഠിച്ചശേഷം തുടരുന്ന ഹോമം കൊണ്ടു് ഋഷികളോടും ദേവന്മാരോടും മനുഷ്യരോടുമുള്ള കടം വീട്ടുവാനും തദ്വാരാ പരമാത്മാവിനെ ഭജിക്കുവാനും കഴിയും.

യഃ സമിധാ യ ആഹുതീ യോ വേദേന ദദാശമർത്തോ അഗ്നയേ | യോ നമസാ സ്വധ്വരഃ||

(ഋക്. 8. 19. 5)

ആരു സമിത്തും ആഹുതിയും വേദപാഠവും ഈശ്വരധ്യാനവും കൊണ്ടു അഗ്നിയെ ഭജിക്കുന്നുവോ അവൻ യഥാർത്ഥമായ യജ്ഞം ചെയ്യുന്നു എന്നു മന്ത്രസാരം. വേദമന്ത്രോച്ചാരണം ഋഷികളെ തൃപ്തരാക്കുന്നു. അഗ്നിയിൽ സമിത്തും ആഹുതിയുമിടുന്നതുമൂലം ദേവതകളുടെ കർമ്മത്തിൽ സഹായം ലഭിക്കുന്നു; ഈശ്വരനിയമത്തെ അനുസരിക്കുന്നതിനാൽ മനുഷ്യനു ഗുണമുണ്ടാകുന്നു. എല്ലാററിലുമുപരി, ഹോമകർമ്മംമൂലം ഈശ്വരോപാസനയും നടക്കുന്നു. ഇവയാണു് ഹോമാംഗങ്ങൾ.

ഹോമകർമ്മത്തിന്റെ ആരംഭത്തിൽ പ്രാർത്ഥനാത്മകമായ എട്ടുമന്ത്രങ്ങൾ ഉണ്ടു്. പിന്നീടു് സ്വസ്തിവാചനമെന്നും ശാന്തിയെന്നും രണ്ടു പ്രകരണകളിൽ ഏതാനും മന്ത്രങ്ങൾ പഠിക്കാറുണ്ടു്. ഈ മൂന്നു ഭാഗവും വിശേഷമായ ഹോമകാലത്തും, ആദ്യത്തേ എട്ടുമാത്രം ചുരുക്കത്തിൽ ഹോമം നടത്തുമ്പോഴും ഉച്ചരിക്കയാണു് നടപ്പു്. ഈ മന്ത്രപാഠത്തിന്റെ പ്രയോജനം മുഖ്യമായി ഋഷികളോടുള്ള ഋണം വീട്ടുകയാണു്. ഇനി ഹോമകർമ്മത്തിനുള്ള

ഒരുക്കമാണു്. ആചമനവും ഇന്ദ്രിയസ്പർശവും കഴിഞ്ഞതിൽ പിന്നെത്തെ ചടങ്ങുതുടങ്ങുന്നു.

അടുത്തതു് അഗ്ന്യാധാനം. ഇതിനു അഗ്ന്യാധേയമെന്നും പേരുണ്ടു്. അഗ്നിഹോത്രത്തിനായി നിയതകാലത്തും നിയതസ്ഥാനത്തും മന്ത്രമുച്ചരിച്ചുകൊണ്ടു് അഗ്നിജ്വാലയുണ്ടാക്കുകയാണീ ചടങ്ങു്. "വിശിഷ്ടകാലേ,വിശിഷ്ടദേശേ, വിശിഷ്ടപുരുഷേണ വിശിഷ്ടൈർമ്മന്ത്രൈർഗ്ഗാർഹപത്യാ ദ്യഗ്ന്യത്പത്യർത്ഥം യദങ്ഗാരാണാംന്നിധാനം തദഗ്ന്യാധേയമുച്യതേ, അഗ്നീനാമന്വാധേയം തത്കർത്തവ്യമിത്യർത്ഥഃ" (ആശ്വലായനശ്രൗതസൂത്രം 2. 1. 9-മേൽ നാരായണൻ) ശുഭകാലത്തു് ശുഭസ്ഥാനത്തു് ശുഭസങ്കല്പവാനായ പുരുഷൻ ശുഭമായ മന്ത്രമുച്ചരിച്ചുകൊണ്ടു് ഹോമാർത്ഥം തീയുണ്ടാക്കാനായി തീ കൊളുത്തുന്നതിനു അഗ്ന്യാധേയമെന്നു പേർ. ഇതിൽ പ്രദീപനാദി ഉൾപ്പെടുന്നു.

അടുത്തതു് സമിദാധാനം. പ്രദീപ്തമായ അഗ്നി പ്രജ്വലിതമാകണമെങ്കിൽ അതിൽ സമിധ അടുക്കണം. അഗ്നികുണ്ഡത്തിൽ ഇപ്രകാരം മന്ത്രമോതിക്കൊണ്ടു സമിധ ഇടുന്നതു് സമിദാധാനം.

പ്രജ്വാലനാർത്ഥം നെയ്യൊഴിക്കുന്നതാണു് അടുത്തപടി ഉരുക്കിയ ശുദ്ധഘൃതം പ്രദീപ്തമായ സമിധയിന്മേൽ മന്ത്രസമേതം ആഹുതിയായി ഒഴിച്ചുകൊണ്ടു് അഗ്നിയെ ജ്വലിപ്പിക്കണം.

പരിഖാവിധിയാണിനിയത്തെ ചടങ്ങു്. അഗ്നികുണ്ഡത്തിനു നാലുവശവും ജലം ചുററുകയാണീക്രിയ. ഇതിന്റെ ഭൗതികമായ പ്രയോജനം അഗ്നികുണ്ഡത്തിനടുത്തു പ്രാണികൾ വരാതെ തടയുകയാകുന്നു. എന്നാൽ അതിന്റെ ആദ്ധ്യാത്മികാർത്ഥം എല്ലാററിലും

മഹത്വമേറിയതാണു്. അഖണ്ഡവ്രതം, ഈശ്വരാജ്ഞാപാലനം, ജ്ഞാനം ഇവയെ യജ്ഞത്തിനു ആലംബമായുദ്ദേശിക്കയാണു് ഇതുകൊണ്ടു ചെയ്യുന്നതു്. കർമ്മത്തിന്റെ സഫലത ഇവയെ ആശ്രയിച്ചിരിക്കുന്നു.

അടുത്തതു് ആഘാരാജ്യഭാഗാഹുതിയാകുന്നു. ആജ്യമെന്നാൽ നെയ്യു്. ആഘാരത്തിനു ഉരുക്കുക എന്നർത്ഥം. ഉരുക്കിയ നെയ്യു് അഗ്നിയിൽ വീത്തുകയാണീ കർമ്മം. ഹവനകുണ്ഡത്തിൽ തെക്കേ ഭാഗത്തും വടക്കേഭാഗത്തും ഒഴിക്കുന്നതാണു് ഭാഗാഹുതി.

ഇനി അഗ്നിഹോത്രം തുടങ്ങണം. ഇതു ദൈനികമാണു്. ഉച്ചരിക്കുന്ന മന്ത്രത്തെ സംബന്ധിച്ചിടത്തോളം രാവിലത്തേതിനും വൈകുന്നേരത്തേതിനും തമ്മിൽ ഭേദമുണ്ടു്. കാലത്തെ മന്ത്രങ്ങൾ സൂര്യനേയും വൈകുന്നേരത്തേതു് താരങ്ങളേയും എടുത്തു പറഞ്ഞിട്ടു അവയിലൂടെ പ്രകാശിക്കുന്ന ബ്രഹ്മതേജസ്സിനെ സ്മരിക്കുന്നു. എല്ലാജ്യോതിസ്സും ബ്രഹ്മത്തിന്റെ വിഭൂതി തന്നെ. അതിനാൽ ബാക്കി മന്ത്രങ്ങൾ സമാനമാകുന്നു.

അവസാനം, പൂർണാഹുതിക്കുശേഷം ഉപാസകൻ നിവൃത്തനാകും. സ്ഥൂലരൂപത്തിൽ ഹോമത്തിന്റെ അംഗങ്ങൾ മേൽപറഞ്ഞവയാണു്. ഇവയുടെ പ്രയോഗപരമായ സ്പഷ്ടീകരണം മന്ത്രാർത്ഥപ്രകരണത്തിൽ കണ്ടുകൊള്ളുക

സന്ധ്യാ

സന്ധ്യാവന്ദനമന്ത്രങ്ങളും, പ്രക്രിയയും, മന്ത്രഭാഷ്യവും

ഋഷയോ നിത്യസന്ധ്യത്വാത്
ദീർഘമായുരവാപ്നുയുഃ |
പ്രജ്ഞാം യശശ്ച കീർത്തിഞ്ച
ബ്രഹ്മവർചസമേവച ||

മഹാഭാരതം. അനു. 104. 18,

[എന്നും മുടക്കാതെ സന്ധ്യ അനുഷ്ഠിച്ചു വന്നതിനാൽ ഋഷികൾ ദീർഘായുസ്സും പൂർണ്ണജ്ഞാനവും, യശസ്സും, കീർത്തിയും പരമാത്മതേജസ്സും നേടി]

കുറിപ്പ്

സന്ധ്യാനുഷ്ഠാനം പ്രയോജനപ്രദമാക്കാനിച്ഛിക്കുന്ന സാധകൻ താഴെ കൊടുക്കുന്ന പ്രക്രിയ സവിശേഷം ശ്രദ്ധിക്കട്ടെ—

ഒന്നാമത്ത്, പദാർത്ഥം മനസ്സിലാക്കി സന്ധ്യാമന്ത്രങ്ങൾ ഉച്ചരിക്കണം.

രണ്ടാമത്ത്, വിനിയോഗത്തിന്റെ പ്രയോജനം സ്മരിച്ചുകൊണ്ട് ഓരോ മന്ത്രവും പ്രയോഗിച്ചു ശീലിക്കണം.

അതിനോടൊന്നിച്ച്, ഓരോ മന്ത്രത്തേയും ഉപാസ്യനായ പരമാത്മദേവനിൽ സമന്വയിച്ച്, വിരാട് പുരുഷനെ ഉപാസിക്കയും, തദ്വാരാ തനിപ്രകാശമായ ബ്രഹ്മത്തെ അനുഭവിക്കയും ചെയ്യണം.

അവസാനം, സ്തുതി, പ്രാർത്ഥനാ, ഉപാസനാ എന്നീ സാധനാക്രമത്തിലൂടെ ബ്രഹ്മത്തിന്റെ സാക്ഷേപവും പിന്നീട് കേവലവുമായ സ്വരൂപത്തിൽ ലയിക്കണം.

ഓം

സന്ധ്യോപാസനം

ഭാഷ്യപീഠിക

ഒരുക്കം

ബ്രഹ്മയജ്ഞത്തിലുൾപ്പെട്ട സന്ധ്യ ഏവരും മുടങ്ങാതെ എന്നും രാവിലേയും വൈകിട്ടും അനുഷ്ഠിക്കേണ്ട നിത്യകർമ്മമാകുന്നു. പുലർച്ചയ്ക്കുമുമ്പ്, ബ്രാഹ്മമുഹൂർത്തത്തിൽ ഉണർന്ന്, മലവിസർജ്ജനം, പല്ലുതേയ്പ്, വ്യായാമമെന്നിവ നിർവഹിച്ചശേഷം കുളിക്കണം. കുളി യഥാസൌകര്യം മതി. കയ്യും കാലും മുഖവും കഴുകി ശുദ്ധമായാലും പോരെന്നില്ല. ആരോഗ്യസ്ഥിതി അനുസരിച്ച്, പ്രാതഃസ്നാനം പ്രശസ്തമാണ്. വൈകുന്നേരം കുളി കൂടിയേ തീരു എന്നില്ല. യഥാർത്ഥത്തിൽ ഗാത്രാദി ശുദ്ധിയാണിവിടെ ലക്ഷ്യം. "അദ്ഭിർ ഗാത്രാണി ശുദ്ധ്യന്തി, മനഃ സത്യേന ശുദ്ധ്യതി | വിദ്യാതപോഭ്യാം ഭൂതാത്മാ, ബുദ്ധിർ ജ്ഞാനേന ശുദ്ധ്യതി ‖ (മനു. 5. 109) =ശുദ്ധി (ശൌചം) രണ്ടുവിധമുണ്ട്. ബാഹ്യവും ആഭ്യന്തരവും. ബാഹ്യമെന്നാൽ ശാരീരികം. ഗാത്രാണി=ശരീരം, അദ്ഭിഃ=വെള്ളംകൊണ്ട്, ശുദ്ധ്യന്തി=ശുദ്ധമാകുന്നു. മനഃ=അന്തഃകരണം, സത്യേന=സത്യം പറകയും ആചരിക്കയും ചെയ്യുന്നതു നിമിത്തം, ശുദ്ധ്യതി=ശുദ്ധമാകുന്നു. ഭൂതാത്മാ=ജീവാത്മാവ്, വിദ്യാതപോഭ്യാം=വേദാദിസത്യ

ശാസ്ത്രങ്ങൾ പഠിക്കയും തപസ്സ് ചെയ്കയും ചെയ്യുന്നതു മൂലവും, ബുദ്ധിഃ=വിവേകബുദ്ധി ജ്ഞാനേന=തിരിച്ചറിവു കൊണ്ടും ശുധ്യതി=ശുദ്ധമാകുന്നു. ശരീരശുദ്ധികഴിഞ്ഞു് ശുഭവിചാരവും, ഈശ്വരഭക്തിയും കൊണ്ടു് ചിത്തശുദ്ധിയും, ബ്രഹ്മസാക്ഷാത്കാരത്തിനുള്ള ആത്മപ്രേരണ മൂലം ആത്മശുദ്ധിയും നേടണം.

പിന്നീടു്, ശുദ്ധവസ്ത്രമുടുത്തിട്ടു്, ശാന്തവും, സ്വച്ഛവും, ആനന്ദപ്രദവുമായ സ്ഥാനത്തിരുന്നുകൊണ്ടു് സന്ധ്യ തുടങ്ങണം. "ശുചൌ ദേശേ പ്രതിഷ്ഠാപ്യ, സ്ഥിരമാസനമാത്മനഃ | നാത്യുച്ഛ്രിതം നാതിനീചം ചൈലാജിനകുശോത്തരം ॥ (ഭഗവദ്ഗീത. 6. 11)=വിശുദ്ധമായ സ്ഥാനത്തു് ഇരിപ്പുറപ്പിക്കണം. ഇരിപ്പിടം തറനിരപ്പിൽ നിന്നു് ഏറെ ഉയർന്നതോ താണതോ ആയിരുന്നുകൂടാ. എല്ലാറ്റിനുമടിയിൽ കുശപ്പുല്ലുകൊണ്ടുള്ള തടുക്കിടുക; അതിന്മേൽ തോലോ, രോമംകൊണ്ടുള്ളതോ മരത്തൊലിയോ വിരിക്കുക; എല്ലാററിനും മുകളിൽ മുണ്ടിടുക—(കുശാനാമുപരി ചർമ്മ, തദുപരി ചൈലമാസ്ഥീര്യേത്യർത്ഥഃ–വെങ്കടനാഥ പണ്ഡിതർ) ഇതിന്മേലിരുന്നുവേണം സന്ധ്യാനുഷ്ഠാനം തുടങ്ങാൻ.

ആസനം പല പ്രകാരത്തിലുമുണ്ടു്. അവയെല്ലാം വെറും വ്യായാമമാണെന്നു ഓർക്കണം. അതൊന്നുമേ ഉപാസനയ്ക്കുതകയില്ല. യോഗദർശനത്തിൽ (സാധനപാദം, 46) പതഞ്ജലിമുനി ഇങ്ങനെ നിഷ്കർഷിക്കുന്നു:— "സ്ഥിരസുഖമാസനം"=സ്ഥിരം നിശ്ചലം യത് സുഖം സുഖാവഹം തദാസനം (വാചസ്പതിമിശ്രൻ)=യാതൊരു ഇരിപ്പ് സ്ഥിരമായ സുഖം തരുമോ അതാണു് ആസനം. അതിനാൽ, ഏതു രീതിയിൽ ഇരുന്നുകൊണ്ടു്, ബുദ്ധി

മുട്ടും വൈഷമ്യവും വിമ്മിഷ്ടവും തെല്ലുമേ അനുഭവിക്കാതെ, അനായാസേന, ആദ്യന്തം സന്ധ്യ അനുഷ്ഠിക്കാൻ കഴിയുമോ, ആ രീതിയിൽ ഇരിക്കയാണു് വേണ്ടതു്. ഉപാസകന്റെ തഴക്കവും ഇഷ്ടവും പോലെ ഇരിപ്പു് ഉറപ്പിക്കണമെന്നുതാത്പര്യം.

ആചമനം ചെയ്യുന്നതിനു് ഉപയോഗപ്പെടത്തക്ക ഒരു ചെറുപാത്രത്തിൽ ശുദ്ധജലവും, അതിൽ ആവശ്യം പോലെ വെള്ളമെടുക്കാൻ ഒരു ഉപസ്തരണി (ചെറുകരണ്ടി) യും അടുത്തുണ്ടായിരിക്കണം. ചെമ്പുപാത്രമാണു് ഉപയോഗിക്കാറുപതിവു്. പൊന്നോ, വെള്ളിയോ കൊണ്ടുണ്ടാക്കിയതും കൈകാര്യം ചെയ്യാം. കർമ്മകാണ്ഡപരമായ ചടങ്ങു് നിർവഹിക്കാതേയും (ജലം ആചമിക്കാതേയും) സന്ധ്യ അനുഷ്ഠിക്കാം. ആ നിലയ്ക്കു്, മന്ത്രാചമനം (ആചമനമന്ത്രം ഉച്ചരിക്കമാത്രം) മതി. കയ്യ് തുടയ്ക്കാൻ ഒരു ചെറുതുവർത്തും അടുത്തുണ്ടായിരിക്കുന്നതു് പ്രയോജനപ്രദമാണു്.

അർത്ഥവിചാരം

സന്ധ്യോപാസനത്തിനു് മന്ത്രങ്ങൾ ജപിച്ചാൽ മാത്രം പോരാ. മന്ത്രജപത്തിനോടൊന്നിച്ചു് അതിന്റെ അർത്ഥഭാവനയും നടക്കണം ശ്രീ ശങ്കരാചാര്യർ വേദാന്തസൂത്രഭാഷ്യത്തിൽ (1. 3. 30) പറയുന്നു:—"യോ ഹവാ അവിദിതാർഷേയഛന്ദോ ദൈവതബ്രാഹ്മണേന മന്ത്രേണയാജയതി വാഽധ്യാപയതി വാർച്ഛതി ഗർതം വാ പ്രതിപദ്യതേ" ഋഷി, ഛന്ദസ്, ദേവത, വിനിയോഗം (ബ്രാഹ്മണം), ഇതൊക്കെ അറിയാതെ മന്ത്രം ഓതി കർമ്മം ചെയ്യിക്കയോ, പഠിപ്പിക്കയോ ചെയ്യുന്നവൻ ഇരുട്ടത്തു

ത്തിൽ തട്ടിയോ, കുഴിയിലോ എന്നപോലെ വീഴുന്നു. ഋഷി=മന്ത്രത്തിന്റെ അർത്ഥമറിഞ്ഞ ആപ്തൻ. ഛന്ദസ്=മന്ത്രങ്ങളുടെ സ്വരൂപഘടന. ദേവതാ=മന്ത്രത്തിന്റെ അഭീപ്സിതമായ മർമ്മം. ബ്രാഹ്മണം=വിനിയോഗം. ഇവ നാലും മനസ്സിലാകാതെ മന്ത്രാർത്ഥം വിളങ്ങുകയില്ല. അർത്ഥമറിയാതെ മന്ത്രമോതികൊണ്ടു പോകുന്നവൻ, യാസ്കാചാര്യർ പറയുംപോലെ—"സ്ഥാണുരയം ഭാരഹാരഃ കിലാഭൂദധീത്യ വേദം നവിജാനാതിയോഽർത്ഥം | യോഽർത്ഥജ്ഞ ഇത് സകലം ഭദ്രമശ്നുതേ, നാകമേതി ജ്ഞാനവിധൂതപാപ്മാ || യദധീതമവിജ്ഞാതം, നിഗദേനൈവ ശബ്ദ്യതേ | അനഗ്നാവിവശുഷ്കൈധോ നതജ്ജ്വലതി കർഹിചിത് || (നിരുക്തം 1. 18)=വേദംപഠിച്ചിട്ടും അർത്ഥമറിയാത്തവൻ ഭാരം ചുമക്കുന്ന വെറുംതൂണാണ്. അർത്ഥമറിയുന്നവൻ, ജ്ഞാനംകൊണ്ടു് പാപം കഴുകപ്പെട്ടവനായിസ്വർഗ്ഗം പ്രാപിക്കയും, പൂർണ്ണമായ ഭദ്രം നേടുകയും ചെയ്യുന്നു. അർത്ഥമറിയാതെ വേദമോതുന്നവൻ വെറുതേ പുലമ്പുകയാണ് ചെയ്യുന്നതു്. തീയില്ലാത്തിടത്തു് ഉണക്കവിറകുപോലും എങ്ങാനും കത്താറുണ്ടോ? അതുകൊണ്ടു്, "യദേവ വിദ്യയാ കരോതി, ശ്രദ്ധയോപനിഷദാ, തദേവ വീര്യവത്തരം ഭവതി |" (ഛാന്ദോഗ്യം 1-1-10) യദേവ=യാതൊന്ന് തീർച്ചയായും, വിദ്യയാ=മന്ത്രാർത്ഥജ്ഞാനത്തോടുകൂടി, ശ്രദ്ധയാ=ആസ്തിക്യ ഭാവപുരഃസരം, വിശ്വാസപൂർവ്വം, ഉപനിഷദാ=രഹസ്യമറിഞ്ഞിട്ട് യഥാവിധി ചെയ്യുന്നുവോ, തദേവ=അതു മാത്രമേ വീര്യവത്തരം=ഫലം തരുന്നതിനു ഊക്കുംകെല്പുമുള്ളതായി, ഭവതി=തീരുന്നുള്ളൂ.

ഇപ്രകാരം, അർത്ഥഭാവനയോടുകൂടി സന്ധ്യചെയ്യണം. സന്ധ്യോപാസനത്തിന്റെ അർത്ഥമറിഞ്ഞു്, ഓരോമന്ത്രത്തേയും ഈശ്വരനിൽ സമന്വയിക്കുകയാണ് അർത്ഥവിചാരം. ക്രിയയുടെ ബാഹ്യരൂപം മുഖ്യമല്ല. സന്ധ്യാമന്ത്രങ്ങൾ അനന്തപുരുഷോപാസനയിൽ സമന്വിതമാണെന്നു ഓർക്കണം. ഉപാസനാരഹസ്യമിതാകുന്നു. ഒന്നാമതു്, സ്ഥൂലമായ വ്യഷ്ടിയിൽ ഈശ്വരന്റെ മഹിമ അനുഭവിക്കുക. പിന്നീട്, സ്ഥൂലമായ സമഷ്ടിയിൽ ഈശ്വരമഹിമ കാണുക. അനന്തരം, ശുദ്ധചിത്തംമൂലം സ്ഥൂലത്തിനകത്തുകടന്ന് സൂക്ഷ്മത്തിലും, അതു കഴിഞ്ഞു്, അതിനുമപ്പുറമുള്ള മൂലപ്രകൃതിയിലും ബ്രഹ്മമഹിമകണ്ടെത്തുക. ഇതു ബ്രഹ്മത്തിന്റെ ശബലരൂപമാകുന്നു. ഇതിലുമേറെ വലുതാണ് ശുദ്ധബ്രഹ്മം. അതു കാണാൻകഴിയുന്നതു് നമ്മുടെ ശബലരൂപത്തിനല്ല. ആത്മാവിന്റെ ശുദ്ധരൂപമറിയാൻ കഴിഞ്ഞാൽ, ആ ആത്മതത്ത്വത്തിലൂടെ ശുദ്ധബ്രഹ്മതത്ത്വം കാണാം. സന്ധ്യയുടെ രഹസ്യമിതാകുന്നു.

താത്പര്യം

ആചമനം മുതൽ സമർപ്പണം വരെയുള്ള സന്ധ്യാമന്ത്രങ്ങൾ അനന്തപുരുഷോപാസനയിൽ സമന്വിതമാണെന്നതാണ് ഈ പ്രപഞ്ചത്തിന്റെ താത്പര്യം.

ആപഃ (=ദിവ്യമായ ജലം), 'സ്വധ'യോടുകൂടിയ വ്യാപകപുരുഷൻ. ബ്രഹ്മത്തിന്റെ ശബലരൂപമഹിമ വ്യഷ്ടിയായ ജലത്തിൽ അനുഭവിക്കുകയാണിവിടെ ചെയ്യുന്നതു്. "ആപ ഏവേദമഗ്ര ആസുഃ! (ബൃഹദാരണ്യകം 5. 5. 1) ആരംഭത്തിൽ സർവവ്യാപകനായ

ഈശ്വരൻ ആപോവിശിഷ്ടനായി വർത്തിച്ചു. ഋഗ്വേദത്തിലെ സൃഷ്ടിസൂക്തത്തിൽ (10. 129) ആരംഭാവസ്ഥയെ "അംഭസ്" (=ജലം) എന്നു പറയുന്നു. അതിനെത്തന്നെ അടുത്തമന്ത്രത്തിൽ "സ്വധാ" (=പ്രകൃതിയുടെ സദ്ഭാവം)എന്നും, അതിനടുത്തതിൽ "സലിലം"(=ഏകരൂപം) എന്നും വ്യവഹരിക്കുന്നു. ജലവാചിയായ ഈ പദങ്ങളെല്ലാം പ്രകൃതിയുടെ ആദ്യാവസ്ഥയെയാണു കുറിക്കുന്നതു്. അതിൽ വ്യാപിച്ചിരിക്കുന്ന പരമാത്മാവിനെ അനുഭവിച്ചറിയുക 'ആചമന'ത്തിന്റെ രഹസ്യമാകുന്നു. അതുപോലെ, പ്രകൃതിയുടെ ആദിമമായ ദ്രവാവസ്ഥയിൽ ഏകരൂപമായി, തിങ്ങിനിറഞ്ഞു വർത്തിക്കുന്ന ഈശ്വരന്റെ വ്യഷ്ടിമഹിമ നാമറിയുന്നു. സമഷ്ടിയായ ജലത്തിന്റേയുംമഹിമ ഇതുതന്നെ. അപ്രകാരമുള്ള അനന്തപുരുഷൻ നമ്മുടെ മുമ്പാകെ (അഭി=നേക്കു, സ്രവന്തു=പ്രവഹിക്കട്ടെ) പ്രകടമാകട്ടെ.

സമഷ്ടിയിലെന്നപോലെ വ്യഷ്ടിയായ തന്റെ ശരീരത്തിലും ഉപാസകൻ ആ അനന്തപുരുഷന്റെ വിഭൂതികളെ അനുഭവിക്കയാണു 'ഇന്ദ്രിയസ്പർശ'ത്തിന്റെ രഹസ്യം. സ്പർശം=അടുത്തുചെന്നു് അനുഭവിക്കുക. ഉപാസനയുടെയും ഭാവമിതുതന്നെ. (ഉപ=അടുത്തു് ആസനാ=ഇരിക്കുക.) തന്റെ ശരീരത്തിൽ ഇന്ദ്രിയങ്ങളും അംഗങ്ങളും പ്രവർത്തിക്കുന്നതു് സർവ്വവ്യാപകനായ സർവ്വനിയന്താവിന്റെ മഹിമകൊണ്ടു മാത്രമാണെന്നു് ധരിക്കണം. "ശ്രോത്രസ്യ ശ്രോത്രം, മനസോ മനോ യദ്വാചോ ഹ വാചം സ ഉ പ്രാണസ്യപ്രാണഃ | ചക്ഷുഷശ്ചക്ഷുരതിമുച്യധീരാഃപ്രേത്യാസ്മാല്ലോകാദമൃതാ ഭവന്തി | " (കേന. 1. 2) ഈശ്വരൻ ശ്രോത്രത്തിന്റെ ശ്രോത്രവും മനസിന്റെ മനസ്സും,

വാക്കിന്റെ വാക്കും, പ്രാണന്റെ പ്രാണനും, കണ്ണിന്റെ കണ്ണും ആകുന്നു. അതറിയുന്ന ധീരപുരുഷൻ പ്രകൃതിബന്ധത്തിൽ നിന്നു് മുക്തനായിട്ടു്, മരിച്ചശേഷം, ഈ ലോകത്തിൽ നിന്നും അമൃതനാകുന്നു.

'മാർജ്ജന'മെന്നാൽ പവിത്രീകരണം. മഹാവ്യാഹൃതിയായ പരമാത്മദേവനെ തത്തദിന്ദ്രിയങ്ങളിൽ വിശുദ്ധിപകരാൻ പ്രാർത്ഥിക്കയാണിവിടെ ചെയ്യുന്നതു്. അതേമാതിരി ആഭ്യന്തരശുദ്ധിക്കായി 'പ്രാണായാമം' അനുഷ്ഠേയമാകുന്നു. ഹൃദയത്തെ വികസിപ്പിച്ചു്, ശരീരത്തിനു വെളിയിൽ സപ്തമഹാവ്യാഹൃതികളാൽ സൂചിതമായ വിഭൂതികളിലോരോന്നിലും കൂടി പടിപടിയായി പരമാത്മാവിനെ അനുഭവിച്ചുകൊണ്ടു പോകയാണിവിടെ സാധകൻ ലാക്കാക്കുന്നതു്. അനന്തപുരുഷനെ വ്യഷ്ടിയിൽക്കൂടി സമഷ്ടിയിൽ വീക്ഷിക്കുവാൻ സാമർത്ഥ്യമുണ്ടാക്കുന്ന പ്രാണായാമത്തിൽ സന്ധ്യക്കുള്ള അന്തരങ്ഗമായ ഒരുക്കം അവസാനിക്കുന്നു.

ഇനി, അനന്തപുരുഷന്റെ വിഭൂതികളെ സൃഷ്ടികർമ്മത്തിൽ കൂടി ദർശിക്കുവാൻ 'അഘമർഷണം' സഹായിക്കുന്നു. സൃഷ്ടിമഹിമാഭാവനമൂലം അനായാസേന സൃഷ്ടികർത്താവിൽ സാധകന്റെ മനസ്സ് എത്തുന്നു. അഘം=പാപം. പാപനാശത്തിനു അഘമർഷണമെന്നു പേർ. പുണ്യലാഭം കൊണ്ടു പാപം താനേ നശിക്കുന്നു ജഗജ്ജനയിതാവായ ജഗദീശ്വരനെ, അദ്ദേഹത്തിന്റെ സൃഷ്ടികർമ്മത്തിൽക്കൂടി സ്മരിക്കുന്നതിലും, സ്തുതിക്കുന്നതിലും വലിയ പുണ്യമായെന്താണുള്ളതു്?

വിശ്വാത്മാവായ വിശ്വകർമ്മാവിന്റെ വിശ്വവൃത്തം കണ്ടു് അതിൽ തന്മയമാകാൻ വെമ്പൽകൊള്ളുന്ന ചി

ത്തത്തെ, തനിക്കു പുറമാകെ, നാലുപാടും, മേലും കീഴും, സർവത്ര ഓടിച്ച് ആ വിരാട്പുരുഷനെ എല്ലായിടത്തും കാണുന്ന സാധനയാണ് 'മനസാപരിക്രമണം.'

'ഉപസ്ഥാന'മെന്നത് ഈശ്വരന്റെ സമീപതമത്വം അനുഭവിക്കുകയാകുന്നു. തമസിനു പ്രകൃതിയെന്നർത്ഥമുണ്ട്. ലോകത്തിനപ്പുറം വീശുന്ന സൂര്യപ്രകാശം പോലെ, പ്രകൃതിക്കു പുറമേ ഒരു ജ്യോതിസ്സുണ്ട്. പ്രകൃതിക്കകത്തു കണ്ടജ്യോതിസ്സ് തുലോം ചെറുതായിരുന്നു. അപ്പുറമുള്ളത് വളരെ വളരെ വലിയ ജ്യോതിസ്സാകുന്നു. അതുകാണാനായിട്ട്, അടുത്തു ചെല്ലുകയാണ് ഉപസ്ഥാനം കൊണ്ട് നിർവഹിക്കുന്നത്.

'ഗുരുമന്ത്രം' കൊണ്ട് അതിനെ ധ്യാനിക്കുന്നു. അനുഭവമാത്രൈകവേദ്യനായ പരമാത്മാവിനെ, അനുഭവിച്ചറിയാനുള്ള ശക്തിയും സാമർത്ഥ്യവും കിട്ടണമെന്നതാണിവിടത്തെ പ്രാർത്ഥന.

ഇപ്രകാരം, സ്തുതി, പ്രാർത്ഥന, ഉപാസനാ എന്ന സാധനാക്രമത്തിൽക്കൂടി, വിരാട്പുരുഷനും, അനന്തപുരുഷനും, ജ്യേഷ്ഠപുരുഷനുമായ ബ്രഹ്മത്തിന്റെ സച്ചിദാനന്ദസ്വരൂപത്തിൽ ആത്മസമർപ്പണം ചെയ്തുകൊണ്ട് സന്ധ്യാനുഷ്ഠാനം അവസാനിപ്പിക്കുന്നു. വിശുദ്ധമായ നാലു വേദത്തിലും വിശിഷ്യ, പുരുഷസൂക്തത്തിലും, നാസദീയസൂക്തത്തിലും വിവേചിക്കുന്ന ബ്രഹ്മരൂപം സന്ധ്യയുടെ പശ്ചാത്തലമാകുന്നു. ബ്രഹ്മത്തിന്റെ വിശുദ്ധമായ സ്വരൂപത്തെ ധ്യാനിക്കുകയെന്നാൽ, ബ്രഹ്മത്തിന്റെ ഗുണങ്ങളേയും, കർമ്മത്തേയും, സ്വഭാവത്തേയും യഥാവിധി അറിഞ്ഞു അനുഭവിക്കയും, അതിൽ ലൌലീനനാകയും ആകുന്നു. 'ശങ്കര'നും 'ശംഭു'വും 'മയസ്കര'നുമായ വിശ്വേ

ശ്വരനിൽ ലയിക്കുവാൻ സന്ധ്യയെക്കാൾ സഫലമായ സാധന മറ്റില്ല. ഇത് ദീർഘകാലം മുടങ്ങാതെ അനുഷ്ഠിച്ചാൽ അനുഭവത്തിൽവരും—നിശ്ചയം.

ആചമനം

സന്ധ്യോപാസനം ആചമനത്തിൽനിന്ന് ആരംഭിക്കുന്നു. വലത്തെ ഉള്ളംകയ്യിലെ മദ്ധ്യത്തുള്ള തടത്തിൽ തൊണ്ട നനയുന്നതിനു വേണ്ടത്ര ശുദ്ധജലമെടുത്തു കുടിക്കുകയാണ് ആചമനം. ചെറുവിരൽ മുതൽ തള്ളവിരൽ വരെ വിടവുകൂടാതെ ചേർത്തു അടുക്കിപിടിച്ചാൽ ആവശ്യമുള്ളിടത്തോളം കുഴി ഉള്ളംകയ്യിൽ താനേ ഉണ്ടായ്ക്കൊള്ളും. അടുത്തു വെച്ചിരിക്കുന്ന ജലപാത്രത്തിൽനിന്ന്, അതു ചരിച്ചോ, കരണ്ടികൊണ്ടോ, കയ്യിൽ ജലം പകരാം. പിന്നീട്, അധരവും ഓഷ്ഠവും നന്നേ കുറച്ചു വിടർത്തി അകത്തോട്ടു ശ്വാസം വലിച്ചാൽ ആ ജലം അനായാസേന അകത്തു പൊയ്ക്കൊള്ളും. ആചമനത്തിനുപയോഗിക്കുന്ന ജലം ശുദ്ധവും നിർമ്മലവുമായിരിക്കണം. അങ്ങുമിങ്ങും തടത്തിൽ കെട്ടിനില്ക്കുന്ന വെള്ളം കൊണ്ടു ആചമിക്കരുത്. (തസ്മാത്പ്രദരോദകം നാചാമേത്. തൈത്തരീയബ്രാഹ്മണം. 1–5–10) മഴവെള്ളം ഏന്തി ആചമിക്കരുത്. (നവർഷധാരാസ്വാചാമേത്. ആപസ്തംബധർമ്മ. 1–5–15–4) ആചമനം ഒച്ച കേൾപ്പിക്കാതെ ചെയ്യണം. (അശബ്ദമാചാമേത്) ആചമനമന്ത്രം ജപിച്ചും അതിന്റെ അർത്ഥം ധ്യാനിച്ചും കൊണ്ടുവേണം ആചമിക്കാൻ. ആചമനംമൂലം ആലസ്യംമാറി ഉണർവുണ്ടാകുന്നതിനോടൊന്നിച്ച്, കഫാദിദോഷം നീങ്ങി കണ്ഠശുദ്ധി കൈവരുന്നു. ആചമന

ത്തിന്റെ പ്രഭാവം ഹൃദയം വരെ എത്തിയിട്ട്, പ്രാണായാമാദിയായ ബാക്കി ചടങ്ങുകൾക്കു യോജിച്ച അവസ്ഥനൽകുന്നു. ആചമനകർമ്മത്തിൽ വിനിയുക്തമായ മന്ത്രമിതാണ്:—

[ആംബരീഷഃ സിന്ധുദ്വീപഋഷിഃ, ഗായത്രീഛന്ദഃ, ആപോ ദേവതാ]

ഓം ശന്നോ ദേവീരഭിഷ്ടയ
ആപോ ഭവന്തു പീതയേ ।
ശംയോരഭിസ്രവന്തു നഃ ॥

ഋഗ്വേദം. 10. 9. 4.

ദേവീഃ [ദേവ്യഃ] = ദിവ്യഗുണമുള്ള, എല്ലാററിനേയും പ്രകാശിപ്പിക്കുവാൻ കഴിയുംവണ്ണം പ്രകാശ സ്വരൂപിയായ, ആപഃ = [ഈശ്വരവിഭൂതിയായ] വെള്ളം, സർവ്വവ്യാപകനായ പരമേശ്വരൻ, നഃ=നമുക്ക്, അഭിഷ്ടയേ=മനോവാഞ്ഛിതമായ സുഖത്തിനും, പീതയേ=കുടിക്കുന്നതിനും, അനുഭവിക്കുന്നതിനും. ശംഭവന്തു=മംഗളമായിതീരട്ടെ. നഃ=നമ്മുടെ ശംയോഃ=സകലസുഖങ്ങൾക്കുമായി അഭിസ്രവന്തു=നേക്കു ഒഴുകട്ടെ, പ്രകാശിക്കട്ടെ.

ഏതുശുഭകർമ്മവും ആരംഭിക്കുന്നതു 'ഓം' എന്നുച്ചരിച്ചുകൊണ്ടായിരിക്കണം. "തസ്മാദോമിത്യുദാഹൃത്യ, യജ്ഞദാനതപഃക്രിയാഃ । പ്രവർത്തന്തേ വിധാനോക്താഃ,സതതം ബ്രഹ്മവാദിനാം ॥ (ഭഗവദ്ഗീതാ 17. 24.) അതിനാൽ, ഓമെന്നുച്ചരിച്ചുകൊണ്ടാണ് വേദവിശ്വാസികൾ വിധിയനുസരിച്ച യജ്ഞം, ദാനം, തപസ് മുതലായ കർമ്മങ്ങൾ എന്നും ചെയ്യുന്നതു്. വൈദികമായ സന്ധ്യയിലെ ആചമനകർമ്മവും ഓമിൽ നിന്നു തുടങ്ങുന്നു. 'ഓം' ബ്രഹ്മ

ത്തിന്റെ മുഖ്യമായ പേരാകുന്നു. "ഓമിതിനാമനിർദ്ദേശോ ബ്രഹ്മണഃ (സർവാനുക്രമണി 4) തസ്യവാചകഃപ്രണവഃ" (യോഗദർശനം 1. 27) = പ്രണവം (ഓം) ഈശ്വരനെ കുറിക്കുന്നു. ആപഃ = (ആപ്ഌ വ്യാപ്തൗ, അപഃ=ആപഃ) സർവ്വത്രവ്യാപിച്ചിരിക്കുന്ന ഈശ്വരൻ. "സേദം സർവ്വമാപ്നോദ് യദിദം കിഞ്ച, യദാപ്നോത്തസ്മാദാപഃ" (ശതപഥം. 6 1. 1. 9) = ഇതിലെല്ലാം യാതൊന്നു നിറഞ്ഞിരിക്കുന്നുവോ, അതു നിറഞ്ഞിരിക്കുന്നതുകൊണ്ട് 'ആപഃ' ആകുന്നു. "തദ്യദബ്രവീദഭിർവാ അഹമിദം സർവ്വമാപ്സ്യാമി യദിദം കിഞ്ചേതി തസ്മാദാപഃ" (ഗോപഥബ്രാഹ്മണം. പൂ. 1. 2.) = ഞാനിതിലെല്ലാം നിറഞ്ഞിരിക്കുന്നുവെന്നു ഈശ്വരൻ ഉപദേശിക്കുന്നതിനാൽ ഈശ്വരൻ 'ആപഃ' ആകുന്നു. "യത്ര ലോകാംശ്ച കോശാംശ്ചാപോ ബ്രഹ്മജനാ വിദുഃ। അസച്ച യശ്ച സച്ചാന്തഃസ്കംഭംബ്രൂഹി കതമഃ സ്വിദേവസഃ॥ (അഥർവ്വവേദം. 10. 7. 10)" = യത്ര = (യാതൊരിടത്തു്) യാതൊന്നിൽ, ലോകാംശ്ച = എല്ലാലോകവും ലേകാന്തരവും, കോശാംശ്ച = ജഗത്തിന്റെ കാരണരൂപമായ പ്രകൃതിബീജങ്ങളും,യത്ര=യാതൊന്നിൽ, അസത്ച=അദൃശ്യമായ ആകാശാദിയും, സത്ച=സ്ഥൂലപ്രകൃതിയിലെ പദാർത്ഥങ്ങളും അടങ്ങുന്നുവോ, ബ്രഹ്മ=ആബ്രഹ്മത്തെ, ജനാഃ=ജനങ്ങൾ ആപഃ=ആപ എന്ന് വിദുഃ=അറിയുന്നു. തം= അവനെ അന്തഃസ്കംഭം = എല്ലാററിന്റേയും അകത്തു വ്യാപിച്ചിരിക്കുന്ന രക്ഷകനും ആശ്രയവുമായി ബ്രൂഹി =കുറിക്കുന്നു. കതമഃ സ്വിത് = അതാരാണ്? 'ആപഃ' തന്നെ എന്ന് താത്പര്യം. അതുകൊണ്ട്, 'ആപഃ' ശബ്ദം ഉപാസ്യനും പൂജ്യനും ഇഷ്ടദേവനുമായ ഈശ്വരനെയാണ് കുറിക്കുന്നതെന്നു

ഒക്കണം. ഉള്ളംകയ്യിലെ വെള്ളംതന്നേയും ആ സർവ്വവ്യാപിയായ ഈശ്വരനെ സ്മരിപ്പിക്കണമെന്നതാണ് അഭിപ്രായം. "യോ ഽപ്സു തിഷ്ഠന്നദ്ഭ്യോ ഽന്തരോ യമാപോ ന വിദുര്യസ്യാപഃ ശരീരം, യോ ഽപോന്തരോ യമയത്യേഷ ത ആത്മാ ഽന്തര്യാമ്യമൃതഃ"(ബൃഹദാരണ്യകം. 3. 7. 4) =ജലത്തിലിരുന്നുകൊണ്ടും ജലമല്ലാത്തതാരോ, ആരെ ജലമറിയുന്നില്ലയോ, ആരുടെ ശരീരം ജലമാണോ, ആരു ജലത്തിൽനിന്ന് വേറെയായിട്ട് അതിൽ നിറഞ്ഞിരിക്കുന്നുവോ ആ പരമാത്മാവാണ് അന്തര്യാമിയായ അമൃതസ്വരൂപി. ആചമനവേളയിൽ ഈ ഇഷ്ടദേവനെ അറിയുകയും ധ്യാനിക്കയും ചെയ്യണമെന്നർത്ഥം. പീതയേ=പാനായ, അനുഭവിക്കുവാൻ, ആസ്വദിക്കുവാൻ, പ്രാപിക്കുവാനെന്നു അഭിഷ്ടാർത്ഥം. അഭിസ്രവന്തു=സർവ്വത്രനിറഞ്ഞിരിക്കുന്ന ആ ഈശ്വരൻ പ്രത്യക്ഷനായിതീരട്ടെ. ഉള്ളം കയ്യിലിരിക്കുന്ന ജലം ശം=സുഖപ്രദമായി ഭവന്തു=തീരട്ടെ, അതുപോലെ എന്നു സാരം. "ഈശാ വാസ്യമിദം സർവം യത് കിഞ്ച ജഗത്യാം ജഗത്|" (യജു. 40. 1) = ഈ ബ്രഹ്മാണ്ഡത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നതെല്ലാം ഈശ്വരൻ നിറഞ്ഞതാണെന്നു അറിയണം.

മൂന്നു തവണ ആചമനം ചെയ്തശേഷം, ഉപാസനാർഹമായി മാറിയ ചിത്തത്തോടു യോജിച്ചു വർത്തിക്കുവാൻ ഇന്ദ്രിയങ്ങളേയും അതാതു അംഗത്തേയും ഒരുക്കുന്ന ക്രിയയിലേർപ്പെടുന്നു.

ഇന്ദ്രിയസ്പർശം

ഇന്ദ്രിയങ്ങളേയും അതാതു അംഗത്തേയും സ്പർശിച്ചു പവിത്രമാക്കുന്നതു് ഇന്ദ്രിയസ്പർശം. സ്ഥൂലമായ അവയവ

ത്തിന് അങ്ഗമെന്നും, ആത്മാവിന്റെ സൂക്ഷ്മശക്തിയ്ക്കു ഇന്ദ്രിയമെന്നും പേർ. രണ്ടിനേയും മാനസികപ്രേരണകൊണ്ടു് ഉപാസനായോഗ്യമാക്കണം. അതിനുള്ള മന്ത്രങ്ങൾ ഇതാണ്—

ഓം വാക് വാക്| ഓം പ്രാണഃ പ്രാണഃ| ഓം ചക്ഷുശ്ചക്ഷുഃ| ഓം ശ്രോത്രം ശ്രോത്രം| ഓം നാഭിഃ| ഓം ഹൃദയം| ഓം കണ്ഠഃ| ഓം ശിരഃ| ഓം ബാഹുഭ്യാം യശോബലം| ഓം കരതല കരപൃഷ്ഠേ||

ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, വാക്=വാഗിന്ദ്രിയശക്തിയിലും, വാക്=നാവിലും അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവവ്യാപിയുമായ പരമാത്മദേവ, പ്രാണഃ പ്രാണഃ=ശ്വാസത്തിലും പ്രശ്വാസത്തിലും അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, ചക്ഷുശ്ചക്ഷുഃ=കണ്ണിലും കാണാനുള്ള ശക്തിയിലും അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മാദേവ, ശ്രോത്രം=കാതിലും ശ്രോത്രം=കേൾക്കാനുള്ള ശക്തിയിലും അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവവ്യാപിയുമായ പരമാത്മദേവ, നാഭിഃ=നാഭി സ്ഥാനത്തിലെ ജഠരാഗ്നിയിൽ അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവവ്യാപിയുമായ പരമാത്മദേവ, ഹൃദയം=ഹൃദയാകാശത്തിൽ അങ്ങയുടെ വിഭൂതി ഞങ്ങൾ കാണട്ടെ.

ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, കണ്ഠഃ=താലു മുതലായ ധ്വനിശക്തിയിൽ അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, ശിരഃ=മേധയിൽ അങ്ങയുടെ വിഭൂതി ഞങ്ങൾ അനുഭവിക്കട്ടെ. ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, ബാഹുഭ്യാം=രണ്ടുകയ്യിലുംനിന്നു് യശോബലം=യശസ്കരവും വീരോചിതവുമായ കർമ്മങ്ങൾ പെരുകട്ടെ. ഓം=ജഗദ്രക്ഷകനും സർവ്വവ്യാപിയുമായ പരമാത്മദേവ, കരതലകരപൃഷ്ഠേ=(കരതലം ദാനകർമ്മത്തേയും കരപൃഷ്ഠം പ്രതിഗ്രഹകർമ്മത്തേയും കുറിക്കുന്നു) വാങ്ങുന്നതിലും കൊടുക്കുന്നതിലും ഞങ്ങൾ അങ്ങയുടെ നിയമത്തെ അനുസരിക്കട്ടെ.

ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു്, ഓരോ ഇന്ദ്രിയത്തിന്മേലും മോതിരവിരലും നടുവിരലും ചേർത്തുതൊടണം. കണ്ണു്, പ്രാണൻ, (നാസാരന്ധ്രങ്ങൾ), ചെവി, കയ്യ്‌– ഇവ രണ്ടുവീതവും, ഹൃദയം, കണ്ഠം മുതലായതു ഒന്നുവീതവും മന്ത്രത്തിലുള്ളതു് ശരീരത്തിലെ തത്തത്‌സ്ഥാനങ്ങളുടെ എണ്ണത്തെ ആശ്രയിച്ചുവിനിയോഗിക്കാവുന്നതാണു്.

മാർജനം

ഇടതു ഉള്ളംകയ്യിൽ വെള്ളമെടുത്തു്, വലതുകയ്യിലെ മോതിരവിരലും നടുവിരലും ചേർത്തു പിടിച്ചുകൊണ്ടു്, വെള്ളം തൊട്ടു തളിക്കുകയാണു് മാർജനം. ഓരോ അംഗത്തിലും പ്രോക്ഷിക്കുവാൻ അതാതു മന്ത്രമുച്ചരിക്കണമെന്നു വിനിയോഗം.

ഓം ഭൂഃ പുനാതു ശിരസി|
ഓം ഭുവഃ പുനാതു നേത്രയോഃ|
ഓം സ്വഃ പുനാതു കണ്ഠേ|
ഓം മഹഃ പുനാതു ഹൃദയേ|
ഓം ജനഃ പുനാതു നാഭ്യാം|
ഓം തപഃ പുനാതു പാദയോഃ|
ഓം സത്യം പുനാതു പുനഃശിരസി
ഓം ഖം ബ്രഹ്മ പുനാതു സർവ്വത്ര||

ഓം=പരമാത്മദേവ, ഭൂഃ=എല്ലാററിന്റേയും പ്രാണനായുള്ളോവേ, ശിരസി=ശിരസിൽ പുനാതു=പവിത്രമാക്കിയാലും (പവിത്രത പകന്നാലും) ഓം ഭുവഃ=ദുഃഖമില്ലാതാക്കുന്ന ജഗദീശ്വര, നേത്രയോഃ=കണ്ണുകളിൽ പുനാതു=പവിത്രത പകന്നാലും, ഓം സ്വഃ=സുഖപ്രാപ്തിസ്ഥാനമായ പരമാത്മദേവ, കണ്ഠേ=താലു മുതലായവയിൽ പുനാതു=പവിത്രത പകന്നാലും, ഓം മഹഃ=എല്ലാററിലും വലുതായ പരമാത്മദേവ, ഹൃദയേ=മനസിൽ പുനാതു=പവിത്രതയുണ്ടാക്കിയാലും. ഓം ജനഃ=സൃഷ്ടികർത്താവായ ദേവാധിദേവ, നാഭ്യാം=ജഠരാഗ്നിയിൽ പുനാതു=പവിത്രതയുണ്ടാക്കിയാലും. ഓം തപഃ=പാപമില്ലാതാക്കുന്ന (ദുഷ്ടരെ തപിപ്പിക്കുന്ന) പരമാത്മദേവ, പാദയോഃ=പാദങ്ങളിൽ പുനാതു=പവിത്രത നൽകിയാലും. ഓം സത്യം=സത്യനിത്യനായ പരമാത്മൻ, പുനഃ=വീണ്ടും ശിരസി=ശിരസിൽ പുനാതു=പാവനത പകന്നാലും. ഓം=പരമാത്മദേവ, ഖം=എല്ലായിടത്തും ആകാശവത്

വ്യാപിച്ചിരിക്കുന്ന ബ്രഹ്മ=പൂർണ്ണബ്രഹ്മമേ, സർവ്വത്ര=എല്ലായിടത്തും പുനാതു=പവിത്രത നിറച്ചാലും.

'ഭൂഃ' മുതൽ 'ഖംബ്രഹ്മ' വരെയുള്ള നാമങ്ങൾ ഈശ്വരനെ കുറിക്കുന്നു. ഇന്ദ്രിയാങ്ഗസ്പർശത്തിൽ നിർവ്വഹിച്ചതു് ഓരോ ഇന്ദ്രിയത്തിലും ഈശ്വരവിഭൂതി അനുഭവിക്കയും, അതുവഴി ഈശ്വരനിൽ ആത്മസമർപ്പണം സാധിക്കയുമായിരുന്നു. അതിന്റെ പൂർത്തിക്കായി ഉപാസകന്റെ തത്തത്സ്ഥാനത്തും എല്ലായിടത്തും പവിത്രത പകരുവാനും, അപ്രകാരം പരമപവിത്രവാനായ ഈശ്വരന്റെ ഗുണം തന്നിൽ വരത്തക്കവണ്ണം അനുഗ്രഹമുണ്ടാവാനും ഇവിടെ പ്രാർത്ഥിക്കുന്നു. ഭഗവത്കാരുണ്യം നിമിത്തം ഇപ്രകാരം ബാഹ്യശുദ്ധിനേടിക്കൊണ്ടു്, ആത്മശുദ്ധിയിൽ ഏർപ്പെടുന്നു.

പ്രാണായാമം

ജീവാത്മാവിന്റെ പവിത്രീകരണം പ്രാണായാമം കൊണ്ടു സമ്പാദിക്കണം. മനു (5. 109) 'വിദ്യാതപോഭ്യാം ഭൂതാത്മാ × × ശുദ്ധ്യതി'=വിദ്യയും തപസ്സുംകൊണ്ടു് ഭൂതാത്മാ ശുദ്ധമാകുന്നു എന്നു പറയുന്നു. ഭൂതാത്മാ=ജീവാത്മാ. മനസ്സോടുകൂടിയതാണു് ജീവാത്മാവു്. (വിശിഷ്ടസ്യ ജീവത്വം × × —സാംഖ്യ. 6·66) വിദ്യാശബ്ദം ബ്രഹ്മോപാസനയെ സൂചിപ്പിക്കുന്നു. തപസ്=ശാസ്ത്രവിഹിതമായ തപഃസാധനം. "തപോ ന പരം പ്രാണായാമാത്, തതോ വിശുദ്ധിർമലാനാം, ദീപ്തിശ്ച ജ്ഞാനസ്യ | "=പ്രാണായാമത്തെക്കാൾ വലിയ തപസ്സില്ല. അതുമൂലം അഴുക്കുനീങ്ങി ശുദ്ധത തെളിയുകയും, ജ്ഞാനം തിളങ്ങി വരികയും ചെയ്യുന്നു എന്നു പഞ്ചശിഖാചാര്യർ പറ

യുന്നു. "ഏകാക്ഷരം പരം ബ്രഹ്മ, പ്രാണായാമഃ പരം തപഃ "=ഓംകാരമാണു് ബ്രഹ്മത്തിന്റെ ശ്രേഷ്ഠമായ പേരു്; ശ്രേഷ്ഠമായ തപസ്സു് പ്രാണായാമമാകുന്നു. (മനു. 2. 83) പ്രാണായാമം=പ്രാണവൃത്തിനിരോധം. വൃത്തി=വ്യാപാരം, ശ്വാസപ്രശ്വാസക്രിയ. അകത്തേക്കു എടുക്കുന്ന ശ്വാസത്തേയും പുറത്തോട്ടുവിടുന്ന നിഃശ്വാസത്തേയും നിലയ്ക്കു നിറുത്തുന്ന ക്രിയ പ്രാണായാമം. "തസ്മിൻ സതി ശ്വാസപ്രശ്വാസയോർഗതിവിച്ഛേദഃ പ്രാണായാമഃ | (യോഗദർശനം. 2. 49)=ആസനത്തിൽ ഇരിപ്പു ഉറച്ചുകഴിഞ്ഞതിൻപിന്നെ, ശ്വാസത്തിന്റേയും നിഃശ്വാസത്തിന്റേയും ഗതി ഇല്ലാതാക്കുന്ന പ്രക്രിയയ്ക്കു് പ്രാണായാമമെന്നു പേരു്.

മഹായോഗിയായ മഹർഷി ദയാനന്ദസരസ്വതി പ്രാണായാമവിധിയെക്കുറിച്ചു് ഇപ്രകാരം എഴുതുന്നു:— "പ്രച്ഛർദനവിധാരണാഭ്യാം വാ പ്രാണസ്യ| (യോഗ. സമാധി. 34) = എങ്ങനെ അത്യന്തം വേഗത്തോടെ ഛർദ്ദിക്കുമ്പോൾ ഭക്ഷിച്ചതൊക്കെ പുറത്തു ചാടുന്നുവോ, അതേപോലെ പ്രാണവായുവിനെ ഊക്കോടെ പുറത്തു തള്ളിയിട്ടു്, അവിടെതന്നെ യഥാശക്തി തടഞ്ഞു നിറുത്തണം. ശ്വാസംപിടിച്ചു് ഗുദദ്വാരത്തെ അകത്തോട്ടു ചുരുക്കിക്കൊണ്ടാൽ പ്രാണനെ പുറത്തു തടഞ്ഞു നിറുത്തുക എളുപ്പമായിരിക്കും. ഇപ്രകാരം ശീലിച്ചാൽ പ്രാണവായുവിനെ ഏറെനേരം പുറത്തു നിറുത്തുവാൻ കഴിയും. വിഷമം തോന്നിയാൽ പതുക്കെ പതുക്കെ വായുവിനെ അകത്തേക്കു കൊണ്ടുവരണം. ഈ രണ്ടുക്രിയയും കഴിവും ഇച്ഛയും പോലെ ആവർത്തിക്കേണ്ടതാണു്. വെളിയിൽ തള്ളിനിറുത്തുക ബാഹ്യവിഷയകവും, അകത്തു കയററി

നിറുത്തുക ആഭ്യന്തരവുമായ പ്രാണായാമമാകുന്നു. ഒരേ
തവണ അങ്ങോട്ടുമിങ്ങോട്ടും വിടാതെ പെട്ടെന്നു് പ്രാണ
വായുവിനെ തടഞ്ഞു നിറുത്തുന്ന ക്രിയ സ്തംഭവൃത്തി.
പ്രാണവായു അകത്തുനിന്നു വെളിയിൽ പോകാൻ തുട
ങ്ങുമ്പോൾ, അതിനു വിപരീതമായി അതിനെ വെളിക്കി
റക്കാതിരിക്കുക; അതുപോലെ, വെളിക്കുനിന്നു് പ്രാണൻ
അകത്തോട്ടുകയറുവാൻ തുടങ്ങുമ്പോൾ അതിനു വിരുദ്ധ
മായി അകത്തുനിന്നു് അതിനെത്തള്ളി വെളിയിൽ നിറു
ത്തുക - ഇതിനു രണ്ടിനും ബാഹ്യാഭ്യന്തരാപേക്ഷി എന്നു
പേർ. ഇങ്ങനെ ഒന്നിനു വിരുദ്ധമായി മറ്റൊന്നു ചെയ്യു
ന്നതിനാൽ രണ്ടിന്റേയും ഗതി നിലച്ചിട്ടു് പ്രാണൻ വശ
ഗമായിത്തീരും. ശരീരത്തിനകത്തുള്ള പ്രാണവായുവിനെ
വെളിയിൽ വിടുന്നതു് 'രേചകം'. വെളിയിൽനിന്നു വായു
വിനെ അകത്തോട്ടു വലിച്ചെടുക്കുന്നതു് 'പൂരകം'. ശ്വാസ
ത്തേയും പ്രശ്വാസത്തേയും അങ്ങോട്ടുമിങ്ങോട്ടും വിടാതെ
അതേപടി തടഞ്ഞുനിറുത്തുന്നതു് 'കുംഭകം'. പൂരകത്തെ
തുടന്നുള്ള കുംഭകത്തിനു 'അന്തഃകുംഭക'മെന്നും, രേച
കത്തെ തുടന്നതിനു ബഹിഃകുംഭകമെന്നും പേർ കൊടു
ക്കുന്നു."

സന്ധ്യാകർമ്മത്തിൽ രേചകം, ബഹിഃകുംഭകം, പൂര
കം, അന്തഃ കുംഭകം—ഇതാണു ക്രമം. രേചകവും പൂരകവും
രണ്ടു കുംഭകവും ചേർന്നാൽ ഒരു പൂർണ്ണപ്രാണായാമമാകും.
വലതു നാസാരന്ധ്രത്തിലൂടെ രേചകം ചെയ്യുകയാണെ
ങ്കിൽ ഇടത്തേതിലൂടെ പൂരകം ചെയ്യണം — "ദക്ഷിണേ
രേചകം കുര്യാദ് വാമേനാപൂര്യ്യോദരം; കുംഭകേന ജപം
കുര്യാത് പ്രാണായാമഃ സ ഉച്യതേ." വലതുമൂക്കിൽക്കൂടി
രേചകം നടത്തണം. ഇടത്തേതിൽക്കൂടി അകത്തു കടത്തി

ഉദരം നിറയ്ക്കണം. രേചകം കഴിഞ്ഞാലുടൻ കുംഭകം ചെ
യ്യുമ്പോഴും, പൂരകം കഴിഞ്ഞു കുംഭകം ചെയ്യുമ്പോഴും, മന്ത്ര
ജപം ചെയ്യണം; ഇതാണു് പ്രാണായാമം. തന്ത്രത്തിൽ
മാത്രം കലാശിച്ചിരിക്കുന്ന ഇന്നത്തെ ബ്രാഹ്മണാദികളുടെ
സന്ധ്യയിൽ പ്രാണായാമമന്ത്രം ചൊല്ലുമ്പോൾ മൂക്കുപിടി
ക്കുന്ന സമ്പ്രദായത്തിന്റെ ലുപ്തമായ പ്രയോജനം ഇവിടെ
ഓർക്കുന്നതു ലാഭകരമായിരിക്കും. പവിത്രവിരൽകൊണ്ടു
ഇടത്തേ നാസാരന്ധ്രമടയ്ക്കുകയും അതു തുറന്നാൽ തള്ള
വിരൽകൊണ്ടു വലത്തേതു അടയ്ക്കുകയും, പിന്നീടു് ഒന്നിട
വിട്ടു് അതു ആവർത്തിക്കയുംചെയ്യുന്നതു് രേചകാദിപ്രാണാ
യാമങ്ങൾ യഥാവിധി അനുഷ്ഠിക്കാൻ വേണ്ടിയാകുന്നു.
"പ്രാണായാമാ ബ്രാഹ്മണസ്യ ത്രയോऽപി വിധിവത് കൃതാഃ;
വ്യാഹൃതിപ്രണവൈര്യുക്താ വിജ്ഞേയം പരമം തപഃ."
(മനു. 6. 70)=വേദവിശ്വാസിയായവൻ വിധിയനുസരിച്ചു
രേചകം, പൂരകം, കുംഭകം എന്ന മൂന്നു പ്രാണായാമവും,
ഓംകാരംചേർന്ന വ്യാഹൃതികൾ ജപിച്ചുകൊണ്ടു്, ചെയ്യു
ന്നതുതന്നെയാണു് ശ്രേഷ്ഠതപസ്സ്.

പ്രാണായാമത്തിൽ വിനിയുക്തമായ മന്ത്രമിതാണു്.—

ഓം ഭൂഃ, ഓം ഭുവഃ, ഓം സ്വഃ, ഓം മഹഃ,
ഓം ജനഃ, ഓം തപഃ, ഓം സത്യം॥.

ഓം ഭൂഃ=എല്ലാററിന്റേയും പ്രാണനായുള്ള ജഗദീ
ശ്വര, ഓം ഭുവഃ=സകലരുടേയും ദുഃഖമില്ലാതാക്കുന്നവനും
എല്ലാക്കും സുഖം കൊടുക്കുന്നവനുമായ ജഗദീശ്വര, ഓം
സ്വഃ=എല്ലാ സുഖങ്ങളുടേയും ഉറവായുള്ള ജഗദീശ്വര, ഓം
മഹഃ=എല്ലാററിലുംവെച്ചു മഹത്വമേറിയ പൂജനീയനായ
ജഗദീശ്വര, ഓം ജനഃ=എല്ലാററിന്റേയും ജനയിതാവായ

ജഗദീശ്വര, ഓം തപഃ=തിളങ്ങി പ്രകാശിച്ചുകൊണ്ടും ദുഷ്ട
തയെ തപിപ്പിച്ചുകൊണ്ടും വർത്തിക്കുന്ന ജഗദീശ്വര, ജ്ഞാ
നസ്വരൂപിൻ, ഓം സത്യം=സച്ചിദാനന്ദസ്വരൂപിയായ
ജഗദീശ്വര.

ഈ മന്ത്രം വെറും സ്തുത്യാത്മകമായ ജപമാകുന്നു.
പ്രാർത്ഥനാപരമായി യാതൊന്നും ചേരാത്തതാണിതിന്റെ
മഹത്വം. പരമാത്മാവിന്റെ ശുദ്ധസ്വരൂപത്തെ ധ്യാനി
ക്കുന്നതുതന്നെ അതിന്റെ പ്രയോജനം. സ്തുതി എന്നാൽ
ഗുണചിന്തനം. ഭൂ മുതൽ സത്യം വരെയുള്ള ഏഴ് വ്യാഹൃ
തിയും പരമാത്മാവിന്റെ ഗുണങ്ങളെ സൂചിപ്പിക്കുന്നു.
അവയുടെ അർത്ഥം ചിത്തത്തിൽ ഉറപ്പിക്കുന്നതിനാൽ
ചിത്തശുദ്ധിയുണ്ടാകുന്നു; ആത്മാവിന്റെ ദീപ്തി വളരുന്നു.

ഉപാസകന്റെ ശരീരവും ആത്മാവും ശുദ്ധമാ
യ്ക്കഴിഞ്ഞു. ബഹിരങ്ഗവും അന്തരങ്ഗവുമായ വിശു
ദ്ധി നേടിയശേഷം, പരമാത്മാവിന്റെ സ്വരൂപദർശന
ത്തിനു മുതിരുന്ന സാധകൻ, പുണ്യനിലയമായ ജഗന്നിയ
ന്താവിന്റെ കർമ്മത്തെ സ്മരിക്കാനാരംഭിക്കുന്നു. അതുമൂലം
തന്നിലും പുണ്യം പകരുവാൻ കഴിയും. അതാണ് അഘ
മർഷണമെന്ന സാധനകൊണ്ടു സാധിക്കുന്നത്.

അഘമർഷണം

അഘമർഷണത്തിൽ വിനിയുക്തമായ മന്ത്രങ്ങളിവ
യാണ്—

[ഋഷിർമാധുഛന്ദസോഽഘമർഷണഃ, ദേവതാ ഭാവവൃത്തം,
ഛന്ദോഽനുഷ്ടുപ്]

ഋതം ച സത്യം ചാഭീദ്ധാത്
തപസോഽധ്യജായത।

തതോ രാത്ര്യജായത
തതഃ സമുദ്രോഽർണവഃ॥
സമുദ്രാദർണവാദധി
സംവത്സരോ അജായത।
അഹോരാത്രാണി വിദധദ്
വിശ്വസ്യ മിഷതോ വശീ॥
സൂര്യാചന്ദ്രമസൗ ധാതാ
യഥാപൂർവ്വമകല്പയത്।
ദിവം ച പൃഥിവീം ചാ-
ന്തരിക്ഷമഥോ സ്വഃ॥

ഋഗ്വേദം. 10. 190-1-2-3.

അഭി, ഇദ്ധാത്=സർവ്വത്ര (നാലുപാടും) പ്രകാശിച്ചു
കൊണ്ടിരിക്കുന്ന (ജ്വലിച്ചുകൊണ്ടിരിക്കുന്ന) തപസഃ=
അനന്തമായ സാമർത്ഥ്യത്തിൽ നിന്നു്, ഋതം ച=ഋതവും
സത്യം ച=സത്യവും അധ്യജായത=പ്രകടമായി (വെളി
പ്പെട്ടു). ഈശ്വരന്റെ നിയമത്തിനു ഋതമെന്നു പേർ.
സൂക്ഷ്മവും സ്ഥൂലവുമായ ജഗത്തിന്റെ (ത്രിഗുണമയമായ
പ്രകൃതിയുടെ) കാരണത്തെ ഭരിക്കുന്ന നിയമം സത്യം.
തതഃ=ആ തപസിൽനിന്നു്, രാത്രീ=സൃഷ്ടിക്കുമുമ്പുള്ള
അന്ധകാരനില അജായത=ഉയർന്നു തതഃ=അതിൽനിന്നു്
അർണവഃ=ശബ്ദം വെളിച്ചം മുതലായവയെ വഹിക്കുന്ന
അലകളോടുകൂടിയ സമുദ്രഃ=അന്തരിക്ഷം അജായത=
പ്രകടമായി"......അംബരംവിയദ് വ്യോമ......സഗരഃ
സമുദ്രോഽധ്വരമിതി ഷോഡശാന്തരിക്ഷനാമാനി"-(നിഘ
ണ്ടു. 1. 3.)=അംബരം, വിയദ്, വ്യോമ, സഗരം, സമുദ്രം,

അധ്വരം മുതലായ പതിനാറു പേരുകൾ അന്തരിക്ഷത്തിന്റേതാകുന്നു. "അയം വൈ സമുദ്രഃ, യോഽയം പവതേ, ഏതസ്മാദ്വൈ സമുദ്രാത് സർവ്വേ ദേവാഃ സർവ്വാണി ഭൂതാനി സമുദ്രവന്തി"(ശതപഥം. 14. 2. 2. 2.)=വായു മുതലായ ദേവതകളാക്കയും എല്ലാപ്രാണികളും യാതൊന്നിൽ വെളിപ്പെട്ടു ഓട്ടംപോലെ തോന്നിക്കുന്നുവോ അതു സമുദ്രം. "പ്രാണാഃ വാ അർണവഃ" (ശതപഥം 7. 5. 2: 51) ആകാശത്തിലെ പ്രാണതരംഗമെന്നു ഭാവം. സൂര്യാദിദേവതകൾക്കു വെളിപ്പെട്ടു വർത്തിക്കാനും യഥായോഗ്യം വേലചെയ്യാനും യോജിക്കുന്ന അന്തരിക്ഷമാണ് 'അർണവഃ സമുദ്രഃ, (അർണാംസി=സ്ഥൂലഭൂതങ്ങൾ, അവ യാതൊന്നിൽ വർത്തിക്കുന്നുവോ അതു അർണവഃ; അർണസോ ലോപശ്ച-വാർത്തികം. 5. 2 എന്ന നിയമമനുസരിച്ച് ഉണ്ടെന്നർത്ഥത്തിൽ 'വ' വരികയും 'സ' ലോപിക്കയും ചെയ്യുന്നു.) അർണസഃ=അണർവഃ=അന്തരിക്ഷത്തിനു അധി=ശേഷം (പിന്നീട്) സംവത്സരഃ=കാലം അജായത=പ്രാദുർഭവിച്ചു. "സംവസന്തി പ്രാണിനോഽസ്മിന്നിതി സംവത്സരഃ"- പ്രാണികൾ യാതൊന്നിൽ വസിക്കുന്നുവോ അതു സംവത്സരം. വിശ്വസ്യ=സകലലോകത്തേയും മിഷതഃ=നിരന്തരം വശീ=വശത്തിൽ വെച്ചുകൊണ്ടിരിക്കുന്ന ധാതാ=സൃഷ്ടികർത്താവായ ഈശ്വരൻ, അഹോരാത്രാണി=പകലും രാത്രിയും വിദധത്=നിശ്ചയിച്ചുകൊണ്ട്, യഥാപൂർവം=കഴിഞ്ഞ കല്പത്തിലെന്നപോലെ സൂര്യാചന്ദ്രമസൌ=സൂര്യനേയും ചന്ദ്രനേയും, ദിവം ച=ദ്യുലോകത്തേയും പൃഥിവീം ച=ഭൂലോകത്തേയും അന്തരിക്ഷം=രണ്ടിനുമിടയ്ക്കുള്ള ലോകത്തേയും

അഥ=മറെറല്ലാ സ്വഃ=പ്രകാശമാനമായ ലോകത്തേയും അകല്പയത്=ഉണ്ടാക്കി (വെളിപ്പെടുത്തി.)

അഘമർഷണമെന്ന ഈ മൂന്നു ഋചയുടേയും ദേവത ഭാവവൃത്തമാകുന്നു. 'യാ തേനോച്യതേ സാ ദേവതാ' (സർവ്വാനുക്രമണീ). യാതൊന്നു മന്ത്രം പറയുന്നുവോ അതു ദേവത. ഭാവവൃത്തം=ഉള്ളതിന്റെ കഥ, സത്തയുടെ ചരിത്രം; ജഗജ്ജനനലക്ഷണമായ വൃത്താന്തമെന്നർത്ഥം. ജഗത്തിന്റെ സത്തയ്ക്കു കാരണമായ ബ്രഹ്മത്തിന്റെ സ്മരണം സാധിക്കയും, തദ്വാരാ പരമാത്മദേവനെ സ്തുതിക്കയുമാണിതിന്റെ ഉന്നം. പരമാത്മാവിന്റെ മഹിമ അറിവാൻ സമീപതമമായ വഴി സൃഷ്ടിയിൽ കടന്നു നോക്കുകയാണ്. "ഇയം വിസൃഷ്ടിർയത ആ ബഭൂവ, യദി വാ ദധേ യദി വാ ന| യോഽസ്യാഽധ്യക്ഷഃ പരമേ വ്യോമൻത്സോ അങ്ഗ, വേദ യദി വാ നവേദ||"=അല്ലയോ അങ്ഗ, (സൃഷ്ടിയിലെ അംശമായ മനുഷ്യ,) അനേകതരത്തിലുള്ള ഈ സൃഷ്ടി എവിടെനിന്നു വന്നുകൂടി? എങ്ങനെ സ്ഥിതി ചെയ്യുന്നു? എപ്രകാരം പ്രളയം പ്രാപിക്കുന്നു? ഇതിന്റെ അദ്ധ്യക്ഷനാര്?—ആ സർവ്വവ്യാപിയായ പുരുഷനെ നീ അറിഞ്ഞാലും; അല്ലാതെ മററാരേയും സൃഷ്ടികർത്താവായറിയരുത്. (ഋഗ്വേദം) ഭാവവൃത്തത്തിന്റെ പ്രയോജനമിതാകുന്നു.

സൃഷ്ടിക്കുമുമ്പുള്ള അവസ്ഥയാണ് പ്രളയം. ആ നിലയിൽ നിന്ന് ഇന്നത്തെ നിലയിൽ എത്തുന്ന സൃഷ്ടിയുടെ ചരിത്രം ഭാവവൃത്തം. അന്ന്, "നാസദാസീന്നോ സദാസീത്തദാനീം, നാസീദ്രജോ നോ വ്യോമാപരോ യത്|.........ന രാത്ര്യാ അഹ്ന ആസീത് പ്രകേതഃ|.........തമ ആസീത്തമസാ ഗൂഢമഗ്രേഽപ്രകേതം

സലിലം സർവ്വമാ ഇദം||" (ഋഗ്വേദം. 10. 129. 1-2-3)= അപ്പോൾ അസത്തുമില്ലായിരുന്നു, സത്തുമില്ലായിരുന്നു, ഭൂതങ്ങളുമന്തരിക്ഷവുമില്ലായിരുന്നു, രാത്രിയേയും പകലിനേയും കുറിച്ചു അറിവുണ്ടായിരുന്നില്ല; ആരംഭത്തിൽ അന്ധകാരംപൊതിഞ്ഞ ക്രിയകളായിരുന്നു, ഈ ജഗത്തു മുഴുവൻ അതിന്റെ കാരണത്തിൽ ലയിച്ചിട്ട്, അവിഭക്തമായിരുന്നു. "ആസീദിദം തമോ ഭൂതമപ്രജ്ഞാതമലക്ഷണം| അപ്രതർക്ക്യമനിർദ്ദേശ്യം പ്രസുപ്തമിവ സർവ്വതഃ|| =ഈ ജഗത്തു മുഴുവനും വെറും ഇരുളും അജ്ഞാതവും, വേർതിരിച്ചറിവാൻവയ്യാത്തതും, അനിശ്ചിതവും, ചൂണ്ടികാണിക്കാൻ വയ്യാത്തതുമായിട്ട് ആകപ്പാടെ ദീർഘനിദ്രയിലായിരുന്നു എന്നു മനു വിശദമാക്കുന്നു. ഈ അവസ്ഥയിൽ നിന്നു തുടങ്ങുന്ന സൃഷ്ടിയുടെ വൃത്താന്തമാണ് ഭാവവൃത്തം.

ഋതം=ധർമ്മത്തിന്റെ രഹസ്യമായ അചലനിയമം. സൂര്യചന്ദ്രന്മാർ ഋതത്തെ അനുസരിക്കുന്നു. സൂര്യന്റെ താപമേററു ജലം മേഘമായിട്ട്, വീണ്ടും ജലമായി വർഷിക്കുന്നതും ഋതംതന്നെ. കർമ്മഫലത്തെ സംബന്ധിക്കുന്ന നിയമവും ഋതമാകുന്നു. സ്വധർമ്മത്തിലും, മുഖ്യമായ സത്യം. ഋതം ഗതിയേയും സത്യം സ്ഥിതിയേയും സ്വരൂപത്തിലും ഒരുകാലത്തും മാറാത്തതേതോ അതു പൊതുവേ ഭരിക്കുന്നു." ഋതസ്യ ഹി ശുരുധഃ സന്തിപൂർവ്വീ, ഋതസ്യ ധീതിർവൃജിനാനി ഹന്തി| ഋതസ്യ ശ്ലോകോ ബധിരാ തതർദ, കർണ്ണാ ബുധാനഃ ശുചമാന ആയോഃ||"= ഋതത്തിന്റെ സനാതനമായ ശക്തികൾ നിഃസന്ദേഹം ആരോഗ്യബലദായകമായ ഓഷധികളാകുന്നു. ഋതത്തെ പററിയ അറിവ്, അല്ലെങ്കിൽ ഋതത്തിന്മേൽ ഭക്തി

(ഋതത്തെ അനുസരിക്കുക എന്നു താത്പര്യം) എല്ലാ പാപത്തേയും നശിപ്പിക്കുന്നു. ഋതത്തിന്റെ ജാഗ്രതവും പ്രകാശിക്കുന്നതുമായ ധ്വനി മനുഷ്യന്റെ ബധിരമായ കർണ്ണങ്ങളെ തുറക്കുന്നു. (ഋഗ്വേദം. 4. 23. 8) വിശ്വത്തെ വഹിക്കുന്നവനും പാലിക്കുന്നവനുമായ ഈശ്വരൻ പതിവുപോലെ തപസിൽനിന്ന് ഋതവും സത്യവും വെളിപ്പെടുത്തുന്നു. "തപസാ ചീയതേ ബ്രഹ്മ"=ബ്രഹ്മം തപസുകൊണ്ടു അഭിവർദ്ധിക്കുന്നു. (മുണ്ഡകം 1. 1. 8) തപസ്=ജ്ഞാനം. "തദൈക്ഷത ബഹുസ്യാം പ്രജായേമ" (ഛാന്ദോഗ്യം. 6. 2. 3) ഞാൻ അനേകത്തെ പ്രകടിപ്പിക്കാമെന്ന ഈശ്വരേച്ഛയാണീജ്ഞാനം. ഋതവും സത്യവുമനുസരിച്ചു സൃഷ്ടിനടക്കുന്നു. വേദത്തിൽ പ്രകാശിച്ചിരിക്കുന്ന പൂർണ്ണജ്ഞാനം മുതൽ പൃഥിവിവരെയുള്ള ജഗത്തു മുഴുവൻ ഈശ്വരന്റെ നിത്യവും സത്യവുമായ സാമർത്ഥ്യത്താൽ പ്രകടമായി. എല്ലാററിനേയും സൃഷ്ടിച്ച് അവയിൽ തിങ്ങിനിറഞ്ഞു്, അന്തര്യാമിയായി വർത്തിക്കുന്ന പരമാത്മാവ് പാപപുണ്യങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. ന്യായകാരിയായ ജഗദീശ്വരൻ കർമ്മഫലം തരുന്നതിൽ പക്ഷപാതം കാണിക്കുന്നില്ല. സ്ഥിരമായ ഈ വിശ്വാസത്തോടുകൂടി ഈശ്വരാജ്ഞയെ അനുസരിച്ചു ജീവിതം നയിക്കണം. സൃഷ്ടിയുടെ പ്രയോജനം തന്നെ ജീവന്റെ ഹിതസാധനയാണ്. "തസ്യാത്മാനുഗ്രഹാഭാവേഽപി ഭൂതാനുഗ്രഹഃ പ്രയോജനം|" സൃഷ്ടിയുടെപ്രയോജനം ഭൂതങ്ങളുടെ മാങ്ഗല്യം നേടുകയാകുന്നു. (യോഗഭാഷ്യം. 1.25)

ഭാവവൃത്തം ജപിക്കയും, അർത്ഥഭാവനചെയ്കയും, തദനന്തരം സൃഷ്ടിയിൽനിന്ന് സൃഷ്ടികർത്താവിനെ കണ്ടെത്തുവാൻ വെമ്പൽകൊള്ളുന്ന മനസ്സിനെ ഈ

വിശ്വത്തിനകത്തു വ്യാപ്തനായ വിശ്വാത്മാവിന്റെ സ്വരൂപം തിരിച്ചറിവാൻ തയാറാക്കയുമാണു് ഇവിടെ ചെയ്യേണ്ട സാധന. ജഗദുത്പത്തികാരണമായ ബ്രഹ്മത്തിന്റെ അദ്ഭുതകരമായ സൃഷ്ടികർമ്മത്തെ അതിന്റെ വാസ്തവികമായ രൂപത്തിൽ കാണുകയെന്നതിൽ പരം ശ്രേഷ്ഠമായ പുണ്യം വേറെ ഇല്ല. യഥാർത്ഥമായ പാപപരിഹാരമിതു തന്നെ. "യഥാശ്വമേധഃ ക്രതുരാട് സർവപാപനോദനഃ| തഥാഽഘമർഷണം സൂക്തം സർവപാപാപനോദനം||"=യജ്ഞരാജനായ അശ്വമേധം പാപമെല്ലാം ഇല്ലാതാക്കുംപോലെ, അഘമർഷണമന്ത്രങ്ങളും സകല പാപത്തേയും നശിപ്പിക്കുന്നു. (മനു. 11. 26) അതിനാൽ, ഈ മൂന്നുമന്ത്രങ്ങളും കൊണ്ടു് എന്നും മുടങ്ങാതെ ബ്രഹ്മത്തെ സ്തുതിക്കേണ്ടതാണു്.

മനസാപരിക്രമണം

ഉപാസ്യദേവനെ സ്തുതിച്ചു കഴിഞ്ഞു. ഭാവവൃത്തത്താൽ അറിഞ്ഞ സർവ്വാന്തര്യാമിയെ സർവ്വത്ര അനുഭവിക്കുവാനായി, ഇനി മനസ്സിനെ ചുററിസഞ്ചരിപ്പിക്കാൻ തുടങ്ങുന്നു. മനസുകൊണ്ടു പ്രദക്ഷിണം ചെയ്യുക മനസാപരിക്രമണം. ഈ ക്രിയ മാനസികം മാത്രമാണെന്നു ഓർക്കണം. അടുത്ത ആറു മന്ത്രങ്ങളും യഥാക്രമം കിഴക്കു്, തെക്കു്, പടിഞ്ഞാറു്, വടക്കു്, കീഴ്, മേലു് അഥവാ മുമ്പു്, ഇടതു്, പിമ്പു്, വലതു്, കീഴ്, മേൽ എന്നീ ആറു ദിശകളെ മനസ്സുകൊണ്ടു വീക്ഷിക്കുന്നതിൽ വിനിയുക്തമാകുന്നു.

പ്രാചീദിഗഗ്നിരധിപതി രസിതോ-രക്ഷിതാഽദിത്യാ ഇഷവഃ| തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ, നമ ഏഭ്യോ അസ്തു| യോഽസ്മാൻ ദ്വേഷ്ടി യം വയം ദ്വിഷ്മ സ്തം വോ ജംഭേ ദധ്മഃ||

അഥർവം. 3. 27. 1.

ദക്ഷിണാ ദിഗിന്ദ്രോഽധിപതിസ്തിരശ്ചിരാജീ രക്ഷിതാ പിതര ഇഷവഃ| തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ, നമ ഏഭ്യോ അസ്തു| യോഽസ്മാൻ ദ്വേഷ്ടി യം വയം ദ്വിഷ്മസ്തം വോ ജംഭേ ദധ്മഃ!!

അഥർവം 3. 27. 2.

പ്രതീചീദിഗ്വരുണോഽധിപതിഃ പൃദാകൂ രക്ഷിതാന്നമിഷവഃ| തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ, നമ ഏഭ്യോ അസ്തു| യോഽസ്മാൻ ദേഷ്ടി യം വയം ദിഷ്മ സ്തം വോ ജംഭേ ദധ്മഃ||

അഥർവം 3. 27. 3.

ഉദീചീദിക് സോമോഽധിപതി സ്വജോ രക്ഷിതാഽശനിരിഷവഃ। തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ, നമ ഏഭ്യോ അസ്തു। യോഽസ്മാൻ ദ്വേഷ്ടി യം വയം ദ്വിഷ്മസ്തം വോ ജംഭേ ദധ്മഃ॥

അഥർവം. 3. 27. 4

ധ്രുവാദിഗ് വിഷ്ണുരധിപതിഃ കല്മാഷഗ്രീവോ രക്ഷിതാ വീരുധ ഇഷവഃ തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ, നമ ഏഭ്യോ അസ്തു। യോഽസ്മാൻ ദ്വേഷ്ടി യം വയം ദ്വിഷ്മ സ്തം വോ ജംഭേ ദധ്മഃ॥

അഥർവം. 3. 27. 5.

ഊർധ്വാദിഗ് ബൃഹസ്പതി രധിപതിഃ ശ്വിത്രോ രക്ഷിതാ വർഷമിഷവഃ। തേഭ്യോ നമോഽധിപതിഭ്യോ, നമോ രക്ഷിതൃഭ്യോ, നമ ഇഷുഭ്യോ നമ ഏഭ്യോ അസ്തു। യോഽസ്മാൻ ദ്വേഷ്ടി യം വയം ദ്വിഷ്മ സ്തം വോ ജംഭേ ദധ്മഃ॥

അഥർവം. 3. 27. .6

പ്രാചീദിക്=എങ്ങോട്ടു നോക്കി ഇരിക്കുന്നുവോ ആ ദിക്ക് പ്രാചീദിക്ക്. സൂര്യനുദിക്കുന്ന ദിക്ക് (കിഴക്ക്) എന്നു പ്രസിദ്ധാർത്ഥം. അഗ്നിഃ=പ്രകാശവാനായ ജഗദീശ്വരൻ അധിപതിഃ=അധിപതിയാകുന്നു; അസിതഃ=ബന്ധനരഹിതനായ രക്ഷിതാ=രക്ഷകനാകുന്നു; ആദിത്യാഃ=പ്രാണൻ (കിരണമെന്നും അർത്ഥമുണ്ട്) ഇഷവഃ=ബാണങ്ങളാകുന്നു. കിഴക്കേദിക്കിൽ, അല്ലെങ്കിൽ അഭിമുഖമായി, പ്രകാശസ്വരൂപിയായ ജഗദീശ്വരനെ ഞാൻ ദർശിക്കുന്നു. ജഗദീശ്വരൻ സകലചരാചരങ്ങളേയും കിരണരൂപിയായ പ്രാണൻകൊണ്ടു രക്ഷിക്കുന്നു. അതിനാൽ അതു ബാണങ്ങൾപോലെയാകുന്നു.

തേഭ്യഃ=അപ്രകാരമുള്ള അധിപതിഭ്യഃ=അദ്ധ്യക്ഷനു (ബഹുവചനം ആദരാർത്ഥം പ്രയുക്തമാണ്.) നമഃ=നമസ്കാരം. രക്ഷിതൃഭ്യോ നമഃ=രക്ഷകനു നമസ്കാരം. ഇഷുഭ്യോ നമഃ=മുമ്പു പറഞ്ഞ ബാണങ്ങളിലൂടെ പ്രകടമാകുന്ന വിഭൂതിയ്ക്കു നമസ്കാരം. ഏഭ്യഃ=എല്ലാറ്റിലും നിറഞ്ഞു പ്രകാശിക്കുന്ന ബ്രഹ്മത്തിനു നമഃ=നമസ്കാരം അസ്തു=ഭവിക്കട്ടെ. എന്തിനായിട്ട്? യഃ=ആര് അസ്മാൻ=നമ്മെ ദ്വേഷ്ടി=വെറുക്കുന്നുവോ, യം=ആരെ വയം=നാം ദ്വിഷ്മഃ=വെറുക്കുന്നുവോ, തം=അവനെ വഃ=പൂർവ്വദിശയിലെ അധിപതിയായ അവിടത്തെ ജംഭേ=പിടിയിൽ ദധ്മഃ=സമർപ്പിക്കുന്നു. ന്യായവാനും ദയാലുവുമായ അങ്ങ് വേണ്ടതുചെയ്തു രക്ഷിച്ചാലും. "യം ദ്വിഷ്മോ യശ്ച നോ ദ്വേഷ്ടി തമേഷാം ജംഭേ ദധ്മഃ"=ആരെ നാമും ആരു നമ്മേയും വെറുക്കുന്നുവോ അവനെ രുദ്രന്റെ പിടിയിൽ കൊടുക്കുന്നു (യജു. 16. 64) അടുത്ത അഞ്ചു മന്ത്രങ്ങളിലും ഈ അർത്ഥം അനുവർത്തിച്ചു അറിഞ്ഞുകൊള്ളുക.

പ്രാചീദിശകഴിഞ്ഞാലടുത്തതു് ദക്ഷിണാദിക്കാണു്. പരിക്രമണം വലത്തോട്ടാകണമെന്നു് വിധി. ദക്ഷിണാദിക്=തെക്കുദിക്കു് അഥവാ വലതുവശം. അവിടെ ഇന്ദ്രഃ=പരമൈശ്വര്യവാനായ ജഗദീശ്വരൻ അധിപതിഃ=അധ്യക്ഷനാകുന്നു. രക്ഷിതാ=രക്ഷചെയ്യുന്നവൻ തിരശ്ചിരാജിഃ=പലതരത്തിലുള്ള കർമ്മസമുദായമായിട്ടു പ്രകടമാകുന്നു. പിതരഃ=കർമ്മം ചെയ്യുന്നവർ ഇഷവഃ=ബാണങ്ങളാകുന്നു. "തിരശ്ചീനരാജീ രക്ഷിതാ" എന്നു മൈത്രേയശാഖയിലും, "വസവ ഇഷവഃ" എന്നു പൈപ്പലാദ ശാഖയിലും പാഠഭേദമുണ്ടു്. വസവഃ=കിരണങ്ങൾ (നിഘണ്ടു 1. 5) തിരശ്ചീനം=വക്രം (ഛാന്ദോഗ്യം 3. 1.1) ദക്ഷിണഗതി (വക്രഗതി) എന്നർത്ഥം. രാജീഃ=പങ്ക്തി. കർമ്മകലാപംകൊണ്ടു ജഗദ്രക്ഷചെയ്യുന്ന പരമൈശ്വര്യവാനായ ഭഗവാന്റെ ആയുധം (ബാണം) കർമ്മികളുടെ പരമ്പര (പിതരഃ) യാണെന്നു മന്ത്രഹൃദയം. ഇന്ദ്രന്റെ വിഭൂതി കാണുന്നതിനും നേടുന്നതിനും വഴി ഈ ഇഷുക്കൾ തന്നെ. "ദ്വേ സ്രുതീ അശൃണവം, പിതൃണാമഹം ദേവാനാമുത മർത്ത്യാനാം|| (ഋഗ്വേദം. 10. 88. 15)= മനുഷ്യരുടെ ഉദ്ഗതിക്കു രണ്ടു വഴിയേ ഞാൻ കേട്ടിട്ടുള്ളു; ഒന്നു പിതൃയാണം, മററതു് ദേവയാനം. മനസാപരിക്രമണത്തിലെ ഈ മന്ത്രം യജ്ഞാദികർമ്മം കൊണ്ടു് ഐശ്വര്യം നേടുവാനുള്ള വഴി ഓർമ്മിപ്പിക്കുന്നു. കർമ്മത്തിന്റെ ഗതിയുടെ ആശ്രയമായ യാജ്ഞികന്മാരിൽ കൂടി ഇന്ദ്രന്റെ യഥാർത്ഥരൂപം അറിയണമെന്നു വിവക്ഷ. ശേഷം പൂർവ്വവത്.

പ്രതീചീദിക്=പിൻവശം (പടിഞ്ഞാറുദിക്കു്) അവിടെ വരുണഃ=ജീവനദാതാവായ ഈശ്വരൻ അധി

പതിഃ=അദ്ധ്യക്ഷനാകുന്നു. അന്നം=അന്നം മുതലായവ ഇഷവഃ=ബാണങ്ങളാകുന്നു. വരുണൻ പ്രാണദനായ പരമേശ്വരനാകുന്നു. "തത്ത്വായാമി ബ്രഹ്മണാ വന്ദമാനസ്തദാശാസ്തേ യജമാനോ ഹവിർഭിഃ! അഹേഡമാനോ വരുണേഹ ബോധ്യുരുശംസമാന ആയുഃ പ്രമോക്ഷീഃ!!" വേദംമൂലം സ്തുതിക്കപ്പെടുന്നവനും, യാജ്ഞികന്മാരാൽ ഹവിസ്സുകൊണ്ടു ഭജിക്കപ്പെടുന്നവനും, എല്ലാ പ്രകാരത്തിലും ഇവിടെ പൂജിക്കപ്പെടുന്നവനുമായ വരുണദേവ, സകലരാലും പ്രശംസിക്കപ്പെടുന്ന ജഗദീശ്വര, അവിടുന്നു് ഞങ്ങളുടെ ആയുസ്സിനെ ദീർഘിപ്പിച്ചാലും. (ഋക്. 1. 24. 11) ഇത്യാദി മന്ത്രങ്ങൾ വരുണനെ ജീവനദാതാവായി വാഴ്ത്തുന്നു. കർമ്മവുമായി ഐശ്വര്യത്തിനു ബന്ധമുള്ളതുപോലെ, പ്രാണനുമായി ജീവനത്തിനു വേഴ്ചയുള്ളതിനാൽ, പൃദാകുഃ=പ്രാണൻ രക്ഷിതാ =രക്ഷകനാകുന്നു. ജീവനത്തിനാശ്രയം പ്രാണനാണു്. ലൗകികസംസ്കൃതത്തിൽ 'പൃദാകുഃ' എന്നതിനു് സർപ്പം, വ്യാഘ്രമെന്നെല്ലാമർത്ഥമുണ്ടു്. അതു വൈദിക വാണിയിൽ ചരിതാർത്ഥമാകയില്ല. "ദേവാ വൈ സർപാഃ", (തൈത്തരീയ ബ്രാഹ്മണം 2.2. 9. 2.) "ഇമേ വൈ ലോകാഃ സർപാസ്തേ സർപന്തി" (ശതപഥബ്രാഹ്മണം. 7. 4. 1. 5.)= സർപമെന്നാൽ ദിവ്യകിരണങ്ങൾ. ഈ ലോകം തന്നെ സർപാ, ഗമിക്കുന്നതിനാൽ സർപം. അതായതു്, സർപം ഗതിയെ സൂചിപ്പിക്കുന്നു. ഗുണവാദമാണിത്തരം ശബ്ദങ്ങൾ ആശ്രയിക്കുന്നതു്—രൂപവാദമല്ല. ഗതിപ്രാണന്റെ സ്വഭാവം (ഗുണം) ആകുന്നു. കുത്സിതരവം പുറപ്പെടുവിക്കുന്നതെന്നു പൃദാകുവിനു അർത്ഥം വന്നതും പ്രാണൻപീഡ ഏല്ക്കുമ്പോൾ കരയുന്നതിലാണു്. "അന്നം

ഹിപ്രാണാൻ വിഭർത്തി" (ശതപഥം 8. 1. 3. 1)=പ്രാണനെ പോററുന്നതു് അന്നമാകുന്നു. അതിനാൽ വരുണന്റെ ആയുധം (ഇഷു) അന്നമായി. അന്നത്തിൽ വരുണന്റെ വിഭൂതി അനുഭവിക്കണമെന്നു നിഷ്കൃഷ്ടം. ശേഷം മുമ്പിലത്തേതുപോലെ.

ഉദീചീദിക്=ഇടതുവശം (തെക്കുദിക്കു്) അവിടെ സോമഃ=ശാന്തിയും പ്രേമവുമായ ദേവൻ അധിപതിഃ=അദ്ധ്യക്ഷനാകുന്നു. സ്വജഃ=സ്വയംഭൂതന്നെ രക്ഷിതാ=രക്ഷകൻ. അശനിഃ=വിദ്യുത് ഇഷവഃ=ബാണങ്ങളാണു്. അഗ്നിയിൽ പ്രചണ്ഡമായ താപവും പ്രകാശവും ഉണ്ടു്. കിഴക്കു അഗ്നിയെ ദർശിച്ചു. അതിന്റെ മറുവശമായ പടിഞ്ഞാറു് അഗ്നിയുടെ മറുരൂപമായ സോമനെ കാണുന്നു. സൂര്യൻ ചൂടാണെങ്കിൽ സോമൻ ശീതളതയാണു്. സോമൻ പ്രശാന്തതയും ശീതളതേജസ്സും കനിവുമാകുന്നു. "തദ്യദമൃതം സോമഃ" (ശതപഥം. 9. 5. 1 5) യാതൊന്നു അമൃതമോ അതുസോമൻ. അതിൽനിന്നു് സ്വയം മിന്നൽ ഉണ്ടാകുന്നതു ഈശ്വരന്റെ വിഭൂതിയെ പ്രകടമാക്കുന്നു. ബാക്കി മുമ്പിലത്തെതുപോലെ.

ധ്രുവാദിക്=സ്ഥിരമായദിക്കു്, എവിടെ ഉറച്ചിരുന്നുകൊണ്ടു് മററു ദിക്കുകളിൽ മനസ്സിനെ ഓടിച്ചുവോ അവിടം; "പൃഥിവീധ്രുവാ" (തൈത്തിരിയ. 3. 3. 1. 2.) അതിന്റെ അധിപതിഃ=അദ്ധ്യക്ഷൻ വിഷ്ണുഃ=വ്യാപകനായ ഈശ്വരനാകുന്നു. കല്മാഷഗ്രീവഃ=ശബലവും കേവലവുമായ സ്വരൂപമുള്ളവൻ രക്ഷിതാ=രക്ഷകനാകുന്നു. "ധ്രുവായ ത്വാ ദിശേ വിഷ്ണവേഽധിപതയേ കല്മാഷഗ്രീവായ രക്ഷിത്രേ" (അഥർവ്. 12. 3. 59) ധ്രുവാദിശയുടെ അധിപതിയായ കല്മാഷഗ്രീവനായ, വിഷ്ണുവിനെ രക്ഷകനാക്കി ഇവി

ടെയും പറയുന്നു. വീരുധഃ=ഉപാസകന്മാർ (മറുകരയിലെത്തിക്കുന്നവർ, ജ്ഞാനത്തിന്റേയും കർമ്മത്തിന്റേയും ഐക്യം അറിഞ്ഞുഅനുഷ്ഠിക്കുന്നവർ) രക്ഷിതാ=രക്ഷകരാകുന്നു. "വീരുധഃ പാരയിഷ്ണ്വഃ=മറുകരയിലെത്തിക്കുന്നവരാണു് വീരുധർ. (നിരുക്തം. 6 3.) ഇന്ദ്രനെ 'തുവിഗ്രീവഃ' മഹാബലമുള്ള കഴുത്തോടുകൂടിയവനെന്നു് വേദം (ഋക്. 8. 17. 8.) വാഴ്ത്തുന്നു. അതുപോലെ, കല്മാഷഗ്രീവഃ=കല്മാഷത്തിനു ആശ്രയം എന്നു ധരിക്കണം. 'കല്മാഷഃ' എന്നതിന്റെ ആദിമരൂപം 'കർമ്മാസഃ' എന്നായിരുന്നിരിക്കണം. 'ര' യ്ക്കു 'ല' യും, 'സ' യ്ക്കു 'ഷ' യും ഭേദിച്ചു 'കല്മാഷ' എന്നായി. കല്മാഷഗ്രീവഃ, ദ്വിപദബഹുവ്രീഹി; പൃഷോദരാദിത്വാത്. കർമ്മസു=കർമ്മങ്ങളിൽ അസ്യതി=പതിക്കുന്നവൻ കർമ്മാസഃ, കർമ്മങ്ങൾക്കു പ്രേരകനായവൻ, ഈശ്വരനെന്നർത്ഥം. കർമ്മപ്രേരണശക്തി ആരുടെ കണ്ഠത്തിൽ (വാണിയിൽ) സ്ഥിതിചെയ്യുന്നുവോ അവൻ കർമ്മാസഗ്രീവൻ=കല്മാഷഗ്രീവൻ. ആരുടെ കണ്ഠത്തിൽ നിന്നു കർമ്മരഹസ്യാനുശാസകമായ വേദം പ്രകടമായോ ആ ഈശ്വരൻ. "തസ്മാദ്യജ്ഞാത് സർവ്വഹുതഃ ഋചഃ സാമാനി ജജ്ഞിരേ| ഛന്ദാംസി ജജ്ഞിരേ തസ്മാദ്യജുസ്തസ്മാദജായത||" (ഋഗ്വേദം) ആ വിഷ്ണുവിൽ നിന്നു്, യജ്ഞോ വൈ വിഷ്ണുഃ (ശതപഥം) വേദങ്ങൾ വെളിപ്പെട്ടു. കല്മാഷം ഗുണത്തേയും കുറിക്കുന്നു. "ശുക്ലഗുണഃ ശുക്ലഃ, കൃഷ്ണഗുണഃ കൃഷ്ണഃ, യ ഇദാനീമുഭയഗുണഃ സതൃതീയാമാഖ്യാം ലഭതേ കല്മാഷ ഇതി"(പാതഞ്ജലമഹാഭാഷ്യം. 1. 2. 31) വെളുപ്പിനു ശുക്ലമെന്നും കറുപ്പിനു കൃഷ്ണമെന്നുംപേർ. രണ്ടുംകൂടിയ മൂന്നാമത്തേതിനു കാല്മാഷമെന്നപേരുവന്നു. പ്രകൃതി തമോഗുണപ്രധാനമാകയാൽ കൃഷ്ണം. പ്രകൃതിയു

മായ് കലന്ന ബ്രഹ്മസ്വരൂപം, ബ്രഹ്മത്തിന്റെ ശബലസ്വരൂപം, കൃഷ്ണം. ഒരു കലർപ്പുമില്ലാത്ത കേവലസ്വരൂപം ജ്യോതിസ്വരൂപം, ശുക്ലം; ശുക്ലം=ശുദ്ധം; ശുദ്ധബ്രഹ്മമെന്നു ഭാവം. ശബലവും കേവലവുമായ ബ്രഹ്മസ്വരൂപത്തിന്ന് കല്മാഷമെന്നു പേർ. കല്മാഷഗ്രീവൻ=പരമെന്നും അപരമെന്നും അറിയപ്പെടുന്ന ബ്രഹ്മത്തിന്റെ ആശ്രയം=ഓം. വിഷ്ണുവിനെ കല്മാഷഗ്രീവനാക്കി വർണ്ണിച്ചിരിക്കുന്നിടത്ത് നീലകണ്ഠനായ ശിവൻ അഭിപ്രേതമല്ലെന്ന് പൌരാണികാർത്ഥപ്രണയികൾ ഓർക്കണം. വീരുധഃ=കർമ്മജ്ഞാനങ്ങളെ അറിയുന്ന ഉപാസകന്മാർ. ലതകളെന്ന ലൌകികാർത്ഥം 'രസമെത്തിക്കുന്നതിനാൽ ലത' എന്ന നിരുക്തിയാൽ സിദ്ധിച്ചതാണ്. അതുപോലെ, പരമാത്മദേവനെ പ്രാപിപ്പിക്കുവാൻ കഴിവുള്ളവരെന്ന് ഗുണവാദാനുസാരം അർത്ഥം സിദ്ധിക്കുന്നു. ഉപാസനയാണിവിടെ അഭീഷ്ടാർത്ഥം. അന്യത്രയും ഇത്തരം പ്രയോഗമുണ്ട്"---"ഇദം ജനാസോ, വിദഥ മഹദ് ബ്രഹ്മ വദിഷ്യതി | ന തത് പൃഥിവ്യാം നോ ദിവി യേന പ്രാണന്തി വീരുധഃ= (അഥർവ്വം 1. 32. 1) യേന=യാതൊന്നുകൊണ്ട് വീരുധഃ=ഉപാസകന്മാർ പ്രാണന്തി=ജീവിക്കുന്നുവോ അത് മഹദ് ബ്രഹ്മ=വേദം വദിഷ്യതി=ഉപദേശിക്കുന്നു, ജനാസഃ=അല്ലയോ മനുഷ്യരേ, ഇദം=ഇത് വിദഥ=നിങ്ങൾ അറിയുവിൻ. തത്=അതുപോലെ മറെറാന്നുമേ അറിയപ്പെടേണ്ടതായി പൃഥിവ്യാം ന=ഇഹലോകത്തിലില്ല. ഉ=നിശ്ചയമായും ദിവി=പരലോകത്തിലും ന=ഇല്ല. ശേഷം പൂർവ്വവത്.

ഊർദ്ധ്വാദിക്=മുകൾഭാഗത്ത് ബൃഹസ്പതിഃ= വേദത്തിന്റെ പ്രകാശകനായ ഈശ്വരൻ അധിപതിഃ=

അദ്ധ്യക്ഷനാകുന്നു. ശ്വിത്രഃ=യജ്ഞം രക്ഷിതാ=രക്ഷനാകുന്നു. വർഷം=മഴ ഇഷവഃ=അമ്പുകളാകുന്നു മൂർദ്ധാവിന്റെ മുകളിലുള്ള ദിക്ക് അന്തരിക്ഷം. അത് ബൃഹസ്പതിയുടെ ദിക്കാണ്— "അഥ ഏതദന്തരിക്ഷ മൂർദ്ധ്വാദിക് | ഏഷാ ഹി ദിഗ് ബൃഹസ്പതേഃ||" (ശതപഥം. 2. 3. 4. 36.) "ഊർദ്ധ്വാ ദിഗര്യമ്ണഃ"=ഊർദ്ധ്വാദിക്ക് അര്യമാവിന്റേതാകുന്നു (ശതപഥം. 5. 5. 1. 12). ബൃഹസ്പതിയും അര്യമാവും ഒന്നു തന്നെ എന്നു ബ്രാഹ്മണസിദ്ധാന്തം. "അര്യം ജാനാതീതി അര്യമാ" ഉണാദി. 1. 15. 9) "അര്യ, ഈശ്വരനാമ" ഈശ്വരന്റെ പേർ അര്യൻ. (നിഘണ്ടു. 1. 22). ഈശ്വരനെ അറിയാനുള്ള വഴി വേദമാകുന്നു. വേദപ്രകാശകനായ ബൃഹസ്പതിയും അര്യമാവും ഈശ്വരനാണെന്നു താത്പര്യം. "അനാദിനിധനാ നിത്യാ വാഗുത്സൃഷ്ടാ സ്വയംഭുവാ | ആദൌ വേദമയീ ദിവ്യാ യതഃ സർവ്വാഃ പ്രവൃത്തയഃ|| (മഹാഭാരതം. 12. 233. 24) സ്വയംഭുവായ പരമാത്മദേവനിൽ നിന്ന് അനാദിയും നിത്യവും ദിവ്യവുമായ വേദം പ്രകടമായി. അതിൽനിന്ന് മറെറല്ലാം പിന്നീടു കിട്ടി. അപ്രകാരമുള്ള ആദിമജ്ഞാനത്തിന്റെ അധിപതിയാണ് ബൃഹസ്പതി. വേദപ്രതിപാദിതമായ യജ്ഞം രക്ഷ നൾകുന്നതിനാൽ അതു രക്ഷിതാവ്. "അഗ്നിവായുരവിഭ്യസ്തു ത്രയം ബ്രഹ്മസനാതനം | ദുദോഹ യജ്ഞസിദ്ധ്യർത്ഥമൃഗ്യജുഃസാമലക്ഷണം|| (മനു. 1. 123.) യജ്ഞസിദ്ധിക്കായി അഗ്നി, വായു, സൂര്യനെന്നീ ബ്രഹ്മവിഭൂതികളിൽ കൂടി ഋക്, യജു, സാമമെന്നീ മൂന്നുപ്രകാരത്തിലുള്ള നിത്യവേദങ്ങൾ കറന്നെടുത്തു. "സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ| അനേന പ്രസ-

വിഷ്യധ്വമേഷ വോഽസ്ത്വിഷ്ടകാമധുക്‌ ||" (ഗീത. 3. 10.) യജ്ഞത്തോടൊന്നിച്ച്‌ പ്രജകളെ സൃഷ്ടിച്ചിട്ട്‌ പ്രജാപതി ഇങ്ങനെ അരുളിച്ചെയ്തു: ഇഷ്ടമുള്ളതു തരുന്ന കാമധേനു ഇതാകുന്നു, ഇതുവഴി വർദ്ധിക്കുവിൻ. "യജ്ഞേന യജ്ഞമയജന്ത ദേവാസ്താനി ധർമ്മാണി പ്രഥമാന്യാസൻ=(ഋക്‌. 10. 90.) ദേവന്മാർ യജ്ഞംകൊണ്ട്‌ യാഗംചെയ്തു, പൂജിച്ചു; അതു് ആദ്യത്തെ ധർമ്മകർമ്മമായിത്തീർന്നു. അതിനാൽ യജ്ഞത്തിൻെറ രക്ഷകത്വം നിസ്തർക്കമാണു്. യജ്ഞത്തിൻെറ ഗുണം ഇവിടെ ശ്വേതം(=ശുദ്ധം) ആയി പറയപ്പെടുന്നു. ശ്വിത്രഃ=ശ്വേതം, ശുഭ്രം, ശുദ്ധം, ശുക്ലം. യാതൊന്നു് സ്വയം ശുദ്ധമായിരുന്നുകൊണ്ട്‌ ആശ്രയിക്കുന്നവരെ ശുദ്ധമാക്കി മാററുന്നുവോ അതു ശ്വിത്രം. "സ്ഫായിതഞ്ചിവഞ്ചി......" ഉണാദി 2. 170 കൊണ്ടു 'അക്‌' പ്രത്യയം. "യജ്ഞേനലോകാ വിമലാ ഭവന്തി, യജ്ഞേന ദേവാ അമൃതത്വമാപ്നുവൻ | യജ്ഞേന പാപൈർബഹുഭിർവിമുക്തഃ പ്രാപ്നോതി ലോകാനജരസ്യ വിഷ്ണോഃ ||" യജ്ഞംകൊണ്ടു ലോകം ശുദ്ധമാകുന്നു, ദേവന്മാർ യജ്ഞംകൊണ്ടു അമൃതം നേടി, യജ്ഞംകൊണ്ടു എല്ലാ പാപങ്ങളിലും നിന്നു മോചിച്ചിട്ട്‌ വ്യാപകനായ പരബ്രഹ്മത്തെ പ്രാപിക്കുന്നു (ഹാരീതം). ധർമ്മം ശുക്ലവും അധർമ്മം കൃഷ്ണവുമാകുന്നു. ധർമ്മാനുസൃതമായയജ്ഞം ശ്വിത്രം. അതു യഥാവിധി അനുഷ്ഠിച്ചാൽ മഴയുണ്ടാകുകയും ചെയ്യും. യജ്ഞത്തിൻെറ വൃഷ്ടിജനയിതൃത്വം പ്രസിദ്ധം. "അഗ്നേർവൈ ധൂമോ ജായതേ, ധൂമാദഭ്രമഭ്രാദ്‌ വൃഷ്ടിഃ" (ശതപഥം. 5, 3. 5. 17) അഗ്നിയിലിട്ട ഹവിസ്‌ ധൂമമാകുന്നു. അതുയർന്നു മേഘമായശേഷം മഴയുണ്ടാകുന്നു. അപ്രകാരം വീഴുന്ന വർഷധാരകളാണു്

ഇഷുക്കൾ. ആ ദിവ്യജലം അന്നാദികളുണ്ടാക്കി ലോകത്തെ സംരക്ഷിക്കുന്നതിനാൽ അതിലും വിഷ്ണുവിൻെറ സർവ്വവ്യാപകമായ വിഭൂതി പ്രവർത്തിക്കുന്നു. ആ വിഷ്ണുവിനു നമസ്കാരം. ശേഷം മുമ്പിലത്തേതുപോലെ.

അഘമർഷണത്തിൽ വിനിയുക്തമായ ഭാവവൃത്തമന്ത്രങ്ങൾവഴി പരമാത്മദേവൻെറ വിരാട്‌സ്വരൂപം അനുഭവിച്ച ഉപാസകൻ മനസാപരിക്രമണം കൊണ്ട്‌ സർവ്വത്ര ആ ഏകേശ്വരൻെറ വേറെ വേറെ മഹിമ കാണുന്നു. "തസ്മാദ്വിരാഡജായത, വിരാജോഽധിപൂരുഷഃ | സ ജാതോ അത്യരിച്യത പശ്ചാദ്‌ഭൂമിമഥോ പുരഃ ||" (ഋഗ്വേദം 10. 90. 5) ആ ബ്രഹ്മത്തിൽ നിന്നു് വിരാട്‌ (സമഷ്ടിബ്രഹ്മാണ്ഡം) പ്രകടമായി. ബ്രഹ്മാണ്ഡത്തിൻെറ അധിപതിയായി ബ്രഹ്മം പ്രകാശിച്ചു. മനസാപരിക്രമണത്തിൽ വേറെവേറെ പേരിൽ അധിപതിയായി കാണുന്നതു് ഏകമായ ബ്രഹ്മമാകുന്നു. വിഭൂതികളുടെ വ്യത്യാസമാണു് പേരുകൾ കുറിച്ചതു്. അങ്ങനെ പ്രകാശിച്ച ഈശ്വരൻ ബ്രഹ്മാണ്ഡത്തിനപ്പുറവും ഇപ്പുറവും നിറഞ്ഞുപരന്നുകൊണ്ടിരിക്കുന്നു. എങ്കിലും പരിമിതമായ മനസ്സു മുഴുവൻ കാണുന്നില്ല. ഏതുദിക്കിലും വ്യാപിച്ചിരിക്കുന്ന വിരാട്‌പുരുഷനെ വ്യഷ്ടിയിൽ കൂടി മനസ്സ്‌ കാണുന്നു. യഥാക്രമം അഗ്നി, ഇന്ദ്രൻ, വരുണൻ, സോമൻ, വിഷ്ണു, ബൃഹസ്പതി, എന്നിപ്രകാരം പല പേരുകളിൽ കുറിച്ചതെല്ലാം ബ്രഹ്മത്തിൻെറ വ്യഷ്ടി മഹിമയെ ലാക്കാക്കിയാണെന്നറിയുന്നതു് മനസാപരിക്രമണത്തിൻെറ മർമ്മമാകുന്നു. പരിക്രമണം ചെയ്യുന്ന മനസ്സ്‌ മുമ്പാകെ പ്രാണപ്രദമായ കിരണങ്ങളിലൂടെ പ്രകാശവാനായ ഈശ്വരനെ കാണുന്നു; വലതുഭാഗത്തു് കർമ്മയോഗികളിലൂടെ ഐ

ശ്വര്യവാനായ ഭഗവാനെ ദർശിക്കുന്നു; പിമ്പിൽ ജീവനം തരുന്ന അന്നാദികളിൽ കൂടി എല്ലാ ജീവനത്തിന്റേയും ഉറവായ കരുണാനിധിയെ കണ്ടെത്തുന്നു; ഇടതുഭാഗത്തു് മിന്നൽ പിണറിലെ വിഭൂതിയിലൂടെ പ്രേമവും ശാന്തിയും തരുന്ന ഈശ്വരസ്വരൂപം അനുഭവിക്കുന്നു; അടിയിൽ, അതായതു് യാതൊന്നിനെ ആശ്രയിച്ചു ഉപാസകൻ ഇരിക്കുന്നുവോ അതിൽ, ഈശ്വരോപാസന ചെയ്യുന്ന ശുദ്ധപുരുഷരിൽ കൂടി സർവവ്യാപകനായ ജഗദീശ്വരനെ ദർശിക്കുന്നു. മുകളിൽ നിന്നു പ്രവഹിക്കുന്ന ജലധാരയിൽ കൂടി, യജ്ഞേശ്വരനായ ജ്ഞാനസ്വരൂപിയെ കാണുന്നു. യഥാർത്ഥത്തിൽ, എല്ലായിടത്തും ഒരേ ഈശ്വരന്റെ വിവിധമായ വിഭൂതിയാണു് കാണുന്നതു്. ഇതിനെല്ലാം പുറകിൽ, അപ്പുറത്തു് വർത്തിക്കുന്ന ഈശ്വരനെ ദർശിക്ക ഉപാസനയുടെ അന്തിമ ലക്ഷ്യമാകുന്നു.

മനസാപരിക്രമണമന്ത്രങ്ങളിൽ ഓരോ ദിക്കിന്റേയും അധിഷ്ഠാതാവായി വർണ്ണിച്ചിരിക്കുന്ന ദേവതകൾ ഒരേ ഈശ്വരനെ വർണ്ണിക്കുന്ന പ്രകാരഭേദങ്ങൾ മാത്രമാകുന്നു. വേദമന്ത്രങ്ങളിൽ അഗ്നി, ഇന്ദ്രൻ, വരുണൻ, സോമൻ, വിഷ്ണു, ബൃഹസ്പതി മുതലായവ പ്രകാശിപ്പിക്കുന്നതു് സർവ്വാന്തര്യാമിയായ പരമാത്മാവിന്റെ മഹിമയാണെന്നു് ഓർക്കണം. സൂര്യനെപ്പററി പറയുമ്പോൾ അതു ഒരു പ്രാണധാരിയായ ദേവതയാണെന്നു ധരിക്കരുതെന്നും യഥാർത്ഥത്തിൽ അതു ഒരു ജ്യോതിർമണ്ഡലം മാത്രമാണെന്നും ജൈമിനി സ്മരിപ്പിക്കുന്നു. കല്ലു് (ഗ്രാവ) സ്തുതിക്കുന്നിടത്തു്, "അഭിക്രന്ദന്തി ഹരിതേഭിരാസഭിഃ"=ഹരിതമായ വാ കൊണ്ടു വിളിക്കുന്നു എന്നു ഋഗ്വേദത്തിൽ കാണുന്നതിനർത്ഥം കല്ലിനു വായുണ്ടെന്നോ, ആ വായ്ക്കു നിറ-

മുണ്ടെന്നോ അല്ല. ഇവിടെ 'പച്ച' നിറത്തെ കുറിക്കുന്നില്ല. പച്ചയെന്നാൽ എപ്പോഴും പുതിയതായിതോന്നിക്കുന്നതെന്നർത്ഥം; 'പച്ചപരമാർത്ഥം' പോലെ. വാകൊണ്ടു വിളിച്ചു പറയുന്നു എന്നാൽ തുറന്നു തെളിയിക്കുന്നു എന്നു സാരം. "യത്രശ്യാമോ ലോഹിതാക്ഷോ ദണ്ഡശ്ചരതി പാപഹാ| പ്രജാസ്തത്ര ന മുഹ്യന്തി നേതാചേത് സാധുപശ്യതി|"—എവിടെ ചുവന്ന കണ്ണുള്ള കറുത്ത 'ദണ്ഡനീതി' പാപത്തെ കൊന്നുകൊണ്ടു സഞ്ചരിക്കുന്നുവോ, അവിടെ അതു (ദണ്ഡനീതി) നയിക്കുന്നവൻ ശരിക്കു കാണുന്നവനാണെങ്കിൽ, പ്രജകൾ ഭയപ്പെടുന്നില്ല. എന്നിങ്ങനെ മനു പറയുന്നതിനർത്ഥം, ന്യായവും സമാധാനവും പരിപാലിക്കുന്ന ദണ്ഡനീതിക്കു നിറമോ കണ്ണോ, കാലോ ഉണ്ടെന്നല്ല. ഭയമുളവാക്കുന്ന സ്വഭാവവും, പാപംചെയ്യുവാൻ പോകുന്നവന്റെ മുഖത്തു കോപത്തോടെ തുറിച്ചുനോക്കുംപോലുള്ള ഉഗ്രതയും, പ്രജകളെ രക്ഷിക്കാനായി സദാ സഞ്ചരിക്കുംപോലെ ജാഗരൂകതയും ഇവിടെ അഭിപ്രേതമാണു്. ഇന്ദ്രൻ തുടങ്ങിയവയുടെ അംഗാദി വർണനയ്ക്കും ഇത്രയേ അർത്ഥമുള്ളു.

ഈ ജഗത്തിന്റെ സ്ഥിതിയും പ്രവൃത്തിയുമെല്ലാം ഈശ്വരനെ ആശ്രയിക്കുന്നു. കേനോപനിഷത്തിൽ ഇതു വിശദമാക്കുന്നുണ്ടു്. ഈശ്വരനിൽ നിന്നു വേർപെട്ട അഗ്നിക്കു ഒരു തുരുമ്പു കരിക്കുവാൻപോലും കെല്പില്ലാതായി; ഈശ്വരനിൽ നിന്നു വേർപെട്ട വായുവിനു ഒരു പുല്ലുപോലും ഉലയ്ക്കുവാൻ വയ്യാതായി. അതിനാൽ ഭൗതികമായ പ്രവൃത്തിയെല്ലാം ആ സർവ്വശക്തന്റേതാണു്. സൂര്യന്റെ സൂര്യൻ ഈശ്വരനാകുന്നു. ഈശ്വരന്റെ തേജസിനാൽ സൂര്യൻ പ്രകാശിക്കുന്നു. അതു

കൊണ്ടു്, ഉദിച്ചുയരുന്ന സൂര്യനിൽ നാം ആ വിശ്വപതിയുടെ ദീപ്തി കാണുന്നു. സൂര്യന്റെ എല്ലാ പ്രവൃത്തിയിലും നാം ഈശ്വരമഹിമ ദർശിക്കുന്നു. ഈ അവസ്ഥയിൽ, ഈ രൂപത്തിൽ, നാം ആ ഈശ്വരനെ സൂര്യനെന്ന പേരുകൊണ്ടു് ഉച്ചരിക്കുന്നു; ഈ വിഭൂതിയിൽ കൂടി ഈശ്വരൻ നമുക്കു നൽകുന്ന അനുഗ്രഹത്തിനുവേണ്ടി നാം സൂര്യനെന്ന പേരിനാൽ ഈശ്വരനോടു പ്രാർത്ഥിക്കുന്നു. സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കെ പെട്ടെന്നു ആകാശത്തിൽ കൊടുങ്കാററുണ്ടാകുന്നു, സൂര്യപ്രകാശം മങ്ങുന്നു, വായു വലിയ വേഗത്തോടെ വീശുന്നു. ഈ വായുവിലും, സൂര്യനിൽ കണ്ടതുപോലെ, ഈശ്വരന്റെ പ്രവൃത്തി കാണപ്പെടുന്നു. ഇതു ഈശ്വരന്റെ വേറൊരു മഹിമയാണു്. മഹിമ ഈശ്വരന്റേതാകുന്നു. എന്നാൽ കുറച്ചുമുമ്പു് സൂര്യൻ കാണിച്ച മഹിമയല്ല ഇപ്പോൾ വായു കാണിക്കുന്നതു. വായുവിന്റെ രൂപത്തിൽ പ്രകടമാകുമ്പോൾ ആ മഹിമയ്ക്കു മരുത് എന്നുപേർവരുന്നു. ഈ രൂപത്തിൽ നമുക്കു കിട്ടുന്ന വിഭൂതിയേയും മരുത്തെന്നുവിളിക്കുന്നു. വായു (മരുത്) വിനോടൊന്നിച്ചു് മേഘമുണ്ടാകാം, മിന്നൽ ഉണ്ടാകാം, ഇടി മുഴങ്ങാം, ഇതിന്റെയെല്ലാം ഫലമായി മഴയുണ്ടാകാം. ഇതു് ആകാശത്തിൽനടന്ന ഒരു സംഗ്രാമത്തിന്റെ ഫലമാണെന്നു തോന്നിപ്പോകും. ഇതെല്ലാം ചേർന്നുകാണിക്കുന്ന മഹിമ മറെറാരു പ്രകാരത്തിലാകയാൽ, എല്ലാം ചേർന്നതിനു് ഇന്ദ്രനെന്നുപേർ കൊടുക്കുന്നു. അപ്രകാരം നമുക്കു ലഭിക്കുന്നഫലം ഇതേ വിഭൂതിയിൽകൂടി കിട്ടുന്നതിനാൽ അതിനെയും ഈ പേരുകൊണ്ടു തന്നെ നാം വിളിക്കുന്നു. അഗ്നിയുമായി ആദിത്യന്മാർക്കും, ഇന്ദ്രനുമായി പിതര(=കർമ്മികൾ)ക്കും, വരുണനുമായി

അന്നത്തിനും, സോമനുമായി അശനിക്കും, വിഷ്ണുവുമായി വിരുധ(=ഉപാസക)ർക്കും, ബൃഹസ്പതിയുമായി വർഷത്തിനും ഇതിലധികമൊരു വേർപ്പാടുമില്ല. ആറുദിക്കുകളിലോരോന്നിന്റേയും അധിപതിയായി ഓരോ ദേവതയെ എടുത്തു പറയുന്നതിലും വേറെ അർത്ഥമൊന്നുമില്ല. സർവ്വശക്തനും സർവവ്യാപകനുമായ പരമാത്മാവ് ഇപ്രകാരം തന്റെ വേറെ വേറെ വിഭൂതിയുമായി ചേരുമ്പോൾ വേറെ വേറെ ദേവതകളായി വ്യവഹൃതനാകുന്നുവെന്നേയുള്ളൂ; നാമഭേദത്തിന്റേയും വിഭൂതിഭേദത്തിന്റേയും ഐശ്വര്യാദിഭേദത്തിന്റേയും അഭിപ്രായം ഇതാണു്. ഒരിക്കൽ, ഒരിടത്തു, ഒരു വിഭൂതിയോടുകൂടി ഒരു പ്രകാരത്തിൽ നാം കാണുന്ന പരമാത്മാവിനെ തന്നെയാണു് മറെറാരിക്കൽ, മറെറാരിടത്തു്, മറെറാരു വിഭൂതിയോടുകൂടി, മറെറാരു പ്രകാരത്തിൽ നാം കാണുന്നതു്. അനന്തനും, സർവവ്യാപിയും ആയ പരമാത്മാവു് ഇപ്രകാരം അനന്തമായ വിഭൂതികളിൽകൂടി സർവ്വത്ര അനന്തരൂപത്തിൽ പ്രകടമാകുന്നു. "സ വരുണ: സായമഗ്നിർഭവതി സമിത്രോ ഭവതി പ്രാതരുദ്യൻ | സ സവിതാഭൂത്വാഽന്തരിക്ഷേണയാതി, സ ഇന്ദ്രോ ഭൂത്വാ തപതി മധ്യതോ ദിവം|| (അഥർവ്വവേദം. 13. 3. 13.)–ആ വരുണൻ സായം കാലമാകുമ്പോൾ അഗ്നിയായി പ്രകാശിക്കുന്നു; അവൻ പ്രാതഃകാലം ഉദയമാകുമ്പോൾ മിത്രനായിത്തീരുന്നു; അവൻ സവിതാവായി മാറി ആകാശമാർഗ്ഗത്തിൽ സഞ്ചരിക്കുന്നു; അവൻ ഇന്ദ്രനായിതീർന്നിട്ടു നടുക്കിരുന്നുകൊണ്ടു് ദ്യുലോകത്തെ തപിപ്പിക്കുന്നു. അനന്തപുരുഷന്റെ വിരാടു് സ്വരൂപത്തെ ഈ പ്രക്രിയയിൽകൂടി ഉപാസകൻ അനുഭവിക്കുന്നു. "ബ്രഹ്മൈവേദമമൃതം പുരസ്താദ് ബ്രഹ്മപശ്ചാത്, ബ്രഹ്മ

ദക്ഷിണതശ്ചോത്തരേണ! അധശ്ചോർദ്ധ്വം ച പ്രസൃതം ബ്രഹ്മൈവേദം വിശ്വമിദം വരിഷ്ഠം!!"=മുമ്പിൽ കാണുന്നതു് അമൃതരൂപമായ ബ്രഹ്മം തന്നെ; പുറകിലും ബ്രഹ്മമാകുന്നു. കീഴിലും മുകളിലും അതു പരന്നു നിറഞ്ഞിരിക്കുന്നു, ഇതൊക്കെ ബ്രഹ്മംതന്നെ. അതു എല്ലാററിലും വെച്ചു ശ്രേഷ്ഠമാകുന്നു.

ആ ഏകനായ പരമാത്മാവിനെ സാക്ഷാത് ദർശിക്കുന്നതിനുവേണ്ടി അടുത്ത ക്രിയയിലെർപ്പെടുന്നു. അതാണു് ഉപസ്ഥാനം.

ഉപസ്ഥാനം

[ഋഷിഃ പ്രസ്കണ്വഃ കാണ്വഃ, സൂര്യോദേവതാ, ഛന്ദോഽനുഷ്ടുപ്]

ഉദ്വയം തമസസ്പരി സ്വഃ പശ്യന്ത ഉത്തരം | ദേവം ദേവത്രാ സൂര്യമഗന്മ ജ്യോതിരുത്തമം ||

യജു 35. 14

[ഋഷിഃ പ്രസ്കണ്വഃ കാണ്വഃ, സൂര്യോദേവതാ, ഛന്ദോഗായത്രീ]

ഉദുത്യം ജാതവേദസം ദേവം വഹന്തി കേതവഃ | ദൃശേ വിശ്വായ സൂര്യം ||

ഋക് 1. 50. 1.

[ഋഷിഃ കുത്സ ആങ്ഗിരസഃ, സൂര്യോദേവതാ, ഛന്ദസ്ത്രിഷ്ടുപ്]

ചിത്രം ദേവാനാമുദഗാദനീകം ചക്ഷുർമിത്രസ്യ വരുണസ്യാഗ്നേഃ | ആപ്രാ ദ്യാവാ

പൃഥിവീ അന്തരിക്ഷം സൂര്യ ആത്മാ ജഗതസ്തസ്ഥുഷശ്ച; സ്വാഹാ||

ഋക് 1. 115. 1.

[ഋഷിർദധ്യങ്ങാഥർവ്വണഃ, ദേവതാസൂര്യഃ, ഛന്ദസ്ത്രിഷ്ടുപ്]

തച്ചക്ഷുർദ്ദേവഹിതം പുരസ്താച്ഛുക്രമുച്ചരത് | പശ്യേമ ശരദഃശതം, ജീവേമ ശരദഃശതം, ശൃണുയാമ ശരദഃശതം. പ്രബ്രവാമ ശരദഃശതമദീനാഃസ്യാമ ശരദഃശതം, ഭൂയശ്ച ശരദഃ ശതാത് ||

യജു. 36. 24.

ഉത്=ഉത്കൃഷ്ടമായ (ഛാന്ദസമാകയാൽ വിഭക്തി ലോപിച്ചു) തമസഃ=പ്രകൃതിയുടെ,പരി=പുറകെ(അപ്പുറം) ഉത്തരം=ഉത്കൃഷ്ടതരമായ സ്വഃ=ആനന്ദസ്വരൂപത്തെ പശ്യന്തഃ=കാണുന്നവരായിട്ടു് വയം=ഞങ്ങൾ ദേവത്രാ=ദേവതകളിൽ വെച്ചു് ദേവം=ദേവനും (പ്രകാശവാനും) ഉത്തമം=ഉത്കൃഷ്ടതമനും ജ്യോതിഃ=വെറും ജ്യോതിസ്സും ആയ സൂര്യം=സൂര്യനിൽക്കൂടി പ്രകടമാകുന്ന പരമാത്മദേവനെ അഗന്മ=പ്രാപിക്കട്ടെ, ദർശിക്കട്ടെ; അഗ്നി മുതലായ ദേവതകളിലും അവയുടെ പ്രവൃത്തികളിലും കൂടി ഈശ്വരന്റെ സ്വരൂപവും വിഭൂതിയും കണ്ടിട്ടു കേവലമായ ബ്രഹ്മദർശനത്തിനായ് വെമ്പൽകൊള്ളുന്ന ഉപാസകൻ അവയ്ക്കപ്പുറം കടന്നു് ശുദ്ധ ബ്രഹ്മത്തിനോടടുക്കാൻ ശ്രമിക്കുന്നു. ഇതാണു് ഉപസ്ഥാനം=അടുത്തു ചെല്ലുക. തമസ് എന്നാൽ പ്രകൃതി. "തമ ആസീത് തമസാഗൂഢമഗ്രേ"= ഋഗ്വേദം. 10. 129. 3.) ആരംഭ

ത്തിൽ ഇരുൾനിറഞ്ഞ പ്രകൃതി (തമസ്) ഉണ്ടായിരുന്നു. 'ഉത്' എന്ന പ്രയോഗം ഈ ഗൂഢമായ തമസിന്റെ (പ്രകൃതിയുടെ) ഉത്ക്രമണത്തെ സൂചിപ്പിക്കുന്നു. അതിന്റെ പരിണാമം ഉത്കൃഷ്ടമായ തമസ്=ഉത്ക്രമണശേഷമുള്ള പ്രകൃതി. അതായത്, സൃഷ്ടി=ജഗത്. "ബ്രഹ്മണസ്പതിരേതാ സംകർമ്മാര ഇവാധമത ! ദേവാനാംയുഗേ/സതഃസദജായത!!" (ഋഗ്വേദം. 10. 72 2) സൂര്യാദിദേവതകൾ പ്രകടമായ കാലത്ത് ഇരുൾ നിറഞ്ഞുകിടന്ന തമസിൽ (അവ്യക്തപ്രകൃതിയിൽ) നിന്ന് വ്യക്തപ്രകൃതിയുണ്ടായി. കൊല്ലനെപ്പോലെ ബ്രഹ്മണസ്പതി അവയെ അടിച്ചു സൃഷ്ടിനടത്തി. ഇപ്രകാരം പരിണതമായ പ്രകൃതിക്ക് ഉത്തമസ് എന്നു പരിഭാഷ. അതാണു അഗ്ന്യാദിദേവതകൾ. അവയ്ക്കു അപ്പുറം ആനന്ദസന്ദായകമായ ജ്യോതിസ്സ് (ബ്രഹ്മവിഭൂതി) വർത്തിക്കുന്നു. "ആദിത്യവർണം തമസഃപരസ്താത്"! (യജു. 32. 18 =ആ തമസിനു (വിശ്വത്തിന്) അപ്പുറം ആദിത്യന്റെ ജ്യോതിസ്സുപോലൊന്നുണ്ട്. അതു മാനസാപരിക്രമണം കൊണ്ടു കണ്ടു. തമസ്സുകൊണ്ടു വിവക്ഷിക്കുന്ന സൂര്യാദികൾ ഉത്=(ശ്രേഷ്ഠം) ആകുന്നു; അതിനപ്പുറമുള്ള 'സ്വഃ' ഉത്തര(=ശ്രേഷ്ഠതര)വും ദ്യുവിൽ കാണപ്പെടുന്ന പ്രകാശവാന്മാരും സാമർത്ഥ്യവാന്മാരുമായ ദേവതകളിൽവെച്ച് ഏറ്റവും പ്രതാപിയും അതിപ്രകാശവാനുമായ സൂര്യനാകുന്നു. സൂര്യനിൽ കൂടി പ്രകാശിക്കുന്ന ദിവ്യതേജം മറ്റെല്ലാദേവതകളേയും അതിശയിക്കുന്നു. അതുപോലെ, സകലജ്യോതിർമ്മണ്ഡലത്തേയും ഭേദിച്ച് അതിനപ്പുറത്തു നിറയുന്നസൂര്യന്റെ തനിജ്യോതിസ്സ് ശ്രേഷ്ഠതമ (=ഉത്തമ) മാകുന്നു. ദേവത്രാ=ദേവതകളിൽ, (ദേവപുരുഷ പുരുമർത്തേഭ്യോ ദ്വിതീയാസ

പ്തമ്യോ ബഹുലം എന്ന പാണിനീയസൂത്ര (5. 4. 56) പ്രകാരം സപ്തമ്യർത്ഥത്തിൽ ത്രാ) പ്രാകൃതമായ അഗ്നിപ്രഭൃതിദേവതകളിൽവെച്ച് കൂടുതൽ പ്രകാശവാനായ സൂര്യനെ കാണുംപോലെ ഉത്തമമായ ജ്യോതിസിനെ പ്രാപിക്കാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു. അഗന്മ=(പ്രാർത്ഥനാർത്ഥത്തിൽ ലങ്; ഛന്ദസിലുങ്ലങ്ലിടഃ- അഷ്ടാധ്യായി. 3. 4. 6. മോ ധാതോഃ അഷ്ടാ ൮. 2. 65 എന്നു ധാതുവിന്റെ മകാരത്തിനു നകാരം) പ്രാപിക്കട്ടെ

കേതവഃ=പ്രജ്ഞാ, (ബഹുവചനം ഞങ്ങളുടെ പ്രജ്ഞകൾ എന്നു കാണിക്കുന്നു). "കേതഃ കേതുശ്ചേതശ്ചിത്തം ക്രതുരസുർധീഃശചീർമായാവയുനമഭിഖ്യേത്യേകാദശ പ്രജ്ഞാനാമാനി" (നിഘണ്ടു. 3. 9.) പ്രജ്ഞ എന്നാൽ അടുത്തു അറിയുക=കാണുക. ത്യം=തം, ആ, ജാതവേദസം= സർവജ്ഞനായ, സൂര്യം = പ്രകാശിക്കുന്ന ദേവം = പരമാത്മദേവനെ വിശ്വായ = (ഷഷ്ഠ്യർത്ഥത്തിൽ ചതുർത്ഥീ) പൂർണ്ണമായി ദൃശേ=കാണുന്നതിനു വേണ്ടി (ദൃശേ വിഖ്യേ ച. അഷ്ടാധ്യായി. 3. 4.,11 എന്നു തുമർത്ഥത്തിൽ നിപാതം) ഉ=തീർച്ചയായും ഉദ്വഹന്തി=ഉത്കർഷം കൊള്ളുന്നു. പ്രാർത്ഥനയിൽ പ്രാർത്ഥ്യത്തിന്റെ ഉത്കർഷം പ്രസിദ്ധമാകയാൽ പ്രാർത്ഥിക്കുന്നു എന്നർത്ഥം. സൂര്യദേവൻ ഇവിടെ ചരാചരങ്ങളുടെ ആത്മാവായ പരമേശ്വരനെ കുറിക്കുന്നു. ഉപാസകന്മാരുടെ പ്രജ്ഞ ആ പരമദേവനെ പ്രാർത്ഥിക്കുന്നു. ആ ദേവൻ എല്ലാമറിയുന്നവനാകയാൽ അവനെ മുഴുവനും കാണ്മാൻതക്കവണ്ണം നമ്മെ അനുഗ്രഹിക്കണമെന്നതാണ് പ്രാർത്ഥന.

ദേവാനാം=സകലദേവതകളുടേയും ചിത്രം=പൂജക്കർഹനും, അനീകം=ജീവനദാതാവും, (തസ്മിഞ്ഛ്രയന്തേ യ ഉ കേ ച ദേവാഃ വൃക്ഷസ്യ സ്കന്ധഃ പരിത ഇവ ശാഖാഃ–അഥർവം. 10 7. 38 വൃക്ഷത്തെ ആശ്രയിച്ച് ശാഖകൾ ചുററും നില്ക്കുംപോലെ, എത്ര ദേവതകളുണ്ടോ അവയൊക്കെ ബ്രഹ്മത്തെ ആശ്രയിക്കുന്നു) മിത്രസ്യ=ദ്യുസ്ഥാനത്തിലുള്ള സൂര്യൻെറയും, വരുണസ്യ=അന്തരീക്ഷസ്ഥാനത്തുള്ള വായുവിൻേറയും, അഗ്നേ=പൃഥിവീസ്ഥാനത്തുള്ള അഗ്നിയുടേയും ചക്ഷുഃ=കണ്ണും, ദ്യാവാപൃഥിവീ=ദ്യുലോകവും ഭൂലോകവും, അന്തരിക്ഷം ച= അന്തരിക്ഷലോകവും ആപ്രാഃ=തിങ്ങിനിറഞ്ഞും കവിഞ്ഞുമിരുന്നുകൊണ്ട്, ജഗതഃ=ജങ്ഗമങ്ങളുടേയും തസ്ഥുഷഃ ച=സ്ഥാവരത്തിൻേറയും ആത്മാ=അന്തരാത്മാവുമായ സൂര്യം=(സൂരിഭിഃപ്രാപ്യം) വരണീയബ്രഹ്മം ഉദഗാത്=(ഞങ്ങളുടെ ഹൃദയത്തിൽ) വെളിപ്പെട്ടാലും. സ്വാഹാ=എന്നു വേദവാണി പറയുന്നു. "സ്വാവാഗാഹേതി" (നിരുക്തം 8. 20) ഈ വിശ്വത്തിൽ സൂര്യൻപോലെ പരമാത്മാവിന്റെ മഹിമയുണ്ടെന്നതു നിശ്ചയമാകുന്നു. "സപ്രജാപതിർവ്വിദാംചകാര, സ്വമഹിമാഹി ഇതി സ്വാഹാ। (ശതപഥം. 2. 2. 4. 9) ഇതെൻെറ മഹിമയാണെന്നു പ്രജാപതി അറിഞ്ഞതിനാൽ അവൻ സ്വാഹാ എന്നു പറഞ്ഞു. യാതൊരു ബ്രഹ്മം ദേവതകളുടെ പൂജ (അനുസ്മരണം) അർഹിക്കുന്നുവോ, ദേവതകളുടെ ആശ്രയമായിരിക്കുന്നുവോ, മിത്രനേയും അഗ്നിയേയും വരുണനേയും അവനവൻെറ കർമ്മത്തിൽ പ്രേരിപ്പിക്കുന്നുവോ, ലോകത്രയിയെ ചുററി വ്യാപരിക്കുന്നുവോ, ചരാചരങ്ങളുടെ ആത്മാവായി

വർത്തിക്കുന്നുവോ, ആ ബ്രഹ്മം ഞങ്ങളുടെ ഹൃദയത്തിൽ പ്രകാശിക്കുമാറാകട്ടെ എന്നു മന്ത്രാർത്ഥം.

ചക്ഷുഃ=സൂര്യൻ, വായു, അഗ്നി മുതലായവക്കു കർത്തവ്യകർമ്മം കാണിച്ചുകൊടുക്കുന്ന ദർശനസാമർത്ഥ്യവും, ദേവഹിതം=ദിവ്യഗുണമുള്ള ധർമ്മാത്മാക്കൾക്ക് ഹിതകര(പ്രിയ)വും, ശുക്രം=ശുദ്ധവുമായ തത്=ബ്രഹ്മം പുരസ്താത്=മുമ്പിൽ ഉച്ചരത്=(ഇതശ്ചലോപഃ പരസ്മൈപദേഷു. അഷ്ടാധ്യായി 3. 4. 97 എന്നതിനാൽ 'ഉച്ചരതി'യിലെ ഇ ലോപിക്കുന്നു) ഉദിക്കുന്നു, പ്രകാശിപ്പിക്കുന്നു, മുമ്പിലിരിക്കുംപോലെ ദർശനം തരുന്നു എന്നഭിപ്രായം. ഇതു് ഞങ്ങൾ ശതം=നൂറു (അത്യന്തസംയോഗത്തിൽ ദ്വിതീയ) ശരദഃ=വർഷങ്ങൾവരെ പശ്യേമ=കാണട്ടെ. ശതം ശരദഃ ജീവേമ=(അപ്രകാരം കണ്ടുകൊണ്ടു്) നൂറുവർഷം ജീവിക്കട്ടെ. ശതം ശരദഃ ശൃണുയാമ=നൂറുവർഷം (അതു) കേൾക്കട്ടെ. ശതം ശരദഃ പ്രബ്രവാമ=നൂറുവർഷം (അതു) പ്രചരിപ്പിക്കട്ടെ. ശതം ശരദഃ=നൂറുവർഷം അദീനാഃ=ദീനതയില്ലാത്തവരായി സ്യാമ=ഭവിക്കട്ടെ. ആരുടെയും മുമ്പിൽ ദീനതകാണിക്കാതെ ഞങ്ങൾ ഇതെല്ലാം ചെയ്യട്ടെ എന്നു താല്പര്യം. ശതാത് ഭൂയഃ=നൂററിലധികം ശരദഃ=വർഷങ്ങൾവരെ ച=ഞങ്ങൾ ജഗജ്ജന്മാദികാരണമായ ബ്രഹ്മത്തെ കാണുകയും, അതിനെ ആശ്രയിച്ചു ജീവിക്കയും, അതിനെപ്പററി കേൾക്കയും, സ്തുതിക്കയും, ദീനതയില്ലാതെ ഇതൊക്കെ നിർവഹിക്കയും ചെയ്യുമാറാകട്ടെ. ഈ പ്രാർത്ഥന ദൃഢവിശ്വാസത്തോടുകൂടി, ജഗദീശ്വരൻ അടുത്തുണ്ടെന്ന ധാരണയോടെ, അനുഷ്ഠേയമാകുന്നു. അത്യന്തം ശ്രദ്ധാപൂർവം ഇപ്രകാരം കൃപാലുവായ ഏകേശ്വരനോടു പ്രാർത്ഥിച്ചാൽ സംസിദ്ധികൈവരുമെന്നു നിശ്ചയം.

ഗുരുമന്ത്രം

ഉപസ്ഥാനം അവസാനിച്ചു. ഇപ്പോൾ സാക്ഷാത് ബ്രഹ്മദർശനം സാധിക്കുവാനായി ഉപാസനകർമ്മത്തിലേർപ്പെടണം. മറെറാരു സാധനവും അപേക്ഷിക്കാതെ, വ്യാപാരാന്തരമില്ലാത്തതിനാൽ ഏകാകാരത്തിൽ പരിണതമായിരിക്കുന്ന ചിത്തത്തെ തൈലധാരമുറിയാതെ ഒഴുകുംപോലെ, ഗാഢമായി ബ്രഹ്മത്തിൽ ഒഴുക്കിച്ചേർക്കുകയാണു് സാക്ഷാത്കാരം. ഓം, ഗായാത്രി, അഥവാ മറ്റേതെങ്കിലും ആദ്ധ്യാത്മികമായ ഉപായം മൂലം സമുപസ്ഥിതമാകുന്ന ബ്രഹ്മഭാവനാതിശയത്തിൽ, പ്രേമഭരത്താൽ നമ്രമായ ചേതസിനെ പ്രവേശിപ്പിക്കുന്ന പ്രക്രിയക്കു ഉപാസനമെന്നു പേർ. സന്ധ്യോപാസനം നിയമപൂർവ്വകമായ ഗായാത്രീമന്ത്രംവഴി സാധിക്കുന്നു. അതിനാൽ ഗായത്രി ഗുരുമന്ത്രമെന്നു പ്രസിദ്ധമായി. ഗായത്രി എന്നാൽ വേദമന്ത്രത്തിന്റെ ഛന്ദോവിശേഷം. "ചതുർവിംശത്യക്ഷരാ ഗായത്രീ"=(ഛാന്ദോഗ്യം 3. 17. 1.) "അഷ്ടാക്ഷരം ഹ വാ ഏകം ഗായത്ര്യൈകപദം." (ബൃഹദാരണ്യകം 5. 14. 1.)-ഗായത്രിക്കു 24 അക്ഷരമുണ്ടു്. ഗായത്രിയുടെ ഒരു പാദത്തിൽ 8 അക്ഷരം അതായതു് എട്ടക്ഷരംവീതമുള്ള മൂന്നു വരിയാണു് ഗായത്രിഛന്ദസ്സു്. "അഗ്നിമീളേ പുരോഹിതം; യജ്ഞസ്യ ദേവമൃത്വിജം; ഹോതാരം രത്നധാതമം." എന്ന ഋഗ്വേദത്തിലെ ഒന്നാംമന്ത്രവും, "അഗ്ന ആയാഹി വീതയേ; ഗൃണാനോ ഹവ്യദാതയേ; നിഹോതാ സത്സി ബഹിർഷി. എന്ന സാമവേദത്തിലെ ഒന്നാം മന്ത്രവും ഗായത്രീഛന്ദസിലുള്ളതാണു്. ഇപ്രകാരം ഈ ഛന്ദസിലുള്ള അനേകം മന്ത്രങ്ങൾ വേദങ്ങളിലുണ്ടു്.

സാമാന്യമായ നിയമം ഇപ്രകാരമിരുന്നിട്ടും ഗായത്രി എന്നു കേട്ടാൽ 'തത്സവിതു' എന്നു തുടങ്ങുന്ന ഗുരുമന്ത്രമെന്നു മാത്രമേ ഏവരും ധരിക്കാറുള്ളു. കേവലം "തത്സവിതു" എന്നാരംഭിക്കുന്ന മന്ത്രമൊന്നേ ഗായത്രി എന്ന പേരിൽ പ്രസിദ്ധിപെററിട്ടുള്ളു. ഉക്തമായ മന്ത്രത്തിനു ഈ പ്രസിദ്ധി എന്നുണ്ടായെന്നു നിർണ്ണയിക്കുക എളുപ്പമല്ല. ഉപനയകാലത്തു അഥവാ വേദാരംഭത്തിൽ ബാലകരേയും ബാലികകളേയും ഗായത്രീ എന്ന പേരിൽ ഈ മന്ത്രം പഠിപ്പിച്ചുവരുന്നതിനാലും, അർത്ഥത്തിൽ അതിശയമായ സാരള്യവും, നിബിഡമായ സൌന്ദര്യവും, കലർപ്പില്ലാത്ത ആദ്ധ്യാത്മികതയും എന്നും പുതുമ തോന്നിക്കുമാറു് അനുഭവമാകുന്നതിനാലും ഇതിനു് ഇപ്രകാരം വിസ്മയജനകമായ പ്രസിദ്ധി വന്നിരിക്കണം. "സാ ഹൈഷാ ഗയാംസ്തത്രേതത് പ്രാണാഃ വൈ ഗയാസ്തത് പ്രാണാംസ്തത്രേ തദ്യദ് ഗയാംസ്തത്രേ തസ്മാത് ഗായത്രീനാമ സ യാമേവാമൂം സവിത്രീമന്വാഹൈഷൈവ സാസയസ്മാ അന്വാഹ തസ്യപ്രാണാംസ്ത്രായതേ" (ബൃഹദാരണ്യകോപനിഷത്. 5. 14. 4)—ഗായത്രി ശബ്ദത്തിൽ 'ഗായ+ത്രി' ഈ രണ്ടു ശബ്ദമുണ്ടു്. 'ഗായ' 'ഗയ' എന്നതിൽ നിന്നുണ്ടായി. പ്രാണന്റെ (ഇന്ദ്രിയങ്ങളുടേയും) പേരാണു് ഗയ. 'ത്രൈ'ധാതുവിൽനിന്നു ത്രി ഉണ്ടാകുന്നു. അതിനാൽ പ്രാണനെയും ഇന്ദ്രിയങ്ങളേയും രക്ഷിക്കുന്നതേതോ അതു ഗായത്രീ. "ഗായന്തം ത്രായത ഇതി ഗായത്രീ="പാടുന്നവനെ രക്ഷിക്കുന്നതിനാൽ ഗായത്രി-എന്നും ചിലർ നിർവ്വചനം കൊടുക്കാറുണ്ടു്. ഏപ്രകാരം ഛന്ദസ്സിനെ ആശ്രയിച്ചു് ഗായാത്രിഎന്നു പേർ പ്രസിദ്ധമായോ, അതേപ്രകാരം ദേവതയെ ആസ്പദിച്ചു് സാവിത്രീ എന്ന നാമാന്തരവും ഇതിനുലഭിച്ചു. സവിതാ

ദേവതയാകയാൽ 'സാവിത്രി'. ത്രിപാദാചൈവ സാവിത്രീവിജ്ഞേയം ബ്രഹ്മണോമുഖം=മൂന്നുപാദമുള്ള സാവിത്രീമന്ത്രം വേദത്തിന്റെ മുഖ്യമായ അംഗമാണു് (മനു. 2. 81) "ഗായത്രീമേവ സാവിത്രീമന്വബ്രൂയാത്"=ഗായത്രീമന്ത്രത്തെ മാത്രമേ സാവിത്രിയെന്നു പറയാവൂ (ബൃഹദാരണ്യകം 5. 14. 5.) അഥർവ്വവേദം (19. 71. 1.) ഗുരുമന്ത്രത്തെ 'വേദമാതാ' എന്നുവിളിക്കുന്നു. "സ്തുതാ മയാ വരദാ വേദമാതാ പ്രചോദയന്താം പാവമാനീ ദ്വിജാനാം! ആയുഃ. പ്രാണം, പ്രജാം, പശും, കീർത്തിം, ദ്രവിണം, ബ്രഹ്മവർചസം| മഹ്യം ദത്വാ വ്രജത ബ്രഹ്മലോകം. വേദാരംഭസംസ്കാരം കൊണ്ടു സംസ്കരിക്കപ്പെട്ടവരെ പരിശുദ്ധരാക്കുന്നതും എല്ലാപ്രവൃത്തികളേയും പ്രേരിപ്പിക്കുന്നതും, വരംതരാൻ കഴിയുന്നതുമായ വേദമാതാവെന്ന ഗായത്രീമന്ത്രത്തെ ഞാൻ സ്തവനംചെയ്യുന്നു. അതു എനിക്കു ദീർഘായുസ്സും, മികച്ച ജീവനശക്തിയും, സന്താനാദിയും, സമ്പത്തും, യശസ്സും, സാമർത്ഥ്യവും ആദ്ധ്യാത്മികതേജസ്സും തന്നിട്ടു്, ബ്രഹ്മസമീപത്തിലെത്തിക്കട്ടെ. ബ്രഹ്മസമീപത്തിലെത്തിക്കുവാൻ ഗായത്രിക്കുള്ള സാമർത്ഥ്യത്തെക്കുറിച്ചു ഐതരേയബ്രാഹ്മണത്തിൽ (3. 3. 1 2) ആലങ്കാരികമായ ഒരു ഉപാഖ്യാനം ഉദാഹരിച്ചിരിക്കുന്നതിപ്രകാരമാണു്. "സോമോ വൈ രാജാഽമുഷ്മിൻ ലോക ആസീത്| തം ദേവാശ്ച ഋഷയശ്ചാഭ്യധ്യായൻ| കഥമയമസ്മാൻത്സോമോ രാജാഗച്ഛേദിതി| തേഽബ്രുവൻ ഛന്ദാംസി| യൂയംന ഇമം സോമം രാജാനമാഹരേതി| തഥേതി| തഥേതി| തേ സുപർണ്ണാഭൂത്വോദപതൻ|" പരലോകത്തിൽ സോമരാജാവു് പാർത്തിരുന്നു. ദേവന്മാരും (വിദ്വാന്മാരും) ഋഷികളും അദ്ദേഹത്തെ ധ്യാനിച്ചു. സോമരാജാവിനെ

എങ്ങനെ അവരുടെ അടുത്തു വരുത്താമെന്നു ആലോചിച്ചുകൊണ്ടു്, അവർ വേദത്തിലെ എല്ലാ ഛന്ദസ്സുകളേയും വിളിച്ചു് 'നിങ്ങൾ സോമരാജാവിനെ ഞങ്ങളുടെ അടുത്തു കൊണ്ടുവരണ'മെന്നു് പറഞ്ഞു. ഛന്ദസ്സുകൾ സമ്മതിച്ചു; 'സുപർണ്ണ'രായിട്ടു മുകളിലേക്കുപോയി." ജഗതീ, ത്രിഷ്ടുപ് മുതലായ ഛന്ദസ്സുകൾക്കു സോമനെ കൊണ്ടുവരാൻ കഴിഞ്ഞില്ല. അപ്പോൾ="തേ ദേവാ അബ്രുവൻ ഗായത്രീം, ത്വം ന ഇമം സോമം രാജാനമാഹരേതി, സാ തഥേത്യബ്രവീത്! താം വൈ മാ സർവേണ സ്വസ്ത്യയനേനാനുമന്ത്രയധ്വമിതി! തഥേതി! സോദപതത്! താം ദേവാഃ സർവേണ സ്വസ്ത്യയനേനാന്വമന്ത്രയന്ത! പ്രേതി ചേതി ചേത്യേതദ്വൈ സർവ്വം സ്വസ്ത്യയനം തത് പ്രേതി ചേതി ചേതി!–" ആ വിദ്വാന്മാരും ഋഷികളും ഗായത്രീ ഛന്ദസ്സിനോടു്, നീ സോമരാജാവിനെ ഞങ്ങളുടെ അടുത്തുകൊണ്ടുവരണ'മെന്നുപറഞ്ഞു. അങ്ങനെയാവട്ടെ എന്നു സമ്മതിച്ചിട്ടു ഗായത്രിപറഞ്ഞു-നിങ്ങളെല്ലാരും ഒന്നിച്ചുചേർന്നു എനിക്കു സ്വസ്ത്യയനം ഓതുവിൻ. അവർ അതു ചെയ്യാമെന്നു് ഏററു. ഗായത്രീ മേലോട്ടു പറന്നു. വിദ്വാന്മാരും ഋഷികളും ചേർന്നു് 'പ്ര, ച, ച;' പ്ര, ച, ച' എന്നു സ്വസ്ത്യയനമോതി. (പ്ര= പ്രകർഷം, ച=വീണ്ടും) വീണ്ടും വീണ്ടും (ച, ച,) ഉത്തരോത്തരം പ്രബലമായ ഇച്ഛയോടുകൂടി (പ്ര, പ്ര) ഈശ്വരനെ ധ്യാനിക്കയാണു് ശ്രേഷ്ഠതമമായ സ്വസ്ത്യയനം "സാ പതിത്വാ സോമപാലാൻ ഭീഷയിത്വാ പദ്ഭ്യാം ച മുഖേന ച സോമം രാജാനം സമഗൃഭ്ണാത്"=ഗായത്രി ചെന്നിട്ടു സോമനെ ചുററിനില്ക്കുന്നവരെ ഭയപ്പെടുത്തിയ ശേഷം, സോമരാജനെ മുറുക്കിപ്പിടിച്ചുകൊണ്ടുപോന്നു.

ഇങ്ങനെ വിദ്വാന്മാൎക്കും ഋഷികൾക്കും സോമരാജാവ് കിട്ടി. ഈ ആഖ്യാനത്തിന് 'സൌപൎണ്ണ'മെന്നുപേർ. സോമരാജാവ് ഈശ്വരനാകുന്നു. വിദ്വാന്മാൎക്കും ഋഷികൾക്കുംപോലും ഈശ്വരദർശനം എളുപ്പമല്ലെന്നു കാണിക്കാൻ പരലോകത്തിൽ സോമനെ സങ്കല്പിച്ചു. സോമപാലന്മാർ പ്രകൃതിയെ കുറിക്കുന്നു. അവരെ ഭയപ്പെടുത്തുക എന്നാൽ ഓടിക്കുക, വെടിയുക, മറക്കുക, ആദ്ധ്യാത്മിക ഭാവന വളൎത്തുക. അതിനു ഗായത്രിക്കാണ് സാമൎത്ഥ്യം. വേദമന്ത്രങ്ങൾ പരലോകംവരെ എത്തുമെന്നുകാണിക്കാൻ അവയ്ക്കു ചിറകു കല്പിച്ചു പറത്തിയെന്നേയുള്ളു. ഗായത്രിയെ വീണ്ടും വീണ്ടും ജപിക്കുകയും മനനവും നിദിധ്യാസനവും ചെയ്കയും വേണമെന്നതാണ് സ്വസ്ത്യയനത്തിന്റെ സാരം. ഗുരുമന്ത്രമെന്ന നാമാന്തരം വരാൻ ഹേതു ഗുരുമുഖാത് ഉപദിഷ്ടമായതാണ്. ഉപനയന കാലത്തു എല്ലാററിലും മുമ്പ് ആചാൎയ്യൻ നിർവഹിക്കുന്ന ചടങ്ങു സാവിത്ര്യുപദേശമാകുന്നു. ജഗദ്ഗുരുവായ പരബ്രഹ്മത്തിൽ മനസ്സ് പ്രവേശിപ്പിക്കുവാനുള്ള മന്ത്രമാകയാൽ ഗുരുമന്ത്രമെന്ന പേർ വന്നു എന്നും പറയാം. ഗുരുമന്ത്രമെന്നും സാവിത്രിയെന്നും അറിയുന്ന ഗായത്രീ മഹാമന്ത്രമിതാണ്.—

[ഋഷിർവിശ്വാമിത്രഃ, ദേവതാ സവിതാ; ഛന്ദോ ഗായത്രീ]

**ഓം ഭൂൎഭുവഃ സ്വഃ തത്സവിതുർവരേ
ണ്യം ഭർഗോദേവസ്യ ധീമഹി। ധിയോ
യോനഃ പ്രചോദയാത്॥**

ഋക്. 3. 62. 10.

ഓം സഹിതമായ വ്യാഹൃതിത്രയം ചേൎത്തു ഗായത്രി ജപിക്കണം. ഓം ഭൂഃ ഭുവഃ, സ്വഃ ഇവയുടെ അർത്ഥം മുമ്പു കൊടുത്തിട്ടുണ്ട്. തത്=ആ (സുപാം സുലുക്... അഷ്ടാദ്ധ്യായി 7. 1, 39 എന്നു ഷഷ്ഠീവിഭക്തി ലോപിക്കുന്നു) വേദപ്രതിപാദിതനും ദേവസ്യ=എല്ലാററിന്റേയും അന്തരാത്മാവായി, വിശ്വാത്മാവായി പ്രകാശിക്കുന്നവനുമായ സവിതുഃ=ജഗദുത്പാദകനായ ജഗദീശ്വരന്റെ വരേണ്യം=(വൃഞ് ഏണ്യഃ) വരണീയമായ, (സംഭജനീയവും ശ്രേഷ്ഠവുമെന്നൎത്ഥം) ഭർഗഃ=സാമൎത്ഥ്യയുക്തമായ തേജസ്സ്, "വീൎയ്യം വൈ ഭർഗഃ" എന്നു ശതപഥം (5. 4. 5. 1.) അഥവാ, നിബിഡദീപ്തി, അതിനെ, ധീമഹി=ഞങ്ങൾ ധ്യാനിക്കുന്നു. (ലഡൎത്ഥത്തിൽ ലിങ് ആത്മനേപദം ഛാന്ദസമായ സമ്പ്രസാരണം. ശപിനുലുക് വ്യത്യയത്താൽ) ധ്യാനമാത്രമായ ഉപാസനം ചെയ്യുന്നു. യഃ=ഏതു സവിതാവായ ബ്രഹ്മമോ ആ ബ്രഹ്മം നഃ=ഞങ്ങളുടെ ഉപാസകന്മാരുടെ, ധിയഃ=എല്ലാകാൎയ്യങ്ങളും ചെയ്യുന്ന ബുദ്ധിയെ (ദ്വിതീയാ ബഹുവചനം) പ്രചോദയാത്=പ്രകർഷമായി പ്രേരിപ്പിക്കട്ടെ. (പ്രാൎത്ഥനാ—ലേട്). ജഗത്തിന്റെ സൃഷ്ടിസ്ഥിതിലയ കാരണമായ ബ്രഹ്മം, ചിദചിദാത്മകമായ എല്ലാററിലും അന്തരാത്മാവുപോലെ വ്യാപിച്ചും അവയ്ക്കെല്ലാം ആലംബംപോലെ അവയെകവിഞ്ഞും വൎത്തിക്കുന്നു. അപ്രകാരമുള്ള ജഗദ്ഗുരുവായ ഈശ്വരന്റെ ആനന്ദമയവും, തേജോമയവും സർവഥാശ്രേഷ്ഠവും, നിൎമ്മലവും, ശുദ്ധവും, സൎവ്വശക്തിമയവും സൎവ്വാവഭാസകവുമായ മഹിമയെ ഞങ്ങൾ ധ്യാനിക്കുന്നു, ഉപാസിക്കുന്നു. യാതൊരു ബുദ്ധികൊണ്ട് ഞങ്ങൾ ധർമ്മാധർമ്മവിവേകം നേടുന്നുവോ, യാതൊരു ബുദ്ധികൊണ്ട് ഞങ്ങൾ വേദവിഹിതമായ കൎമ്മ

ങ്ങൾ യഥാകാലം ചെയ്യുന്നുവോ, യാതൊരു ബുദ്ധികൊ
ണ്ടു് ഞങ്ങളുടെ ജീവനം അഭ്യുദയനിഃശ്രേയസങ്ങൾക്കായി
പ്രവർത്തിക്കുന്നുവോ, ആ ബുദ്ധിയെ നിർമ്മലവും ഓജഃപൂ
ർണ്ണവും ശ്രേഷ്ഠവുമാക്കി, പാപത്തിൽ നിന്നു പാഞ്ഞു അക
ലാനും, പുണ്യത്തിലോട്ടു പാഞ്ഞെത്താനും തക്കപോലെ
ആ സവിതാദേവൻ പ്രേരിപ്പിക്കട്ടെ; എന്നു മന്ത്രഹൃദയം.

ഗായത്രീമന്ത്രത്തിന്റെ ദേവത (മന്ത്രപ്രതിപാദിത
മായതു്) സവിതാവാകുന്നു. "സവിതാ സർവസ്യപ്രസ
വിതാ" (നിരുക്തം. 10. 31) എല്ലാം സൃഷ്ടിക്കുന്ന ഈശ്വ
രൻ സവിതാ; അഘമർഷണമന്ത്രത്തിൽ പറയുന്ന സൃഷ്ടി
കർത്താവു്. സൃഷ്ടിയെന്നാൽ സ്ഥിതിയും ലയവും കൂടി
ഗ്രഹിച്ചുകൊള്ളണം. സർവജ്ഞനും. സർവശക്തിമാനും,
സർവജഗത്തിന്റേയും പ്രസവിതാവും രക്ഷിതാവും പ്രലയ
കാരണവുമായ പരമാത്മദേവനെ സവിതാവെന്നു വൈദി
കന്മാർ അറിയുന്നു. ആ ഈശ്വരൻ മാത്രമാണു് ഉപാ
സ്യൻ. ദേവനെന്നാൽ പ്രകാശിക്കുന്നവൻ. ദേവോദ്യോത
നാത്=പ്രകാശിക്കുന്നതിനാൽ ദേവൻ (നിരുക്തം. 7. 14)
എവിടെ പ്രകാശനകർമ്മമുണ്ടോ അതു ദേവൻ. സർവാ
ന്തരാത്മാവായിട്ടു് എല്ലായിടത്തും പ്രകാശിക്കുന്ന ഈശ്വ
രന്റെ സമീപതമമായ സ്ഥാനം ഉപാസകന്റെ ഹൃദ
യാകാശത്തിൽ തന്നെയാകുന്നു. ആകയാൽ സന്ധ്യോപാ
സനത്തിൽ ജ്യോതിർമ്മണ്ഡലം നമ്മുടെ ഹൃദയമാണെന്നു
നിശ്ചയം. സവിതാപദം ജഗദ്ഗുരുവായ പരമാത്മാ
വാണു് ഉപാസ്യനെന്നും, ദേവപദം ഉപാസിക്കേണ്ട
സ്ഥാനം ഹൃദയപുണ്ഡരീകമാണെന്നും നിർദ്ദേശിക്കുന്നു.
അതുപോലെ വരേണ്യപദവും ഭഗപദവും ഉപാസ്യന്റെ
ഉപാസനാർഹമായ രൂപം ഉപദേശിക്കുന്നു. വരണീയം,

സംഭജനീയം, ആശ്രയണീയം, വരേണ്യമെന്നിവ പര്യായ
ങ്ങളാണു്. ആനന്ദമയമായ രൂപമാണേവരും വരിക്കാ
നിഷ്ടപ്പെടുന്നതെന്നു താത്പര്യം. ഭർഗഃ=(ഭ്രജ് ഭർജനേ)
പാപത്തെയാണു് ഭർജിക്കുന്നതു്. തേജോമയമാകകൊണ്ടു
ഭർജിക്കുന്നു. അഗ്നിയുടെ സാന്നിധ്യം അതിൽവീണവിറ
കിനെ ദഹിപ്പിക്കുംപോലെ, ഈശ്വരസാന്നിദ്ധ്യമുണ്ടാ
യാൽ ഉപാസകന്മാരുടെ പാപം തത്ക്ഷണം നശിക്കും.
പരമാത്മാവിന്റെ ഏതാദൃശമായ രൂപം വേദത്തിൽ സർവ
ത്ര പ്രതിപാദിതമാണു്. തേജസ്=വിജ്ഞാനജ്യോതിസ്.
"തേജോസിശുക്രമമൃതം" (യജു. 22. 1) അവിടുന്നു ശുദ്ധ
വും അമൃതവുമായ തേജസാകുന്നു, "യേന സൂര്യസ്തപതി
തേജസേദ്ധഃ"=യാതൊരു തേജസുകൊണ്ടു പഴുത്തിട്ടു സൂ
ര്യൻ ചൂടും പ്രകാശവും കൊടുക്കുന്നുവോ ആ തേജസ്
(തൈത്തി. ബ്രാ. 3. 12. 9. 7) അപ്രകാരമുള്ള തേജോ
മയരൂപം ധ്യാനിക്കുന്നതിനാൽ ഉത്കർഷം സിദ്ധിക്കുന്നു.
പ്രചോദയാത് = (ചുദ് സംചോദനേ, പ്ര+(ഉപസർഗം)
ചുദ്, പ്രാർത്ഥന-ലേട്) സംചോദനമെന്നാൽ പ്രേരണ
കർമ്മം. ഈശ്വരപ്രേരണക്കർത്ഥം ഈശ്വരാനുഗ്രഹം.
ഇപ്രകാരം, പരമാത്മാവിന്റെ ആനന്ദസന്ദായകമായ
ജ്ഞാനജ്യോതിസിനെ ധ്യാനിച്ചുകൊണ്ടു്, കർമ്മകർത്രി
യായ ബുദ്ധിയിൽ അനുഗ്രഹം നിറക്കുവാൻ, സർവേശ്വര
നോടു പ്രാർത്ഥിക്കുന്ന ഉപാസകനു പരമേശ്വരസാക്ഷാത്
കാരം കൈവരുന്നു. ദീർഘകാലം, നിരന്തരം, ശ്രദ്ധാഭക്തി
പുരഃസരം, അർത്ഥജ്ഞാനപൂർവകം, സന്ധ്യോപാസനാ
കാലത്തു്, പ്രണവസമന്വിതമായ വ്യാഹൃതിത്രയത്തോടു
കൂടി, ഗായത്രീമഹാമന്ത്രം മന്ദംമന്ദം ജപിക്കുന്നതുകൊണ്ടു്
മോക്ഷാനന്ദം അനുഭവിക്കാം. "തദ്വിഷ്ണോഃ പരമംപദം

സദാപശ്യന്തി സൂരയഃ! ദിവീവചക്ഷുരാതതം! (ഋഗ്വേദം 1. 12. 20.) =ദിവി=വ്യോമത്തിൽ, ആകാശത്തിൽ, ആതതം=രശ്മികൾ കൊണ്ടു് പരന്നു്, വ്യാപിച്ചിരിക്കുന്ന ചക്ഷുഃ=സൂര്യനെ (കർമ്മത്തിൽ ദ്വിതീയാ) ഇവ=പോലെ സൂരയഃ=വിദ്വാന്മാർ വിഷ്ണോഃ=വ്യാപകനായ ബ്രഹ്മത്തിന്റെ തത്=ആ പരമം=സർവോത്കൃഷ്ടമായ (ശുദ്ധമായ) പദം=സ്വരൂപം (പദ്യതേ, ഗമ്യതേ, സൂരിഭിഃ=വിദ്വാന്മാരാൽ ഗമിക്കപ്പെടുന്ന, പ്രാപ്യം) സദാ=എപ്പോഴും പശ്യന്തി=സാക്ഷാത് കാണുന്നു.

നമസ്കാരം

ഉപാസനകർമ്മം തീർന്നു. ഇപ്പോൾ ഉപാസ്യദേവനെ നമസ്കരിക്കുന്നു. "ഭൂയിഷ്ഠാംതേ നമ ഉക്തിം വിധേമ"—പ്രകാശവാനായ ഭഗവൻ, അങ്ങയ്ക്കായി ഏറെ ഏറെ നമസ്കാരം ഞങ്ങൾ അർപ്പിക്കുന്നു (യജു. 40. 18,)എന്നു വേദവചനം നമസ്കാരം വിധിക്കുന്നു. ഇവിടെ വിനിയുക്തമായ നമസ്കാരമന്ത്രമിതാണു്.

[ഋഷിഃപരമേഷ്ഠീപ്രജാപതിഃ ദേവതാരുദ്രഃ, ഛന്ദോബൃഹതീ]

നമഃ ശംഭവായ ച മയോഭവായ ച നമഃ ശങ്കരായ ച മയസ്കരായച നമഃ ശിവായ ച ശിവതരായ ച

യജു. 16. 41

ശംഭവായ=ആരിൽ നിന്നു മോക്ഷസുഖം ലഭിക്കുന്നുവോ, ആ മോക്ഷദാതാവിനു നമഃ=നമസ്കാരം. ച=വീണ്ടും മയോഭവായ=സാംസാരികസുഖം തരുന്ന ഭഗവാനായിക്കൊണ്ടു നമഃ=നമസ്കാരം ച=വീണ്ടും വീണ്ടും നമസ്കാരം! ശംകരായ=മോക്ഷസുഖത്തെ ചെയ്യുന്ന

മോക്ഷപ്രദാതാവിനു നമഃ=നമസ്കാരം. ച=വീണ്ടും മയസ്കരായ=സംസാരസുഖത്തെ ചെയ്യുന്ന ഭഗവാനു നമഃ=നമസ്കാരം ച= വീണ്ടും വീണ്ടും നമസ്കാരം. ശിവായ=മംഗളസ്വരൂപിക്കു നമഃ=നമസ്കാരം. ച=വീണ്ടും ശിവതരായ=അതിശയേന മംഗളരൂപിയായിരിക്കുന്ന ദേവാധിദേവനു നമഃ=നമസ്കാരം. ച=വീണ്ടും വീണ്ടും നമസ്കാരം. നമസ്കാരം=നമ്രീഭൂതനായി സത്കരിക്കുക. സച്ചിദാനന്ദസ്വരൂപനും, നിരാകാരനും, സർവശക്തിമാനും, ദയാലുവും, അജന്മാവും, അനന്തനും, നിർവികാരനും, അനാദിയും, അനുപമനും, സർവാധാരനും, സർവേശ്വരനും, സർവവ്യാപകനും, സർവാന്തര്യാമിയും, അജരനും, അമരനും, അഭയനും, നിത്യനും, പവിത്രനും, സൃഷ്ടികർത്താവുമായ ഉപാസ്യദേവനെ വിനയഭാവത്തോടെ, അഹങ്കാരംവിട്ടു്, ശരണംപ്രാപിക്കുന്നതിലധികം സന്തോഷം മനുഷ്യജീവിതത്തിലില്ലെന്നതു് ധ്രുവസത്യമാകുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

അഗ്നിഹോത്രം

ഔപാസനഹോമമന്ത്രങ്ങളും, പ്രക്രിയയും, മന്ത്രഭാഷ്യവും

മന്ദ്രാ കൃണുധ്വം ധിയ ആ തനുധ്വം
നാവമരിത്രപരണീം കൃണുധ്വം ।
ഇഷ്കൃണുധ്വമായുധാരം കൃണുധ്വം
പ്രാഞ്ചം യജ്ഞം പ്രണയതാസഖായ॥

ഋഗ്വേദം 10. 102. 2.

[മിത്രങ്ങളേ, ഉത്സാഹം വളർത്തുവിൻ! ബുദ്ധിയെ വിസ്തൃതമാക്കുവിൻ! അക്കരെ എത്തിക്കാൻ കെൽപുള്ള തുഴയോടുകൂടിയ തോണി ഒരുക്കുവിൻ! ഒരുങ്ങുവിൻ, ആയുധം നന്നാക്കിക്കൊള്ളുവിൻ! യജ്ഞത്തെ മുന്നോട്ടുമുന്നോട്ടു കൊണ്ടുപോകുവിൻ!!]

കുറിപ്പ്

അഗ്നിഹോത്രംകൊണ്ടു് പരമാത്മാവിനെ സഫലമാം വണ്ണം ഉപാസിക്കുവാൻ ഇച്ഛിക്കുന്നവർ ഈ പ്രക്രിയ ശ്രദ്ധിക്കേണ്ടതാണ്:—

ഒന്നാമതു്, പ്രാർത്ഥനാമന്ത്രങ്ങൾ ശ്രദ്ധാപൂർവം ഉച്ചരിച്ചു കൊണ്ടു്, അവയുടെ ഏകാന്തമായ ഈപ്സിതാർത്ഥം മനസ്സിലാക്കയും, ഹോമിക്കുന്നതെല്ലാം ഭക്തിപ്രദർശകമായ ത്യാഗമാണെന്നു ധരിക്കയും ചെയ്യണം. ഉപാസ്യദേവൻെറ നാമാദിഭേദങ്ങൾ വെറും വർണ്ണനാഭേദമാണെന്നു ഗ്രഹിച്ചുകൊണ്ടു് ഏകനായ ഈശ്വരനെ സർവത്ര വീക്ഷിക്കണം.

രണ്ടാമതു്, യജ്ഞസ്വരൂപിയായ ഉപാസ്യൻെറ വിരാഡ്യജ്ഞത്തിൽ താനും ഒരു അംശമാണെന്ന ധാരണയോടുകൂടി, ഉപാസകൻ ഈശ്വരന്റെ ആ നിരന്തരമായ യജ്ഞത്തെ അനുസരിച്ചുകൊണ്ടു യജ്ഞം ചെയ്കയാണെന്നു വിശ്വസിക്കണം.

അവസാനം, അപ്രകാരം ഏകരസമായി മാറുന്ന ചിത്തധാരയെ യജ്ഞസ്വരൂപിയായ ജഗദീശ്വരനിൽ ഒഴുക്കി എത്തിച്ചിട്ടു്, ലയലീനനാകാൻ പഴകണം. വിശ്വപതിയുടെ വിശ്വയജ്ഞകർമ്മത്തെ അനവച്ഛിന്നമായറിഞ്ഞിട്ടു്, അതിൽ താൻ നിർവഹിക്കുന്ന യജ്ഞകർമ്മത്തെ ലയിപ്പിക്കയാണു് ഔപാസനഹോമത്തിൻെറ ഉന്നം.

ഓം

അഗ്നിഹോത്രം

പീഠിക

ഒരുക്കം

സന്ധ്യാകർമ്മം തീർന്നാലുടൻ അഗ്നിഹോത്രത്തിലേർപ്പെടാം. നൈത്യികമായ അഗ്നിഹോത്രം അഥവാ ഔപാസനഹോമം ബ്രഹ്മചാരിയും ഗൃഹസ്ഥനും മുടക്കാതെ എന്നും അനുഷ്ഠിക്കണമെന്നതാണു് നിഷ്കർഷ. രാവിലത്തെ ഹോമം സൂര്യനുദിക്കുന്നതോടുകൂടി ആരംഭിക്കയും, വൈകിട്ടത്തേതു് സൂര്യനസ്തമിക്കുന്നതോടൊന്നിച്ചു് അവസാനിക്കയും ചെയ്യണം.

ഹോമത്തിനുള്ള സ്ഥാനം ശുദ്ധവും ശാന്തവുമായിരിക്കേണ്ടതാണു്. വീട്ടിൽ അതിനു യോജിച്ച ഒരു മുറിയോ, ഭാഗമോ ഉണ്ടായിരിക്കുന്നതു നന്നായിരിക്കും. ഹോമത്തിനു പ്രത്യേകമായ പുര(ഓമപ്പുര)യുണ്ടാക്കുക തന്നേയും നമ്മുടെ നാട്ടിലെ പഴയ നടപ്പായിരുന്നു. ക്ഷേത്രങ്ങളോടു ചേർന്നു ബന്ധിച്ചു് ഓമപ്പുരയുള്ളതു് അഗ്നിഹോത്രത്തിൽ കേരളീയർക്കുണ്ടായിരുന്ന നിഷ്ഠയ്ക്കു തെളിവാകുന്നു.

ഹോമകുണ്ഡം:—കുഴിച്ചോ, ഉയർത്തികെട്ടിയോ ഹോമകുണ്ഡം (ഓമക്കുഴി) ഉണ്ടാക്കാം. ഇന്നത്തെ സൌകര്യാർത്ഥം ചെമ്പിലോ, ഇരുമ്പിലോ, മണ്ണിലോ ഹോമകുണ്ഡം പണിയിച്ചു വെച്ചേക്കാറാണു് പതിവു്. ഒരു പാത്രംപോലെ അതു വേണ്ടിടത്തു എടുത്തുവെച്ചു് ഹോമം

നടത്താം. മേൽഭാഗം പതിനാറു അംഗുലവും, അടിത്തട്ട്
നാലംഗുലവും സമചതുരമായ പതിനാറംഗുലം കുഴിയോ,
ആ അളവിൽ കെട്ടിഉയർത്തിയതോ, അഥവാ അതേ അള
വിലുള്ള പാത്രമോ ആയാൽ ഹോമകുണ്ഡമായി. മേൽ
ഭാഗം തുറന്നതും, നാലുവശവും അടിഭാഗവും അടഞ്ഞതു
മായ ഈ അളവിലുള്ള ഹോമകുണ്ഡം വാങ്ങാൻ കിട്ടും.
ഇപ്പറഞ്ഞതോതിൽ ചെറുതും വലുതുമായി, യഥാസൌ
കര്യം, ഹോമകുണ്ഡമുണ്ടാക്കി ഉപയോഗിക്കാം.

ഹോമപാത്രങ്ങൾ:—ഹോമത്തിലുപയോഗിക്കാ
നുള്ള പാത്രങ്ങളെപ്പററി പല വിധാനങ്ങളും കർമ്മകാണ്ഡ
ഗ്രന്ഥങ്ങളിലുണ്ട്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതി
യ്ക്ക്, നിത്യംചെയ്യുന്ന ഹോമത്തിന് നന്നേ കുറച്ചുപാത്ര
ങ്ങൾ മതി. പതിനാലംഗുലം നീളത്തിൽ പിടിയുള്ളതും
അററത്തു കയ്യുടെ യവരേഖപോലെ കുഴിഞ്ഞതും പരന്നതു
മായ ഒരു കരണ്ടിയുണ്ടായിരിക്കണം. ഇതു പിലാശമരത്തി
ലൊ, സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ഏതെങ്കിലും
ലോഹത്തിലോ നിർമ്മിക്കേണ്ടതാണ്. ഹോമസാമഗ്രിവെ
യ്ക്കാൻ തക്ക ഒരു തളിക (ആജ്യസ്ഥാലി)യും നെയ്യ്വെ
യ്ക്കാൻ ഒരു കിണ്ണവും, ഒരു ജലപാത്രവും മുൻ പറഞ്ഞ
ലോഹത്തിൽ ഉണ്ടായിരിക്കണം. ഇവയുടെ വലുപ്പച്ചെ
റുപ്പം സൌകര്യംപോലെ മതി.

സമിധാ:—പലാശ് (ചമത), മാവ്, പ്ലാവ്,
ആല് മുതലായ വിറക് ഹോമകുണ്ഡത്തിനകത്തു കൊള്ള
ത്തക്ക നീളത്തിൽ കീറി മുറിച്ച് തയാറാക്കണം. സമിധ
നന്നായി ഉണക്കിയതും പുഴുവോ, വൃത്തികേടോ ഇല്ലാത്ത
തുമായിരിക്കണം.

ഹോമദ്രവ്യം:—പരിശുദ്ധമായ നെയ്യ് ഉരുക്കി
അരിച്ചു തയാറാക്കിയിരിക്കണം. അതിൽ കുറച്ചു കസ്തൂ
രിയും ശുദ്ധകേസരവും പൊടിച്ചുകലക്കുന്നതു പ്രശസ്ത
മാണ്. കേസരം. കസ്തൂരി, ചന്ദനം, ജാതിക്ക മുതലായ
സുഗന്ധദ്രവ്യങ്ങളും, നെയ്യ്, പാല്, ധാന്യങ്ങൾ മുതലായ
പുഷ്ടികാരക ദ്രവ്യങ്ങളും, ശർക്കര, ഉണങ്ങിയ നാളികേരം,
മുതലായ മിഷ്ടപദാർത്ഥങ്ങളും, ഗിലോചി, തുളസി, മുത
ലായ രോഗനാശക പദാർത്ഥങ്ങളും ചേർത്തു, ചതച്ചു, പൊ
ടിച്ച് കലർത്തിവെയ്ക്കണം. അഷ്ടഗന്ധാദിസാമഗ്രികളും
കൂട്ടിചേർക്കാം. ഇവയൊക്കെ ചേർത്തു വിരവി തളികയിലും,
ഹോമത്തിനുള്ള ശുദ്ധഘൃതം അതിനുള്ള കിണ്ണത്തിലും ഒരു
ക്കണം. നാം എന്നും അനുഭവിക്കുവാൻ പോകുന്നവയിലെ
ല്ലാററിലുംനിന്ന് കുറച്ചു കുറച്ച് എടുത്തു ഹോമിക്കുവാൻ
മറക്കരുത്. നാഴിനെല്ലേ ഉള്ളൂ എങ്കിലും അതിൽനിന്നു
നാലുമണിനെല്ലു ഹോമിക്കതന്നെ വേണം. യജ്ഞംകഴി
ഞ്ഞു ബാക്കി ശേഷിച്ചതു് അനുഭവിക്കണമെന്നാണ് ശാ
സ്ത്രാജ്ഞ. ഇതുകൊണ്ട്, സത്വസംശുദ്ധിയും ഈശ്വരപ്ര
സാദവും കൈവരും.

ഇത്രയും ഒരുക്കിയതിൽ പിന്നെ, സന്ധ്യോപാസന
യിലെന്നപോലെ, ആസനസ്ഥനായി അഗ്നിഹോത്രോപാ
സനം തുടങ്ങണം.

ക്രിയാവിധി

ഹോമം തുടങ്ങും മുമ്പ്, എട്ടുമന്ത്രങ്ങൾ കൊണ്ട്
ഈശ്വരനെ ആരാധിക്കയാണ് പതിവ്. എന്നും മുടക്കാ
തെ ചുരുക്കത്തിൽ ഹോമം നടത്തുന്നവർ ഈ എട്ടു ആരാ
ധനാമന്ത്രവും പാഠം ചെയ്തു തീർത്താലുടൻ ക്രിയയി

ലേർപ്പെടും. എന്നാൽ, വിശേഷരൂപത്തിൽ ഔപാസനം നടത്തുവാൻ സമയവും ആഗ്രഹവുമുള്ളവർ അതിനെ തുടർന്നു സ്വസ്തിവാചനവും ശാന്തിപ്രകരണവുംകൂടി പാഠം ചെയ്യാറുണ്ടു്. സ്വസ്തിവാചനത്തിൽ മുപ്പത്തിഒന്നും, ശാന്തിപ്രകരണത്തിൽ ഇരുപത്തെട്ടും മന്ത്രങ്ങളാണുള്ളതു്. അർത്ഥജ്ഞാനത്തോടുകൂടി ഇവയെല്ലാം പാഠം ചെയ്യുന്നതിനാൽ ചിത്തശുദ്ധിയും ആദ്ധ്യാത്മികഭാവനയും വളർന്നു വരും.

അടുത്തതു് ഹോത്രത്തിനുള്ള ഒരുക്കമാണു്. ആചമനവും, അംഗസ്പർശവും കഴിഞ്ഞു്, അഗ്ന്യാധാനം, സമിദാധാനം, പരിഖാ, ആഘാരാവാജ്യാഹുതി, അഗ്നിഹോത്രം, പൂർണാഹുതി എന്നിവ യഥാക്രമം നിർവ്വഹിക്കണം. ഇവയുടെ വിസ്താരം അതാതുസ്ഥലത്തു കണ്ടുകൊള്ളുക.

രാവിലെയും വൈകിട്ടും ചെയ്യുന്ന അഗ്നിഹോത്രത്തിൽ വിനിയുക്തമായ മന്ത്രങ്ങൾ രണ്ടൊഴിച്ചു് ബാക്കി എല്ലാം ഒന്നുതന്നെ. ആഘാരാവാജ്യാഹുതിക്കുശേഷം ചെയ്യുന്ന നൈത്യികഹോത്രത്തിനു വിധിക്കുന്ന മന്ത്രമിതാകുന്നു–"തസ്മാദഗ്നയേ സായം ഹൂയതേ, സൂര്യായപ്രാതഃ" (തൈത്തിരീയബ്രാഹ്മണം ૨. 1. 2)=അതിനാൽ അഗ്നിയ്ക്കായി വൈകിട്ടും, സൂര്യനായി രാവിലെയും ഹോമിക്കണം. "അഗ്നിർജ്യോതിർജ്യോതിരഗ്നിഃസ്വാഹേതി സായംജുഹോതി, സൂര്യോജ്യോതിർജ്യോതിഃസൂര്യഃ സ്വാഹേതി പ്രാതഃ" (തൈത്തിരീയബ്രാഹ്മണം. 2. 1. 9.)=അഗ്നിർജ്യോതിഃ... എന്നതു് വൈകിട്ടത്തേയ്ക്കും, സൂര്യോജ്യോതി...എന്നതു് രാവിലത്തേയ്ക്കുമുള്ള മന്ത്രങ്ങളാകുന്നു. ശേഷം രണ്ടുനേരത്തേക്കും സമാനംതന്നെ.

താത്പര്യം

അഗ്നിഹോത്രം അത്യന്തം ഗൂഢമായ ഒരു ആദ്ധ്യാത്മിക സാധനയാകുന്നു. "സായം സായം ഗൃഹപതിർനോ അഗ്നിഃ, പ്രാതഃ പ്രാതഃ സൌമനസസ്യ ദാതാ| വസോർവസോർവസുദാന ഏധി വയം ത്വേന്ധാനാസ്തന്വം പുഷേമ|| പ്രാതഃ പ്രാതർഗൃഹപതിർനോ അഗ്നിഃ, സായം സായം സൌമനസസ്യ ദാതാ| വസോർവസോർവസുദാന ഏധീന്ധാനാസ്ത്വാ ശതം ഹിമാ ഋധേമ || (അഥർവവേദം. 19. 55. 3–4.)=നമ്മുടെ ഗൃഹരക്ഷകനായ പരമാത്മാവു് (ഹോമംവഴി) എന്നും വൈകുന്നേരം പൂജിക്കപ്പെട്ടവനായിട്ടു് എന്നും രാവിലേയും, എന്നും രാവിലെ പൂജിക്കപ്പെട്ടവനായിട്ടു് എന്നും വൈകുന്നേരവും നമുക്കു് മനോസുഖം തരുന്നു; അതുപോലെ, ഉത്തമോത്തമമായ പദാർത്ഥങ്ങൾ തന്നു നമ്മെ അനുഗ്രഹിക്കയും ചെയ്യുന്നു. അപ്രകാരം സവ്വാർത്ഥപ്രദാതാവായുള്ളോവേ, ഹോമോപാസനയിൽ (ഞങ്ങളുടെ ഹൃദയത്തിൽ) പ്രകടനായ അവിടുന്നു് ഞങ്ങളുടെ ശരീരത്തെ പുഷ്ടിപ്പെടുത്തി, ഞങ്ങളെ നൂറുവത്സരം വരെ ഉത്തരോത്തരം വലുതാക്കി പോററിയാലും.

പൂർണ്ണവും പരമവുമായ ഹിതം വളർത്തുവാൻ ഒരു വഴിയേ ഉള്ളൂ. ഈശ്വരൻെറ ഇച്ഛയ്ക്കധീനമായിരുന്നുകൊണ്ടു് കർത്തവ്യം പാലിക്കുക. ഈശ്വരേച്ഛയെ അനുസരിക്ക എന്നതിനർത്ഥം ഈശ്വരൻെറ കർമ്മത്തെ മാതൃകയാക്കിക്കൊണ്ടു്, അതേകർമ്മം യഥാസാമർത്ഥ്യം ചെയ്തുകൊണ്ടിരിക്കുക എന്നാകുന്നു. ഈശ്വരൻെറ കർമ്മമെന്തു്? വിരാട്‌യജ്ഞം. പൂർണ്ണമായ വിവേകത്തോടുകൂടി ഇതറിഞ്ഞു്, ഈ വിരാട്‌യജ്ഞകർമ്മത്തിൽ ഒത്തുചേർന്നു,

കർമ്മംചെയ്തുകൊണ്ടു് ലയിച്ചാൽ മാത്രമേ പൂർണ്ണമായ ഹിതം കൈവരൂ. "യജ്ഞേന യജ്ഞമയജന്തദേവാസ്താനി ധർമ്മാണി പ്രഥമന്യാസൻ| തേ ഹ നാകം മഹിമാനഃ സചന്ത യത്ര പൂർവ്വേ സാധ്യാഃ സന്തി ദേവാഃ|| (ഋഗ്വേദം. 1. 164. 50)=വിദ്യാദി ഗുണങ്ങളുള്ള മഹാത്മാക്കൾ യജ്ഞേന=അഗ്നിഹോത്രാദി പഞ്ചമഹായജ്ഞങ്ങൾകൊണ്ടു്, യജ്ഞം=യജ്ഞസ്വരൂപിയായ ജഗന്നിയന്താവിനെ അയജന്ത=പൂജിച്ചു. പ്രഥമാനി=സൃഷ്ടികാലത്തെ ധർമ്മാണി=ധർമ്മകർമ്മങ്ങൾ താനി=അവതന്നെ ആസൻ=ആയിരുന്നു. അതിനാൽ, തേ=ആ മഹിമാനഃ=ഈശ്വരമഹിമ അറിഞ്ഞ മഹാത്മാക്കൾ, പൂർവേ=പണ്ടേക്കാലത്തു് സാധ്യാദേവാഃ=സിദ്ധന്മാരായ ദിവ്യാത്മാക്കൾ യത്ര=എവിടെ ഹ=നിശ്ചയമായും സന്തി=എത്തിച്ചേർന്നുകൊണ്ടിരുന്നുവോ, ആ നാകം=സുഖപൂർണ്ണമായ സ്ഥാനത്തെ സചന്ത=പ്രാപിച്ചു, ചേർന്നു.

ശതപഥബ്രാഹ്മണത്തിൽ, അഗ്നിഹോത്രത്തെപ്പററി യാജ്ഞവാല്ക്യനോടു് ജനകൻ ആറു ചോദ്യം ചെയ്തു.— (1) രാവിലെയും വൈകിട്ടും ചെയ്യുന്ന ആഹുതികൾ ഈ ലോകത്തിൽനിന്നു് എങ്ങനെ ഉയരുന്നു? (2) എങ്ങനെ മേല്പോട്ടു പോകുന്നു? (3) എവിടെ നിൽക്കുന്നു? (4) എവിടെ പരക്കുന്നു? (5) എങ്ങനെ വീണ്ടും ഈ ലോകത്തിൽ തിരിച്ചു എത്തുന്നു? (6) ഇവിടെ എത്തിയശേഷം പിന്നേയും എങ്ങനെ ഉയരുന്നു? അഗ്നിഹോത്രംമൂലം ഈ ലോകത്തിൽ, ഈ ജീവിതത്തിൽ, കിട്ടുന്ന സാധാരണഫലത്തെക്കുറിച്ചാണു് ഇവിടെ ചോദിക്കുന്നതെന്നു് ധരിക്കരുതു്. (1) ഹോമിച്ച ദ്രവ്യം തീയിൽ ഛിന്നഭിന്നമായിട്ടു മേലോട്ടുയരുന്നു്, (2) ആകാശത്തിൽക്കൂടി മേല്പോട്ടു

പോയി, (3) മുകളിലെത്തിനിൽക്കുമെന്നും, (4) അവിടെ വായുവിനേയും അതിലുള്ള ജലത്തേയും സ്വാദവും പുഷ്ടവുമാക്കി (5) മേഘമായി പരിണമിച്ചശേഷം തുള്ളികളായി താഴോട്ടു വരുന്നു എന്നും, (6) അപ്രകാരം അന്നം, ഓഷധി, വനസ്പതി മുതലായവയായിട്ടു വീണ്ടും ഈ ലോകത്തിൽ ഉയരുന്നു എന്നും ജനകനു മുമ്പിനാലേ അറിയാമായിരുന്നു. അതിനാൽ ജനകന്റെ സംശയം അതല്ല. പിന്നേയോ? യജ്ഞംചെയ്യുന്നവന്റെ ഈ ശരീരം കൈവിട്ടതിൽ പിന്നെ അവനു പരലോകത്തിൽ ലഭിക്കുന്ന അസാധാരണഫലമെന്താണെന്നറിയുകയായിരുന്നു ജനകന്റെ ഉദ്ദേശം. ഹോമത്തിലിട്ട ആഹുതി എങ്ങനെ അതിസൂക്ഷ്മമായി മാറി ആകാശത്തിലെത്തുന്നുവോ, അങ്ങനെ അതു വേറൊരു സൂക്ഷ്മരൂപമെടുത്തിട്ടു് ആഹുതി ചെയ്യുന്നവന്റെ അന്തഃകരണത്തിൽ പ്രവേശിക്കുന്നുണ്ടു്. ഇതാണു് ജനകന്റെ പ്രശ്നവിഷയം.

ശ്രദ്ധാപുരഃസരം യഥാവിധി ആഹുതി നല്കുമ്പോൾ, യജ്ഞംചെയ്യുന്ന ആസ്തികന്റെ ചിത്തത്തിൽ ആ ശുഭകർമ്മത്തിന്റെ ശുഭസംസ്കാരം പതിയുന്നു. ഈ സംസ്കാരങ്ങളെ വാസന, അപൂർവ്വം, അദൃഷ്ടമെന്നൊക്കെ പറയാറുണ്ടു്. മരണത്തിനുശേഷം മനുഷ്യനെ അനുഗമിക്കുന്ന ധർമ്മമാണിതു്. "നാമുത്ര ഹി സഹായാർത്ഥം, പിതാ മാതാ ച തിഷ്ഠതഃ| ന പുത്രദാരജ്ഞാതിർധർമ്മസ്തിഷ്ഠതി കേവലഃ|| (മനുസ്മൃതി. 4. 239). അവിടെ ആ പരലോകത്തിൽ, സഹായത്തിനു അച്ഛനില്ല, അമ്മയുമില്ല, പുത്രനോ, ഭാര്യയോ, ബന്ധുവോ ഇല്ല; വെറും ധർമ്മമേ ഉള്ളൂ.

ആഹുതികൾ രണ്ടുതരത്തിൽ മാറുന്നു. ഒരു സൂക്ഷ്മരൂപം ആകാശത്തിൽ പ്രവേശിക്കുന്നു, മറേറ സൂക്ഷ്മരൂപം സംസ്കാരമായിട്ട് അന്തഃകരണത്തിൽ കടക്കുന്നു. ആകാശം പൊതുവെ ഉള്ളതാകയാൽ അതിൽ പ്രവേശിക്കുന്ന സൂക്ഷ്മരൂപം പൊതു ഫലം തരുന്നു. അതായത് മഴ. ഓരോരുത്തൻെറയും അന്തഃകരണം വേറെവേറെയാണല്ലോ. അതിൽ പ്രവേശിച്ച ആഹുതി (സംസ്കാരം) ആ ആഹുതി ചെയ്തവനെമാത്രം അവൻെറ പരലോക (പരജന്മ)ത്തിൽ സഹായിക്കുന്നു. അവനുമാത്രം പരലോകം (ജന്മം) നൽകുന്നു. ഈ രഹസ്യമാണ് ജനകനറിവാനാഗ്രഹിച്ചത്. അതായത്, ചെയ്ത ആഹുതികൾ സംസ്കാരരൂപത്തിൽ യജമാനൻെറ (=യജ്ഞകർമ്മം ചെയ്യുന്നവൻെറ) ചിത്തത്തിലുണ്ട്. അവ മരണാനന്തരം എങ്ങനെ മേലോട്ടുയരുന്നു? ഇത്യാദി. മുകളിൽ ഉദ്ധരിച്ച ആറു ചോദ്യങ്ങളുടേയും മാർമ്മികമായ താത്പര്യമിതാകുന്നു.

യാജ്ഞവല്ക്യൻെറ സമാധാനം ഔപാസനഹോമത്തിൻെറ രഹസ്യം വിശദമാക്കുന്ന അനുഭൂതവിദ്യയാണെന്നോർക്കണം. സൂക്ഷ്മരൂപ(വാസനാരൂപ)ത്തിലുള്ള ആഹുതികൾ സൂക്ഷ്മശരീരത്തെ (പരലോകത്തിൽ കർമ്മിയോടു കൂടിയുള്ളതിനെ) പൊതിഞ്ഞുകൊണ്ട് അതു ഈ ലോകത്തിൽ നിന്നുയരുമ്പോൾ അതിനോടൊന്നിച്ചു മേലോട്ടു പൊങ്ങുന്നു. പിന്നീട്, യജമാനൻ അന്തരിക്ഷത്തിൽ പ്രവേശിക്കുമ്പോൾ അവനോടൊന്നിച്ച് അതും അന്തരിക്ഷത്തിൽ പ്രവേശിച്ചിട്ട്, അവിടെ ആ അന്തരിക്ഷത്തെ ആഹവനീയവും (=അഗ്നിയും) വായുവിനെ സമിധയുമാക്കുന്നു. അതു അവിടെ ഇരുന്നുകൊണ്ട് യജമാനനെ തൃപ്തിപ്പെടുത്തുന്നു. അനന്തരം യജമാനൻ അന്തരിക്ഷത്തിൽ

നിന്നുയർന്നു ദ്യൌലോകത്തിലെത്തുമ്പോൾ, അവനോടൊന്നിച്ച് അതും ദ്യൌലോകത്തിലെത്തി, അവിടെ ദ്യൌലോകത്തെ ആഹവനീയമാക്കുന്നു. അവിടേയും ഫലംകൊടുത്ത് അവനെ തൃപ്തിപ്പെടുത്തുന്നു. ഇപ്രകാരം കിട്ടിയ ഫലം തീർന്നാൽ അവൻ പൃഥിവിലോകത്തിൽ തിരിച്ചു വരുന്നു. ഇവിടെ വന്നു ജന്മമെടുക്കുന്നു. ശതപഥത്തിൽ വിസ്തരിച്ചുകൊടുക്കുന്ന സമാധാനത്തിൻെറ ചുരുക്കമാണിവിടെ ഉദ്ധരിച്ചത്. ദ്യൌലോകത്തിൽ നിന്നു ഇറങ്ങുന്നതുമുതൽ മനുഷ്യജന്മമെടുക്കുന്നതുവരെ അഞ്ചു ആഹവനീയം വർണ്ണിച്ചിട്ടുണ്ട്. ഓരോയിടത്തും അഗ്നിഹോത്രകല്പനയും ചെയ്യുന്നു. ഇതിനു പഞ്ചാഗ്നിവിദ്യയെന്നുപേർ.

കല്പനയും ആലങ്കാരികവർണ്ണനയും കൊണ്ട് യജ്ഞകർമ്മത്തിൻെറ ഗൂഢാർത്ഥമാണിവിടെ ഉപദേശിക്കുന്നത്. യജ്ഞത്തിൻെറ പ്രേരകശക്തി വിരാട്യജ്ഞത്തിൽ ലൌലീനനാകാനുള്ള നിശ്ചയമാണെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ. കർമ്മാനുഷ്ഠാനത്തിൽ നിന്നുണ്ടാകുന്ന സംസ്കാരം കർമ്മിയെക്രമേണ വിരാട്കർമ്മത്തിലെ ഓരോ രംഗത്തിലും കൊണ്ടുവിട്ട്, അവിടവിടെ പരമാത്മാവ് ഏതേതു ആഹവനീയത്തിൽ ഏതേതുസമിധയിട്ടുകൊണ്ട് വിരാട് കർമ്മമായ അഗ്നിഹോത്രം ചെയ്തുകൊണ്ടിരിക്കുന്നുവോ, അവിടവിടെ അതാതു ആഹവനീയത്തിൽ അതാതു സമിധയിട്ടുകൊണ്ട് വിരാട്കർമ്മത്തിനോടു ചേർന്നു അഗ്നിഹോത്രം ചെയ്യുവാനും, അപ്രകാരം അതാതു കർമ്മഫലം ക്ഷീണിക്കുംവരെ സുഖമനുഭവിക്കുവാനും ഇടയാക്കുന്നുവെന്നു സാരം. "അവ്യസശ്ച വ്യചസശ്ച വിലം വിഷ്യാമി മായയാ | താഭ്യാ മുദ്ധൃത്യ വേദമഥ കർമ്മാണി കൃണ്മഹേ|| (അഥർവ്വവേദം 19. 38. 1) അവ്യസഃ, ച=വിസ്തൃതമ

ല്ലാത്തതിന്റേയും, വ്യചസഃ, ച=വിസ്തൃതമായതിന്റേയും, ബിലം=രഹസ്യം മായയാ=ആശ്ചര്യജ്ഞാനം മൂലം വിഷ്യാമി=ഞാൻ തുറക്കാം. താഭ്യാം=രണ്ടുംകൊണ്ട്, വേദം =അനുഭവം ഉദ്ധൃത്യ=പ്രാപിച്ചിട്ട്, കർമ്മാണി=കർമ്മങ്ങൾ കൃണ്മഹേ=ഞങ്ങൾ ചെയ്യുന്നു. പ്രകൃതിയും പരമാത്മാവും വിസ്തൃതമായവയാണ്; വ്യാപകമായവയാണ്; ജീവൻ ചെറുത് (അണു) ആകുന്നു; ഇതു മനസ്സിലാക്കി കർമ്മം ചെയ്യണമെന്നു മന്ത്രഹൃദയം. അണുവിനു വിഭുവിൽ ലയിക്കുവാനും, വിഭുവിന്റെ വൈഭവത്തിൽ മുങ്ങിയും പൊങ്ങിയും വിരാട്കർമ്മത്തിൽ പങ്കുകൊള്ളാനും കഴിഞ്ഞാൽ അതിൽപരം വലുതായ ആനന്ദമെന്താണുള്ളത്? പഞ്ചാഗ്നിവിദ്യയുടെ ലക്ഷ്യമിതാകുന്നു.

പ്രകാശം പുണ്യത്തിന്റെ മിത്രമാണ്. പ്രകാശത്തിൽ ഭയമുണ്ടാകുന്നില്ല. നിർഭയമായ ജീവിതം നേടുവാൻ വേണ്ടി പുണ്യംചെയ്തു പഴകണം. അഗ്നിയുടെ ഗുണമാണു പ്രകാശം. ത്യാഗത്തിൽ നിന്നു പുണ്യമുണ്ടാകുന്നു. അഗ്നിയിൽ ചെയ്യുന്ന ത്യാഗം ഹോമം. ആ ത്യാഗം വിശ്വഹിതത്തിനായി, വിശ്വമാംഗല്യത്തിനായി ചെയ്താലതിന്റെ മഹിമ തുലോം കൂടുതലാകും. വായുവിന്റെ ശുദ്ധി, വൃഷ്ടി, അന്നം മുതലായതു നേടുവാൻ അഗ്നിഹോത്രം സഹായിക്കുന്നു. അതാണ് വിശ്വഹിതം. ജഗദീശ്വരൻ വിശ്വഹിതം ചെയ്യുന്നു. അതിൽ, ജഗദീശ്വരനോടു ചേർന്നുപോകുന്ന ക്രിയ ഉപാസനയാകുന്നു. ഉത്തരോത്തരം വളരുന്ന ഹോമാഗ്നി ഇപ്രകാരം പുണ്യം വളർത്തുന്നു. ആഹുതി അഗ്നിയിൽ ലൌലീനമാകുംപോലെ, ഉപാസകന്റെ ആത്മാവും പുണ്യസഞ്ചയത്താൽ ഈശ്വരനിൽ ലൌലീനമാമാകുന്നുവെന്നാണ് അഗ്നിഹോത്രത്തിന്റെ അന്തിമ താ-

ത്പര്യം. അപ്പോൾ യജ്ഞകർത്താവിന്റെ ജീവിതം വിശ്വാത്മാവായ സർവ്വേശ്വരന്റെ സർവ്വവ്യാപകമായ വിരാട് യജ്ഞത്തിൽ ചേർന്നു് ഒഴുകുന്നതായി അനുഭവമാകും. വിശ്വോപകാരയജ്ഞത്തിൽ ആഹുതി ആവാൻ ആർക്കു സൌഭാഗ്യമുണ്ടാകുന്നുവോ, അവൻ കൃതകൃത്യനായിട്ട്, മൃത്യുഭയത്തിൽനിന്നു മുക്തനാകും. അതിനോടൊന്നിച്ച്, ജഗദീശ്വരന്റെ കീർത്തി പരത്തുവാനും അദ്ദേഹത്തിന്റെ വിശ്വമഹായജ്ഞത്തിൽ ആഹുതിയാവാനും കഴിയുന്നതിനാൽ അനിർവചനീയമായ ആനന്ദം കൈവരുകയും ചെയ്യും. "പ്രായേണാകൃതകൃത്യസ്തു, മൃത്യോരുദ്വിജതേജനഃ | കൃതകൃത്യാഃ പ്രതീക്ഷന്തേ, മൃത്യും പ്രിയമിവാതിഥിം" (മഹാഭാരതം. അശ്വമേധ. 104. 6.) ജീവിതത്തിൽ സാഫല്യം കിട്ടാത്തവർ മൃത്യുവിനെ ഭയപ്പെടുന്നു. കൃതകൃത്യരാകട്ടെ, പ്രിയപ്പെട്ട അതിഥിയെ പ്രതീക്ഷിക്കുംപോലെ ഹർഷപൂർവ്വം മരണത്തെ പ്രതീക്ഷിക്കുന്നു.

ഇതാണ് അഗ്നിഹോത്രത്തിന്റെ ഫലം.

ഈശ്വരാരാധന

വിധിപ്രകാരം ഒരുങ്ങിയിട്ട്, അഗ്നിഹോത്രത്തിലേർപ്പെടും മുമ്പ് ഈശ്വരനെ ആരാധിക്കുന്നു–

1. വിശ്വാനി ദേവ സവിതർ ദുരിതാനി പരാസുവ | യദ്ഭദ്രംതന്ന ആസുവ ||

യജു. 30. 3.

(ശാസ്ത്രീയമായ നിയമമനുസരിച്ച് വേദപാഠം തുടങ്ങുമ്പോഴും തീരുമ്പോഴും ഓം എന്നുച്ചരിക്കണം എന്നാൽ ഓരോമന്ത്രത്തിന്റേയും ആരംഭത്തിൽ ഓം എന്നുച്ചരിക്കയാണ് ഇന്നത്തെ നടപ്പ്. ഓാമ്: എന്നു പ്ലുതസ്വരത്തിൽ ഉച്ചരിക്കയും, അതേഅവ

സരത്തിൽ പരമാത്മാവിന്റെ സമുച്ചയമായ ഗുണംഭാവനംചെയ്കയുമാണു് വേണ്ടതു്.)

ഓം എന്നതിന്റെ അർത്ഥം സന്ധ്യാപ്രകരണത്തിൽ കണ്ടുകൊള്ളുക. സവിതഃ=സകല ജഗത്തിന്റെയും ഉത്പത്തികർത്താവും സകലൈശ്വര്യയുക്തനുമായുള്ള ദേവ=ശുദ്ധസ്വരൂപിൻ, നഃ=ഞങ്ങളുടെ വിശ്വാനി=എല്ലാ ദുരിതാനി=ദുഃശീലങ്ങളേയും ദുഃഖങ്ങളേയും പരാസുവ=ദൂരീകരിച്ചാലും യത്=യാതൊന്നു ഭദ്രം=ശുഭമാണോ (ശുഭമായ ഗുണവും കർമ്മവും സ്വഭാവവും)തത്=അതൊക്കെ (ഞങ്ങൾക്കു) ആസുവ=തന്നാലും.

2. ഹിരണ്യഗർഭഃ സമവർത്തതാഗ്രേ ഭൂതസ്യ ജാതഃപതിരേവ ആസീത്| സ ദാധാര പൃഥിവീം ദ്യാമുതേമാം കസ്മൈ ദേവായ ഹവിഷാവിധേമ|| യജു. 13. 4.

ഹിരണ്യഗർഭഃ=പ്രകാശസ്വരൂപനും, സൂര്യചന്ദ്രാദികളായ പ്രകാശിക്കുന്ന പദാർത്ഥങ്ങളെ സൃഷ്ടിച്ചു് വഹിച്ചുപോരുന്നവനും, ഭൂതസ്യ=ഉത്പന്നമായ എല്ലാ ജഗത്തിന്റെയും ജാതഃ=പ്രസിദ്ധനായ പതിഃ=രക്ഷകനും ആയ ഏകഃ=ഏകബ്രഹ്മം, ആസീത്=ഉണ്ടായിരുന്നു. (ഉണ്ടു്.) ആ പ്രകാശസ്വരൂപി അഗ്രേ=ജഗത്തുണ്ടാകുംമുമ്പു് സമവർത്തത=വർത്തിച്ചു. സഃ=ആ ജഗദീശ്വരൻ ഇമാംപൃഥിവീം=ഈ ഭൂമിയേയും ഉത=അതുപോലെ ദ്യാം=സൂര്യാദികളേയും ദാധാര=ധാരണംചെയ്യുന്നു, വഹിക്കുന്നു. കസ്മൈ=സുഖസ്വരൂപിയായ ദേവായ=ശുദ്ധപരമാത്മാവിനെ ഹവിഷാ=സ്വീകരിക്കത്തക്ക ശ്രദ്ധാപൂർണ്ണമായ ഉപാസനകൊണ്ടു് വിധേമ=ഞങ്ങൾ ഭജിക്കുന്നു. ഈ ബ്രഹ്മാണ്ഡത്തിൽ കാര

ണാവസ്ഥയേയും കാര്യാവസ്ഥയേയും ഒന്നുപോലെ നിയമത്തിൽ വെച്ചുകൊണ്ടിരിക്കുന്ന ഈശ്വരൻ ഒന്നേയുള്ളൂ. ആ സർവ്വേശ്വരൻ ജ്യോതിസുകളുടെ ജ്യോതിസാകുന്നു; പരമാധാരമായ ആ ബ്രഹ്മത്തെ ആശ്രയിക്കയാണു് സകല മങ്ഗല്യത്തിനും വഴി. ആ ഭഗവാനെ എന്നും ശ്രദ്ധയോടെ ഞങ്ങൾ ആരാധിക്കുന്നു.

[നാലാം പാദം അടുത്ത മൂന്നു മന്ത്രങ്ങളിൽക്കൂടി ആവർത്തിക്കുന്നുണ്ടു്. 'കസ്മൈ' എന്നതിന്റെ അർത്ഥത്തെപ്പറ്റി വിദ്വാന്മാരിൽ മതഭേദം കാണുന്നു. അതിനെ സർവനാമമായി എടുക്കുന്നവർ പ്രശ്നാത്മകമാക്കി വാക്യം ചമയ്ക്കുന്നു. അതായതു്, മന്ത്രത്തിന്റെ അർത്ഥം നാലാംപാദത്തിൽനിന്നു തുടങ്ങി, ബാക്കി മൂന്നു വരികളെയും പിന്നീടു് അന്വയിച്ചു്, ആദ്യത്തേതിനു മറുപടിയാക്കി പൂർത്തിയാക്കുന്നു. കസ്മൈ ഹവിഷാ വിധേമ?=ആരെ ഭജിക്കണം? ആരു ഹിരണ്യഗർഭനോ ഇത്യാദി, അവനെ-എന്നു സംഗതി. ഇതുതെറ്റായരീതിയാണെന്നു പറയാവതല്ല. എങ്കിലും, ചോദ്യം ഒടുവിൽ വന്നതു് അത്ര സുഖമാണെന്നു തോന്നുന്നില്ല.

രണ്ടാമത്തെ പക്ഷം മഹർഷി ദയാനന്ദർ അംഗീകരിച്ച രീതിയാണു്. അതായതു്, 'ക' ശബ്ദം സുഖവാചകമാകുന്നു. എന്നാൽ സുഖമെന്ന അർത്ഥത്തിൽ നിരുക്താദിഗ്രന്ഥങ്ങൾ ഉദാഹരിക്കുന്നതു് 'കം' എന്ന നപുംസകലിംഗപദമാണു്. ഇവിടെ 'കഃ' പുംലിംഗത്തിലാണു് കാണുന്നതു്. ബ്രാഹ്മണഗ്രന്ഥങ്ങളിൽ കഃ=പ്രജാപതി എന്നർത്ഥം കൊടുത്തിരിക്കുന്നു. ഈ രണ്ടു അർത്ഥത്തിലും 'കായ' എന്നായിരിക്കണം ചതുർത്ഥീവിഭക്തി. 'കസ്മൈ' എന്നതു വൈദികപ്രയോഗമാകയാൽ അസംഗതമല്ലന്നാണിവിടെ സമാധാനം. 'ദൃശ വിശ്വായ സൂര്യം' എന്നമന്ത്രത്തിൽ 'വിശ്വായ' എന്നതു 'വിശ്വസ്മൈ' എന്നതിനുപകരം വൈദികപ്രയോഗമാണെന്നതു് ഇവിടെ സ്മരണീയമാകുന്നു. അതുപോലെ കായ എന്നതിനു പകരം കസ്മൈ എന്നു ഛാന്ദസപ്രയോഗം. കം=സുഖം, കഃ=സുഖസ്വരൂപി, കായ=കസ്മൈ=സുഖസ്വരൂപിക്കായ്കൊണ്ടു് എന്നു അഭീപ്സിതാർത്ഥം.]

3. യ ആത്മദാ ബലദാ യസ്യ വിശ്വ ഉപാസതേ പ്രശിഷം യസ്യ ദേവാഃ| യസ്യ ഛായാഽമൃതം യസ്യ മൃത്യുഃ കസ്മൈ ദേവായ ഹവിഷാ വിധേമ || യജു. 25. 13.

യഃ=ആരു ആത്മദാഃ=ആത്മജ്ഞാനം തരുന്നവനും ബലദാഃ=(ശാരീരികവും ആത്മികവും സാമാജികവുമായ) എല്ലാവിധം ബലവും തരുന്നവനും, യസ്യ=ആരുടെ പ്രശിഷം=ആജ്ഞയെ വിശ്വേ=മുഴുവൻലോകവും യസ്യ=ആരുടെ (ആജ്ഞയെ) ദേവാഃ=സൂര്യ്യാദി എല്ലാ ദിവ്യസൃഷ്ടികളും ഉപാസതേ=പാലിക്കുന്നുവോ, യസ്യ=ആരുടെ ഛായാ=ആശ്രയം അമൃതം=മോക്ഷദായകവും യസ്യ=ആരെ അനുസരിക്കാതിരിക്കുന്നതു് മൃത്യുഃ=ദുഃഖഹേതുവുമാണോ, കസ്മൈ=ആ സുഖസ്വരൂപിയായ ദേവായ=പരമാത്മദേവനെ ഹവിഷാ=ആത്മാവിനാലും അന്തഃകരണത്താലും വിധേമ=ഞങ്ങൾ ഭജിക്കുന്നു.

[‘യസ്യ’-രണ്ടു തവണ വരുന്നതിനാൽ രണ്ടു വാക്യമാക്കി അർത്ഥം കൊടുത്തു. ഛായ=ജ്ഞാനപൂർവകമായ ഉപാസന എന്നു മഹർഷി ദയാനന്ദരും, ഉബ്ബടനും. അതിന്റെ സാംഗത്യത്തിനായി ‘അനുസരിയ്ക്കായ്ക’ എന്ന അദ്ധ്യാഹാരംവേണ്ടി വന്നു. വേറെയും രീതിയിൽ അർത്ഥം കൊടുക്കാം. അമൃതവും മൃത്യുവും ഈശ്വരന്റെ ഛായപോലെയാകുന്നു. മനുഷ്യൻ പോകുന്നിടത്തെല്ലാം അവന്റെ ഛായയും കൂടെയുണ്ടു്. അതിനാൽ ഛായ എന്നാൽ അത്യന്തം അധീനത എന്നു വന്നു. മൃത്യു ഈശ്വരനെ അനുസരിക്കുന്നു, മൃത്യു ഈശ്വരാധീനമാണു്—എന്നു സാരം. “ഭയാദസ്യാഗ്നിസ്തപതി, ഭയാത്തപതി സൂര്യ്യഃ ഭയാദിന്ദ്രശ്ച വായുശ്ച മൃത്യുർധാവതി പഞ്ചമഃ-കഠ 6. 3=അഗ്നി, സൂര്യ്യൻ, വിദ്യുത് വായു, മൃത്യു ഇതൊക്കെ ഈശ്വരനെ ഭയന്നു അതാതിന്റെ വേല ചെയ്യുന്നു. “യസ്മിംസ്തു പച്യതേ കാലഃ (മൈത്രി. 6. 15)കാലഃ=

മൃത്യു, കാലൻ എല്ലാററിനേയും പചിക്കുന്നു; എന്നാൽ കാലൻ ദഹിക്കുന്നതു് ഈശ്വരനിലാണു്. മൃത്യു സർവഥാ ഈശ്വരാധീനമാണു്. അതിനാൽ, മൃത്യുവിൽനിന്നു രക്ഷപ്പെടാൻ ഈശ്വരനെ അനുസരിക്കണമെന്നർത്ഥം.]

4. യഃ പ്രാണതോ നിമിഷതോ മഹിത്വൈക ഇദ്രാജാ ജഗതോ ബഭൂവ| യ ഈശേ അസ്യ ദ്വിപദശ്ചതുഷ്പദഃ കസ്മൈ ദേവായ ഹവിഷാ വിധേമ|| യജു. 23. 3

യഃ=ആരു പ്രാണതഃ=പ്രാണധാരിയും നിമിഷതഃ=നേത്രാദികൾകൊണ്ടു് പല ക്രിയകളും ചെയ്യുന്നവനും, മഹിത്വാ=സ്വമഹിമമൂലം ജഗതഃ=ജഗത്തിന്റെ ഏകഃ=ഒരേഒററ രാജാ=രാജാവും (നിയാമകനും) ആയി ഇത്=തീർച്ചയായിട്ടു് ബഭൂവ=ഇരിക്കുന്നുവോ, യഃ=ആരു അസ്യ=ഈ ദ്വിപദഃ=ഇരുകാലി(മനുഷ്യാദി) കളുടെയും ചതുഷ്പദഃ=നാല്ക്കാലി (പശുമൃഗാദി)കളുടേയും മേൽ ഈശേ=ഭരണം നടത്തുന്നുവോ, കസ്മൈ=ആ സുഖസ്വരൂപനായ ദേവായ=പരമാത്മാവിനെ ഹവിഷാ=ശ്രദ്ധാഭക്തിപൂർവം വിധേമ=ഞങ്ങൾ പൂജിക്കുന്നു.

5. യേന ദ്യൗരുഗ്രാ പൃഥിവീ ച ദൃഢാ യേന സ്വഃ സ്തഭിതം യേന നാകഃ| യോ അന്തരിക്ഷേ രജസോ വിമാനഃ കസ്മൈ ദേവായ ഹവിഷാ വിധേമ|| യജു 32. 6.

യേന=ആരുമൂലം ദ്യൗഃ=ദ്യുലോകം ഉഗ്രാ=തേജസ്സുനിറഞ്ഞതും, പൃഥിവീ=ഭൂമി ദൃഢാ, ച=ഉറച്ചതുമാകുന്നുവോ, യേന=ആരാൽ സ്വഃ=സൂര്യ്യാദിമണ്ഡലങ്ങൾ സ്തഭിതം=വ

ഹിക്കപ്പെടുന്നുവോ, യേന=ആരെ ആശ്രയിക്കുന്നതുകൊണ്ടു് നാകഃ=മോക്ഷാനന്ദം കൈവരുന്നുവോ, യഃ=ആരു അന്തരിക്ഷേ=അന്തരിക്ഷത്തിൽ രജസഃ=ലോകസമൂഹത്തിന്റെ, വിമാനഃ=നിർമ്മാണം ഗതി മുതലായവയെ നിയന്ത്രിക്കുവാനായിരിക്കുന്നുവോ, കസ്മൈ=ആ സുഖസ്വരൂപിയായ, ദേവായ=പരമാത്മാവിനെ ഹവിഷാ=ശ്രദ്ധാപൂർവ്വം വിധേമ=ഞങ്ങൾ പൂജിക്കുന്നു.

6. പ്രജാപതേ ന ത്വദേതാന്യന്യോ വിശ്വാ ജാതാനി പരി താ ബഭൂവ | യത് കാമാസ്തേ ജുഹുമസ്തന്നോ അസ്തു വയംസ്യാമ പതയോ രയീണാം||

ഋക്. 10. 121. 10.

പ്രജാപതേ=സകല ജീവജാലത്തിന്റെയും രക്ഷകനായ പരമാത്മദേവ, ത്വത്=അങ്ങിൽനിന്നു് അന്യഃ=വേറെയായി (അങ്ങല്ലാതെ മററു) ആരുമേ, താ=അതും ഏതാനി=ഇതുമായ വിശ്വാ=എല്ലാ ജാതാനി=ഉണ്ടായ ജഡചേതനങ്ങളെയും പരിബഭൂവ, ന=അടക്കി നിയന്ത്രിക്കുന്നില്ല. [അങ്ങു സർവലോകനിയന്താവാണെന്നും അങ്ങല്ലാതെ മററാരും വിശ്വനിയന്താവല്ലെന്നും ഞങ്ങൾ അറിയുന്നു വെന്നർത്ഥം. അതിനാൽ] യത്=എന്തെല്ലാം കാമാഃ=ഇച്ഛിക്കുന്ന ഞങ്ങൾ [എന്തൊക്കെ ആഗ്രഹിച്ചുകൊണ്ടു ഞങ്ങൾ] തേ=അങ്ങയെ ജുഹുമഃ=ആശ്രയിക്കുന്നുവോ, തത്=അതൊക്കെ വഃ =ഞങ്ങൾക്കു് അസ്തു=വരട്ടെ, കിട്ടട്ടെ.(തന്നു അനുഗ്രഹിച്ചാലും)തന്മൂലം, വയം=ഞങ്ങൾ രയീണാം=എല്ലാ ഐശ്വര്യങ്ങളുടേയും പതയഃ=ഉടമസ്ഥന്മാർ (ഐശ്വര്യശാലികൾ) സ്യാമ=ആയിതീരട്ടെ.

7. സനോ ബന്ധുർജനിതാ സ വിധാതാ ധാമാനി വേദ ഭുവനാനി വിശ്വാ| യത്ര ദേവാ അമൃതമാനശാനാസ്തൃതീയേ ധാമന്നധ്യൈരയന്ത||

യജു. 32. 10.

യത്ര=ഏതു തൃതീയേ=മൂന്നാമത്തെ ധാമൻ=ധാമത്തിൽ (രാജ്യത്തിൽ) അമൃതം=അമരത്വം അതായതു് മോക്ഷം, ആനശാനാഃ=പ്രാപിച്ചുകൊണ്ടു്, ദേവാഃ=വിദ്വാന്മാർ, അധ്യൈരയന്ത=സ്വേച്ഛ പോലെ സഞ്ചരിക്കുന്നുവോ, സഃ=ആ പരമാത്മാവു് (അമൃതധാമമായ ഈശ്വരൻ) നഃ=നമ്മുടെ ബന്ധുഃ=സഹായകനും, ജനിതാ=ജനയിതാവുമാകുന്നു; സഃ=ആ ഈശ്വരൻ വിധാതാ=എല്ലാററിനേയും സൃഷ്ടിച്ചു രക്ഷിക്കുന്ന (വഹിക്കുന്ന)വനാകുന്നു; വിശ്വാ=എല്ലാ ധാമാനി=ജന്മസ്ഥിതിരൂപാദികളേയും ഭുവനാനി=ലോകങ്ങളേയും വേദ = പൂർണ്ണമായറിയുന്നു.

[സ്ഥൂലപ്രകൃതി, സൂക്ഷ്മപ്രകൃതി, വിശ്വകർത്താവായ ഈശ്വരൻ എന്നീക്രമത്തിൽ മൂന്നാമത്തെ ധാമം പരമാത്മാവു്. അവിടെ എത്തി സ്വാരാജ്യം അനുഭവിക്കുന്ന ഉപാസകൻ ഈശ്വരനിൽ ലൌലീനനാകുമ്പോൾ സർവ്വാത്മനാ ഈശ്വരനെ അനുസരിക്കുന്നു.]

8. അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനി ദേവ വയുനാനി വിദ്വാൻ യുയോധ്യസ്മജ്ജുഹുരാണമേനോ ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ||

യജു 40. 16.

ഭൂയിഷ്ഠാം=ഏറെ ഏറെ നമഃഉക്തിം=ഭക്തിപൂർണമായ നമസ്കാരാദ്യുപാസനകൾ തേ=അങ്ങേയ്ക്കായിട്ടു് വിധേമ=ഞങ്ങൾ ചെയ്തുകൊണ്ടിരിക്കട്ടെ. അഗ്നേ=പ്രകാ

ശസ്വരൂപിയായ പരമാത്മദേവ, ദേവ=പരമദാനവാനായുള്ളോവേ, വിശ്വാനി=എല്ലാ വയുനാനി=വിജ്ഞാനങ്ങളും വിദ്വാൻ=അങ്ങു അറിയുന്നവനാകുന്നു. അസ്മാൻ=ഞങ്ങളെ രായേ=പരമൈശ്വര്യമായ മോക്ഷപ്രാപ്തിക്കായി, സുപഥാ=നല്ലവഴിയിലൂടെ നയ=നയിച്ചാലും, കൂട്ടികൊണ്ടു പോയാലും; അസ്മത്=ഞങ്ങളിൽനിന്ന് ജുഹുരാണം=കുടിലതാപൂർണമായ (നല്ലവഴിയിൽ പോകാൻ സമ്മതിക്കാത്ത) ഏനഃ=പാപത്തെ യുയോധി=അകററിയാലും, ദൂരീകരിച്ചാലും.

ഈ മന്ത്രങ്ങളുടെ അർത്ഥം മനനംചെയ്ത് ഭക്തിപരിപ്ലുതമായ ചിത്തത്തോടുകൂടി ഈശ്വരനെ ആരാധിക്കണം. ദൈനികമായ ഹോമം മുടക്കാതെ നടത്തുന്നവർക്കു സമയവും സൌകര്യവുമില്ലെങ്കിൽ, ഇനിയത്തെ രണ്ടു പ്രകരണവും പാരായണം ചെയ്യാതെ ഹോമകർമ്മത്തിലേർപ്പെടാം.

സ്വസ്തിവാചനമന്ത്രങ്ങൾ

സ്വസ്തി എന്നാൽ നന്നാവുക. "അഥ ഖലു ക്രതുമയഃ പുരുഷഃ" (ഛാന്ദോഗ്യം. 3. 14. 1). പുരുഷൻ വിചാരശക്തികൊണ്ടുയരുന്നു. സംസ്കാരങ്ങളുടെ പ്രതിബിംബമാണ് മനുഷ്യജീവിതം. ഈ പ്രകരണത്തിലെ മന്ത്രങ്ങൾ സംസ്കാരശുദ്ധിചെയ്തു സത്വസിദ്ധി നൾകാൻ സാമർത്ഥ്യമുള്ളവയാകുന്നു. ഈശ്വരനെ ആരാധിച്ചു പ്രചോദിതമായിരിക്കുന്ന കൊഴുത്ത ഭക്തിയോടും, അചലമായ വിശ്വാസത്തോടും കൂടി ഈ മന്ത്രങ്ങൾ ഉച്ചരിക്കയും, അർത്ഥഭാവനം മൂലം ചിത്തത്തെ അഗ്നിഹോത്രോപാസനയ്ക്കു യോഗ്യമായി മാററുകയും ചെയ്കയാണിവിടത്തെ പ്രക്രിയ.

1. അഗ്നിമീളേ പുരോഹിതം യജ്ഞസ്യ ദേവമൃത്വിജം| ഹോതാരം രത്നധാതമം||

ഋക്. 1. 1. 1.

അഗ്നിം=ജ്ഞാനസ്വരൂപനും, പുരോഹിതം=എപ്പോഴും മുമ്പിൽ വർത്തിക്കുന്നവനും (മൂന്നുകാലത്തും അനുഭവദ്വാരാ പ്രത്യക്ഷനും), യജ്ഞസ്യ=യജ്ഞത്തിൻെറ ദേവം=പ്രകാശകനും ഋത്വിജം (ഋതു+ഇജം)=ഋതുക്കളുടെ സ്വഭാവമനുസരിച്ച് യജ്ഞംചെയ്യുന്നവനും (അതാതു കാലത്തു വേണ്ടതു ചെയ്യുന്ന നിയന്താവും), രത്നധാതമം=എല്ലാററിലുമേറെ രത്നം (=ഐശ്വര്യം) തന്നു അനുഗ്രഹിക്കുന്നവനുമായ ഹോതാരം=മംഗളകാരിയും സർവനിലയവുമായ (എല്ലാററിനേയും വഹിക്കുന്ന) ജഗദീശ്വരനെ ഈളേ=ഞാൻ സ്തുതിക്കുന്നു.

[ഈഃഡ=ഈഴ=ഈളേ എന്നിങ്ങനെ ധ്വനിഭേദം പ്രചലിതമാകുന്നു. അഗ്നി എന്ന പേരാൽ ധ്യാനിക്കുക എന്നതിനർത്ഥം പ്രകാശഗുണത്തെസ്മരിക്കയാകുന്നു. അഗ്നിയിൽ കാണുന്ന പ്രകാശം പരമാത്മാവിൻെറ വിഭൂതിയാണ്. വിഭൂതിമാനെ ധ്യാനിച്ചാൽ വിഭൂതിമാനാകാം. അഗ്ന്യാദി വേറെ വേറെ പേരിൽ പരമാത്മാവിനെ വർണ്ണിക്കുന്നതിൻെറ ശരിയായ താല്പര്യം സന്ധ്യാപ്രകരണത്തിൽനിന്ന് അറിഞ്ഞുകൊള്ളണം. ആ പ്രക്രിയ ഇവിടേയും ബാക്കിഭാഗങ്ങളിലും പ്രസംഗാനുസാരം ചരിതാർത്ഥമാക്കി സമന്വയിക്കയാണ് വേണ്ടതു്. അതിനാൽ ഇനിയുള്ള മന്ത്രങ്ങൾക്കു അതാതു് ശബ്ദങ്ങൾ വെച്ചുതന്നെ അർത്ഥം കൊടുക്കുന്നു. ദേവതാവിഷയകമായ ശബ്ദങ്ങളെ പരമാത്മാവിൻെറ ഗുണവാചകങ്ങളായി ധരിച്ച് ഏകേശ്വരനിൽ സമന്വയിച്ചുകൊള്ളണം].

2. സനഃ പിതേവ സൂനവേഽഗ്നേ സൂപാ
യനോ ഭവ| സചസ്വാ നഃ സ്വസ്തയേ||
ഋക് 1. 1. 9.

അഗ്നേ=പ്രകാശപുഞ്ജമായ പരമാത്മൻ, സഃ=അപ്രകാരമുള്ള അവിടുന്ന്, സൂനവേ=പുത്രന്മാൎക്കുവേണ്ടി പിതാ=അച്ഛൻ ഇവ=എന്നപോലെ നഃ=ഞങ്ങൾ സു=എളുപ്പം (വിഷമംകൂടാതെ) ഉപ+അയനഃ=അടുത്തുകിട്ടുന്നവനായി (കൈവരുന്നവനായി) ഭവ=തീൎന്നാലും. നഃ=ഞങ്ങളെ സ്വസ്തയേ=മാംഗല്യത്തിനായി (നന്നാക്കാനായി) സചസ്വ=അങ്ങയുടെകൂടെ ചേൎത്തണച്ചാലും (ലൌലീനരാക്കിയാലും.)

3. സ്വസ്തി നോ മിമീതാമശ്വിനാ ഭഗഃ
സ്വസ്തി ദേവ്യദിതിരനൎവ്വണഃ| സ്വസ്തി പൂഷാ
അസുരോ ദധാതു നഃ സ്വസ്തി ദ്യാവാപൃഥിവീ
സുചേതുനാ||
ഋക്. 5. 51. 11.

ഭഗഃ=ഭജനീയമായ ഐശ്വൎയ്യമുള്ള പരമാത്മാവ് നഃ=ഞങ്ങൾക്കായി അശ്വിനാ=പകലിനേയും രാത്രിയേയും സ്വസ്തി=നല്ലതാകട്ടെ, ദേവീ=പ്രകാശമുള്ള അദിതി=അഖണ്ഡനീയമായ ശക്തി (ഈശ്വരന്റെ നിയാമക ശക്തി) അൻ+അൎവ്വണഃ=ചേഷ്ടയില്ലാത്ത ഞങ്ങൾക്ക സ്വസ്തി=ഉത്സാഹമുണ്ടാക്കട്ടെ. അസുരഃ=മഴപെയ്യിക്കുന്നവനും പൂഷാ=അന്നം (ധാന്യം) മുതലായവയെ വൎദ്ധിപ്പിക്കുന്ന (പുഷ്ടിചെയ്യുന്ന) വനുമായ ഈശ്വരൻ നഃ=ഞങ്ങൾക്കു സ്വസ്തി=ഹിതലാഭം ദധാതു=വഹിക്കട്ടെ (ഹിതം ചെയ്യാനുള്ള ഭരം ഏല്ക്കട്ടെ, ഹിതം ചെയ്യട്ടെ.) ദ്യാവാ+പൃഥിവീ=തേജസ്സും പ്രകാശവുംകൊണ്ട് ജീവനരക്ഷ ചെയ്യുന്ന വി

സ്തൃതമായ ഭൂലോകം സു+ചേതുനാ=നല്ല വിവേകത്തോടുകൂടിയ ചേഷ്ടകൾകൊണ്ട് സ്വസ്തി=ശുഭം ചെയ്യട്ടെ.

ദേവതകൾ പരമാത്മാവിന്റെ വിഭൂതികളാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ട്. 'ഭഗ'വും 'പൂഷാ'വും രണ്ടു വിഭൂതികളെ സൂചിപ്പിക്കുന്നു. സാധാരണതയാ ഇവയ്ക്കു ആദിത്യനെന്നും പേരുണ്ട്. ആദിത്യന്റെ മാതാവ് 'അദിതി'. അദിതി=ഖണ്ഡിക്കപ്പെടാത്തനിത്യശക്തി, അദീനശക്തി. ഈ അഖണ്ഡിതമായ നിരന്തരശക്തി സൃഷ്ടിക്കകത്തു നിറഞ്ഞിരുന്നുകൊണ്ട് എല്ലാകാൎയ്യങ്ങളും നടത്തുന്നു. ഇപ്രകാരം നടക്കുന്ന കാൎയ്യങ്ങൾ സാധാരണക്കാൎക്കു് സൂൎയ്യൻ, ചന്ദ്രൻ, മേഘം, പൃഥിവീ, പകൽ, രാത്രി മുതലായവയായിട്ട് കാണപ്പെടുന്നു. ഇവയെ കാണുന്ന ആരാധകൻ ഇവയുടെ മൌലികസത്തയെ സ്മരിക്കാൻ ശീലിക്കണം. അപ്പോൾ പതുക്കെ പതുക്കെ വഴിതുറന്നു വരികയും, ഈ വിഭൂതികളിൽ തിങ്ങിനിറഞ്ഞു എല്ലാം ചെയ്യുന്ന പരമാത്മാവ് പ്രത്യക്ഷനാകയും ചെയ്യും. വിഭൂതിവിശിഷ്ടനായ പരമാത്മാവിനെ വൎണ്ണിക്കുമ്പോൾ കേവലനായ ഈശ്വരന്റെ മഹായജ്ഞത്തെ ഓൎമ്മിക്കണം. അഗ്നി മുതലായ ശബ്ദങ്ങൾ വരുന്നിടത്തെല്ലാം ആ സങ്കേതങ്ങൾ മൂലം പ്രകാശാദിഗുണങ്ങളോടുകൂടിയ ഭഗവാനെ ധ്യാനിക്കാൻ പഠിക്കണം. ജഡദേവതകൾക്കുള്ളിൽ വേറെ വേറെ പേരുകൾകൊണ്ട് വൈദികഋഷികൾ കണ്ടതും ആ അഖണ്ഡജ്യോതിസ്സുതന്നെ. ജപവും അൎത്ഥഭാവനയും ലാക്കാക്കുന്നതു ഈ ഗുണധ്യാനമാകുന്നു. പദാൎത്ഥങ്ങളുടെ പേരുകൾ ഗുണങ്ങളുടെ സ്മാരകങ്ങളായ സാധനങ്ങൾ മാത്രമാണെന്നു താത്പൎയ്യം.

ഋഷികൾ ഈ സങ്കേതങ്ങളെ പല പ്രകാരത്തിലും വിസ്തരിച്ചിട്ടുണ്ട്. അദിതി, അശ്വിൻ, അസുരൻ മുതലായ ശബ്ദങ്ങൾക്കു അനേകം അർത്ഥം കൊടുത്തുകാണുന്നു. ഈ അർത്ഥങ്ങളിൽ സാധാരണമായ ബന്ധം മൂലധാതുവിൻേറയും പ്രത്യയത്തിൻേറയും, അതായതു് ശബ്ദത്തിൻെറ നിർമ്മാണ (രൂപ) ത്തിൻേറതുമാത്രമാണ്. വേറെ വേറെ അർത്ഥംകണ്ടു സാധാരണയാളുകൾ അമ്പരക്കാം. എന്നാൽ, വേദഭാഷയുടെ ബോധമുണ്ടാവാൻ വേറെ ഉപായമേ ഇല്ല. ബ്രാഹ്മണങ്ങളും നിരുക്തങ്ങളും രചിച്ച ഋഷികൾ ഓരോ ശബ്ദത്തിനും അനേകം അർത്ഥം കൊടുക്കുന്നു. അശ്വിൻ ശബ്ദത്തിനു് സൂര്യൻ, ചന്ദ്രൻ; പകൽ, രാവ്; ദ്യുലോകം, പൃഥിവീലോകം എന്നു പല അർത്ഥവും ഉണ്ട്. അതായതു്, ആ ശബ്ദം ദ്യോതിപ്പിക്കുന്നതു്, ഈശ്വരൻെറ യാതൊരു വിഭൂതിയിൽ നിത്യം സംയുക്തമായ രണ്ടു വിഭാഗത്തിൻേറയും വ്യാപ്തിയുടേയും ഗുണം ഉണ്ടോ ആ വിഭൂതിയെയാകുന്നു. അദിതിയിൽ അഖണ്ഡനം, നാശരാഹിത്യം, അദീനത എന്നീ ഭാവങ്ങളാണുള്ളതു്. പുരാണഗ്രന്ഥങ്ങളിൽ ഇതു ഭൂമിയേയും കുറിക്കാറുണ്ട്. പുരാണങ്ങളിൽ അദിതി ആദിത്യന്മാരുടെ മാതാവാണ്. ഋഷികളും അദിതിയെ ദേവമാതാവെന്നു പറഞ്ഞിട്ടുണ്ട്. അഖണ്ഡവ്രതം പാലിക്കുന്നവരാണ് ദേവന്മാർ. "സ്വസ്തി പന്ഥാമനുചരേമ സൂര്യാചന്ദ്രമസാവിവ"=സൂര്യാചന്ദ്രന്മാരെപ്പോലെ ഈശ്വരനിശ്ചിതമായ പന്ഥാവിൽ കൂടി ഞങ്ങൾ പോകാമെന്നു പറയുന്ന വേദമന്ത്രത്തിൻെറ ഭാവമിതാണ്. സൂര്യനും ചന്ദ്രനും ദേവതകളാണ്. അഖണ്ഡവ്രതം അനുചരിക്കുന്നതിനാൽ അവക്കു ദിവ്യത്വം കിട്ടി. അഖണ്ഡവ്രതം പാലിക്കുന്നതുമൂലമേ ദിവ്യത്വം കിട്ടുന്നുള്ളൂ എന്നു

നിഷ്കർഷ. അതിനാൽ ദിവ്യത്വത്തിനു കാരണമായതരോ അതു ദേവമാതാ=അദിതി=അഖണ്ഡമായ ശക്തി, ഈശ്വരശക്തി. ദേവതാപരമായ ശബ്ദങ്ങളുടെ അർത്ഥം ഈ പ്രക്രിയ അനുസരിച്ചു അറിഞ്ഞുകൊള്ളുക.

4. സ്വസ്തയേ വായുമുപബ്രവാമഹൈ
സോമം സ്വസ്തി ഭുവനസ്യ യസ്പതിഃ।
ബൃഹസ്പതിം സർവഗണം സ്വസ്തയേ
സ്വസ്തയ ആദിത്യാസോ ഭവന്തു നഃ॥

ഋക്. 5. 51. 12.

സ്വസ്തയേ=നന്മയുണ്ടാവാനായി വായും=സർവ്വവ്യാപകനും എല്ലായിടത്തും സദാ എത്തി ജീവനം കൊടുത്തുകൊണ്ടിരിക്കുന്നവനുമായ പരമാത്മാവിനെ ഉപബ്രവാമഹൈ=ഞങ്ങൾ നല്ലപോലെ കീർത്തിക്കുന്നു. യഃ=ആരു ഭുവനസ്യ=ബ്രഹ്മാണ്ഡത്തിൻെറ പതിഃ=പാലകനാണോ ആ സോമം=പ്രേമസ്വരൂപിയെ സ്വസ്തി=നന്മയ്ക്കായിട്ട് ഞങ്ങൾ കീർത്തിക്കുന്നു. സർവ്വഗണം=സകലഗണങ്ങളുമുള്ള (സമഷ്ടികളെല്ലാം ആരിൽ വർത്തിക്കുന്നോ അവൻ) ബൃഹസ്പതിം=വേദസ്വരൂപിയായ സർവ്വരക്ഷകനെ സ്വസ്തയേ=നന്മയ്ക്കായി ഞങ്ങൾ കീർത്തിക്കുന്നു. ആദിത്യാസഃ=എല്ലാ പ്രകാശത്തിൻേറയും ആശ്രയമായ അവിടുന്ന് നഃ=ഞങ്ങളുടെ സ്വസ്തയേ=സകല നന്മയ്ക്കും കാരണവാൻ ഭവന്തു=ആയാലും; ഞങ്ങളെ എല്ലാ തരത്തിലും അനുഗ്രഹിച്ചാലും.

5. വിശ്വേ ദേവാ നോ അദ്യാ സ്വസ്ത-
യേ വൈശ്വാനരോ വസുരഗ്നിഃ സ്വസ്തിയേ।

ദേവാ അവന്ത്വൃഭവഃ സ്വസ്തയേ| സ്വസ്തി നോ രുദ്രഃ പാത്വംഹസഃ॥ ഋക്. 5. 51.13.

നഃ=ഞങ്ങൾക്കു സ്വസ്തയേ=നന്മ ചെയ്യത്തക്കവണ്ണം അദ്യ=ഇന്നു വിശ്വേ=എല്ലാ ദേവാഃ=ദിവ്യഗുണമുള്ള ഈശ്വരവിഭൂതികളും ഭവിക്കട്ടെ. വസുഃ=എല്ലാവരേയും വസിപ്പിക്കുന്നവനും, വൈശ്വാനരഃ=എല്ലാ മനുഷ്യരിലും ഉള്ള അഗ്നിഃ=തേജോമയനുമായ ഈശ്വരൻ സ്വസ്തയേ=മംഗളകാരിയായി ഭവിക്കട്ടെ. ദേവഃ=ദിവ്യന്മാരായ ഋഭവഃ= ബുദ്ധിമാന്മാർ സ്വസ്തയേ=നന്മയ്ക്കായി (ഞങ്ങളുടെ ഹിതലാഭത്തിനായി) ഞങ്ങളെ അവന്തു=രക്ഷിക്കട്ടെ. രുദ്രഃ=ന്യായം ചെയ്തു പാപികളെ കരയിക്കുന്ന ഈശ്വരൻ നഃ=ഞങ്ങളെ, അംഹസഃ=പാപത്തിൽ നിന്നു അകററി സ്വസ്തി=ശാന്തമായി പാതു=രക്ഷിക്കട്ടെ. [ഋഭവഃ=ഋഭുക്കൾ, എപ്പോഴും തത്വത്തെ ആരാധിച്ചതിനാൽ ഈശ്വരനിർദ്ദിഷ്ടമായ നേർവഴിയിൽ പ്രവേശിച്ച മഹാബുദ്ധിമാന്മാർ. "പ്രജാപതിർവൈ പിതാ, ഋഭൂന്മർത്യാൻ സതോഽമർത്യാൻ കൃത്വാ തൃതീയസവന ആഭജത്" (ഐതരേയ ബ്രാഹ്മണം. 6. 12) =പ്രജാപതിയായ പരമാത്മാവിന്റെ പുത്രന്മാർ ഋഭുക്കൾ. മരണമുള്ളവരായിരുന്ന അവർ മരണമില്ലാത്തവരാക്കപ്പെട്ടു. അപ്രകാരം ദ്യുസ്ഥാനത്തിൽ ദിവ്യത്വം നേടിയ അവർ യജ്ഞത്തിൽ മൂന്നാം സവനമാക്കപ്പെട്ടു. ഋഭുവിന്റെ ഈ അർത്ഥമാണിവിടെ അഭീഷ്ടം.]

6. സ്വസ്തി മിത്രാവരുണാ സ്വസ്തി പഥ്യേ രേവതി | സ്വസ്തി ന ഇന്ദ്രശ്ചാഗ്നിശ്ച സ്വസ്തി നോ അദിതേ കൃധി॥

ഋക് 5. 51. 14.

മിത്രാവരുണാ=ദുഃഖത്തിൽനിന്നു് രക്ഷിക്കുന്നവനും സർവ്വവ്യാപകനുമായ പരമാത്മൻ, സ്വസ്തി=മംഗളം ഭവിക്കട്ടെ. രേവതി=ധനാദ്യൈശ്വര്യയുക്തമായ പഥ്യേ=സന്മാർഗ്ഗമേ, സ്വസ്തി=മംഗളം ഭവിക്കട്ടെ. ഇന്ദ്രഃ=ഐശ്വര്യവാനും അഗ്നി, ച=സർവ്വത്ര പ്രകാശം വീശുന്നവനുമായ ജഗദീശ്വരൻ നഃ=ഞങ്ങൾക്കു സ്വസ്തി=നന്മ തരട്ടെ. അദിതേ=അഖണ്ഡബ്രഹ്മമേ, നഃ=ഞങ്ങൾക്കു സ്വസ്തി=പൂർണ്ണമംഗളം കൃധി=ചെയ്താലും.

7. സ്വസ്തി പന്ഥാമനുചരേമ സൂര്യാചന്ദ്രമസാവിവ|പുനർദദതാഘ്നതാ ജാനതാ സംഗമേമഹി॥ ഋക് 5. 51. 15.

സൂര്യാചന്ദ്രമസൌ, ഇവ=സൂര്യനേയും ചന്ദ്രനേയും പോലെ, സ്വസ്തിപന്ഥാം=മങ്ഗളമയമായ മാർഗ്ഗത്തെ അനുചരേമ=ഞങ്ങൾ തുടരട്ടെ, അനുഗമിക്കട്ടെ. പുനഃ=പിന്നീട് (ഈശ്വരാജ്ഞയെ അനുസരിച്ചശേഷം) ദദതാ=ദാനശീലന്മാരുടേയും, അഘ്നതാ=ഹിംസിക്കാത്തവരുടേയും ജാനതാ=അറിവുള്ളവരുടേയും കൂടെ സംഗമേമഹി=ഞങ്ങൾ സംസർഗ്ഗം ചെയ്യട്ടെ. (ഈശ്വരനിർദ്ദിഷ്ടമായ പന്ഥാവു് നിത്യവും, സകല ചരാചരങ്ങളും തെററാതെ അനുസരിക്കേണ്ടതുമാണു്. എപ്രകാരം സൂര്യനും ചന്ദ്രനും അതു അനുസരിക്കുന്നുവോ അതുപോലെ. സൂര്യൻ ചന്ദ്രൻ മുതലായ നിരവധി ഗ്രഹനക്ഷത്രാദികൾ അവരവൎക്കു നിശ്ചയിച്ചിട്ടുള്ള മാർഗ്ഗത്തെ അതേപടി അനുസരിക്കുന്നതു എന്നും നാം കാണുന്നു. എന്തെങ്കിലും തെററു ഏതെങ്കിലും ഗ്രഹത്തിനോ നക്ഷത്രത്തിനോ പററിയാലത്തെ ഫലം ഊഹിക്കപോലും വയ്യ. സ്വസ്തിക്കുള്ള വഴി ഈശ്വരനിർ

ദ്ദിഷ്ടമാർഗ്ഗത്തിൽക്കൂടി പോകമാത്രമേയുള്ളൂ. സ്വസ്തിപന്ഥാവ് എന്താണെന്ന വേദത്തിൽ ഈശ്വരൻ വെളിപ്പെടുത്തിയിട്ടുണ്ട്. അതറിഞ്ഞശേഷം ആചരണത്തിൽ കൊണ്ടുവന്നവരുമായി സംസർഗ്ഗം ചെയ്ത്, ത്യാഗവും പ്രേമവും അറിവും വളർത്തണമെന്ന സാരം.)

8. യേ ദേവാനാം യജ്ഞിയാ യജ്ഞിയാ
നാം മനോർയജത്രാ അമൃതാ ഋതജ്ഞാഃ।
തേനോ രാസന്താമുരു ഗായമദ്യ യൂയം പാത
സ്വസ്തിഭിഃ സദാനഃ॥

ഋക് 7. 35. 15.

യേ=ആരെല്ലാം യജ്ഞിയാനാം=പൂജനീയരും ആരാധ്യരുമായ ദേവാനാം=ദിവ്യന്മാരുടെ (ഇടയിൽ) യജ്ഞിയാഃ=പൂജിക്കപ്പെട്ടവരും, മനോഃ=മനുഷ്യസമുദായത്തിന്റെ യജത്രാഃ=പൂജ അർഹിക്കുന്നവരും, അമൃതാഃ=മരണഭയമില്ലാത്തവരും, ഋതജ്ഞാഃ=ആദ്ധ്യാത്മിക സത്യം അറിഞ്ഞവരുമായി ഉണ്ടോ, തേ=അവർ നഃ=ഞങ്ങൾക്കു അദ്യ=ഇന്ന് ഉരു=വിസ്തൃതമായ ഗായം=മാർഗം രാസന്താം=നൾകട്ടെ. യൂയം=ദിവ്യന്മാരും വിദ്വാന്മാരുമായ നിങ്ങൾ സദാ=എപ്പോഴും നഃ=ഞങ്ങളെ സ്വസ്തിഭിഃ=നല്ലതു കാണിച്ചുതന്ന് പാത=രക്ഷിച്ചാലും.

9. യേഭ്യോ മാതാ മധുമത്പിന്വതേ പയഃ
പീയൂഷം ദ്യൗരദിതിരദ്രിബർഹാഃ। ഉക്ഥശു
ഷ്മാൻ വൃഷഭരാൻ സ്വപ്നസസ്താം ആദി
ത്യാം അനുമദാ സ്വസ്തയേ॥

ഋക് 10. 63. 3

യേഭ്യഃ=ആർക്കെല്ലാംവേണ്ടി, മാതാ=എല്ലാം സൃഷ്ടിക്കുന്നതായ ദ്യൗഃ=പ്രകാശമയവും അദ്രി,ബർഹാഃ=മേ

ഘങ്ങൾകൊണ്ടു വിസ്തൃതവും അദിതിഃ=അഖണ്ഡിതവുമായ ഈ വിശാലഭൂമി പയഃ=പാലും പീയൂഷം=അമൃതവും പിന്വതേ=ഒഴുക്കുന്നുവോ താൻ=അപ്രകാരമുള്ള ആ ഉക്ഥശുഷ്മാൻ=കീർത്തിക്കത്തക്ക ബലമുള്ളവരും വൃഷഭരാൻ=ധർമ്മരക്ഷകന്മാരും സു,അപ്നസഃ=സത്കർമ്മംചെയ്യുന്നവരുമായ ആദിത്യാൻ=ജ്ഞാനികളെ സ്വസ്തയേ=മങ്ഗളം നേടാനായി അനു=അനുഗമിച്ച് മദ=ആനന്ദിപ്പിൻ.

10. നൃചക്ഷസോ അനിമിഷന്തോ അർഹ
ണാ ബൃഹദ്ദേവാസോ അമൃതത്വമാനശുഃ।
ജ്യോതിരഥാ അഹിമായാ അനാഗസോ ദി
വോ വർഷ്മാണം വസതേ സ്വസ്തയേ॥

ഋക്. 10. 63. 4.

നൃ,ചക്ഷസഃ=മനുഷ്യരുടെ ദ്രഷ്ടാക്കളും അനി,മിഷതഃ=കണ്ണടയ്ക്കാതിരിക്കുന്ന (എപ്പോഴും എല്ലാം കണ്ടുകൊണ്ടിരിക്കുന്ന)വരും ആയ ദേവാസഃ=വിദ്വാന്മാർ അർഹണാ=യോഗ്യത (അർഹിക്കുന്ന നില)കൊണ്ട് ബൃഹത്=ഉത്കൃഷ്ടമായ അമൃതത്വം=മോക്ഷം ആനശുഃ=പ്രാപിച്ചു. ജ്യോതി,രഥാഃ=പ്രകാശത്തിൽ രമിക്കുന്നവരും, അഹി,മായാഃ=വ്യാപകമായ ബുദ്ധിയുള്ളവരുമായ അവർ സ്വസ്തയേ=നന്മയ്ക്കായി ദിവഃ=പ്രകാശത്തിന്റെ വർഷ്മാണം=ഉന്നതസ്ഥാനത്തെ വസതേ=ചുററിക്കൊണ്ടിരിക്കുന്നു.

11. സമ്രാജോ യേ സുവൃധോയജ്ഞമാ
യയുരപരിഹ്വൃതാ ദധിരേ ദിവി ക്ഷയം। താം
ആവിവാസ നമസാ സുവൃക്തിഭിർ മഹോ
ആദിത്യാം അദിതിം സ്വസ്തയേ॥

ഋക്. 10. 63. 5.

യേ=ആരെല്ലാം സം, രാജഃ=നല്ലപോലെ പ്രകാശി
ച്ചുകൊണ്ടും, സു, വൃധഃ=നല്ലപോലെ വലുപ്പം (ആത്മോ
ന്നതി) നേടികൊണ്ടും, യജ്ഞം=യജ്ഞധർമ്മം ആ, യയുഃ=
പ്രാപിച്ചുകൊണ്ടും അപരിഹ്വൃതാഃ=വളഞ്ഞു തിരിഞ്ഞ
ല്ലാതെ (നേക്കു, പ്രതിബന്ധമില്ലാതെ) ദിവി=പ്രകാശ
ത്തിൽ ക്ഷയം=നിവാസം ദധിരേ=ഉറപ്പിച്ചുവോ, താൻ=
ആ മഹഃ=വലിയ (മഹത്വശാലികളായ) ആദിത്യാൻ=
വിദ്വാന്മാരേയും അദിതിം=അവരുടെ മാതാവായ അഖ
ണ്ഡബ്രഹ്മശക്തിയേയും നമസാ=കുനിഞ്ഞു് സുവൃക്തിഭിഃ
=നല്ലവണ്ണം ഒരുക്കപ്പെട്ട പ്രാർത്ഥനകൾ കൊണ്ടു് സ്വസ്ത
യേ=മംഗളമുണ്ടാവാൻ വേണ്ടി, ആവിവാസ=നന്നായി
പൂജിക്കുവിൻ.

12. കോ വഃ സ്തോമം രാധതി യം ജുജോ
ഷഥ വിശ്വേദേവാസോ മനുഷോ യതി
ഷ്ഠന। കോ വോ/ധ്വരം തുവിജാതാ അരം
കരദ്യോ നഃ പർഷദത്യംഹഃ സ്വസ്തയേ॥

ഋക്. 10. 63. 6

വിശ്വേ=എല്ലാ ദേവാസഃ=ദേവതകളേ, മനുഷഃ=മന
നശീലമുള്ളവരേ, നിങ്ങൾ യതി=എത്ര സ്ഥന=ഉണ്ടോ,
വഃ=ആ നിങ്ങൾക്കെല്ലാമായിട്ടു്, കഃ=ആരു് സ്തോമം—സ്തോ
ത്രങ്ങൾ രാധതി=ഒരുക്കുന്നു? യം=ആരെ ജുജോഷഥ=നി
ങ്ങൾ പ്രിയപ്പെടുന്നു? തുവി, ജാതാഃ=വിശാലമായ കീർത്തി
യുള്ളവരായവരേ, കഃ=ആരു നിങ്ങളുടെ അ, ധ്വരം=ഹിം
സയില്ലാത്ത കർമ്മത്തെ അരംകരദ്=നല്ലപോലെ മുഴുവ
നാക്കുന്നു? നഃ=ഞങ്ങളെ യഃ=ആരു് അംഹഃ=പാപത്തിൽ

നിന്നു് അതി=പൊക്കിയെടുത്തു്, സ്വസ്തയേ=സർവ്വത്ര മംഗ
ളമുണ്ടാകാനായി, പർഷത്=മറുകര എത്തിക്കും?

13. യേഭ്യോ ഹോത്രാം പ്രഥമാമായേജേ
മനുഃ സമിദ്ധാഗ്നിർമനസാ സപ്തഹോതൃഭിഃ।
ത ആദിത്യാ അഭയം ശർമ യച്ഛത സുഗാനഃ
കർത്ത സുപഥാ സ്വസ്തയേ॥ ഋക്. 10. 63.

യേഭ്യഃ=ആർക്കായിട്ടു് (ആരെ ഉദ്ദേശിച്ചിട്ടു്) സമിദ്ധ,
അഗ്നിഃ=അഗ്നി പ്രജ്വലിപ്പിച്ചുകൊണ്ടു്, മനസാ=ഹൃദയ
പൂർവ്വം സപ്തഹോതൃഭിഃ=ഏഴുഹോതാക്കൾ വഴി (രണ്ടുകണ്ണു,
രണ്ടുകാതു്, ശ്വാസപ്രശ്വാസങ്ങൾ രണ്ടു്, വായു് ഒന്നു്—
ഇങ്ങനെ ഏഴു്), മനുഃ=മനുഷ്യൻ, പ്രഥമാം=സർവ്വശ്രേഷ്ഠ
മായ ഹോത്രാം=ആരാധനയെ ആയേജേ=ചെയ്തുവരുന്നുവോ,
ആദിത്യാഃ=അഖണ്ഡവ്രതധാരികളായവരേ, തേ=ആ, നി
ങ്ങൾ (ഛാന്ദസവ്യത്യയം) അഭയം=ഭയമില്ലാത്തതായ,
ശർമ=ആശ്രയം (ശരണം) യച്ഛത=നൽകിയാലും (തന്നു
അനുഗ്രഹിക്കുവിൻ) സ്വസ്തയേ=മംഗളസിദ്ധിക്കായി നഃ=
ഞങ്ങളുടെ സുപഥാ=നല്ല വഴികളെ സു, ഗാ=സുഗമമാക്കി
കർത്ത=ചെയ്താലും.

14. യ ഈശിരേ ഭുവനസ്യ പ്രചേതസോ
വിശ്വസ്യ സ്ഥാതുർജഗതശ്ച മന്തവഃ। തേ
നഃ കൃതാദകൃതാദേനസ സ്പര്യദ്യാ ദേവാസഃ
പിപൃതാ സ്വസ്തയേ॥ ഋക്. 10. 63. 8.

യേ=ആരു് പ്രചേതസഃ=തികഞ്ഞഅറിവുള്ളവരും,
മന്തവഃ=മനനംചെയ്യുന്നവരും, സ്ഥാതുഃ=ഉറച്ചവരും (ബ്ര
ഹ്മനിഷ്ഠരും), ജഗതഃ=ചലിച്ചുകൊണ്ടിരിക്കുന്ന വിശ്വ

സ്വ=എല്ലാ ഭുവനസ്യ=ലോകത്തിൻെറ ഈശിരേ, ച=ഭരണകർത്താവുമായിരിക്കുന്നുവോ, ദേവാസഃ=ദിവ്യപുരുഷന്മാരേ, തേ=ആ നിങ്ങൾ നഃ=ഞങ്ങളെ കൃതാത്=ചെയ്തതും അകൃതാത്=ചെയ്യാത്തതുമായ ഏനസഃ=പാപത്തിൽനിന്ന് പരി=അകററി അദ്യ=ഇന്ന് സ്വസ്തയേ=മാംഗളംപ്രാപിക്കാനായി പിപൃത=രക്ഷിച്ചാലും.

**15. ഭരേഷ്വിന്ദ്രം സുഹവം ഹവാമഹേം-
ഹോമുചം സുകൃതം ദൈവ്യം ജനം। അഗ്നിം
മിത്രം വരുണം സാതയേ ഭഗം ദ്യാവാപൃഥി
വീ മരുതഃ സ്വസ്തയേ॥** ഋക്. 10. 63. 9.

ഭരേഷു=സങ്കടാവസ്ഥകളിൽ സുഹവം=എളുപ്പം വിളികേൾക്കുന്നവനും അംഹഃ,മുചം=പാപത്തിൽനിന്ന് മോചിപ്പിക്കുന്നവനും, സുകൃതം=ശുഭകർമ്മം ചെയ്യുന്നവനും, ദൈവ്യം=വിദ്വാന്മാരെ സഹായിക്കുന്നവനും, ജനം=എല്ലാററിൻേറയും ജനയിതാവും ആയ ഇന്ദ്രം=ഐശ്വര്യവാനായ ദേവനെ ഹവാമഹേ=ഞങ്ങൾ വിളിക്കുന്നു. സാതയേ=പ്രാപ്തിക്കായും സ്വസ്തയേ=മാംഗല്യത്തിനായും അഗ്നിം=അഗ്നിയേയും, മിത്രം=മിത്രനേയും, വരുണം=വരുണനേയും, ഭഗം=ഭഗനേയും, ദ്യാവാപൃഥിവീ=ദ്യുലോകത്തേയും ഭൂലോകത്തേയും മരുതഃ=മരുത്തുക്കളേയും, ഞങ്ങൾ വിളിക്കുന്നു. ഇന്ദ്രനെന്നതു് പരമാത്മാവിൻെറ പരമൈശ്വര്യവർദ്ധിനിയായ ശക്തിയാകുന്നു. മറെറാരോന്നും അതാതു ദേവതകളിൽക്കൂടെ പ്രകടമാകുന്ന ഈശ്വരവിഭൂതിയെ—അതായതു്, പരമാത്മാവിൻെറ ഗുണങ്ങളെ കുറിക്കുന്നു. വിളിക്കയെന്നാൽ ഭാവനംചെയ്തുകൊണ്ടു് പ്രാർത്ഥിക്കയെന്നു അർത്ഥം.

**16. സുത്രാമാണം പൃഥിവീം ദ്യാമനേഹ
സം സുശർമാണമദിതിം സുപ്രണീതിം।
ദൈവീം നാവം സ്വരിത്രാമനാഗസമസ്രവ
ന്തീമാരുഹേമാ സ്വസ്തയേ।** ഋക്. 10. 63. 10.

സുത്രാമാണം=നല്ലപോലെ രക്ഷചെയ്യാൻ കെല്പുള്ളതും, പൃഥിവീം=വളരെ വിശാലവും, ദ്യാം=പ്രകാശപൂർണ്ണവും, അൻ ഏഹസം=ഹിംസാരഹിതവും, സുശർമാണം=നല്ല ആശ്രയം തരുന്നതും, സു, പ്ര, നീതിം=നല്ലപോലെ മുന്നോട്ടുപോകുന്നതും, സു,അരിത്രാം=നല്ല തുഴ ഉള്ളതും, അനാഗസം=ദോഷമില്ലാത്തതും, അസ്രവന്തീം=ചോർച്ച (ഛിദ്രം) ഇല്ലാത്തതും, ദൈവീം=ദേവസംബന്ധിയുമായ നാവം=തോണിയിൽ സ്വസ്തയേ=സർവമംഗല്യത്തിനും ശാന്തിക്കുമായി ആരുഹേമ=ഞങ്ങൾ കയറട്ടെ. (ദൈവീം നാവം=ദിവ്യജീവനം, യജ്ഞമയവും പരോപകാരമയവും ജ്ഞാനമയവും ഭക്തിപൂർണ്ണവുമായ ജീവനം. സംസാരയാത്ര സഫലപൂർവ്വം നിർവഹിച്ചു്, അമൃതധാമത്തിലെത്തിചേരുവാനായി അതിൽ കേറുന്നു, അതുവരിക്കുന്നു എന്നു സാരം]

**17. വിശ്വേ യജത്രാ അധിവോചതോത
യേ ത്രായധ്വം നോ ദുരേവായാ അഭിഹ്രു
തഃ। സത്യയാ വോ ദേവഹൂത്യാ ഹുവേമ ശൃ
ണ്വതോ ദേവാ അവസേ സ്വസ്തയേ॥**

ഋക്. 10. 63. 11.

വിശ്വേ=എല്ലാ യജത്രാഃ=പൂജനീയരായ വിദ്വാന്മാരെ, ഊതയേ=രക്ഷക്കുവേണ്ടി അധി,വോചത=ഉറപ്പിച്ചു

അരുളിച്ചെയ്യിൻ, ഉപദേശം തരുവിൻ. നഃ=ഞങ്ങളെ അഭിഹ്രുതഃ=ചുററി നശിപ്പിക്കുന്നതായ ദുഃ, ഇവായാഃ=ദുർഗതിയിൽ നിന്നു് ത്രായധ്വം=രക്ഷിപ്പിൻ. സ്വസ്തയേ=സുഖത്തിനായും അവസേ=രക്ഷയ്ക്കായും, ദേവാഃ=അല്ലയോ വിദ്വാന്മാരെ, വഃ=നിങ്ങൾ ശൃണ്വതഃ=കേട്ടുകൊണ്ടിരിക്കവേതന്നെ ദേവഹൂത്യാ=വിദ്വാന്മാരുടെ മുമ്പാകെ ചെയ്യപ്പെടേണ്ടുന്ന സത്യയാ=സത്യമായ പ്രാർത്ഥനകൊണ്ടു് ഹുവേമ=ഞങ്ങൾ വിളിക്കാം (പ്രാർത്ഥിക്കാം.)

18. അപാമീവാമപ വിശ്വാമനാഹുതി മപാരാതിം ദുർവിദത്രാമഘായതഃ | ആരേ ദേവാ ദ്വേഷോ അസ്മദ്യുയോതന നോരുണഃ ശർമ യച്ഛതാ സ്വസ്തയേ|| ഋക്. 10. 63. 12.

ദേവാഃ=വിദ്വാന്മാരേ, അമീവാം=രോഗത്തേയും വിശ്വാം, അനാഹുതിം=എല്ലാതരത്തിലുമുള്ള പിശുക്കുകളേയും അരാതിം=ശത്രുത്വത്തേയും, അഘായതഃ, ദുഃ, വിദത്രാം=പാപം ചെയ്യാനിച്ഛിക്കുന്നവരുടെ ദുർബുദ്ധിയേയും, ദ്വേഷഃ=വെറുപ്പിനേയും അസ്മത്=ഞങ്ങളിൽനിന്നു് ആരേ=ദൂരത്തു് അപ, യുയോതന=ഓടിച്ചുകളയുവിൻ. സ്വസ്തയേ=സുഖത്തിനായി നഃ=ഞങ്ങൾക്കു് ഉരു=വിശാലമായ ശർമ=ശരണം യച്ഛ=തരുവിൻ.

19. അരിഷ്ടഃ സമർത്തോ വിശ്വ ഏധതേ പ്രപ്രജാഭിർജായതേ ധർമണസ്പരി| യമാദിത്യാസോ നയഥാ സുനീതിഭിരതി വിശ്വാനി ദുരിതാ സ്വസ്തയേ||

ഋക്. 10. 63. 13.

ആദിത്യാസഃ=അഖണ്ഡവ്രതധാരികളായ വിദ്വാന്മാരേ, യം=ആരെ വിശ്വാനി=എല്ലാ ദുരിതാനി=ദുഷ്കർമത്തിലും ദുർഗുണങ്ങളിലും ദുഃസ്വഭാവത്തിലും നിന്നു് അതി=ഉയത്തി സ്വസ്തയേ=സുഖത്തിനായി സുനീതിഭിഃ=നല്ലവഴികളിൽക്കൂടി നയഥ=നിങ്ങൾ കൊണ്ടുപോകുന്നുവോ, വിശ്വഃ=എല്ലാ അരിഷ്ടഃ=അരിഷ്ടങ്ങളും മത്തഃ=നശിപ്പിച്ചവനായ സഃ=അവൻ ധർമ്മണഃ=ധർമ്മാനുഷ്ഠാനങ്ങൾ പരി=കഴിഞ്ഞു് (ചെയ്തിട്ടു്) പ്രജാഭിഃ=പുത്രാദി ഐശ്വര്യങ്ങൾ കൊണ്ടു്, ജായതേ=പ്രസിദ്ധനാകുന്നു; പ്ര, ഏധതേ=പ്രകർഷം നേടുകയും ചെയ്യുന്നു.

20. യം ദേവാസോഽവഥ വാജസാതൌ യം ശൂരസാതാ മരുതോ ഹിതേധനേ|പ്രാതർ യാവാണം രഥമിന്ദ്രസാനസിമരിഷ്യന്തമാരുഹേമാ സ്വസ്തയേ|| ഋക്. 10. 63. 14.

മരുതഃ=ദിവ്യസമ്പത്തിയുള്ളവരായ ദേവാസഃ=വിദ്വാന്മാരേ, വാജസാതൌ=അന്നാദി ഉണ്ടാകാനും, ശൂരസാതാ=ബലമുണ്ടാകാനും ഹിതേ=ഹിതകരമായ ധനേ=ധനം കിട്ടാനുംവേണ്ടി, യം=ഏതു് ഇന്ദ്രസാനസിം=ഐശ്വര്യവാനായഭഗവാനെ പ്രാപിക്കാൻ സഹായിക്കുന്നതും, പ്രാതഃ, യാവാണം=വെളുപ്പിനുപൊയ്ക്കൊണ്ടിരിക്കുന്നതുമായരഥം=തേരിനെ ആ അവഥ=നിങ്ങൾ പരിരക്ഷിക്കുന്നുവോ, അതിൽ സ്വസ്തയേ=മാങ്ഗല്യത്തിനായി ആരുഹേമ=ഞങ്ങൾ കയറാം. രഥമെന്നാൽ, 'ദൈവീംനാവം' പോലെ സ്തുതിപൂവ്കമായ യജ്ഞമെന്നർത്ഥം. (രപ്-ഭ്വാദി, പരസ്മൈപദം. രപ്=സ്തുതികർമ്മം, ഈ പ്രകരണത്തിൽ രഥത്തിൽ കയറാമെന്നാൽ യജ്ഞത്തിലേപ്പെടാമെന്നുഭാവം.)

**21. സ്വസ്തി നഃ പഥ്യാസു ധന്വസു സ്വ
സ്ത്വപ്സു വൃജനേ സ്വർവതി । സ്വസ്തിനഃ
പുത്രകൃഥേഷു യോനിഷു സ്വസ്തിരായേ മരു
തോ ദധാതന॥** ഋക് 10. 63. 15.

മരുതഃ=(മിതഭാഷികളും അതിമഹിമാജനകമായ കർമ്മം ചെയ്യുന്നവരുമായ വിദ്വാന്മാരെ മരുത്ത് എന്നു വിളിക്കുന്നു.) അങ്ങിനെയുള്ള വിദ്വാന്മാരെ, നഃ=ഞങ്ങൾക്ക് പഥ്യാസു=വഴികളിലും, ധന്വസു=മരുസ്ഥലങ്ങളിലും സ്വഃ+വതി, വൃജനേ=പ്രകാശപൂർണ്ണമായ സംഗ്രാമത്തിലും, പുത്രകൃഥേഷു, യോനിഷു=ഗൃഹസ്ഥാശ്രമത്തിലും കളത്രത്തിലും രായേ=എല്ലാവിധത്തിലുമുള്ള ഐശ്വര്യങ്ങൾക്കായി സ്വസ്തി=മംഗളം ദധാതന=വഹിച്ചാലും, പകർന്നാലും.

**22. സ്വസ്തിരിദ്ധി പ്രപഥേ ശ്രേഷ്ഠാ രേ
ക്ണസ്വത്യഭി യാ വാമമേതി । സാ നോ
അമാസോ അരണേ നിപാതു സ്വാവേശാ
ഭവതു ദേവഗോപാ॥** ഋക്. 10. 63. 16

യാ=ഏതു സ്വസ്തി=നന്മ ഇത്+ഹി=നിശ്ചയമായും രേക്ണഃ,വതി=ഐശ്വര്യമുള്ളതും, ശ്രേഷ്ഠാ=സർവ്വോത്തമവുമായ പ്ര+പഥേ=ഉത്കൃഷ്ടമായ മാർഗ്ഗത്തിൽ വാമം=സുന്ദരമായ ഭാവങ്ങളേയും ഗുണകർമ്മങ്ങളേയും ഏതി=പ്രാപിക്കുന്നുവോ, സാ=ആ നന്മ (മാംഗല്യം) നഃ=ഞങ്ങളുടെ അമാ=വീട്ടിലും സാ+ഉ=അതുതന്നെ അരണേ=വിദേശത്തും നി,പാതു=രക്ഷിക്കട്ടെ; ദേവഗോപാ=വിദ്വാന്മാരാൽ രക്ഷിക്കപ്പെട്ടതായിട്ട് സു,ആവേശാ=നല്ലപോലെ നമ്മിൽ

വസിക്കുന്നതായി ഭവതു=തീരട്ടെ. (സ്വസ്തിയുടെ വിശേഷണമാകയാൽ എല്ലായിടത്തും സ്ത്രീലിംഗം വ്യവഹൃതമാണ്. ഭാഷയിൽ അതു നിഷ്കർഷിച്ചിട്ടില്ല.)

**23. ഇഷേ ത്വോർജ്ജേ ത്വാ വായവസ്ഥ
ദേവോ വഃ സവിതാ പ്രാർപയതു ശ്രേഷ്ഠത
മായ കർമ്മണ ആപ്യായധ്വമഘ്ന്യാ ഇന്ദ്രായ
ഭാഗം പ്രജാവതീരനമീവാ അയക്ഷ്മാ മാ വ
സ്തേന ഈശത മാഘശംസോ ധ്രുവാ അ
സ്മിൻ ഗോപതൌ സ്യാത ബഹ്വീർ യജ
മാനസ്യ പശൂൻ പാഹി॥** യജു. 1. 1.

[ഉപാസകൻ തൻെറ ജീവനത്തിൻെറ ലക്ഷ്യത്തെക്കുറിച്ചു സങ്കല്പിച്ചുകൊണ്ട്, ജീവനത്തെതന്നെ പ്രത്യക്ഷമായി വിളിച്ചുപറയുന്നു.] ത്വാ=നിന്നെ ഇഷേ=പ്രേരണയ്ക്കായിട്ടും ത്വാ=നിന്നെ ഊർജ്ജേ=പരാക്രമത്തിനായിട്ടും (ഞാൻ വഹിക്കുന്നു.) [തൻെറ ഇന്ദ്രിയങ്ങളെ വിളിച്ചുപറയുന്നു:] നിങ്ങൾ വായവഃ=ചൊടിയുള്ളവയായി സ്ഥ=തീരുവിൻ; വഃ=നിങ്ങളെ ദേവഃ=പ്രകാശവാനായ സവിതാ=(പ്രേരകനായ) ഈശ്വരൻ (എല്ലാറ്റിൻേറയും പ്രസവിതാവ്) ശ്രേഷ്ഠതമായ=അത്യുത്തമമായ, യജ്ഞമാകുന്ന, കർമ്മണേ=കർമ്മത്തിനായിട്ട്, പ്ര,അർപ്പയതു=പ്രേരിപ്പിക്കട്ടെ. അഘ്ന്യാഃ=കൊല്ലാതിരിക്കാൻ (രക്ഷിക്കാൻ) കെല്പുള്ള ശക്തികളേ, (നിങ്ങൾ) പ്രജാവതീഃ=പ്രജകളുള്ളവയായി തീർന്ന്, അൻ,അമീവാഃ=ഉദരരോഗമില്ലാതേയും, അയക്ഷ്മാഃ=ക്ഷയാദിരോഗമില്ലാതേയും ആയിട്ട്, ഇന്ദ്രായ=ഐശ്വര്യവാനായ എനിക്കുവേണ്ടി ഭാഗം=സേവിക്കത്തക്കവ

ലം ആപ്യായധ്വം=വളൎത്തുവിൻ. വഃ=നിങ്ങളെ സ്തേനഃ=കള്ളന്മാരും അഘശംസഃ=പാപം ആഗ്രഹിക്കുന്നവരും മാ, ഈശത=ഭരിക്കാതിരിക്കട്ടെ. അസ്മിൻ=ഈ ഗോ,പതൌ=ഇന്ദ്രിയപാലകനായ എന്നിൽ നിങ്ങൾ ബഹ്വീഃ=വളരും, ധ്രുവാഃ=ഉറച്ചും സ്യാത=ഇരിക്കുവിൻ. (ഇപ്പോൾ ഈശ്വരനോടു പ്രാൎത്ഥിക്കുന്നു.) പ്രഭോ, യജമാനസ്യ=യജ്ഞംചെയ്യുന്ന എന്റെ പശൂൻ=ഇന്ദ്രിയങ്ങളെ പാഹി=രക്ഷിച്ചാലും.

[യജ്ഞം=ദാനം, പൂജ, സംഗതികരണം ഇതു മൂന്നുമുള്ള ശ്രേഷ്ഠകൎമ്മം. ജീവാത്മാവിന്റെ വികാസത്തിനു യജ്ഞംകൂടിയേ കഴിയൂ. ഇന്ദ്രിയങ്ങളെ അതിനു ഒരുക്കണം. ശരീരം നീരോഗമായിരിക്കണം. ഇന്ദ്രിയങ്ങൾ പാപത്തിലേക്കു ഓടരുതു്. ഇപ്രകാരം ആത്മാവിനു് ഇന്ദ്രിയങ്ങളുടേയും ശരീരത്തിന്റേയും പൂൎണ്ണമായ സാഹായ്യം കിട്ടണം. യജ്ഞത്തിനു യോജിച്ച ശരീരവും, ഇന്ദ്രിയങ്ങളും, ഭാവനയും, ബലവും കിട്ടിയാൽ യജ്ഞംമൂലം ആത്മാവിനു പൂൎണ്ണമായ വളൎച്ചയുണ്ടാകും. ഈ മന്ത്രം വേറെ വേറെ എട്ടു വാക്യങ്ങളുടെ സമുച്ചയമാണു്. യജ്ഞത്തിന്റെ ആദിമമായ സുന്ദരാൎത്ഥവും ആദ്ധ്യാത്മികപ്രയോജനവും കാലാന്തരത്തിൽ വിസ്മൃതമായതിനാലായിരിക്കാം സായണാചാൎയ്യർ ഈ യജുഃഖണ്ഡികയെ പലാശിന്റെ ശാഖ ഒടിച്ചെടുക്കുക, പശുക്കുട്ടികളെ വെളിയിൽ തട്ടിവിട്ടു മേയ്ക്കുക, പശുക്കളെ വെളിയെ വിട്ടയക്കുക, ഇന്ദ്രനു തേടുണ്ടാക്കുക, മുതലായ കല്പിതകൎമ്മകാണ്ഡത്തിലെ വിനിയോഗിച്ചതു്. യഥാൎത്ഥത്തിൽ യജുൎവേദത്തിലെ ഒന്നാമത്തെ ഈ മന്ത്രത്തിന്റെ താത്പൎയ്യമിതല്ലെന്നു യജുൎവേദത്തിലെ അന്തിമാദ്ധ്യായം സ്ഥിരീകരിക്കുന്നു. ജീവനം തന്നെ യജ്ഞം.

ഗോശബ്ദം ഇന്ദ്രിയവാചകമാണു് (നോക്കുക. ശതപഥം 5. 4. 3. 10.) ജീവനയജ്ഞത്തിൽ മറ്റെല്ലാ യജ്ഞവും അടങ്ങും. അതിനാൽ ഇവിടെ കൊടുത്ത അൎത്ഥം ആ പ്രക്രിയയെ ആശ്രയിക്കുന്നു.]

24. ആ നോ ഭദ്രാഃ ക്രതവോയന്തുവിശ്വതോ/ദബ്ധാസോ അപരീതാസ ഉദ്ഭിദഃ=ദേവാനോസദമിദ്വൃധേ അസന്നപ്രായുവോ രക്ഷിതാരോ ദിവേ ദിവേ॥ യജു. 25. 14.

ഭദ്രാഃ=സേവനീയവും അദബ്ധാസഃ=കപടരഹിതവും അപരി, ഇതാസഃ=അനാക്രാന്തവും, ഉദ്ഭിദഃ=മേലോട്ടു ഉയരുന്നതുമായ ക്രതവഃ=വിചാരങ്ങളും കൎമ്മവും, നഃ=ഞങ്ങളെ വിശ്വതഃ=ചുററും, ആയന്തു=പ്രാപിക്കട്ടെ. യഥാ=അങ്ങനെ സദം,ഇത്=എപ്പോഴും തന്നെ, അപ്രായുവഃ=വിട്ടുപിരിയാത്ത, രക്ഷിതാരഃ=രക്ഷകരായ, ദേവാഃ=വിദ്വാന്മാർ, ദിവേദിവേ=എന്നും, നാൾക്കുനാൾ, നഃ=ഞങ്ങളെ, വൃധേ=വളൎത്തുന്നതിനായി അസൻ=ഇരുന്നുകൊണ്ടിരിക്കട്ടെ.

25. ദേവാനാം ഭദ്രാ സുമതിൎരൃജൂയതാം ദേവാനാം രാതിരഭി നോ നിവൎത്തതാം। ദേവാനാം സഖ്യമുപസേദിമാവയം ദേവാന ആയുഃ പ്രതിരന്തു ജീവസേ॥ യജു. 25. 1.5

ഋജൂയതാം=സരളപ്രകൃതി ഇച്ഛിക്കുന്ന, ദേവാനാം=വിദ്വാന്മാരുടെ,ഭദ്രാ=നന്മചെയ്യുന്ന സു,മതിഃ=സദ്ബുദ്ധിയും, രാതിഃ=ദാനശീലവും, നഃ=ഞങ്ങളുടെ അഭി=മുമ്പിൽ നി,വൎത്തതാം=മുഴുവനെ വന്നുചേരട്ടെ, വയം=ഞങ്ങൾ

ദേവാനാം=വിദ്വാന്മാരുടെ, സഖ്യം=മിത്രത്വം ഉപസേദിമാ=പ്രാപിക്കട്ടെ. 'അന്യേഷാമപിദൃശ്യതേ'എന്ന നിയമപ്രകാരം ദീർഘം. ദേവാഃ=ആ വിദ്വാന്മാർ നഃ=ഞങ്ങളുടെ ജീവസേ=ജീവിതത്തിന്റെ (ജീവിക്കുന്നതിനുള്ള) ആയുഃ=ആയുസ്സ് (കാലം) പ്രതിരന്തു=നല്ലപോലെ വളർത്തട്ടെ.

26. തമീശാനം ജഗതസ്തസ്ഥുഷസ്പതിം ധിയം ജിന്വമവസേഹൂമഹേ വയം | പൂഷാ നോ യഥാ വേദസാമസദ്വൃധേ രക്ഷിതാ പായുരദബ്ധഃ സ്വസ്തയേ|| യജു. 2. 5. 18.

വയം=ഞങ്ങൾ ജഗതഃ=ചരത്തിന്റേയും തസ്ഥുഷഃ=അചരത്തിന്റേയും (ബ്രഹ്മാണ്ഡത്തിന്റെ) ത്വാ, പതിം=ആ രക്ഷകനും, ധിയം, ജിന്വം=ബുദ്ധിയെവർദ്ധിപ്പിക്കുന്നവനും ആയ ഈശാനം=ജഗദീശ്വരനെ ഹൂമഹേ=വിളിക്കുന്നു. (പൂജിക്കുന്നു) യഥാ=അതുകൊണ്ടു് പൂഷാ= പോഷകനും രക്ഷിതാ=രക്ഷിക്കുന്നവനും പായുഃ=പാലിക്കുന്നവനും അദബ്ധഃ=അവിനാശിയുമായ ഈശ്വരൻ വേദസാം=ജ്ഞാനത്തിന്റേയും ധനത്തിന്റേയും വൃധേ=വൃദ്ധിക്കായി അസത്=ഭവിക്കട്ടെ, (സഹായിക്കട്ടെ)

27. സ്വസ്തി ന ഇന്ദ്രോ വൃദ്ധശ്രവാഃ സ്വസ്തി നഃ പൂഷാ വിശ്വവേദാഃ| സ്വസ്തി നസ്താർക്ഷ്യോ അരിഷ്ടനേമിഃ സ്വസ്തിനോ ബൃഹസ്പതിർദധാതു|| യജു. 25. 19

വൃദ്ധശ്രവാഃ=പ്രചുരകീർത്തിയുള്ള ഇന്ദ്രഃ=പരമൈശ്വര്യവാനായ ഈശ്വരൻ, നഃ=ഞങ്ങൾക്കു സ്വസ്തി=നന്മ ചെയ്യട്ടെ. വിശ്വവേദാഃ=സമ്പൂർണ്ണമായ ധനത്തിന്റേയും

ജ്ഞാനത്തിന്റേയും അധിപനായ പൂഷാ=പോഷകേശ്വരൻ നഃ=ഞങ്ങൾക്കു നന്മതരട്ടെ. അരിഷ്ടനേമിഃ=തടവില്ലാത്ത ഗതിയുള്ള താർക്ഷ്യഃഅതിവേഗവാനായ ഈശ്വരൻ നഃ=ഞങ്ങൾക്കു സ്വസ്തി=നന്മകൊടുക്കട്ടെ. ബൃഹസ്പതിഃ=വലുതിലും വലുതായ ലോകാന്തരങ്ങളുടെ ആധാരമായ ഈശ്വരൻ നഃ=ഞങ്ങൾക്കു സ്വസ്തി=സകലസുഖവും ദധാതു=വഹിക്കടെ (കൊണ്ടുതരട്ടെ)

28. ഭദ്രം കർണ്ണേഭിഃ ശൃണുയാമ ദേവാ ഭദ്രം പശ്യേമാക്ഷഭിർയജത്രാഃ| സ്ഥിരൈരങ്ഗൈസ്തുഷ്ടുവാം സസ്തനൂഭിർവ്യശേമഹിദേവഹിതം യദായുഃ|| യജു. 2. 5 21

ദേവാഃ=വിദ്വാന്മാരേ, യജത്രാഃ=പൂജനീയരേ, കണ്ണേഭിഃ=ചെവികൊണ്ടു് ഭദ്രം=മങ്ഗളമായതു് ശൃണുയാമ=ഞങ്ങൾ,കേൾക്കട്ടെ. അക്ഷഭിഃ=കണ്ണുകൊണ്ടു് ഭദ്രം=മങ്ഗളമായതു് പശ്യേമ=കാണട്ടെ. സ്ഥിരൈഃ=അവിചലിതമായ അംഗൈഃ=അംഗങ്ങൾ (ഇന്ദ്രിയാദി) മൂലവും, തനൂഭിഃ=ശരീരം മൂലവും, തുഷ്ടുവാംസഃ=ഭജിച്ചു പ്രസാദിപ്പിച്ചുകൊണ്ടു് ദേവഹിതം=വിദ്വാന്മാരാൽ പ്രാപിക്കപ്പെട്ട യത് ആയുഃ=ഏതു അവസ്ഥയുണ്ടോ അതു്, വി, അശേമഹി= ഞങ്ങൾ എത്തിച്ചേരട്ടെ.

29. അഗ്ന ആയാഹി വീതയേ ഗൃണാനോ ഹവ്യദാതയേ| നി ഹോതാ സത്സി ബർഹിഷി|| സാമവേദം 1. 1. 1.

അഗ്നേ=പ്രകാശസ്വരൂപിയായ പ്രഭോ, വീതയേ=ജ്ഞാനലാഭത്തിനും, ഹവ്യദാതയേ=അന്നം മുതലായ പദാർത്ഥങ്ങളുടെ ദാനത്തിനും ആയിട്ടു് ഗൃണാനഃ=ഉപദേശിച്ചു

കൊണ്ടു് ആ യാഹി=വന്നാലും, ഹോതാ=ശുഭഗുണങ്ങൾ തരുന്നവനായിട്ടു്, ബർഹിഷി=(യജ്ഞാദികളുടെ) വിസ്താരത്തിൽ നി,സത്സി=സ്ഥാപിതനാകതന്നെ. (വ്യപ്പെട്ടണമെന്നുസാരം.)

30. ത്വമഗ്നേ യജ്ഞാനാം ഹോതാ വിശ്വേഷാം ഹിതഃ। ദേവേഭിർമാനുഷേ ജനേ॥

സാമ. 1. 1 2

അഗ്നേ=അല്ലയോ പ്രകാശസ്വരൂപിൻ, ദേവേഭിഃ=ദേവതകളോടു ചേർന്ന മാനുഷേ,ജനേ=മനുഷ്യസമാജത്തിൽ ത്വം=അവിടുന്നു് യജ്ഞാനാം=യജ്ഞങ്ങളുടെ ഹോതാ=കർത്താവും വിശ്വേഷാം=എല്ലാററിനും ഹിതഃ=ഹിതംചെയ്യുന്ന ബന്ധുവുമാകുന്നു.

31. യേ ത്രിഷപ്താഃ പരിയന്തി വിശ്വാ രൂപാണിബിഭ്രതഃ। വാചസ്പതിർബലാ തേഷാം തന്വോ അദ്യ ദധാതുമേ॥ അഥർവ്വം. 1. 1. 1

വിശ്വാ=എല്ലാ രൂപാണി=രൂപങ്ങളെയും ബിഭ്രതഃ=വഹിച്ചുകൊണ്ടു് യേ,ത്രി, സപ്താഃ=ഏതു ഇരുപത്തൊന്നു് (3×7) പരി,യന്തി=എല്ലായിടത്തും നിറയുന്നുവോ, വാചസ്പതിഃ=വിജ്ഞാനേശ്വരനായുള്ളോവേ, തേഷാം=അവയുടെ തന്വഃ=വിസ്തൃതമായ സ്വരൂപത്തിൻെറ ബലാ=ശക്തി (സിദ്ധി)കളെ, അദ്യ=ഇന്നു് മേ=എൻെറ ഉള്ളിൽ ദധാതു=ഉറപ്പിക്കേണമേ.

(ശ്രോത്രം, നേത്രം, പ്രാണൻ, രസന, ത്വക്, ഈ അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ വെളിയിൽ നിന്നു് സംസ്കാരങ്ങൾ കൊണ്ടുവരുന്നു, കുറെയൊക്കെ സങ്കല്പമായും വികല്പമായും മനസ്സിൽ തന്നെ ഉദിക്കുന്നു. വേറെ കുറെ നിശ്ചയമായ ഭാവമായിട്ടു്

ബുദ്ധിയിൽ ഉയരുന്നു. ഇപ്രകാരം ഏഴ്ഗ്രഹങ്ങൾ (ഗ്രഹിക്കുന്നതിനുള്ള സാധനങ്ങൾ) വഴി നമുക്കു ബാഹ്യവും ആന്തരവുമായ വിശ്വത്തെപ്പററി ബോധമുണ്ടാകുന്നു. എന്നാൽ ഉള്ള ജഗത്തൊക്കെ സത്ത്വം, രജസ്സ്, തമസ്സ്, എന്നു മൂന്നുഗുണങ്ങളുടെ നൃത്യംമാത്രമാണു്. അതായതു് ഈ ഏഴ്ഗ്രഹണസാധനങ്ങളിൽ കൂടി മൂന്നുതരം ലോകം നാമറിയുന്നു. അല്ലെങ്കിൽ, നമ്മെ സംബന്ധിച്ചിടത്തോളം ഇരുപത്തൊന്നു വിഭാഗങ്ങളിൽ ജഗത്തു് വിഭക്തമാണു്. എങ്കിലും, ഈ ഇരുപത്തൊന്നിലും നിറഞ്ഞിരിക്കുന്ന ബലം വേണ്ടുവോളം നാമറിയുന്നില്ല. അതുകൊണ്ടു് അതിനെ നാമുപയോഗിക്കുന്നുമില്ല. ഈ ബലം മഹാവിഭൂതിയാണു്—മനുഷ്യജീവനിത്തിലെ സിദ്ധിയാണു്. അതിനാൽ, ആ ബലം നമ്മിൽ വളർത്തുവാൻ ശ്രമിക്കണം.)

ശാന്തിപ്രകരണം

ഇനിയത്തെ മന്ത്രങ്ങൾ 'ശാന്തി'യുടെ ഉദ്ഭാവകങ്ങളാണു്. ശാന്തിയെന്നാൽ സുഷമത(=സു-സമത). നന്മയും സമതയും ജീവനത്തിലെ ദൈവീസമ്പത്തിയാകുന്നു. തിന്മയും വിഷമതയും ആസുരീസമ്പത്തി. ദൈവീസമ്പത്തി സിദ്ധിച്ചാൽ സർവ്വത്ര അഭയം അനുഭവമാകും. അതാണിനി നേടേണ്ടതു്. ഇന്ദ്രാദി ശബ്ദങ്ങൾക്കു ഇതിനു മുമ്പു കൊടുത്തിട്ടുള്ള അർത്ഥം ആവർത്തിച്ചു കൊള്ളണം. തത്തത് ശബ്ദങ്ങൾ ഗുണവാചകമാക്കി അറിയേണ്ടമെന്നും തദ്വാരാ ഏകനായ പ്രഭുവിനെ ഭാവനം ചെയ്യണമെന്നും നിഷ്കർഷ.

1. ശന്ന ഇന്ദ്രാഗ്നീ ഭവതാമവോഭിഃ ശന്ന ഇന്ദ്രാ വരുണാ രാതഹവ്യാ। ശമിന്ദ്രാസോമാ സുവിതായ ശംയോഃ ശന്ന ഇന്ദ്രാപൂഷണാ വാജസാതൌ॥ ഋക്. 7. 35. 1.

ഇന്ദ്രാഗ്നീ=ഇന്ദ്രനും അഗ്നിയും അവോഭിഃ=രക്ഷകൾ (രക്ഷാകർമ്മം) കൊണ്ടു് നഃ=ഞങ്ങൾക്കു ശം=മംഗളമാ

കട്ടെ. രാതാഹവ്യാ=സ്വീകരിക്കത്തക്കപദാർത്ഥങ്ങളുടെ ദാതാവായ, ഇന്ദ്രാവരുണാ=ഇന്ദ്രനും, വരുണനും നഃ=ഞങ്ങൾക്ക ശം=മംഗളകരമാകട്ടെ. ഇന്ദ്രാസോമാ=ഇന്ദ്രനും സോമനും, സു, ഇതായ=നല്ല ജീവിതത്തിനായി, നഃ=ഞങ്ങൾക്ക ശം=ദുർവ്യസനങ്ങളെ ഇല്ലാതാക്കുന്ന ശക്തിയും, യോഃ=നല്ല ഗുണങ്ങളുള്ളവരാകുന്നതിനുള്ള രുചിയും, തന്നാലും. വാജസാതൌ=ബലം പ്രകാശിപ്പിക്കുന്ന സംഗ്രാമാദിയിൽ ഇന്ദ്രാപൂഷണാ=ഇന്ദ്രനും പൂഷാവും നഃ=ഞങ്ങൾക്ക ശം=സുഖം തരട്ടെ.

2. ശന്നോ ഭഗഃ ശമു നഃ ശംസോ അസ്തു ശന്നഃ പുരന്ധിഃ ശമുസന്തു രായഃ। ശന്നഃ സത്യസ്യ സുയമസ്യ ശംസഃ ശന്നോ അര്യമാ പുരുജാതോ അസ്തു॥ ഋക്. 7. 35. 2.

ഭഗഃ=സേവനയോഗ്യമായ സമ്പത്തി നഃ= ഞങ്ങൾക്ക് ശം=സുഖംതരട്ടെ. ഉ=അതുപോലെ ശംസഃ=സ്തുതിയും ജപവും, നഃ=ഞങ്ങൾക്ക ശം=മംഗളകരമായി അസ്തു=ഭവിക്കട്ടെ. പുരംധിഃ=വിശാലമായ സംസ്കാരങ്ങളെ തന്റെ ഉള്ളിൽ വഹിക്കുന്നബുദ്ധി, നഃ=ഞങ്ങൾക്ക് ശം=സുഖം തരട്ടെ. സുയമസ്യ=നല്ലവണ്ണം ധാരണം ചെയ്യുന്നതിനു യോജിച്ച സത്യസ്യ=സത്യത്തിന്റെ, ശംസഃ=വർണ്ണന, നഃ=ഞങ്ങൾക്ക, ശം=ശുഭം തരുന്നതായി തീരട്ടെ. പുരു, ജാതഃ=ഏറെ പ്രസിദ്ധമായ അര്യമാ=സമ്പത്തിശാലികളെ ഉണ്ടാക്കുന്നവൻ നഃ=ഞങ്ങൾക്ക ശം അസ്തു=സുഖദാതാവാകട്ടെ.

3. ശന്നോ ധാതാ ശമു ധർത്താ നോ അസ്തു ശന്ന ഉരൂചീ ഭവതു സ്വധാഭിഃ। ശം രോ

ദസീ ബൃഹതീ ശന്നോ അദ്രിഃ ശന്നോ ദേവാനാം സുഹവാനി സന്തു॥ ഋക്. 7. 35. 3

ധാതാ=പോഷണം ചെയ്യുന്നവൻ, നഃ=ഞങ്ങൾക്ക്, ശം=സുഖം തരട്ടെ. ഉ=അതുപോലെ, ധർത്താ=ധാരണം ചെയ്യുന്നവൻ, നഃ=ഞങ്ങൾക്ക് ശം=സുഖം തരുന്നവനായി അസ്തു=ഭവിക്കട്ടെ. ഉരൂചീ=വിശാലമായ ആകാശത്തിൽ ചുററുന്ന പൃഥിവീ, സ്വധാഭിഃ=അന്നാദികൾ വഴി, നഃ=ഞങ്ങൾക്ക ശം=സുഖം തരുന്നതായി ഭവതു=ഭവിക്കട്ടെ. ബൃഹതീ=വിസ്തൃതമായ രോദസീ=ഭൂമിയും ആകാശവും ശം=സുഖംതരട്ടെ. അദ്രിഃ=പർവതം നഃ=ഞങ്ങൾക്ക് ശം=സുഖം തരട്ടെ. ദേവാനാം=ദേവതകളുടെ സുഹവാനി=പവിത്രമായ ആഹ്വാനം നഃ=ഞങ്ങൾക്ക ശം=സുഖപ്രദമായി, സന്തു=തീരട്ടെ.

4. ശന്നോ അഗ്നിർജ്യോതിരനീകോ അസ്തു ശന്നോ മിത്രാ വരുണാവശ്വിനാ ശം। ശന്നഃ സുകൃതാം സുകൃതാനി സന്തു ശന്ന ഇഷിരോ അഭിവാതു വാതഃ॥ ഋക്. 7. 35. 4.

ജ്യോതിഃ, അനീകഃ=പ്രകാശാത്മകമായ ബലമുള്ള അഗ്നിഃ=അഗ്നി നഃ=ഞങ്ങൾക്ക ശം=സുഖപ്രദമായി അസ്തു=ഭവിക്കട്ടെ. മിത്രാവരുണൌ=മിത്രനും വരുണനും, അശ്വിനാ=അശ്വികളും നഃ=ഞങ്ങൾക്ക് ശം=ശുഭംചെയ്യട്ടെ. സുകൃതാം=പുണ്യാത്മാക്കളുടെ, സുകൃതാനി=നല്ല കർമ്മങ്ങൾ നഃ=ഞങ്ങൾക്ക ശം=സുഖംതരട്ടെ. ഇഷിരഃ=വേഗമുള്ള വാതഃ=വായു നഃ=ഞങ്ങൾക്ക് ശം=സുഖദായകമായി അഭിവാതു=സർവ്വത്ര വീശട്ടെ.

5. ശന്നോ ദ്യാവാ പൃഥിവീ പൂർവ്വഹൂതൌ ശമന്തരിക്ഷം ദൃശയേനോ അസ്തു| ശന്ന ഓഷധീർവനിനോ ഭവന്തു ശന്നോ രജസസ്പതി രസ്തു ജിഷ്ണുഃ|| ഋക്. 7. 35. 5.

പൂർവ്വഹൂതൌ=പൂർവ്വജന്മാരുടെ ആഹ്വാനത്തിൽ, എന്തിനായി അവർ വിളിച്ചോ ആകാര്യത്തിൽ, ദ്യാവാപൃഥിവീ=ദ്യുഃലോകവും പൃഥിവീലോകവും, നഃ=ഞങ്ങൾക്ക ശം=മംഗളം ചെയ്യട്ടെ. ദൃശയേ=നോക്കുന്നതിനായി അന്തരിക്ഷം ഇടക്കുള്ള ലോകം നഃ=ഞങ്ങൾക്ക് ശം=സുഖം തരട്ടെ. വനിനഃ=വനവുമായിബന്ധമുള്ള ഓഷധീഃ=ഓഷധികൾ, നഃ=ഞങ്ങൾക്ക, ശം=മംഗളപ്രദമായി ഭവന്തു=വരട്ടെ, രജസഃ, പതിഃ=ലോകലോകാന്തരത്തിന്റെ പാലനകർത്താവും, ജിഷ്ണു=ജയിക്കുന്നവനുമായ പ്രഭു നഃ=ഞങ്ങൾക്ക ശം=മംഗളംതരട്ടെ.

6. ശന്ന ഇന്ദ്രോ വസുഭിർദേവോ അസ്തു ശമാദിത്യേഭിർവരുണഃ സുശംസഃ| ശന്നോ രുദ്രോ രുദ്രേഭിർജലാഷഃ ശം നസ്ത്വഷ്ടാ ഗ്നാഭിരിഹശൃണോതു|| ഋക്. 7. 35. 6.

ഇന്ദ്രഃദേവഃ=ഇന്ദ്രദേവത, വസുഭിഃ=നിവസിക്കത്തക്ക (പൃഥിവീമുതലായ) ലോകങ്ങളോടൊന്നിച്ച്, നഃ=ഞങ്ങൾക്ക ശം=മാഗളപ്രദമായി അസ്തു=തീരട്ടെ. വരുണഃ=വരുണൻ സു,ശംസഃ=അത്യന്തം പ്രശംസിതനായ ആദിത്യേഭിഃ=ആദിത്യന്മാരോടൊന്നിച്ച്, ശം=മാഗളംചെയ്യട്ടെ. ജലാഷഃ=ശാന്തിതരുന്ന രുദ്രഃ=രുദ്രദേവൻ രുദ്രേഭിഃ=രുദ്രന്മാരോടൊന്നിച്ച്, നഃ=ഞങ്ങൾക്ക ശം=മംഗളം തരട്ടെ.

ത്വഷ്ടാ=എല്ലാത്തിന്റേയും നിർമാതാവ് ഗ്നാഭിഃ=വാക്കുകളോടൊന്നിച്ച് നഃ=ഞങ്ങൾക്ക് ശം= മംഗളം തന്നുകൊണ്ട് ഇഹ=ഇവിടെ (ഈ അവസ്ഥയിൽ) ശൃണോതു=(ഞങ്ങളുടെ വിളി) കേഴ്ക്കുമാറാകട്ടെ.

7. ശന്നഃ സോമോ ഭവതു ബ്രഹ്മ ശംനഃ ശന്നോ ഗ്രാവാണഃ ശമു സന്തു യജ്ഞാഃ| ശം നഃ സ്വരൂണാം മിതയോഭവന്തു ശംനഃ പ്രസ്വഃ ശമ്വസ്തു വേദിഃ|| ഋക്. 7. 35.7.

സോമഃ=സോമൻ നഃ=ഞങ്ങൾക്ക് ശം=സുഖദായകനായി, ഭവതു=തീരട്ടെ. ബ്രഹ്മ=ജപം നഃ=ഞങ്ങൾക്ക ശം=സുഖംതരട്ടെ, ഗ്രാവാണഃ,ഉ=കല്ലുകളും (പീഠവും) യജ്ഞാഃ=യജ്ഞങ്ങളും നഃ=ഞങ്ങൾക്ക് ശം=ശാന്തിപ്രദമായി സന്തു=തീരട്ടെ. സ്വരൂണാം=യജ്ഞവേദിയിലെ തൂണുകളുടെ മിതയഃ=അളവും,പ്രസ്വഃ=ഓഷധികളും വേദിഃ, ഉ=ഹോമകുണ്ഡവും നഃ=ഞങ്ങൾക്ക ശം=സുഖം തരട്ടെ.

8 ശന്നഃ സൂര്യ്യ ഉരുചക്ഷാ ഉദേതു ശന്നശ്ചതസ്രഃ പ്രദിശോ ഭവന്തു| ശന്നഃ പർവ്വതാ ധ്രുവയോ ഭവന്തു ശന്നഃ സിന്ധവഃ ശമുസന്ത്വാപഃ|| ഋക്. 7. 35. 8.

ഉരു ചക്ഷാഃ=വിസ്തീർണമായി പ്രകാശിക്കുന്ന, സൂര്യ്യഃ=സൂര്യ്യൻ നഃ=ഞങ്ങൾക്ക ശം=മംഗളവാനായിരുന്നുകൊണ്ട്, ഉത്–ഏതു=ഉദിച്ചിട്ട്, ചതസ്രഃ=നാലു പ്രദിശഃ=ദിക്കുകളും നഃ=ഞങ്ങൾക്ക് ശം=സുഖപൂർണ്ണമായി ഭവന്തു=ഭവിക്കട്ടെ. ധ്രുവയഃ=സ്ഥിരമായ പർവതാഃ=പർവത

5. ശന്നോം ദ്യാവാ പൃഥിവീ പൂർവ്വഹൂതൗ ശമന്തരീക്ഷം ദൃശയേനോ അസ്തു|ശന്ന ഓഷധീർവനിനോ ഭവന്തു ശന്നോ രജസസ്പതിരസ്തു ജിഷ്ണുഃ|| ഋക്. 7. 35. 5.

പൂർവ്വഹൂതൗ=പൂർവ്വജന്മാരുടെ ആഹ്വാനത്തിൽ, എന്തിനായി അവർ വിളിച്ചോ ആ കാര്യത്തിൽ, ദ്യാവാപൃഥിവീ=ദ്യുലോകവും പൃഥിവീലോകവും, നഃ=ഞങ്ങൾക്ക ശം=മംഗളം ചെയ്യട്ടെ. ദൃശയേ=നോക്കുന്നതിനായി അന്തരിക്ഷം ഇടക്കുള്ള ലോകം നഃ=ഞങ്ങൾക്ക് ശം=സുഖം തരട്ടെ. വനിനഃ=വനവുമായിബന്ധമുള്ള ഓഷധീഃ=ഓഷധികൾ, നഃ=ഞങ്ങൾക്ക, ശം=മംഗളപ്രദമായി ഭവന്തു=വരട്ടെ, രജസഃ, പതിഃ=ലോകലോകാന്തരത്തിന്റെ പാലനകർത്താവും, ജിഷ്ണു=ജയിക്കുന്നവനുമായ പ്രഭു നഃ=ഞങ്ങൾക്ക ശം=മംഗളംതരട്ടെ.

6. ശന്ന ഇന്ദ്രോ വസുഭിർദേവോ അസ്തു ശമാദിത്യേഭിർവരുണഃ സുശംസഃ| ശന്നോ രുദ്രോ രുദ്രേഭിർജലാഷഃ ശം നസ്ത്വഷ്ടാ ഗ്നാഭിരിഹശൃണോതു|| ഋക്. 7. 35. 6.

ഇന്ദ്രഃദേവഃ=ഇന്ദ്രദേവത, വസുഭിഃ=നിവസിക്കത്തക്ക (പൃഥിവീമുതലായ) ലോകങ്ങളോടൊന്നിച്ച്, നഃ=ഞങ്ങൾക്ക ശം=മംഗളപ്രദമായി അസ്തു=തീരട്ടെ. വരുണഃ=വരുണൻ സുശംസഃ=അത്യന്തം പ്രശംസിതനായ ആദിത്യേഭിഃ=ആദിത്യന്മാരോടൊന്നിച്ച്, ശം=മംഗളംചെയ്യട്ടെ. ജലാഷഃ=ശാന്തിതരുന്ന രുദ്രഃ=രുദ്രദേവൻ രുദ്രേഭിഃ=രുദ്രന്മാരോടൊന്നിച്ച്, നഃ=ഞങ്ങൾക്ക ശം=മംഗളം തരട്ടെ.

ത്വഷ്ടാ=എല്ലാത്തിന്റെയും നിർമാതാവ് ഗ്നാഭിഃ=വാക്കുകളോടൊന്നിച്ച് നഃ=ഞങ്ങൾക്ക് ശം= മംഗളം തന്നുകൊണ്ട് ഇഹ=ഇവിടെ (ഈ അവസ്ഥയിൽ) ശൃണോതു=(ഞങ്ങളുടെ വിളി) കേഴ്ക്കുമാറാകട്ടെ.

7. ശന്നഃ സോമോ ഭവതു ബ്രഹ്മ ശംനഃ ശന്നോ ഗ്രാവാണഃ ശമു സന്തു യജ്ഞാഃ| ശം നഃ സ്വരൂണാം മിതയോഭവന്തു ശംനഃ പ്രസ്വഃ ശമ്വസ്തു വേദിഃ|| ഋക്. 7. 35.7.

സോമഃ=സോമൻ നഃ=ഞങ്ങൾക്ക് ശം=സുഖദായകനായി, ഭവതു=തീരട്ടെ. ബ്രഹ്മ=ജപം നഃ=ഞങ്ങൾക്ക ശം=സുഖംതരട്ടെ, ഗ്രാവാണഃ,ഉ=കല്ലുകളും (പീഠവും) യജ്ഞാഃ=യജ്ഞങ്ങളും നഃ=ഞങ്ങൾക്ക് ശം=ശാന്തിപ്രദമായി സന്തു=തീരട്ടെ. സ്വരൂണാം=യജ്ഞവേദിയിലെ തൂണുകളുടെ മിതയഃ=അളവും,പ്രസ്വഃ=ഓഷധികളും വേദിഃ, ഉ=ഹോമകുണ്ഡവും നഃ=ഞങ്ങൾക്ക ശം=സുഖം തരട്ടെ.

8 ശന്നഃ സൂര്യ ഉരുചക്ഷാ ഉദേതു ശന്നശ്ചതസ്രഃ പ്രദിശോ ഭവന്തു| ശന്നഃ പർവ്വതാ ധ്രുവയോ ഭവന്തു ശന്നഃ സിന്ധവഃ ശമുസന്ത്വാപഃ|| ഋക്. 7. 35. 8.

ഉരു ചക്ഷാഃ=വിസ്തീർണമായി പ്രകാശിക്കുന്ന, സൂര്യഃ=സൂര്യൻ നഃ=ഞങ്ങൾക്ക ശം=മംഗളവാനായിരുന്നുകൊണ്ട്, ഉത്-ഏതു=ഉദിച്ചിട്ട്, ചതസ്രഃ=നാലു പ്രദിശഃ=ദിക്കുകളും നഃ=ഞങ്ങൾക്ക് ശം=സുഖപൂർണ്ണമായി ഭവന്തു=ഭവിക്കട്ടെ. ധ്രുവയഃ=സ്ഥിരമായ പർവതാഃ=പർവത

ങ്ങളും, സിന്ധവഃ, ഉ=സമുദ്രവും ആപഃ=മററു ജലവും ന=ഞങ്ങൾക്ക ശം=സുഖം ചെയ്യട്ടെ.

9. ശന്നോ അദിതിർഭവതു വ്രതേഭിഃ ശന്നോ ഭവന്തുമരുതഃ സ്വർക്കാഃ| ശന്നോ വിഷ്ണുഃ ശമു പൂഷാ നോ അസ്തു ശന്നോ ഭവിത്രം ശമ്വസ്തു വായുഃ|| ഋക്. 7. 35. 9.

അദിതിഃ=അദിതി (അഖണ്ഡ വ്രതധാരി) വ്രതേഭിഃ=വ്രതങ്ങളിൽക്കൂടെ നഃ=ഞങ്ങൾക്കു് ശം=മംഗളം ചെയ്യട്ടെ. സ്വർക്കാഃ=നല്ല സ്തോത്രങ്ങളുള്ള, മരുതഃ=മരുത്തുകൾ നഃ=ഞങ്ങൾക്ക ശം=സുഖപ്രദമായി, ഭവന്തു=ഭവിക്കട്ടെ. വിഷ്ണുഃ=വ്യാപകനായ പ്രഭു, നഃ=ഞങ്ങൾക്ക ശം=മംഗളം തരട്ടെ. പൂഷാ,ഉ=പോഷകനായ പ്രഭുവും നഃ=ഞങ്ങൾക്കു് ശം=മംഗളപ്രദനായി അസ്തു=ഭവിക്കട്ടെ. ഭവിത്രം=ഉള്ളതും ഉണ്ടാകാൻ പോകുന്നതും, വായുഃ, ഉ=വായുവും നഃ=ഞങ്ങൾക്കു് ശം=മംഗളപ്രദമായി അസ്തു=തീരട്ടെ.

10. ശന്നോ ദേവാ സവിതാത്രായമാണഃ ശന്നോ ഭവന്തുഷസോ വിഭാതിഃ|ശന്നഃ പർജന്യോ ഭവതു പ്രജാഭ്യഃ ശന്നഃ ക്ഷേത്രസ്യ പതിരസ്തു ശംഭുഃ|| ഋക്. 7. 35. 10.

ദേവഃ=പ്രകാശമാനനും, ത്രായമാണഃ=രക്ഷ തരുന്നവനും, സവിതാ=സർവോത്പാദകനുമായ സൂര്യൻ നഃ=ഞങ്ങൾക്കു് ശം=സുഖസ്വരൂപനായി തീരട്ടെ. വിഭാതീഃ=തിളങ്ങുന്ന ഉഷസഃ=പുലർച്ചകൾ നഃ=ഞങ്ങൾക്ക ശം=സുഖം തരട്ടെ. പർജന്യഃ=മേഘം നഃ=ഞങ്ങളുടെ പ്രജാഭ്യഃ=പ്രജകൾക്കായിക്കൊണ്ടു്, ശം=ഹിതകരമായി ഭവതു=തീരട്ടെ.

ക്ഷേത്രസ്യ=നിവാസത്തിനും കൃഷിക്കുമുള്ള സ്ഥലങ്ങളുടെ പതിഃ=രക്ഷനും ശംഭുഃ=മംഗളം ചെയ്യുന്നവനുമായ ദേവൻ നഃ=ഞങ്ങൾക്ക ശം=മംഗളം തരുന്നവനായി അസ്തു=തീരട്ടെ.

11. ശന്നോ ദേവാ വിശ്വദേവാ ഭവന്തു ശം സരസ്വതീ സഹധീഭിരസ്തു| ശമഭിഷാചഃ ശമു രാതിഷാചഃ ശന്നോ ദിവ്യാഃ പാർഥിവാഃ ശന്നോ അപ്യാഃ|| ഋക് 71. 35, 11.

വിശ്വദേവാഃ=എല്ലാ ജോതിസ്സുകൾക്കുമിരിപ്പിടമായ ദേവാഃ=ദേവത നഃ=ഞങ്ങൾക്ക ശം=സുഖമയമായി ഭവന്തു=തീരട്ടെ. സരസ്വതീ=വിദ്യാദേവി ധീഭിഃ=എല്ലാതരത്തിലുമുള്ള ബുദ്ധികളോടു സഹ=കൂടി ശം=മംഗളകരമായി അസ്തു=ഭവിക്കട്ടെ. അഭിസാചഃ=സാക്ഷാത് സംബന്ധമുള്ള ഉ=ത്തും രാതിസാചഃ=ദാനംവഴി സംബന്ധമുള്ളതുമായ ദിവ്യഃ=ആകാശവർത്തികളായവയും, പാർഥിവാഃ=ഭൂലോകത്തിൽ വർത്തിക്കുന്നവയും, അപ്യാഃ=ജലത്തിൽ വർത്തിക്കുന്നവയുമായ വിഭൂതികൾ നഃ=ഞങ്ങൾക്ക ശം=മംഗളം ചെയ്യട്ടെ. (വിഭൂതികൾ=ഈശ്വരശക്തി പ്രകാശകങ്ങൾ)

12. ശന്നഃ സത്യസ്യ പതയോ ഭവന്തു ശന്നോ അർവന്തഃ ശമു സന്തു ഗാവഃ| ശന്ന ഋഭവഃ സുകൃതഃ സുഹസ്താഃ ശന്നോ ഭവന്തു പിതരോ ഹവേഷു|| ഋക്. 7. 35. 12

സത്യസ്യ=സത്യത്തിന്റെ പതയഃ=രക്ഷകന്മാർ നഃ=ഞങ്ങൾക്കു് ശം=സുഖദാതാക്കളായി ഭവന്തു=ഭവിക്കട്ടെ

അർവന്തഃ=കുതിരകളും ഗാവഃ,ഉ=പശുക്കളും നഃ=ഞങ്ങൾക്ക് ശം=സുഖകരമായി സന്തു=ഭവിക്കട്ടെ. ഋഭവഃ=ബുദ്ധിമാന്മാരും സുകൃതഃ=സത്കർമ്മികളും സുഹസ്താഃ=നിപുണരായ കൊത്തുപണിക്കാരും നഃ=ഞങ്ങൾക്ക ശം=സുഖംതരട്ടെ. ഹവേഷു=ഹോമം മുതലായ സത്കർമ്മങ്ങളിൽ, പിതരഃ=ജ്ഞാനവാന്മാർ നഃ=ഞങ്ങൾക്ക് ശം=സുഖപ്രദമായ് ഭവന്തു=തീരട്ടെ.

13. ശന്നോ അജ ഏകപാദ്ദേവോ അസ്തു ശന്നോऽഹിർബുധ്ന്യഃ ശം സമുദ്രഃ| ശന്നോ അപാം നപാത്പേരുരസ്തു ശന്നഃ പൃശ്നിർഭവതുദേവഗോപാഃ|| ഋക്°. 7. 35. 13.

ഏകപാദ്=ഒരു പാദവാനും അജഃ=സർവവ്യാപിയും ആയ ദേവഃ=പരമാത്മാവു് നഃ=ഞങ്ങൾക്ക് ശം=സുഖകാരി അസ്തു=ആകട്ടെ. ബുധ്ന്യഃ=അന്തരീക്ഷത്തിലെ അഹിഃ=മേഘം നഃ=ഞങ്ങൾക്ക ശം=സുഖംതരട്ടെ. സമുദ്രഃ=സമുദ്രവും ശം=സുഖംതരട്ടെ. അപാം=ജലത്തെ ന, പാത്=നശിപ്പിക്കാത്തതും പേരുഃ=പാലിക്കുന്നതുമായ (ഭൂമി) നഃ=ഞങ്ങൾക്ക ശം=സുഖകരമായി അസ്തു=ഭവിക്കട്ടെ. ദേവഗോപാഃ=വിദ്വാന്മാരാൽ (ഹൃദയത്തിൽ സദാ) വെച്ചുപൊണ്ടിരിക്കപ്പെടുന്ന പൃശ്നിഃ=ജ്യോതിർമയൻ നഃ=ഞങ്ങൾക്ക ശം=ഹിതകാരിയായി ഭവതു=ഭവിക്കട്ടെ.

[ഏകപാദ് എന്ന പ്രയോഗം ബ്രഹ്മത്തിൻെറ ശബലരൂപസൂചകമായ സ്വരൂപത്തെ കുറിക്കുന്നു.]

14. ഇന്ദ്രോ വിശ്വസ്യ രാജതി| ശന്നോ അസ്തു ദ്വിപദേ ശം ചതുഷ്പദേ|| യജു 36. 8

ഇന്ദ്രഃ=ഇന്ദ്രൻ വിശ്വസ്യ=വിശ്വത്തിൻെറ രാജതി=രാജാവാകുന്നു. (ആ ഇന്ദ്രൻെറകൃപയാൽ) നഃ=ഞങ്ങളുടെ ദ്വിപദേ=രണ്ടുകാലുള്ളവക്കായും ചതുഃ പദേ=നാലുകാലുള്ളവയ്ക്കായും (ഇഷ്ടബന്ധു ബാന്ധവാദി മനുഷ്യർക്കും, കന്നുകാലിപക്ഷി മുതലായവക്കും) ശം=മംഗളം അസ്തു=വരട്ടെ.

15. ശന്നോ വാതഃ പവതാം ശന്നസ്തപതു സൂര്യഃ| ശന്നഃ കനിക്രദദ്ദേവഃ പർജന്യോ അഭിവർഷതു|| യജു. 36, 10

വാതഃ=വായു നഃ=ഞങ്ങൾക്ക് ശം=മംഗളംതന്നുകൊണ്ടു് പവതാം=വീശട്ടെ. സൂര്യഃ=സൂര്യൻ നഃ=ഞങ്ങൾക്ക് ശം=സുഖംതന്നുകൊണ്ടു് തപതു=പ്രകാശിക്കട്ടെ. കനിക്രദദ്=വെടിമുഴങ്ങുന്നതും ദേവഃ=മിന്നൽപാറിക്കുന്നതുമായ പർജന്യഃ=മേഘം അഭി, വർഷതു=സർവത്ര വർഷിക്കട്ടെ.

16. അഹാനി ശം ഭവന്തു നഃ ശം രാത്രീഃ പ്രതിധീയതാം| ശന്ന ഇന്ദ്രാഗ്നീ ഭവതാമവോഭിഃ ശന്ന ഇന്ദ്രാവരുണാ രാതഹവ്യാ| ശന്ന ഇന്ദ്രാപൂഷണാം വാജസാതൌ ശമിന്ദ്രാസോമാ സുവിതായ ശംയോഃ|| യജു. 36. 11

നഃ=ഞങ്ങൾക്കായിട്ടു്, അഹാനി=പകലുകൾ, ശം=മംഗളകരമായി ഭവന്തു=തീരട്ടെ. നഃ=ഞങ്ങൾക്കായിട്ടു്, രാത്രീഃ=രാത്രികളിൽ ശം=സുഖം പ്രതി,ധീയതാം=ധാരണം ചെയ്യിക്കുക. നഃ=ഞങ്ങൾക്കായിട്ടു്, ഇന്ദ്രാഗ്നീ=ഇന്ദ്രനും അഗ്നിയും, അവോഭിഃ=രക്ഷാകാര്യംമൂലം ശം=സുഖപ്രദമായി ഭവതാം=തീരട്ടെ. രാതഹവ്യാ=ഗ്രഹണയോഗ്യമായ

പദാൎത്ഥങ്ങൾ തരുന്ന ഇന്ദ്രാവരുണാ=ഇന്ദ്രനും വരുണനും നഃ=ഞങ്ങൾക്ക് ശം=മംഗളം ചെയ്യട്ടെ. വാജസാതൌ=യുദ്ധാദികളിൽ ഇന്ദ്രാപൂഷണാ=ഇന്ദ്രനും പൂഷാവും നഃ=ഞങ്ങൾക്ക് ശം=സുഖം തരട്ടെ. സു-ഇതായ=നല്ലജീവനത്തിനായിട്ട് ഇന്ദ്രാസോമാ=ഇന്ദ്രനും സോമനും ശം=ശാന്തിയും യോഃ=അഭയവും പ്രദാനം ചെയ്യട്ടെ.

17. ശന്നോ ദേവീരഭിഷ്ടയ, ആപോഭവന്തു പീതയേ। ശംയോരഭിസ്രവന്തു നഃ॥

യജു. 36. 12.

ദേവീഃ=പ്രകാശാദിഗുണമുള്ള ആപഃ=സൎവ്വവ്യാപകമായ ജലം അഭീഷ്ടയേ=യജ്ഞാദിമനോരഥങ്ങൾക്കായിട്ടും പീതയേ=കുടിക്കുന്നതിനും, നഃ=ഞങ്ങൾക്കു ശം=മംഗളപ്രദമായി ഭവന്തു=തീരട്ടെ. ശം=രോഗങ്ങളെ ഇല്ലാതാക്കിയും യോഃ=ഭയങ്ങൾ ഇല്ലാതാക്കിയുംകൊണ്ട്, ദിവ്യജലധാരകൾ നഃ=ഞങ്ങൾക്കു അഭി=നേരെ സ്രവന്തു=ഒലിച്ചുവരട്ടെ.

18. ദ്യൌഃ ശാന്തിരന്തരിക്ഷം ശാന്തിഃ പൃഥിവീ ശാന്തിരാപഃ ശാന്തിരോഷധയഃ ശാന്തിഃ। വനസ്പതയഃ ശാന്തിർവിശ്വേദേവാഃ ശാന്തിർബ്രഹ്മശാന്തിഃ സർവംശാന്തിഃ ശാന്തിരേവ ശാന്തിഃ സാ മാ ശാന്തിരേധി॥

യജു. 36. 17.

ദ്യൌഃ=പ്രകാശിക്കുന്നലോകം ശാന്തിഃ=ശാന്തിയുക്തമാകട്ടെ. അന്തരിക്ഷം=മദ്ധ്യത്തുള്ളലോകം ശാന്തിഃ=ശാന്തമാകട്ടെ. പൃഥിവീ=ഭൂലോകം ശാന്തിഃ=ശാന്തമാകട്ടെ. ആപഃ=ജലം ശാന്തിഃ=ശാന്തിപൂൎണ്ണമാകട്ടെ. ഓഷധയഃ=ഓ

ഷധികൾ ശാന്തിഃ=ശാന്തിദായകമാകട്ടെ. വനസ്പതയഃ=വൃക്ഷാദികൾ ശാന്തിഃ=ശാന്തിയുക്തമാകട്ടെ. വിശ്വേ=എല്ലാ ദേവാഃ=ഗ്രഹനക്ഷത്രാദികൾ ശാന്തിഃ=ശാന്തിപ്രദായകമാകട്ടെ ബ്രഹ്മ=ജപവും വേദാദ്ധ്യനവും ശാന്തിഃ=ശാന്തിദായകമാകട്ടെ. സൎവ്വം=എല്ലാം ശാന്തിഃ=ശാന്തിപ്രദമാകട്ടെ ശാന്തിഃ, ഏവ, ശാന്തിഃ=ശാന്തിയേ ശാന്തി (മാത്രം) ഉണ്ടായിരിക്കട്ടെ. സാ=ആ ശാന്തി മാ=എനിക്കു ഏധി=കിട്ടട്ടെ. (ശാന്തിഃ=ശുദ്ധമായ ആനന്ദം.)

19. തച്ചക്ഷുർദേവഹിതം പുരസ്താച്ഛുക്രമുച്ചരത്। പശ്യേമ ശരദഃശതം, ജീവേമ ശരദഃ ശതം। ശൃണുയാമ ശരദഃ ശതം, പ്രബ്രവാമ ശരദഃ ശതമദീനാഃ സ്യാമശരദഃ ശതം, ഭൂയശ്ച ശരദഃ ശതാത്॥

യജു. 36. 24.

ദേവഹിതം=ദേവതകളാൽ ധാരണംചെയ്യപ്പെട്ടിരിക്കുന്ന ശുക്രം=ശുദ്ധതേജസ്വിയായ തത്=ആ ചക്ഷുഃ=സൂൎയ്യന്മാരുടെ സൂൎയ്യൻ (പരമപ്രകാശകൻ) പുരസ്താത്=മുൻവശത്തുനിന്ന് ഉത്ചരത്=ഉദിക്കുന്നു. ആ ദേവാധിദേവൻെറ കൃപയാൽ ഞങ്ങൾ ശതം ശരദഃ=നൂറാണ്ട് പശ്യേമ=കാണട്ടെ; ശതം ശരദഃ=നൂറാണ്ടു ജീവേമ=ജീവിക്കട്ടെ; ശതം ശരദഃ=നൂറാണ്ട് ശൃണുയാമ=കേൾക്കട്ടെ. ശതം ശരദഃ=നൂറാണ്ട് പ്രബ്രവാമ=സംസാരിക്കട്ടെ; ശതം ശരദഃ=നൂറാണ്ട് അദീനാഃ, സ്യാമ=സ്വതന്ത്രരായിരിക്കട്ടെ. ശതാത്=നൂററിലും ഭൂയഃ=അധികം ശരദഃ=ആണ്ടു ച=അതൊക്കെ ചെയ്യട്ടെ.

(സന്ധ്യയിൽ കൊടുത്തിരിക്കുന്ന വിശദാർത്ഥം ഇവിടേയും അന്യത്രയും ചേൎത്തിണക്കിക്കൊൾക)

20. യജ്ജാഗ്രതോദൂരമുദൈതിദൈവം തദു സുപ്തസ്യ തഥൈവൈതി| ദൂരംഗമം ജ്യോതിഷാം ജ്യോതിരേകം തന്മേ മനഃ ശിവസങ്കല്പമസ്തു॥
യജു. 34. 1

യത്=യാതൊരു ദൈവം=ദിവ്യമായത്(മനസ്)ജാഗ്രതഃ=ഉണർന്നതിന്റെ ദൂരം=ദൂരം ഉത ഏതി. ഉ=കടന്നുപോകുന്നുവോ തത്=അത് തഥാ, ഏവ=അതുപോലെതന്നെ സുപ്തസ്യ=ഉറങ്ങിയതിനെ ഏതി=കടക്കുന്നു. ദൂരംഗമം=ദൂരെ ദൂരെ പോകുന്ന ജ്യോതിഷാം=ഇന്ദ്രിയങ്ങളുടെ ഏകം=ഒററ ജ്യോതിഃ=ജ്യോതിസ്സായ മേ=എന്റെ തത്=ആ, മനഃ=മനസ്സ് ശിവസങ്കല്പം=നല്ലസങ്കല്പമുള്ളത് അസ്തു=ആയ്തീരട്ടെ.

[ഇന്ദ്രിയങ്ങളുടെ ഇന്ദ്രിയമാണ് മനസ്. ഉറക്കത്തിലും, രാത്രിയിലും, ഉണർച്ചയിലും പകലും അതു വളരെ വേഗത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതു മംഗളമയമാകണം; ഇതാണ് മാനസികശുദ്ധി.]

21. യേന കർമ്മാണ്യപസോ മനീഷിണോ യജ്ഞേകൃണ്വന്തി വിദഥേഷു ധീരാഃ| യദപൂർവ്വം യക്ഷമന്തഃ പ്രജാനാം തന്മേ മനഃ ശിവസങ്കല്പമസ്തു॥
യജു. 34. 2.

യേന=യാതൊന്നുകൊണ്ട് അപസഃ=കർമ്മനിഷ്ഠരും മനീഷിണഃ=മാനസികപ്രേരണകളുടെ അധീശരുമായ, ധീരഃ=മേധാവികൾ, യജ്ഞേ=യജ്ഞത്തിലും വിദഥേഷു=ജ്ഞാനപ്രചാരകങ്ങളായ സ്ഥാനങ്ങളിലും സഭയിലും മററും കർമ്മാണി=കർമ്മങ്ങൾ കൃണ്വന്തി=ചെയ്യുന്നുവോ, യത്=യാ

തൊന്ന് പ്രജാനാം=പ്രജകളുടെ അന്തഃ=ഇടയ്ക്ക് അപൂർവം=എല്ലാററിലും മികച്ച്. യക്ഷം=പ്രേരണാതത്വമായിരിക്കുന്നുവോ, മേ=എന്റെ തത്=ആ മനഃ=മനസ്സ് ശിവസങ്കല്പം=നല്ലസങ്കല്പമുള്ളതായി അസ്തു=ഭവിക്കട്ടെ.

22. യത്പ്രജ്ഞാനമുത ചേതോധൃതിശ്ച യജ്ജ്യോതിരന്തരമൃതം പ്രജാസു| യസ്മാന്നൃതേ കിഞ്ചന കർമ്മ ക്രിയതേ തന്മേ മനഃ ശിവസങ്കല്പമസ്തു॥
യജു. 34. 3.

യത്=യാതൊന്ന് പ്രജ്ഞാനം, ഉത=വിശേഷജ്ഞാനത്തിനുള്ള സാധനവും, ചേതസ്=സ്മരണയ്ക്കുള്ള സാധനവും ധൃതിഃ, ച=ധൈര്യത്തിനുള്ള സാധനവുമാകുന്നോ, യത്=യാതൊന്ന് പ്രജാസു=എല്ലാജീവികളിലും അന്തഃ=അകത്തെ അമൃതം=മരണമില്ലാത്ത ജ്യോതി=ജ്യോതിസുമാകുന്നുവോ, യസ്മാത്=യാതൊന്ന് ഋതേ=ഇല്ലാതെ കിഞ്ചന=ഒട്ടും കർമ=കർമ്മം ന, ക്രിയതേ=ചെയ്യപ്പെടുന്നില്ലയോ, മേ=എന്റെ തത്=ആ മനഃ=മനസ് ശിവസങ്കല്പം=നല്ലവിചാരങ്ങളുള്ളതായി അസ്തു=തീരട്ടെ.

23. യേനേദം ഭൂതം ഭുവനം ഭവിഷ്യത് പരിഗൃഹീതമമൃതേന സർവം| യേന യജ്ഞസ്തായതേ സപ്തഹോതാ തന്മേ മനഃ ശിവസങ്കല്പമസ്തു॥
യജു. 34, 4.

യേന=യാതൊരു അമൃതേന=മരണമില്ലാത്തതുമൂലം ഇദം=ഈ സർവം=എല്ലാം ഭൂതം=സൃഷ്ടിച്ചതും, [illegible]=ഉണ്ടായിക്കൊണ്ടിരിക്കുന്നതും, ഭവിഷ്യത്=ഉണ്ടാകാൻ പോകു

ന്നതുമായവ (ലോകവും ലൌകികസംസ്കാരങ്ങളും) പരി+ഗൃഹീതം=നല്ലവണ്ണം പിടിച്ചുവെയ്ക്കപ്പെട്ടിരിക്കുന്നുവോ, യേന=ഏതുമൂലം സപ്തഹോതാ=ഏഴ് ഹോതാക്കളുള്ള യജ്ഞഃ=യജ്ഞം തായതേ=രചിക്കപ്പെടുന്നുവോ മേ=എന്റെ തത്=ആ മനഃ=മനസ് ശിവസങ്കല്പം=നല്ല സങ്കല്പമുള്ളതായി അസ്തു=തീരട്ടെ.

(സപ്തഹോതാക്കൾ=രണ്ടു കണ്ണ്, രണ്ടു ചെവി, രണ്ടു നാസാരന്ധ്രം, ഒരു നാവ്)

24. യസ്മിന്നൃചഃ സാമ യജൂംഷി യസ്മിൻ പ്രതിഷ്ഠിതാ രഥനാഭാവിവാരാഃ। യസ്മിം ശ്ചിത്തം സർവമോതം പ്രജാനാം തന്മേ മനഃ ശിവസങ്കല്പമസ്തു॥ യജു. 34. 5.

രഥനാഭൌ=തേരിന്റെ അച്ചുതണ്ടിൽ അരാഃ=ചക്രത്തിന്റെ കഴികൾ ഇവ=പോലെ, യസ്മിൻ=യാതൊന്നിൽ ഋചഃ=ഋക്കുകളും, സാമ=സാമങ്ങളും യജൂംഷി=യജുസ്സുകളും പ്രതിസ്ഥിതാനി=ഉറച്ചുനില്ക്കുന്നുവോ, യസ്മിൻ=യാതൊന്നിൽ പ്രജാനാം=ജീവജാലത്തിന്റെ സർവം=മുഴുവൻ ചിത്തം=അറിവും ഓതം=നെയ്യപ്പെട്ടിരിക്കുന്നുവോ മേ=എന്റെ തത്=ആ മനഃ=മനസ്സ് ശിവസങ്കല്പം=ശിവസങ്കല്പമുള്ളതായി അസ്തു=തീരട്ടെ.

25. സുഷാരഥിരശ്വാനിവ യന്മനുഷ്യാന്നേനീയതേ ഽഭീശുഭിർവാജിന ഇവ। ഹൃത് പ്രതിഷ്ഠം യദജിരം ജവിഷ്ഠം തന്മേ മനഃ ശിവസങ്കല്പമസ്തു॥ യജു. 34. 6.

യത്=യാതൊന്ന്, സുസാരഥിഃ=നല്ലകോച്ച്വാൻ അഭീശുഭിഃ=ലഗാം മൂലം വാജിനഃ=ബലമുള്ള അശ്വാൻ=കുതിരകളെ, ഇവ=എന്നപോലെ മനുഷ്യാൻ=മനുഷ്യർ തുടങ്ങിയ പ്രാണികളെ നേനീയതേ=നയിച്ചുകൊണ്ടുപോകുന്നുവോ യത്=യാതൊന്നു. അജിരം=ജരാരഹിതവും ജവിഷ്ഠം=വലിയവേഗമുള്ളതും ഹൃത് പ്രതിഷ്ഠം=ഹൃദയത്തിൽ ഉറപ്പിച്ചിരിക്കുന്നതുമാണോ മേ=എന്റെ തത്=ആ മനഃ=മനസ്സ് ശിവസങ്കല്പം=നല്ല വിചാരമുള്ളതായി അസ്തു=തീരട്ടെ.

26. സ നഃ പവസ്വ ശം ഗവേ, ശം ജനായ ശമർവതേ। ശം രാജന്നോഷധീഭ്യഃ॥

സാമവേദം 2. 1. 1

രാജൻ=അല്ലയോ രാജാവേ, സർവോത്പാദകനും സോമസ്വരൂപിയുമായ ഭഗവൻ, സഃ=ഇപ്രകാരമുള്ള അങ്ങ് നഃ=ഞങ്ങളെ പവസ്വ=ശുദ്ധരാക്കിയാലും; ഗവേ=ഗോക്കൾക്കായി ശം=മംഗളംചെയ്താലും. ജനായ=മനുഷ്യർക്കു ശം=മംഗളം ചെയ്താലും, അർവതേ=കുതിരകൾക്കു ശം=മംഗളം ചെയ്താലും; ഓഷധീഭ്യഃ=ഓഷധികൾക്കു ശം=മംഗളം ചെയ്താലും.

27. അഭയം നഃ കരത്യന്തരിക്ഷമഭയം ദ്യാവാപൃഥിവീ ഉഭേ ഇമേ। അഭയം പശ്ചാദഭയം പുരസ്താദുത്തരാദധരാദഭയം നോ അസ്തു॥ അഥർവവേദം 19. 17. 5.

അന്തരിക്ഷം=മദ്ധ്യവർത്തിയായ ലോകം നഃ=ഞങ്ങൾക്കു അഭയം=ഭയമില്ലായ്മ (ശരണം) കരതി=ചെയ്യുന്നു (ചെ-

യുട്ടെ) ഇമേ=ഈ ഉഭേ=രണ്ടു ദ്യാവാപൃഥിവീ=ദ്യുലോകവും ഭൂലോകവും, അഭയം=ശരണദാനം ചെയ്യട്ടെ. പശ്ചാത്=പുറകെയും, പുരസ്താത്=മുമ്പിലും, ഉത്തരാത്=മുകളിലും അധരാത്=കീഴിലും നിന്നു് നഃ=ഞങ്ങൾക്ക അഭയം=ആശ്രയം വരട്ടെ.

28. അഭയം മിത്രാദഭയമമിത്രാദഭയം ജ്ഞാതാദഭയം പുരോയഃ| അഭയം നക്തമഭയം ദിവാ നഃ സർവ്വാ ആശാ മമ മിത്രം ഭവന്തു||

അഥർവ്വവേദം 19. 17. 6.

മിത്രാത്=മിത്രത്തിൽ നിന്നു് അഭയം=ഭയമില്ലാതാവട്ടെ, അമിത്രാത്=മിത്രമല്ലാത്തവനിൽനിന്നു് അഭയം=ഭയമില്ലാതാവട്ടെ. ജ്ഞാതാത്=അറിയപ്പെടുന്നവരിൽനിന്നു് അഭയം=ഭയമില്ലാതാവട്ടെ യഃ=ആരു പുരഃ=വരാനിടയുണ്ടോ അവനിൽനിന്നും അഭയം=ഭയമില്ലാതാകട്ടെ. നക്തം=രാത്രിയിൽ അഭയം=ഭയമില്ലാതാകട്ടെ. ദിവാ=പകൽ അഭയം=ഭയമില്ലാതിരിക്കട്ടെ. നഃ=ഞങ്ങളുടെ സർവ്വാഃ=എല്ലാ ആശാഃ=വശങ്ങളും, (ദിക്കുകളും) സർവ്വത്ര, എല്ലാവരും മമ=എൻെറ മിത്രം=മിത്രങ്ങൾ ഭവന്തു=ആയി തീരട്ടെ.

ഇപ്രകാരം ഈശ്വരനെ മനഃപൂർവ്വം ആരാധിക്കയും, അനന്തരം ഈശ്വരൻെറ സകല വിഭൂതികളിലുംകൂടി ഈശ്വരസ്വരൂപം സ്മരിച്ചുകൊണ്ടു് സ്വസ്ത്യയനവും ശാന്തിവരണവും സാധിക്കയും ചെയ്തതിൽപിന്നെ, വിരാട്സ്വരൂപിയുടെ വിരാട് യജ്ഞത്തിൽ ലയലീനനാവാനായിട്ടു് ഉപാസകൻ ഔപാസനാഗ്നിഹോത്രത്തിന ഒരുങ്ങുന്നു.

ഹോത്രത്തിനുള്ള ഒരുക്കം

ആചമനകർമ്മത്തിൽ വിനിയോഗിക്കുന്ന മന്ത്രങ്ങളിവയാണു്.

ഓം അമൃതോപസ്തരണമസി, സ്വാഹാ||
ഓം അമൃതാപിധാനമസി, സ്വാഹാ||
ഓം സത്യം യശഃ ശ്രീർമയി ശ്രീഃ ശ്രയതാം, സ്വാഹാ|| മാനവഗൃഹ്യസൂത്രം. 1. 9. 15—17.

[ഉള്ളംകയ്യിൽ വെള്ളം നിറച്ചിട്ടു് ഓരോ മന്ത്രവും ജപിച്ചു് സ്വാഹാ എന്നുച്ചരിച്ചുകൊണ്ടു് അതു കുടിക്കണം. ഇങ്ങനെ മൂന്നു ആചമനം ജപിക്കുമ്പോൾ അർത്ഥഭാവനം നിർബന്ധമാകുന്നു]

അമൃത=അമൃതസ്വരൂപിയായ അവിടുന്നു് ഉപ-സ്തരണം=താഴത്തെ ഇരിപ്പിടം അസി=ആകുന്നു. അമൃത=അമൃതസ്വരൂപിയായ അവിടുന്നു് അപി-ധാനം=മുകളിലത്തെ മൂടി (പൊതപ്പു്) അസി=ആകുന്നു. സത്യം=സത്യം, യശഃ=കീർത്തി, ശ്രീ=ഐശ്വര്യം, ശ്രീ=ആശ്രയം, ഇതൊക്കെയായിട്ടു് മയി=എന്നിൽ ശ്രയതാം=വന്നണഞ്ഞാലും. സ്വ=എൻെറ നില അറിഞ്ഞിട്ടു് ആഹ=ഞാനിതു പറഞ്ഞു. മൂന്നിടത്തും സ്വാഹായുടെ അർത്ഥമിപ്രകാരം തന്നെ.

[സ്വാഹാ സങ്കേതമാകുന്നു. യജ്ഞം ഇതിൽ അവസാനിക്കുന്നു. (ശതപഥം. 1. 5. 3. 13.) മുഴുവൻ കൃത്യവും ആത്മികമഹിമയെ ലാക്കാക്കി ചെയ്യുന്ന ഹോതാവ് ഈ പദത്തിൻെറ പൌനഃപുന്യേനയുള്ള ഉച്ചാരണം ചെയ്യട്ടെ. സൃഷ്ടിയജ്ഞത്തിൽ സ്വന്തനില അറിഞ്ഞുകൊണ്ടു ആഹുതി ഇടുകയും സ്വരൂപചിന്തനം ചെയ്കയുമാണു് ഹോതാവ് ഉചെയ്യുണ്ടതു്. ശതപഥം 2. 2. 4. 6.]

അംഗസ്പർശം

ഇനി, ഇടതു ഉള്ളം കയ്യിൽ വെള്ളം എടുത്തു ഹൃദയത്തോടു് അല്പം അടുത്തു പിടിച്ചുകൊണ്ടു്, വലതുകയ്യുടെ പവിത്രവിരലും നടുവിരലും മാത്രംചേർത്തു വെള്ളത്തിൽ തൊട്ടു തൊട്ടു ഓരോ വാക്യവും ഉച്ചരിച്ചു് അതാതുസ്ഥാനത്തു തൊടണം.

ഓം വാങ്‌മ ആസ്യേഽസ്തു। (വായിൽ)
ഓം നസോർമേ പ്രാണോഽസ്തു।
(രണ്ടു നാസാരന്ധ്രത്തിലും)
ഓം അക്ഷ്ണോർമേ ചക്ഷുരസ്തു।
(രണ്ടു കണ്ണിലും)
ഓം കർണയോർമേ ശ്രോത്രമസ്തു।
(രണ്ടു കാതിലും)
ഓം ബാഹ്വോർമേ ബലമസ്തു।
(രണ്ടു ഭുജങ്ങളിലും)
ഓം ഊർവോർമ ഓജോഽസ്തു।
(രണ്ടു തുടകളിലും)
ഓം അരിഷ്ടാനി മേഽങ്ഗാനി തനൂസ്തനുവാ
മേ സഹ സന്തു॥ (സർവത്ര പ്രോക്ഷിക്കണം.)

മേ=എന്റെ ആസ്യേ=വായിൽ വാക്=വക്തൃത്വശക്തി അസ്തു=വർദ്ധിക്കട്ടെ. (ഉണ്ടാകട്ടെ) മേ=എന്റെ നസോഃ=നാസികയിൽ പ്രാണഃ=പ്രാണശക്തി അസ്തു=വർദ്ധിക്കട്ടെ. മേ=എന്റെ അക്ഷ്ണോഃ=കണ്ണുകളിൽ ചക്ഷുഃ=കാണാനുള്ള ശക്തി അസ്തു=വളരട്ടെ. മേ=എന്റെ കർണയോഃ=ചെവികളിൽ ശ്രോത്രം=ശ്രവണശക്തി അസ്തു=വളരട്ടെ. മേ=എന്റെ ബാഹ്വോഃ=ഭുജങ്ങളിൽ ബലം=ശേഷി

അസ്തു=വർദ്ധിക്കട്ടെ. മേ=എന്റെ ഊർവോഃ=തുടകളിൽ ഓജഃ=ബലം (സത്വം) അസ്തു=ഉണ്ടാകട്ടെ. മേ=എന്റെ തന്വഃ=ശരീരം മുഴുവനും, മേ=എന്റെ തനുവാ=ശരീരത്തിലെ അങ്ഗാനി=അങ്ഗങ്ങളെല്ലാവും, സഹ=ഒന്നിച്ചു്, ഒന്നുപോലെ അരിഷ്ടാനി=രോഗമില്ലാത്തതായി സന്തു=തീരട്ടെ.

(പാരസ്കരഗൃഹ്യസൂത്രം 1. 3. 25ൽ നിന്നെടുത്തവയാണീ ഖണ്ഡികകൾ)

അഗ്ന്യാധാനം

ഓം ഭൂർഭുവഃ സ്വഃ। ഗോഭിലഗൃഹ്യ 1. 1. 11.

ഈ മന്ത്രമുച്ചരിച്ചുകൊണ്ടു് നെയ്‌വിളക്കോ, കരണ്ടിയിൽ കർപ്പൂരംവച്ചോ, കത്തിക്കണം. അതിനുശേഷം അടുത്തമന്ത്രം കൊണ്ടു് ഹോമകുണ്ഡത്തിനകത്തു്, നടുക്കു്, കുറെ സമിധുകൾക്കിടയിൽ, ആ കത്തിച്ച തീ വെയ്ക്കണം.

ഓം ഭൂർഭുവഃ സ്വർദ്യൗരിവ ഭൂമ്നാ
പൃഥിവീവ വരിമ്ണാ, തസ്യാസ്തേ
പൃഥിവി ദേവയജനി പൃഷ്ഠേഽഗ്നി-
മന്നാദമന്നാദ്യായാദധേ॥ യജു. 3. 5.

പൃഥിവി=അല്ലയോ പൃഥിവി, ദേവയജനി=യാതൊന്നിന്മേൽ ദേവതകൾ എന്നും യജ്ഞം ചെയ്യുന്നുവോ, എവിടെ അവയെ പൂജിക്കുന്നുവോ അങ്ങനെയുള്ള തേ=നിന്റെ പൃഷ്ഠേ=മുകളിൽ അന്നാദ്യായ=ഭക്ഷിക്കത്തക്ക അന്നത്തിനുവേണ്ടി അന്നാദം=എല്ലാം ഭക്ഷിക്കുന്ന അഗ്നിം=അഗ്നിയെ ആ-ദധേ=ഞാൻ വയ്ക്കുന്നു. അതുമൂലം ഭൂഃ=ഭൂലോകത്തിന്റേയും ഭുവഃ=അന്തരിക്ഷത്തിന്റേയും സ്വഃ=

സ്വർലോകത്തിന്റേയും ഗുണങ്ങളെ ധാരണം ചെയ്യാനും, ദ്യൌഃ,ഇവ=നക്ഷത്രാദികളുടെ മഹിമയാൽ ദ്യുലോകമെന്ന പോലെ ഭൂമ്നാ=വലുപ്പത്തിലും, പൃഥിവീ ഇവ=ഭൂമിയെന്ന വണ്ണം എല്ലാപ്രാണികൾക്കും ആശ്രയം തരുന്ന വിരാമ്ണാ=വിസ്താരത്തിലും ഞാൻ മഹിമ നേടട്ടെ.

അടുത്ത മന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് ചെറിയ ചെറിയ വിറകുവച്ചു തീ എരിക്കണം.

ഓം ഉദ്ബുധ്യസ്വാഗ്നേപ്രതിജാഗൃഹി
ത്വമിഷ്ടാപൂർത്തേ സംസൃജേഥാമയംച।
അസ്മിൻ സധസ്ഥേ അധ്യുത്തരസ്മിൻ
വിശ്വേദേവാ യജമാനശ്ച സീദത॥

യജു. 15. 54.

അഗ്നേ=അല്ലയോ അഗ്നേ, ഉദ്ബുധ്യസ്വ=എണീക്കൂ. പ്രതിജാഗൃഹി=ഉണരൂ. ത്വം=നീയും അയം ച=ഈ യജമാനനും ഇഷ്ടാപൂർത്തേ=ഇഷ്ടവും പൂർത്തവും സം, സൃജേഥ=ഒന്നിച്ചുചേർന്നു ഉണ്ടാക്കുവിൻ. അസ്മിൻ=ഈ ഉത്തരസ്മിൻ=ഉത്തമമായ സധ-സ്ഥേ=ഒന്നിച്ചുകൂടി ഇരിക്കേണ്ടിടത്തിനു, അധി=മേൽ വിശ്വേ=എല്ലാ ദേവാഃ=ദേവതകളും യജമാനഃ ച=യജമാനനായ അങ്ങും സീദത=ഇരുന്നാലും. [ഭൌതികമായ അഗ്നിഹോത്രത്തോടൊന്നിച്ച് ആത്മികമായ അനുഭൂതിയിൽ ഇഷ്ടാപൂർത്തം സാധിക്കണം. യജ്ഞംവഴി ദേവതകളുമായി സഹവസിക്കയാണ് സാധനാരഹസ്യം]

സമിദാധാനം

സമിധയിൽ അഗ്നി കടന്നുതുടങ്ങിയാൽ എട്ടെട്ട് അംഗുലം നീളത്തിലുള്ള മൂന്ന് സമിത്തു നെയ്യിൽ മുക്കിയിട്ട്, ഒന്നാമത്തെ

മന്ത്രംചൊല്ലി ഒന്നും, രണ്ടാമത്തേതും മൂന്നാമത്തേതും ചൊല്ലി മറ്റൊന്നും, നാലാമത്തേതു് ചൊല്ലി ബാക്കിയുള്ള ഒന്നും വലതുകൈകൊണ്ടുപിടിച്ചു അഗ്നികുണ്ഡത്തിലിടണം.

ഓം അയന്ത ഇധ്മ ആത്മാജാതവേദ-
സ്തേനേധ്യസ്വ വർധസ്വ ചേദ്ധ വർധയ ചാ
സ്മാൻ പ്രജയാ പശുഭിർബ്രഹ്മവർചസേ
നാന്നാദ്യേന സമേധയ, സ്വാഹാ। ഇദമഗ്ന
യേ ജാതവേദസേ, ഇദന്നമമ॥

ആശ്വലായനഗൃഹ്യ. 1. 10. 12.

ജാതവേദഃ=എല്ലാ ഐശ്വര്യത്തിന്റേയും അധിപതിയായുള്ളോവേ, അയം=ഈ ഇധ്മഃ=ഉണങ്ങിയ വിറക് തേ=നിന്റെ ആത്മാ=ജീവനമാകുന്നു. തേന=ഇതുമൂലം ഇധ്യസ്വ=പ്രകാശിക്കയും വർദ്ധസ്വ ച=വളരുകയും ചെയ്യൂ. ഇത്, ഹ=നിശ്ചയമായും അസ്മാൻ,ച=ഞങ്ങളേയുംകൂടി വർധയ=വളർത്തു പ്രജയാ=പ്രജകളാലും പശുഭിഃ=കന്നുകാലികളാലും ബ്രഹ്മവർചസേന=ജ്ഞാനതേജസിനാലും അന്നാദേന=ദഹനശക്തികൊണ്ടും സമ-ഏധയ=ഉന്നതിചെയ്യും. സ്വാഹാ=മനസാ വാചാ കർമ്മണാ ഞങ്ങൾ ശരിയാണ് പറയുന്നതു്; ഇദം=ഇതു് (ഹോമം ചെയ്യുന്നതെല്ലാം) ജാതവേദസേ=എല്ലാ ധനത്തിന്റേയും അധിപതിയായ അഗ്നയേ=അഗ്നിക്കായി സമർപ്പിതമാകുന്നു; ഇദം=ഇതു (ഇതിന്മേൽ) മമ=എന്റേതു (എനിക്കു അധികാരമുള്ളതു്) ന=അല്ല.

ഓം സമിധാഗ്നിം ദുവസ്യത
ഘൃതൈർബോധയതാതിഥിം।

ആസ്മിൻ ഹവ്യാജുഹോതന
സു സമിദ്ധായ ശോചിഷേ
ഘൃതം തീവ്രം ജുഹോതന।
അഗ്നയേ ജാതവേദസേ സ്വാഹാ॥
ഇദമഗ്നയേ, ഇദന്ന മമ। യജു. 3. 1. 2.

അതിഥിം=നിത്യം ഗതിചെയ്യുന്ന അഗ്നിം=അഗ്നിയെ സമിധാ=സമിത്തുകൊണ്ട് ദുവസ്യത=പൂജിക്കുവിൻ. ഘൃതൈഃ=നെയ്യു കൊണ്ട് ബോധയത=ഉണർത്തുവിൻ അസ്മിൻ=ഈ അഗ്നിയിൽ ഹവ്യാ=ഹോമദ്രവ്യങ്ങൾ ആ- ജുഹോതന=ഹോമിക്കുവിൻ. സു,സം,ഇദ്ധായ=നല്ലപോലെ കത്തിക്കാളുന്നതും ശോചിഷേ=തിളങ്ങുന്നതുമായ അഗ്നയേ=അഗ്നിക്കായിട്ട് തീവ്രം=ചുണയുള്ള ഘൃതം=നെയ്യ് ജുഹോതന=ഹോമിക്കുക. സ്വാഹാ മുതലായതിനർത്ഥം പൂർവ്വവത്.

ഓം തന്ത്വാസമിദ്ഭിരങ്ഗിരോ ഘൃതേനവർധയാമസി। ബൃഹച്ഛോചായവിഷ്ഠ്യ സ്വാഹാ॥ ഇദമഗ്നയേഽങ്ഗിരസേ, ഇദന്നമമ॥
യജു 3. 3.

അങ്ഗിരഃ=എല്ലായിടത്തും പ്രാപ്തനാകുന്നവനും, യവിഷ്ഠ്യ=എപ്പോഴും യുവാവായിരിക്കുന്നവനുമായുള്ളോവേ, തം= അപ്രകാരമുള്ള ത്വാ=നിന്നെ ഘൃതേന=നെയ്യുകൊണ്ട് വർധയാമസി=ഞങ്ങൾ വർദ്ധിപ്പിക്കുന്നു. ബൃഹത്=മികച്ചും ശോച=കത്തിത്തിളങ്ങൂ. (ശേഷം മുമ്പലത്തെപ്പോലെ)

പ്രജ്വാലനം

ശുദ്ധമായുള്ള നെയ്ക്കിണ്ണമെടുത്ത് അതിലെ നെയ്യ് ചൂടാക്കി അടുത്തുവയ്ക്കണം. പിന്നീട് ഇനിയത്തെ മന്ത്രം ആവത്തിച്ചു ആവത്തിച്ചു് അഞ്ചുതവണ ആഹുതി കരണ്ടികൊണ്ടു കൊടുക്കണം.

ഓം അയന്ത ഇധ്മ ആത്മാജാതവേദസ്തേനേധ്യസ്വ വർധസ്വ ചേദ്ധവർദ്ധയ, ചാസ്മാൻ പ്രജയാപശുഭിർബ്രഹ്മവർച്ചസേനാന്നാദ്യേന സമേധയ സ്വാഹാ। ഇദമഗ്നയേ ജാതവേദസേ ഇദന്നമമ॥

[അർത്ഥം മുമ്പുകൊടുത്തിട്ടുണ്ടു]

പരിഘാവിധി

ഇനി, കുണ്ഡത്തിനുചുററും ജലപ്രക്ഷേപം ചെയ്യണം. അതിനുള്ള മന്ത്രങ്ങൾ:—

ഓം അദിതേഽനുമന്യസ്വ॥
(തെക്കുനിന്നുകിഴക്കോട്ടു വെള്ളം ഒഴിക്കണം)
ഓം അനുമതേഽനുമന്യസ്വ॥
(പടിഞ്ഞാറുനിന്നും വടക്കോട്ട്)
ഓം സരസ്വത്യനുമന്യസ്വ॥
(വടക്കുനിന്നും കിഴക്കോട്ട്) ഗോഭിലഗൃഹ്യ. 3. 1.3

അദിതേ=അഖണ്ഡവ്രതങ്ങളുടെ അധിപ, അങ്ങു അനുമന്യസ്വ=ഞങ്ങളെ ഹോമകാര്യത്തിനു അനുവദിച്ചാലും. അനുമതേ=എല്ലാരേയും ആജ്ഞാപാലകരാക്കി

പോരുന്ന ഈശ്വര, അനുമന്യസ്വ=കർമ്മത്തിലേർപ്പെടാൻ അനുവദിച്ചാലും. സരസ്വതി=ജ്ഞാനസ്വരൂപിൻ അനുമന്യസ്വ=അനുകൂലമായ മതിതന്നാലും.

അടുത്ത മന്ത്രംചൊല്ലി നാലുചുറ്റും ജലം, ഇടത്തുനിന്നു തുടങ്ങി വലത്തോട്ടു ഒഴിക്കണം.

ഓം ദേവസവിതഃ പ്രസുവ യജ്ഞം പ്രസുവ യജ്ഞപതിം ഭഗായ। ദിവ്യോ ഗന്ധർവഃ കേതപൂഃ കേതന്നഃ പുനാതു വാചസ്പതിർവാചം നഃ സ്വദതു॥ യജു. 30. 1.

സവിതഃ=സർവോത്പാദകനും സർവപ്രേരകനുമായ, ദേവ=പ്രകാശവാനായ ഈശ്വര, യജ്ഞം=യജ്ഞത്തെ പ്ര-സുവ=നല്ലവണ്ണം ചെയ്യിച്ചാലും; യജ്ഞപതിം= യജ്ഞംചെയ്യുന്ന യജമാനനെ ഭഗായ=ഐശ്വര്യലാഭത്തിനായി പ്രസുവ=പ്രേരിപ്പിച്ചാലും. ദിവ്യഃ=തേജസ്വിയും, ഗന്ധർവഃ=വാണിയെ ധാരണംചെയ്യുന്നവനും കേതപൂഃ=ജ്ഞാനത്തെ പാവനമാക്കുന്നവനുമായ ജഗദീശ്വര, നഃ=ഞങ്ങളുടെയെല്ലാവരുടേയും കേതം=ബുദ്ധിയെ പുനാതു =പവിത്രമാക്കിയാലും. വാചസ്പതിഃ=വിദ്യയുടെ രക്ഷകനായ ഈശ്വരൻ നഃ=ഞങ്ങളുടെ വാചം=നാവിനെ സ്വദതു =മധുരമാക്കട്ടെ.

ആഘാരാവാജ്യ ഭാഗാഹുതി

ഇനിയത്തെ നാലുമന്ത്രങ്ങൾ നന്നായി ഉരുകിയ നെയ്യു കൊണ്ടു് കരണ്ടി നിറച്ചുനിറച്ചു ഹോമിക്കാനുള്ളവയാകുന്നു. ഹോമകുണ്ഡത്തിനകത്തു് ഒന്നാംമന്ത്രംകൊണ്ടു വടക്കേ ഭാഗത്തും, രണ്ടാംമന്ത്രംകൊണ്ടു് തെക്കേഭാഗത്തും, ആഹുതിചെയ്യണം; ബാക്കിരണ്ടും കുണ്ഡത്തിനു നടുക്കും.

ഓം അഗ്നയേ സ്വാഹാ। ഇദമഗ്നയേ ഇദം ന മമ। യജു 22. 27.

ഓം സോമായ സ്വാഹാ। ഇദംസോമായ ഇദം ന മമ। യജു. 22. 27.

ഓം പ്രജാപതയേ സ്വാഹാ। ഇദംപ്രജാപതയേ ഇദം ന മമ। യജു. 18. 27.

ഓം ഇന്ദ്രായ സ്വാഹാ। ഇദമിന്ദ്രായ ഇദം ന മമ॥ യജു. 22. 27.

അഗ്നയേ=അഗ്നിസ്വരൂപനും പ്രകാശമാനനുമായ ഭഗവാനെ പ്രാപിക്കാനായി സ്വാഹാ=ശ്രദ്ധാപൂർവം ആഹുതി തരുന്നു. സോമായ=സോമസ്വരൂപനും സകല ജഗത്തിൻെറ രസവും മാധുര്യവും ശാന്തിയുമായ പ്രഭുവിനെ പ്രാപിക്കാനായി ആഹുതിചെയ്യുന്നു. (ബാക്കി മുമ്പത്തെപോലെ) പ്രജാപതയേ=പ്രജാപാലകനായ ഭഗവാനെ പ്രാപിക്കാനായി (ശേഷം പൂർവവത്) ഇന്ദ്രായ=ഐശ്വര്യത്തിൻേറയും വിഭൂതിയുടേയും അധിഷ്ഠാതാവായ ഈശ്വരനെ പ്രാപിക്കാൻ (ശേഷം പൂർവവത്)

ദൈനികാഗ്നിഹോത്രം

ഇപ്പോൾ അഗ്നിഹോത്രം തുടങ്ങുന്നു. ഇവിടെ മററു ഹോമസാമഗ്രികളുംകൂടി ഹോമിക്കാൻ തുടങ്ങാം. ഓരോമന്ത്രവും ഉച്ചരിച്ചു ഓരോകരണ്ടി നെയ്യും ഓരോപിടി അന്യ സാമഗ്രികളും അഗ്നിയിൽ ഇടണം. രാവിലത്തെ അഗ്നിഹോത്രത്തിൽ വിനിയുക്തമായ മന്ത്രങ്ങളാണിവ:—

പ്രാതഃകാലീനമന്ത്രം

ഓം സൂര്യോ ജ്യോതിർജ്യോതിഃ സൂര്യഃ സ്വാഹാ॥ ഓം സൂര്യോവർചോ ജ്യോതിർവ്വർചഃ സ്വാഹാ॥ ഓം ജ്യോതിഃ സൂര്യഃ സൂര്യോ ജോതിഃ സ്വാഹാ॥ യജു. 3. 9

സൂര്യഃ=സർവപ്രേരകനായ ജഗദീശ്വരൻ ജോതിഃ = പ്രകാശമയമാകുന്നു. ജോതിഃ=എല്ലാപ്രകാശവും സൂര്യഃ=സൂര്യാദിപ്രകാശകന്മാരുടെ പ്രകാശത്തിന്റെ ബാഹ്യസങ്കതമാകുന്നു. സ്വാഹാ=ആ ഭഗവാന്റെ ചരണങ്ങളിൽ ആത്മസമർപ്പണം ചെയ്യുവിൻ. സൂര്യഃ=സകലോത്പാദകനായ വിഭു വർചഃ=ദീപ്തിമയമാകുന്നു. ജ്യോതിഃ=ജഗത്തിൽ കാണുന്ന ദീപ്തിയൊക്കെ,വർചഃ=അവന്റെ പ്രകാശമാകുന്നു. സ്വാഹാ=അവനെ ഉദ്ദേശിച്ചു നല്ല ആഹുതി നൾകണം. ജോതിഃ=എല്ലാപ്രകാശവും സൂര്യഃ=സൂര്യനാകുന്നു. സൂര്യഃ=സൂര്യന്മാരുടെ സൂര്യൻ ജ്യോതിഃ=പ്രകാശരൂപിയാണു്. (സൂര്യാദികൾ ആ ശ്രേഷ്ഠപ്രകാശമായ പ്രഭുവിനെ ദർശിപ്പിക്കുന്നു) അവൻ സ്വ=എന്റെ അഹാ=രക്ഷയാണു് (എന്നെ രക്ഷിക്കട്ടെ)

ഓം സജൂർദ്ദേവേന സവിത്രാ സജൂരുഷസേന്ദ്രവത്യാ ജുഷാണഃ സൂര്യോവേതു സ്വാഹാ॥ യജു 3. 10

സവിത്രാ=അസ്തമയകാലത്തെ ആദിത്യനെന്നപോലെ പ്രേരകനായ ദേവേന=പരമാത്മാവിനോടു ഒന്നിച്ചു് സജൂഃ=തുല്യമായ പ്രീതിയോടും ഇന്ദ്രവത്യാ=ഐശ്വര്യപ്ര

ദമായ വിഭൂതിയോടും കൂടിയവനും, അതിന്മണ്ണം ഉഷസാ=പ്രാതഃകാലീനമായ ലാലിമയോടുകൂടി സജൂഃ=സമാനപ്രീതിയുള്ളവനുമായ സൂര്യഃ=സൂര്യൻ ജുഷാണഃ=സേവനം ചെയ്യപ്പെട്ടുകൊണ്ടു വേതു=പ്രാപിക്കട്ടെ.

വൈകുന്നേരത്തെ അഗ്നിഹോത്രത്തിൽ വിനിയുക്തമായ മന്ത്രങ്ങളാണു് ഇനി എഴുതുന്നതു്:—

സായംകാലീനമന്ത്രം

ഓം അഗ്നിർജോതിർജ്യോതിരഗ്നിഃ സ്വാഹാ॥ ഓം അഗ്നിർവർചോ ജ്യോതിർവർചഃ സ്വാഹാ॥ഓം അഗ്നിർജ്യോതിർജ്യോതിരഗ്നിഃ സ്വാഹാ॥ യജു 3. 9.

മൂന്നാമത്തേമന്ത്രം മനസാനിഃശബ്ദമായുച്ചരിച്ചു ആഹുതി കൊടുക്കണം. "തസ്മാന്മനസാ പ്രജാപതയേ ജുഹ്വതി" തൈ. സംഹിത 2 5. 11. 5; ശതപഥം 1. 3. 5. 10 പരമാത്മാവിനെ പൂർണ്ണമായി ധ്യാനിച്ചുകൊണ്ടു മൌനമായിഹോമിക്കണം.

അഗ്നിഃ=അഗ്നി ജ്യോതിഃ=ജ്യോതിസാകുന്നു. ജ്യോതിഃ=ഉള്ള പ്രകാശമെല്ലാം അഗ്നിഃ=അഗ്നിസ്വരൂപമാകുന്നു, അഗ്നിസ്വരൂപനായ പരമാത്മാവിന്റെ വിഭൂതിയാകുന്നു. അഗ്നിഃ=അഗ്നി വർചഃ=ദീപ്തിയാകുന്നു, അതെല്ലാം ജ്യോതിഃ=ജ്യോതിസ്വരൂപനായ പരമാത്മാവിന്റെ വർചഃ=ദീപ്തിയാകുന്നു.

(മൂന്നാമത്തേതിനർത്ഥം ഒന്നാമത്തേതിന്റേതുപോലെ മൌനമെന്നാൽ ധ്യാനപൂർവം കർമ്മത്തിന്റെ മഹിമ തന്നിൽ കൊണ്ടുവരുക)

ഓം സജൂർദേവേന സവിത്രാ സജൂ രാത്ര്യേന്ദ്രവത്യാ ജുഷാണോ അഗ്നിർവേതു സ്വാഹാ॥

യജു 3. 1.

ദേവേന=പ്രകാശമാനനും സവിത്രാസജൂഃ=സകല പ്രേരകനും സായംകാലീനനായ ആദിത്യനിൽകൂടെ പ്രകടമാകുന്ന ഈശ്വരവിഭൂതിയുമായ പ്രഭുവിനോടു ഒന്നിച്ചും ഇന്ദ്രവത്യാ=ഐശ്വര്യപൂർണ്ണമായ രാത്ര്യാ=രാത്രിയോടു കൂടി സജൂഃ=സമാനമായ പ്രീതിയുള്ളതും ജുഷാണഃ=ഭജിക്കപ്പെടുന്നതുമായ അഗ്നിഃ=തീയ് (അതിൽ പ്രകാശിക്കുന്ന ഈശ്വരൻ) വേതു=കൈവരട്ടെ. സ്വാഹാ=ഈ കർമ്മം സഫലമാകട്ടെ.

(അസ്തമയമാനമായ സവിതാ അഗ്നിയാകുന്നപോലെ ആ അഗ്നിതന്നെ രാത്രികാലത്തെ സൂര്യൻ)

രാവിലെയും വൈകിട്ടും ഒന്നുപോലെ ഓരോമന്ത്രത്തിനും ഒന്നുവീതം ആഹുതിചെയ്യുന്നതിനുള്ള മന്ത്രങ്ങളാണിനി പറയുന്നത്.

(രണ്ടുനേരത്തേക്കുമുള്ള മന്ത്രങ്ങൾ)

ഓം ഭൂരഗ്നയേ പ്രാണായ സ്വാഹാ।
ഇദമഗ്നയേ പ്രാണായ, ഇദന്ന മമ॥
ഓം ഭുവർവായവേ അപാനായ സ്വാഹാ॥
ഇദം വായവേ/പാനായ ഇദന്ന മമ॥
ഓം സ്വരാദിത്യായ വ്യാനായ സ്വാഹാ।
ഇദമാദിത്യായ വ്യാനായ, ഇദന്ന മമ॥

ഓം ഭൂർഭുവഃ സ്വരഗ്നിവായ്വാദിത്യേഭ്യഃ പ്രാണാപാനവ്യാനേഭ്യഃ സ്വാഹാ। ഇദമഗ്നിവായ്വാദിത്യേഭ്യഃ പ്രാണാ-പാനവ്യാനേഭ്യ ഇദന്നമമ॥

ഭൂഃ=സർവാധാരനും അഗ്നയേ=പ്രകാശസ്വരൂപിയും പ്രാണായ=ജീവനദാതാവുമായ ഭഗവാനുവേണ്ടി ഞാൻ യജ്ഞത്തിലർപ്പിടുന്നു. (ശേഷം പൂർവ്വവത്) ഭുവഃ=ആലസ്യം ഇല്ലാതാക്കുന്നവനും വായവേ=ഗതിശീലനും അപാനായ=ദുഃഖം നശിപ്പിക്കുന്നവനുമായ ഭഗവാനുവേണ്ടി (ബാക്കി പൂർവ്വവത്) സ്വഃ=പ്രകാശസ്വരൂപിയും ആദിത്യായ=അഖണ്ഡരൂപിയും വ്യാനായ=സർവവ്യാപകനുമായ ഭഗവാനുവേണ്ടി (ശേഷം പൂർവവത്) ഭൂഃ=സർവാധാരനും ഭുവഃ=ആലസ്യനിവാരകനും, സ്വഃ=പ്രകാശവാനും അഗ്നിവായു ആദിത്യേഭ്യഃ=അഗ്നി, വായു, ആദിത്യനെന്നീ വിഭൂതികൾക്കാധാരനും പ്രാണ- അപാന- വ്യാനേഭ്യഃ=ജീവനം ദുഃഖനാശം വ്യാപകത എന്നീ ഭാവങ്ങളാൽ വിശിഷ്ടനുമായ ഭഗവാനായികൊണ്ടു് ശ്രദ്ധാപുരസ്സരം സ്വാഹാ=ആഹുതി സമർപ്പിക്കുന്നു.

ഓം ആപോജ്യോതീരസോ/മൃതംബ്രഹ്മ ഭൂർഭുവഃ സ്വരോം സ്വാഹാ।

ആപഃ=സർവ്വവ്യാപകനും, ജ്യോതിഃ=പ്രകാശസ്വരൂപനും, രസഃ=രസരൂപനും, അമൃതം=അമൃതസ്വരൂപനും, ബ്രഹ്മ=എല്ലാററിലും വലിയവനും, ഭൂഃ=സർവാധാരനും, ഭുവഃ=ഗതിമാനും, സ്വഃ=സുഖപ്രദനുമായ ഓം=ഓങ്കാരവാ

ച്ചിയായ പരമാത്മാവിനായിട്ട് ഈ ഹവിസ്സ് സ്വാഹാ=ഞാൻ സമർപ്പിക്കുന്നു.

ഓം യാം മേധാം ദേവഗണാഃ പിതരശ്ചോപാസതേ। തയാമാമദ്യ മേധയാഗ്നേ മേധാവിനം കുരു, സ്വാഹാ॥ യജു. 32. 14.

യാം=ഏതു മേധാം=മേധാപൂർണ്ണമായ ബുദ്ധിയെ ദേവ ഗണാഃ=വിദ്വാന്മാരുടെ സമുദായവും പിതരഃ,ച=പൂജനീയരായ രക്ഷകന്മാരും ഉപാസതേ=ഭജിക്കുന്നുവോ, അഗ്നേ=പ്രകാശവാനായ ഭഗവാൻ, തയാ=അതേ മേധയാ=മേധകൊണ്ട് അദ്യ=ഇന്നു മാം=എന്നെ മേധാവിനം=ബുദ്ധിമാനാക്കി കുരു=ചെയ്താലും. സ്വാഹാ=ഞാൻ ഉള്ളഴിഞ്ഞു ഇപ്രകാരം പ്രാർത്ഥിക്കുന്നു. എന്നെ കൈവിടരുത്.

ഓം വിശ്വാനിദേവ സവിതർദുരിതാനി പരാസുവ।യദ്ഭദ്രംതന്ന ആസുവ സ്വാഹാ॥ യജു. 30. 3.

ഓം അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനിദേവ വയുനാനി വിദ്വാൻ। യുയോധ്യസ്മജ്ജുഹുരാണ മേനോ ഭൂയിഷ്ഠാന്തേ നമ ഉക്തിംവിധേമ സ്വാഹാ॥ യജു. 40. 16.

(ഇവയുടെ അർത്ഥം മുമ്പു കൊടുത്തിട്ടുള്ളിടത്തു കണ്ടുകൊള്ളണം) ഇവകൊണ്ട് ഓരോ ആഹുതി ഇട്ടശേഷം കയ്യിൽ സാമഗ്രിയും കരണ്ടിയിൽ നെയ്യും പൂർണ്ണമായിനിറച്ചു മൂന്നുതവണ ആഹുതി ചെയ്യണം. അതിനുള്ള മന്ത്രം.—

ഓം സർവ്വം വൈപൂർണ്ണം സ്വാഹാ।

ഈശ്വരകൃപയാൽ വൈ=നിശ്ചയമായും സർവം=എല്ലാകർമ്മവും പൂർണ്ണം=ആ പരമാത്മാവിന്റെ പൂർണ്ണയജ്ഞത്തിൽ ചേരുന്നു എന്നു സ്വാഹാ=ഞാൻ ശ്രദ്ധാപൂർവം വിശ്വസിക്കുന്നു. ഇവിടെ ആഹുതി അവസാനിക്കുന്നു.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

പ്രഭോ ഞങ്ങൾക്കും, മററുള്ളവർക്കും, എല്ലാവർക്കും, ആധ്യാത്മികവും ആധിദൈവികവും ആധിഭൌതികവുമായ ശാന്തി നൽകിയാലും.

പരിശിഷ്ടം

ശേഷമുള്ള സാമാന്യപ്രകരണം

സാമാന്യപ്രകരണത്തിനു രണ്ടുഭാഗമുണ്ട്. ഒന്നു ആചമനം മുതൽ ആഘാരാവജ്യഭാഗാഹുതി ഉൾപ്പെടെയുള്ളതുവരെ; ഇതു നിത്യം ചെയ്യുന്ന അഗ്നിഹോത്രത്തിനും മററു ചടങ്ങുകൾക്കും മുമ്പ് പ്രയോഗിക്കാറുള്ളതാണു്. രണ്ടാമത്തെഭാഗം ഇവിടെ കൊടുക്കുന്നു. ഇതു നിത്യമായ അഗ്നിഹോത്രത്തിനു മുമ്പു പ്രയോഗിക്കപ്പെടാറില്ല. മുഖ്യമായ സംസ്കാരങ്ങ [ചടങ്ങുക] ൾക്കു മുമ്പേ നിർവ്വഹിക്കേണ്ടതായ പ്രധാനഹോമത്തിൽ മാത്രം പ്രയോഗിക്കാറുള്ളതാണിതു്. വിശേഷമായ അവസരങ്ങളിൽ വിശേഷമായഹോമത്തിലും പ്രയോഗിക്കാറുണ്ട്. ആഘാരാവാജ്യഭാഗാഹുതിക്കുശേഷം ഇതു ആരംഭിക്കണം.

മഹാവ്യാഹൃത്യാഹുതി

ഓം ഭൂരഗ്നയേ സ്വാഹാ; ഇദമഗ്നയേ ഇദന്നമമ.

ഓം ഭുവർവായവേ സ്വാഹാ; ഇദംവായവേ ഇദന്നമമ.

ഓം സ്വരാദിത്യായ സ്വാഹാ; ഇദമാദിത്യായ ഇദന്നമമ.
ഓം ഭൂർഭുവഃ സ്വരഗ്നിവായ്വാദിത്യേഭ്യഃ സ്വാഹാ; ഇദമഗ്നിവായ്വാദിത്യേഭ്യ ഇദന്നമമ.

(അർത്ഥം മുമ്പു കൊടുത്തിട്ടുണ്ട്)

സ്വിഷ്ടകൃതാഹുതി

യദസ്യ കർമ്മണോഽത്യരീരിചം യദ്വാന്യൂനമിഹാകരം; അഗ്നിഷ്ടത് സ്വിഷ്ടകൃദ്വിദ്യാത് സർവം സ്വിഷ്ടം സുഹുതം കരോതു മേ; അഗ്നയേ സ്വിഷ്ടകൃതേ, സുഹുതഹുതേ, സർവ്വപ്രായശ്ചിത്താഹുതീനാം കാമാനാം സമർധയിത്രേ സർവാന്നഃ കാമാൻ സമർധയ സ്വാഹാ; ഇദമഗ്നയേ സ്വിഷ്ടകൃതേ, ഇദന്നമമ.

യത്=യാതൊന്ന് അസ്യ=ഈ കർമ്മണഃ=കർമ്മത്തെ സംബന്ധിച്ച് അതി-അരീരിചം=വിധിയെ കവിഞ്ഞ് ഞാൻ ചെയ്തു കഴിഞ്ഞുവോ, വാ=അല്ലെങ്കിൽ ഇഹ=ഇവിടെ ന്യൂനം=കുറവായി അകരം=ചെയ്തുപോയോ, സ്വിഷ്ടകൃത്=യജ്ഞം മുഴുവനാക്കുന്ന അഗ്നിഃ=ഭൗതികവും ആത്മികവുമായ അഗ്നിസ്വരൂപനായുള്ളോവേ, മേ=എന്റെ തത്=അതൊക്കെ സ്വിഷ്ടം=നല്ലതുപോലെ യജ്ഞം ചെയ്യപ്പെട്ടതും സുഹുതം=നല്ലപോലെ ഹോമിച്ചിട്ടുള്ളതുമാക്കി കരോതു=ചെയ്താലും; അഗ്നയേ=അഗ്നിയെ ഉദ്ദേശിച്ച് സ്വിഷ്ടകൃതേ=യജ്ഞത്തെ നല്ലവണ്ണമാക്കുന്നതും, സുഹുതഹുതേ=ആഹുതിയെ നല്ലവണ്ണമാക്കുന്നതും സർവ്വപ്രായശ്ചിത്താഹുതീനാം=എല്ലാപാപത്തിനും പ്രതീകാരമാകുന്ന ആഹുതികളുടെയും കാമാനാം=ആഗ്രഹങ്ങളെ സമിധയിത്രേ=സഫലമാക്കുന്നതുമായ ആഹുതി ഞാൻ ചെയ്യുന്നു. അഗ്നിസ്വരൂപിയായ പരമാത്മൻ, നഃ=ഞങ്ങളുടെ സർവാൻ=എല്ലാ കാമാൻ=ആഗ്രഹങ്ങളേയും സമർധയ=[illegible]മാക്കിയാലും. സ്വാഹാ=എന്റെ ഈപ്രാർത്ഥന സത്യമായി

വരട്ടെ. ഇതു ഞാൻ സ്വിഷ്ടകൃത് അഗ്നിക്കായി സമർപ്പിച്ചു കഴിഞ്ഞു. ഇതെന്റേതല്ല.

ഇപ്രകാരം മന്ത്രം ശതപഥ (14·9-4-24)ത്തിലും ആപസ്തംബഗൃഹ്യസൂത്ര [1-2-7]ത്തിലും ചുരുക്കത്തിൽ കാണുന്നു. പാരസ്കരത്തിലും ഹിരണ്യകേശിയിലും വിദ്യാത് എന്നിടത്തു വിദ്വാൻ എന്ന പാഠഭേദമുണ്ട്.

പ്രാജാപത്യാഹുതി

ഓം പ്രജാപതയേ സ്വാഹാ; ഇദം പ്രജാപതയേ ഇദന്നമമ.

അർത്ഥം മുമ്പു കൊടുത്തിട്ടുണ്ട്. [ഇതും നിഃശബ്ദമായി, മനസ്സിൽ ചൊല്ലണം. 'തസ്മാന്മനസാ പ്രജാപതയേ ജുഹോതി; തൈ സം. 11. 5. 11. 5. പ്രജാപതിം മനസാ ധ്യായാത് തൂഷ്ണീം ഹോമേഷു സർവ്വത്ര. ശതപഥം 1-3.5-10 തൈ. ബ്രാ. 2. 1. 2. ആശ്വലാ. 2. 3. 19.]

ഇപ്പോൾ പ്രധാനഹോമത്തെ സംബന്ധിച്ചു നാലു (4 ആഹുതികൾ താഴെ കാണുന്ന മന്ത്രങ്ങൾകൊണ്ട് ചെയ്യണം.

ഓം ഭൂർഭുവഃസ്വഃ | അഗ്ന ആയൂംഷി പവസ ആസുവോർജമിഷം ച നഃ | ആരേബാധസ്വ ദുച്ഛുനാം സ്വാഹാ ഇദമഗ്നയേ പവമാനായ ഇദന്നമമ ||

ഋക് 9. 66. 19.

ഓം ഭൂർഭുവഃ സ്വഃ=സർവാധാരനും ദുഃഖനാശകനും സുഖസ്വരൂപനുമായ അഗ്നേ=പ്രകാശസ്വരൂപനായ ഭഗവൻ, നഃ=ഞങ്ങളുടെ ആയൂംഷി=ജീവനത്തെ (ജീവിതകാലത്തെ) പവസേ=പവിത്രമാക്കിവളർത്തിയാലും; ഞങ്ങൾക്കു ഊർജം=ബലവും ഇഷം, ച=അന്നാദിയും ആസുവ=തന്നാലും. ദുച്ഛുനാം=ദുഷ്ടപ്രകൃതികളെ (രാക്ഷസരെ) ആരേ=ദൂരത്തുതള്ളി ബാധസ്വ=അമർത്തിയാ

ച്ചുകൊണ്ടുചെന്നു വരുണനുകൊടുത്തു് സമാധാനിപ്പിക്കുന്നുവെന്നു വ്യാഖ്യാനിക്കുക ബാലിശമാകും. ഈശ്വരന്റെ വരുണസ്വരൂപത്തിൽ കോപവും ന്യായപാലനവും അനുഭവിക്കുന്നവൻ അഗ്നിസ്വരൂപത്തിൽ പ്രകാശവും, പാപപരിഹാരം ചെയ്യാനുള്ള പവിത്രതയും, തന്നോടണയ്ക്കാനുള്ള സ്വഭാവവും കണ്ടിട്ടു അവിടെ ശാന്തിലാഭം ചെയ്യുന്നു.)

ഓം സ ത്വന്നോ അഗ്നേഽവമോ ഭവോതീ നേദിഷ്ഠോ അസ്യാ ഉഷസോ വ്യുഷ്ടൗ; അവ യക്ഷ്വ നോ വരുണം രരാണോ വീഹി മൃഡീകം സുഹവോ ന ഏധി സ്വാഹാ. ഇദമഗ്നീവരുണാഭ്യാം, ഇദം ന മമ. ഋക് 4. 1. 5.

സഃ=ഇപ്രകാരമുള്ള ത്വം=അങ്ങു് അഗ്നേ=ജ്ഞാനസ്വരൂപനായ പ്രഭോ, നഃ=ഞങ്ങൾക്കു് ഊതി=രക്ഷാകാര്യംകൊണ്ടു് അവമഃ=സമീപവർത്തി ഭവ=ആയിത്തീർന്നാലും. അസ്യാഃ=ഈ ഉഷസഃ=പുലർച്ചയുടെ വ്യുഷ്ടൗ=പ്രകാശത്തിൽ നേദിഷ്ഠഃ=അത്യന്തം സമീപവർത്തിയായാലും. രരാണഃ=ദാനംചെയ്യുന്നവനായിട്ടു നഃ=ഞങ്ങൾക്കു വരുണം=സർവവ്യാപകനായ പ്രഭുവിനെ അവയക്ഷ്വ=പ്രസാദിപ്പിച്ചാലും. മൃഡീകം=സുഖപ്രദമായ ഹവിസിനെ വീഹി=സ്വീകരിച്ചാലും നഃ=ഞങ്ങൾക്കു സുഹവഃ=എളുപ്പം വിളിക്കപ്പെടുന്നവനായി ഏധി=തീർന്നാലും.

ഓം ഇമം മേ വരുണ ശ്രുധീ ഹവമദ്യാ ച മൃഡയ; ത്വാമവസ്യുരാചകേ സ്വാഹാ; ഇദം വരുണായ ഇദന്നമമ. ഋക്. 1. 25. 9.

വരുണ=സർവവ്യാപകനും വരണീയനുമായ ഭഗവൻ, മേ=എന്റെ ഇമം=ഈ ഹവം=അർത്ഥന ശ്രുധി=കേട്ടാലും, ച=കേട്ടിട്ടു് അദ്യ=ഇപ്പോൾ മൃഡയ=ആനന്ദാനുഗ്രഹം തന്നാലും. അവസ്യുഃ=രക്ഷ ഇച്ഛിക്കുന്ന ഞാൻ ത്വാം=അങ്ങയെ ആചക്ര=വിളിക്കുന്നു. സ്വാഹാ=എന്റെ പ്രാർത്ഥന സഫലമാകട്ടെ. ഇദം=

ഇതു വരുണായ=വരുണന്റെ ചരണങ്ങളിൽ അർപിതമാകുന്നു. മമ=എനിക്കുള്ളതു് ന=അല്ല.

ഓം തത്ത്വാ യാമി ബ്രഹ്മണാ വന്ദമാനസ്തദാശാസ്തേ യജമാനോ ഹവിർഭിഃ; അഹേഡമാനോ വരുണേഹബോധ്യുരുശംസമാന ആയുഃ പ്രമോഷീഃ സ്വാഹാ. ഇദം വരുണായ ഇദന്നമമ. ഋക്. 1. 24. 11.

തത്=അതിനാൽ, ബ്രഹ്മണാ=വേദമന്ത്രങ്ങളാൽ വന്ദമാനഃ=ആരാധിച്ചുകൊണ്ടു് ത്വാ=അങ്ങയെ യാമി=ഞാൻ ശരണം പ്രാപിക്കുന്നു. യജമാനഃ= യജ്ഞം ചെയ്യുന്ന ഉപാസകൻ ഹവിർഭിഃ=ആഹുതികളാൽ തത്=അങ്ങയെ തന്നെ ആശാസ്തേ=ഇച്ഛിക്കുന്നു. വരുണ=സർവവ്യാപകനായ വരണീയദേവ, അഹേഡമാനഃ=(ഞങ്ങളുടെ പ്രാർത്ഥനയെ) അവഗണിക്കാതെ ഇഹ=ഈ യജ്ഞത്തിൽ ബോധി=തിരുവുള്ളമുണ്ടാക്കിയാലും. ഉരുശംസ=ഏറെ യശസുള്ള ഭഗവൻ, നഃ=ഞങ്ങളുടെ ആയുഃ=ആയുസ്സിനെ മാ, പ്രമോഷീഃ=വെറുതെ കളവാനിടവരുത്തരുതേ, (ശേഷം പൂർവ്വവത്.)

ഓം യേ തേ ശതം വരുണ യേ സഹസ്രം യജ്ഞിയാഃ പാശാ വിതതാ മഹാന്തഃ; തേഭിർനോ അദ്യസവിതോത വിഷ്ണുർവിശ്വേ മുഞ്ചന്തു മരുതഃ സ്വർക്കാഃ സ്വാഹാ ഇദം വരുണായ സവിത്രേ വിഷ്ണവേ വിശ്വേഭ്യോ ദേവേഭ്യോ മരുദ്ഭ്യഃ സ്വർക്കേഭ്യഃ ഇദന്നമമ.

കാത്യായനശ്രൗത. 25. 1. 11

വരുണ=സർവ്വവ്യാപകനായ ഭഗവൻ, തേ=അങ്ങയുടെ ഈ ജഗത്തിൽ യേ=ഏതു ശതം=നൂറും സഹസ്രം=ആയിരവും കണക്കായി യജ്ഞിയാഃ=യജ്ഞവിഷയമായിട്ടു് വിതതാഃ=പരന്നുവീശി കിടക്കുന്ന മഹാന്തഃ=വലിയ വലിയ പാശാഃ=പരമ്പരകളും കെട്ടുപാടുകളുമുണ്ടോ, തേഭിഃ=അവയിൽ നിന്നു് അദ്യ=ഇന്നു് സവിതാ=സർവ്വോത്പാദകമായ വിഭൂതിയും ഉത=അതു

പോലെ വിഷ്ണു=ചരാചരത്തിൽ വ്യാപിച്ചിരിക്കുന്ന വിഭൂതിയുമായിട്ട് സൂര്യനായും അഗ്നിയായും വിരാട്‌യജ്ഞം രചിക്കുന്നവനും വിശ്വേ=എല്ലാ സ്വർക്കാ=സ്തോത്രങ്ങളുമുള്ളവനുമായ മരുത്=വായുവും പ്രാണനും വിദ്വാന്മാരും നഃ=ഞങ്ങളെ മുഞ്ചന്തു=മോചിപ്പിക്കട്ടെ.

ഓം അയാശ്ചാഗ്നേ/സ്യനഭിശസ്തിപാശ്ച സത്യമിത്വമയാസി; അയാനോ യജ്ഞം വഹാസ്യയാനോധേഹി ഭേഷജം സ്വാഹാ. ഇദമഗ്നയേ അയസേ ഇദന്നമമ.

കത്യായനശ്രൌ 25. 11.

അഗ്നേ=പ്രകാശസ്വരൂപനായ ഭഗവൻ, അങ്ങ് അയാഃ=സർവ്വവ്യാപകനും ച=അതിൻവണ്ണം അനഭിശസ്തിപാഃ=പുണ്യാത്മാക്കളെ രക്ഷിക്കുന്നവനും, അസി=ആകുന്നു. ഇത്=വാസ്തവത്തിൽ ത്വം=അവിടുന്ന് സത്യം=ശുദ്ധരൂപത്തിൽ അയാസി=ഞങ്ങൾക്കു കിട്ടട്ടെ (ലഭിക്കട്ടെ) അയഃ=ചരാചരത്തിൽ നിറഞ്ഞിരിക്കുന്ന അവിടുന്ന് നഃ=ഞങ്ങളുടെ യജ്ഞം=യജ്ഞത്തെ വഹാസി=വഹിച്ചാലും. അയാഃ=സർവ്വത്ര വർത്തിച്ചുകൊണ്ട് നഃ=ഞങ്ങളിൽ ഭേഷജം=രോഗനാശകശക്തിയെ ധേഹി=പകർന്നാലും. സ്വാഹാ=ഈ എന്റെ പ്രാർത്ഥന ഫലിക്കട്ടെ. ഇദം=ഇതു അയസേ=സർവ വ്യാപകനായ അഗ്നയേ=പ്രകാശവാനുള്ളതാകുന്നു. മമ=എന്റേ ന=അല്ല.

ഓം ഉദുത്തമം വരുണ പാശമസ്മദവാധമം വിമധ്യമം ശ്രഥായ; അഥാ വയമാദിത്യ വ്രതേ തവാനാഗസോ അദിതയേ സ്യാമ സ്വാഹാ; ഇദം വരുണായാ/ദിത്യായാദിതയേ ച ഇദന്ന മമ.

ഋക്. 1. 24. 15

വരുണ=വിഭോ, ഉത്തമം=മാനസികവും മധ്യമം=ദൈഹികവും അധമം=ഭൌതികവുമായ പാശം=ബന്ധനങ്ങളെ ഉത്-വി-അവ-ശ്രഥയ=മേലും അങ്ങുമിങ്ങും കീഴും നിന്നു ശിഥിലമാക്കിയാലും. അഥ=അനന്തരം ആദിത്യ=അഖണ്ഡവ്രതങ്ങളുടെ അധിപതയായുള്ളോവേ, വയം=ഞങ്ങൾ തവ=അങ്ങയുടെ വ്രതേ=നിയമ

ത്തിൽ ഉറച്ചു നിന്നുകൊണ്ട് അദിതയേ=അഖണ്ഡസുഖലാഭത്തി[ന]ായി അനാഗസഃ=പാപരഹിതരായി സ്യാമ=തീരട്ടെ. ഇദം=ഈ ആ[ഹ]ുതി ആദിത്യായ=അഖണ്ഡവ്രതചാരിയായ ഈശ്വരനും, വര[ുണ]ായ=വരണീയേശ്വരനുമുള്ളതാകുന്നു. മമ=എന്റേതല്ല. സ്വാഹാ=ഈ സത്യം ഞാൻ പറയുന്നു.

ഓം ഭവതന്നഃ സമനസൌ സചേതസാവരേപസൌ; മാ യജ്ഞം ഹിംസിഷ്ടം മാ യജ്ഞപതിം ജാതവേദസൌ ശി[വൌ] ഭവതമദ്യനഃ സ്വാഹാ; ഇദംജാതവേദോഭ്യാം ഇദ[ന്ന]മമ.

യജു. 5. 3.

ജാതവേദ[സ]ൌ=സർവ്വത്ര വിദ്യമാനമായിരിക്കുന്ന ഭൌതികവും ആദ്ധ്യാത്മിക[വു]മായ അഗ്നികളേ, നഃ=ഞങ്ങൾക്കായി സമനസൌ=സമാനമായ മനസ്സുള്ളവയും, സചേതസൌ=സമാനമായ ചിത്തമുള്ളവയും, അരേപസൌ=പുണ്യമയവും ഭവതം=ആയാലും. യജ്ഞം=യജ്ഞ[ത്ത]ത്തെയും യജ്ഞപതിം=യജ്ഞം നടത്തുന്നവനെയും മാ, ഹിംസി[ഷ്ട]ം=നശിക്കാനിടവരുത്തരുതേ. അദ്യ=ഇടിന്ന് നഃ=ഞങ്ങൾക്ക [ശി]വൌ=മംഗളയുക്തങ്ങളായി ഭവതം=ഭവിക്കവിൻ. (ആഹവനീ[യ]മെന്ന അഗ്നിയിൽ മഥനംചെയ്ത മറേറ [അഗ്]നിയെ പകർ[ന്നി]ട്ട് ഈ മന്ത്രം ചൊല്ലുന്നു എന്നു ശതപഥം.) [3]. 4. 1. 24.) യജ്ഞത്തിന്റെ വേദി ഭൌതികവും ആത്മികവുമായ ജഗത്തിന്റെ സാങ്കേതികചിത്രമാകുന്നു. സൂര്യനും മിന്നലും അഗ്നിതന്നെ. സൂര്യൻ ഒരു പ്രകാരം പാർഥിവഭാഗത്തിൽ പ്രവേശിക്കുന്നു. ഉരയുന്നതുമൂലം ആന്തരികമായ ജ്യോതിസ്സു പ്രകാശിക്കുന്നു, അതു ഭൌതികാഗ്നി (മിന്നൽ) യായി പ്രകടമാകുന്നു. ആത്മികമായ പ്രക്രിയയിലും ജ്ഞാനം മൂലം ഭൌതികവിഭൂതികൾ പരമാത്മാവിന്റെ (അഗ്നിയെ) പ്രകാശത്തെ കാണിക്കുന്നു. ഇതാണ് ജാതവേദസിന്റെ താത്പര്യം. ശതപഥം. 9. 5. 1. 6. 8. ഐതരേ ബ്രാ. 2. 34).

സമാന്യപ്രകരണം അവസാനിച്ചു.

ശമിത്യോം.

ശുദ്ധാശുദ്ധപത്രം

[illegible]ം	വരി	തെററ്	തിരുത്തൽ
[illegible]	13	നൈമിത്തിക	നൈമിത്തിക
[illegible]	19	നമ്മീൽ	നമ്മിൽ
[illegible]	25	ത്രേതയാം	ത്രേതായാം.
[illegible]	14	യജമാനാം	യജമാനം
[illegible]	21	അഭിവദന്ത്യാഃ	അഭിവദന്ത്യ്
[illegible]	4	മഹായജ്ഞ്ഞഃ	മഹായജ്ഞാഃ
[illegible]	8	ഭൂതജ്ഞ്ഞം	ഭൂതയജ്ഞം
5	15	ബന്ധക്കൾക്കും	ബന്ധുക്കൾക്കും
2	5	ശബ്ദ	ശബ്ദം
7	12	വിധ	വിധീ
8	16	സോƒസ്യഃ	സോƒസ്യാഃ
0	8	ലേട്ട്	ലേട്
31	10	വിനിയോഗക്രമത്തിൽ	വിന്യാസക്രമത്തിൽ
32	7	ദേവീരഭീഷ്ടയ	ദേവീരഭിഷ്ടയ
40	27	തദഹ്ഗ്യ	തദഹ്ഗ്യ
44	19	പത്ന്യാ	പത്ന്യൈ
49	7	മന്ത്രൈർഗ്ഗാഹപത്യാദ്യ	മന്ത്രൈർഗാർഹപത്യാദ്യ
52	15	സാരക്ഷപവും	സാപേക്ഷവും
54	2	വിവേകുബുദ്ധി	വിവേകബുദ്ധി
58	16	ശരി	ശരീ
	24	ശ്രോതം	ശ്രോത്രം
67	1	ശരിസി	ശിരസി
72	19	സാധ ക്കുന്നു	സാധിക്കുന്നത്
	24	ƒനഷ്ടുപ്	ƒനഷ്ടപ്
79	1	ഗിന്ധിപതി	ഗിരധിപതി
80	1	ƒധിപതി	ƒധിപതിഃ

വശം	വരി	തെററ്	തിരുത്തൽ
82	17	അശ്വന്നവം	അശ്വണവം
	17	പിതൃണാമഹം	പിതൄണാമഹം
83	5	പ്രമോക്ഷീഃ	പ്രമോഷീഃ
85	18	സർവഹുതഃ	സർവ്വഹുത
	26	കാല്മാഷ	കല്മാഷ
86	4	ഭവം	ഭാവം
87	1	രക്ഷ	രക്ഷക
	15	സർവാ	സർവ്വാഃ
95	6	ജിവേമ	ജീവേമ
	8	ശതമദിനാഃ	ശതമദീനാഃ
100	8	ഗായാത്രി	ഗായത്രി
	13	ഗായാത്രീമന്ത്രം	ഗായത്രീമന്ത്രം
	20	ഗായത്രിഛന്ദസ്സ്	ഗായത്രീഛന്ദസ്
101	15	സവിത്രി	സാവിത്രി
	25	ഗായാത്രി	ഗായത്രി
102	8	ആയുഃ.	ആയുഃ,
	10	ബ്രഹ്മലോകം.	ബ്രഹ്മലോകം |
	13	ഗ്രായത്രി	ഗായത്രി
103	3	സേമരാജ	സോമരാജ
104	2	'സൌപണ'	'സൌപർണ'
	11	വീണ്ടംവിണ്ടം	വീണ്ടം വീണ്ടം
	21	ഋഷീർവിശ്വാമിത്രഃ	ഋഷിർവ്വിശ്വാമിത്രഃ
108	17	ദേവതാരുദ്രഃ	ദേവതാഃ രുദ്രഃ
118	3	പ്രഥമന്യാസൻ	പ്രഥമാന്യാസൻ
	12	സാധ്യാദേവാഃ	സാധ്യാഃ, ദേവാഃ
121	5	പൃഥിവിലോക	പൃഥിവീലോക
124	14	സൂര്യംചന്ദ്രാദി	സൂര്യാചന്ദ്രാദി
125	15	പറയാവതല്ല	പറയാവുന്നതല്ല
128	26	ഐശ്വര്യശാലികൾ	ഐശ്വര്യശാലികൾ
129	3	തൃതിയേ	തൃതീയ

വരി	തെററ്	തിരുത്തൽ
2	സചസ്വാന	സചസ്വാനഃ
6	ഞങ്ങൾ	ഞങ്ങൾക്ക്
18	അദിതി	അദിതിഃ
12	കാരണമയതരോ	കാരണമായതേതോ
25	സ്വസ്തിയേ	സ്വസ്തയേ
5	അഗ്നി, ച	അഗ്നിഃ,ച
3	ആ,യയഃ	ആ,യയുഃ
2	സുദർശമാണ	സുശർമാണ
21	ദേവഹൂത്യാ	ദേവഹൂത്യാ
24	ജയത്രാഃ	യജത്രാഃ
11	അസ്മദ്ര്യേതനോ	അസ്മദ്ര്യോതനോ
12	സ്വസ്തേയ	സ്വസ്തയേ
6	മരുത്തു്	മരുത്
20	നാലായിരക്കാം	നാലായിരിക്കാം
24	കമ്മകാണ്ഡത്തിലെ	കമ്മകാണ്ഡത്തിൽ
6	ഉദ്ഭിദഃ=	ഉദ്ഭിദഃ
8	സദ്യൃധേ	സദ്യൃധേ
10	തസ്ഥ	തസ്ഥു
3	താർക്ഷ്യഃ	താർക്ഷ്യഃ=
3-4	ഈശ്വ=രൻ	ഈശ്വരൻ
10	യജ്ഞാനം	യജ്ഞാനാം
13	ത്രിഷിഷ്ഠാഃ	ത്രിഷഷ്ഠാഃ
24	രാതഹവ്യ	രാതഹവ്യാ
10	അസ്തുഃ	അസ്തു
1	ബൃഹതി	ബൃഹതീ
13	ജിഷ്ണ	ജിഷ്ണുഃ
24	(തെളിയാത്തഭാഗം)	രുദ്രഃ=രുദ്രദേവൻ
	,,	രുദ്രേഭിഃ
17	വിഭാതിഃ	വിഭാതീഃ
2	രക്ഷനം	രക്ഷകനം

ശുദ്ധാശുദ്ധപത്രം

വശം	വരി	തെററു്	തിരുത്തൽ
160	25	ചതുഷ്പ്തേ	ചതുഷ്പദേ
161	3	ദ്വിപതേ	ദ്വിപദേ
		ചതുഃപതേ	ചതുഃപദേ
	17	ഇന്ദ്രാപൂഷണം	ഇന്ദ്രാപൂഷണാ
166	9	രഥനാഭാചിവാരാ	രഥനാഭാവിവാരാഃ
	21	ന്നേ നിയതേ	ന്നേനീയതേ
167	5	യാതൊന്നും	യാതൊന്നു്
171	3	തന്വഃാ=	തന്വാഃ=
173	17	അന്നാദേന	അന്നാദ്യേന
174	17	മഗ്നയേƒഗ് രസേ	മഗ്നയേ ംഗിരസേ
176	6	ദേസവവിതഃ	ദേവസവിതഃ
	8	കേതന്ന	കേതന്നഃ
181	8	അപി	അപാ
	10	ആദം	ആദി
	18	സ്വഹാ	സ്വാഹാ
182	11	ഭഗവാൻ	ഭഗവൻ
183	13	ആഘ്വാരാവജ്യ	ആഘ്വാരാവാജ്യ
184	24	ന=	നഃ=
188	13	ആസ്തിന്നാല്യം	ആസ്തീർന്നാല്യം
	26	സ്യുംഃ	സ്യുഃ=
		ആചക്ര=	ആചക്രേ=
190	1	വിഷ്ണു=	വിഷ്ണുഃ=
	14	അയഃ=	അയാഃ=
191	15-16	ഇടിന്നു്	ഇന്നു്